സയ്യിദ് ഹുസൈൻ അൽ മൂസവി

# അല്ലാഹുവിന്നായി ചരിത്രത്തിന്നായി

വിവർത്തനം : ശംസുദ്ദീൻ പാലത്ത്

**DA'WA BOOKS**
**P.B No: 1981, Vyttila, Cochin - 19**

**DA'WA BOOKS**

Malayalam| Study| Allahuvinayi Charithrathinayi
അല്ലാഹുവിന്നായി; ചരിത്രത്തിന്നായി
Author : Sayyid Hussain Al Moosavi
Translator : Shamsuddeen Palath
First Edition : January 2008
**Price: Rs. 50**

Publisher Distribution
Da'wa Books | Vyttila | Kochi - 19 | Kerala | India
Email: dawabook@gmail.com
Cover: Primrose
Type Setting : Azees Palazhi, Creative Media
Printing : Screen Offset, Kochi - 18

All right reserved. No part of this work may be reproduced or utilised in any form or by any means without the prior written permission of the publishers.

## പ്രസാധകക്കുറിപ്പ്-

അന്താരാഷ്ട്ര നിലവാരത്തിൽ മലയാള പുസ്തകങ്ങൾ പുറത്തിറക്കുകയും പ്രസക്തമായ വിവിധ ഭാഷാഗ്രന്ഥങ്ങൾ മലയാളത്തിലേക്ക് മൊഴിമാറ്റം നടത്തി പ്രസിദ്ധീകരിക്കുകയും അന്താരാഷ്ട്ര സമൂഹത്തിന് പരിചയപ്പെടുത്തേണ്ട മലയാള മൗലിക കൃതികൾ മറ്റു ഭാഷകളിലേക്ക് പരിഭാഷപ്പെടുത്തി പ്രസിദ്ധീകരിക്കുകയും ചെയ്യുകയെന്ന ലക്ഷ്യത്തോടെ തുടക്കം കുറിച്ച 'ദഅ്വാ ബുക്സ്' ശ്രദ്ധേയവും വ്യതിരിക്തവുമായ പുസ്തകങ്ങൾ പുറത്തിറക്കിക്കൊണ്ട് ഇതിനകം തന്നെ പുസ്തക പ്രസാധന രംഗത്ത് സ്ഥിരപ്രതിഷ്ഠ നേടിക്കഴിഞ്ഞിട്ടുണ്ട്, الحمد الله.

വിശുദ്ധ ഖുർആനും തിരുസുന്നത്തുമാകുന്ന ഇസ്‌ലാമിന്റെ അടിസ്ഥാന പ്രമാണങ്ങളെ, പ്രവാചകന്റെ (ﷺ) പ്രത്യേകമായ അംഗീകാരത്തിന് വിധേയമായ ആദിമ തലമുറക്കാർ മനസ്സിലാക്കിയതുപോലെ മനസ്സിലാക്കണമെന്ന അഹ്‌ലുസുന്നത്തി വൽ ജമാഅത്തിന്റെ രീതിശാസ്ത്രത്തിൽ ഗ്രന്ഥരചന നടത്തിയിട്ടുള്ള പണ്ഡിതൻമാരുടെ പുസ്തകങ്ങളാണ് പ്രധാനമായും ദഅ്വ ബുക്സ് പുറത്തിറക്കുന്നത്. ഗ്രന്ഥകർത്താക്കളുടെ സ്വന്തമായ അഭിപ്രായങ്ങളിലേക്ക് ക്ഷണിക്കുകയല്ല, പ്രമാണബദ്ധമായി കാര്യങ്ങളെ വിലയിരുത്തുകയും മനസ്സിലാക്കുകയും ചെയ്യുന്നതിലേക്ക് നയിക്കുകയാണ് ഇത്തരം ഗ്രന്ഥങ്ങൾ പുറത്തിറക്കുമ്പോൾ 'ദഅ്വ ബുക്സ്' ഉദ്ദേശിക്കുന്നത്. ഗ്രന്ഥകർത്താക്കളുടെ സ്വന്തമായ അഭിപ്രായങ്ങൾ ദഅ്വാ ബുക്സിന്റെ അഭിപ്രായങ്ങളല്ലെന്നർത്ഥം.

ഇറാൻ വിപ്ലവത്തോടനുബന്ധിച്ച് ശിയായിസമാണ് ഇസ്‌ലാമെന്ന രൂപത്തിലുള്ള പ്രചാരണങ്ങൾ ലോകവ്യാപകമായി നടന്നു വരുന്നുണ്ട്. ഇസ്‌ലാമുമായി യാതൊരു ബന്ധവുമില്ലാത്ത കുറേ വിശ്വാസങ്ങളും ആചാരങ്ങളുമാണ് യഥാർത്ഥത്തിൽ ശിയാഇസത്തിന്റേത്. ഇക്കാര്യം അറിയാത്തവർ ശിയാ നാടുകളിലെ പുറം മോടിയുടെ വെളിച്ചത്തിൽ അവിടെയുള്ളത് ഇസ്‌ലാം തന്നെയാണെന്ന് തെറ്റിദ്ധരിക്കാറുണ്ട്. ശിയാക്കളോടൊപ്പം നടന്ന് അതിലെ ഇരുട്ടും വെളിച്ചവും തിരിച്ചറിഞ്ഞവർ അഹ്‌ലുസുന്നത്തിലേക്ക് തിരിച്ച് വന്നതിനു ശേഷം തങ്ങൾ നടന്നുവന്ന വഴി എത്രത്തോളം നികൃഷ്ടമായിരുന്നുവെന്ന് വിളിച്ചു പറയുമ്പോഴാണ് ഇസ്‌ലാമിന്റെ പേരിൽ ശിയാക്കൾ നടത്തുന്ന പേക്കൂത്തുകൾ പുറം ലോകത്തിന് ബോധ്യപ്പെടുന്നത്. ശിയാഇസത്തിന്റെ യഥാർത്ഥ മുഖം അനാവരണം ചെയ്യുന്ന കൃതി.

നാഥാ. . . . നീ ഇതൊരു പ്രതിഫലാർഹമായ പ്രവർത്തനമായി സ്വീകരിക്കേണമേ (ആമീൻ)

**മാനേജർ**

Page 8
Blank

# താളുകളിൽ


വിവർത്തകക്കുറിപ്പ് ........ 11

ആമുഖം ........ 13

ഇബ്നു സബഅ് ........ 21

ശിയാക്കൾ അഹ്ലുബൈത്തിന്റെ
വംശ പരമ്പരയോ? ........ 28

മുത്ത്അ:യും അനുബന്ധകാര്യങ്ങളും ........ 51

ഖുമുസ് (പുരോഹിതനികുതി) ........ 75

ആകാശ ലിഖിതങ്ങൾ (വേദഗ്രന്ഥങ്ങൾ) ........ 92

അഹ്ലുസ്സുന്നത്തിനെക്കുറിച്ച്
ശിയാക്കളുടെ വീക്ഷണം ........ 102

ശിയാഇസം വളർത്തുന്നതിൽ
വിദേശഘടകങ്ങളുടെ സ്വാധീനം ........ 113


Page 10
Blank Page

# വിവർത്തകക്കുറിപ്പ്

ഏറ്റവും വിശുദ്ധമായ സംസ്കാരം ഉയർത്തിപ്പിടിക്കുന്ന ആദർശമാണ് ഇസ്‌ലാം. നന്മകളും പരിശുദ്ധിയും നിലനിർത്താനും തിന്മകളും കളങ്കങ്ങളും വർജ്ജിക്കാനുമാണ് ഇസ്‌ലാം കണിശമായി നിർദേശിക്കുന്നത്. പവിത്രമായ ഏകദൈവാരാധനയുടെ അടിത്തറയിലാണ് ഇസ്‌ലാമിക നന്മകൾ പടുത്തുയർത്തപ്പെട്ടത്.

ഇസ്‌ലാമിന്റെ എക്കാലത്തേയും കടുത്ത ശത്രുക്കളായ ജൂതസമൂഹം ഇസ്‌ലാമിക വിശുദ്ധിയെ കളങ്കപ്പെടുത്താൻ പല രീതിയിലും പരിശ്രമിച്ചതിന് ചരിത്രം സാക്ഷിയാണ്. ഇസ്‌ലാമിന്റെ വേഷമണിഞ്ഞ് ജൂതനായ ഇബ്നു സബഹ് രൂപം നൽകിയ ശീഈ ചിന്താധാരയുടെ ലക്ഷ്യവും മറ്റൊന്നായിരുന്നില്ല. അരാജകത്വവും അസാംസ്കാരികതയും ഇസ്‌ലാമിന്റെ പേരിൽ പ്രചരിപ്പിക്കാനാണ് ശിയാക്കൾ ശ്രമിക്കുന്നതെന്ന് നമുക്ക് കാണാം. നബി(സ)യെ അവഹേളിക്കുകയും സ്വഹാബികളെ അനാദരിക്കുകയും ചെയ്യുന്ന ശിയാക്കൾ യഥാർത്ഥ ഖുർആൻ അംഗീകരിക്കാനോ സ്ഥിരപ്പെട്ട നബിചര്യകൾ അനുധാവനം ചെയ്യാനോ തയ്യാറല്ല. ലൈംഗിക അരാജകത്വം മുതൽ അപകടമായ തീവ്രവാദ ചിന്തകൾ വരെ ഇസ്‌ലാമിന്റെ പേരിൽ അനുവദിക്കുന്ന ശിയാക്കളിലെ ഏറ്റവും പഴയ ഇമാമിയ്യ ഇത്നാ അശ്രി വിഭാഗത്തിൽ പ്രമുഖനായ നേതാവ് ഇറാനിലെ ഖുമൈനിയുടെ സന്തത സഹചാരിയും ശീഈ കാമ്പസിൽ പഠിച്ചുവളർന്ന പണ്ഡിതനുമായിരുന്ന സയ്യിദ് ഹുസൈൻ അൽ മൂസവി താൻ ശീഈ മാർഗം ഉപേക്ഷിക്കാനുള്ള കാരണങ്ങൾ വ്യക്തമാക്കുകയാണ് ഈ കൃതിയിലൂടെ.

ഇസ്‌ലാമിനേയും അഹ്‌ലുസുന്നത്തിനേയും വികൃതമാക്കാനുള്ള ശീഈ പരിശ്രമങ്ങളുടെ നിഗൂഢ മുഖം ശിയാക്കളുടെ പ്രമാണങ്ങളനുസരിച്ച് കൊണ്ട് തന്നെ അനാവരണം ചെയ്യാൻ ഗ്രന്ഥകർത്താവ് ശ്രദ്ധിച്ചിട്ടുണ്ട്. ശീഈ കൃതികളിലെ വിശ്വാസ വൈകൃതങ്ങളിലൂടെയും തന്റെ ജീവിതാനുഭവങ്ങളിലെ നിർണായക സന്ദർഭങ്ങളിലൂടെയും കടന്നുപോകുന്ന മൂസവി വായനക്കാരോട് നേരിട്ട് സംസാരിക്കുന്ന ശൈലിയാണ് സ്വീകരിച്ചിട്ടുള്ളത്. തന്റെ സഹപാഠികളും സഹപ്രവർത്തകനുമായിരുന്ന ശീഈ സമൂഹത്തോടുള്ള ഗുണകാംക്ഷയോടെയാണ് ഈ രചനയെന്ന് വ്യക്തമാകും. യഥാർത്ഥത്തിൽ ഇമാമുമാരായി ശിയാക്കൾ പരിചയപ്പെടുത്തുന്നവർ അവരിലേക്ക് ചാർത്തപ്പെട്ട നികൃഷ്ടമായ വിശ്വാസാചാരങ്ങളിൽ നിന്ന് പരിശുദ്ധരാണെന്ന് തെളിയിക്കാനും അദ്ദേഹം ശ്രമിക്കുന്നുണ്ട്.

ഖബർ പൂജയും മതരാഷ്ട്രവാദവും രഹസ്യ അജണ്ടയോട് കൂടിയുള്ള തീവ്രവാദ സമീപനവുമെല്ലാം കേരളക്കരയിൽ ആദർശവത്കരിക്കപ്പെടാൻ ശീഈ കൃതികളുടെയും സംസ്കാരത്തിന്റെയും സ്വാധീനം കാരണമായിട്ടുണ്ടെന്ന തിരിച്ചറിവാണ് ഇത്തരമൊരു കൃതി മലയാളികൾക്കു മുമ്പാകെ വെളിച്ചം കാണിക്കാൻ പ്രചോദനമായത്.

വിശുദ്ധ ഖുർആനും മുഹമ്മദ് നബി(സ)യുടെ സുന്നത്തുമനുസരിച്ച് ഇസ്‌ലാമിന്റെ ആശയാദർശങ്ങൾ സ്വീകരിക്കാൻ മുസ്‌ലിംകൾ ബാധ്യസ്ഥരാണ്. അഹ്‌ലുസ്സുന്നഃ വൽ ജമാഅത്തിന്റെ ആശയാദർശങ്ങളുടെ അടിത്തറയായ വിശുദ്ധ ഖുർആനിന്റെ മുന്നിൽ നിഷ്പ്രഭരായ ജൂതസമൂഹം ആസൂത്രിതമായി മുസ്‌ലിംകളെ, വിശേഷിച്ചും ശാന്തമായ അന്തരീക്ഷത്തിൽ ഇസ്‌ലാമിനെ സമൂഹത്തിന് പരിചയപ്പെടുത്താൻ ബാധ്യസ്ഥരായ പ്രബോധകരെ അന്ധവിശ്വാസങ്ങളിലേക്കും സൃഷ്ടി പൂജയിലേക്കും തീവ്രവാദ നിലപാടുകളിലേക്കും തിരിച്ചുവിടുന്നതിന്നെതിരെ നാം ജാഗ്രത പുലർത്തുക തന്നെ വേണം. സർവ്വശക്തനായ നാഥൻ അനുഗ്രഹിക്കട്ടെ.

# ആമുഖം

الحمد لله والصلاة والسلام على نبينا الأمين وآله الطيبين

الطاهرين والتابعين لهم بإحسان إلى يوم الدين

ഐഹിക ജീവിതം മരണത്തോടെ അവസാനിക്കുമെന്നും പിന്നീട് തീർച്ചയായും ഒരു മടക്കസ്ഥാനമുണ്ടെന്നും തിരിച്ചറിഞ്ഞവനാണ് മുസ്‌ലിം. താൻ സ്വർഗാവകാശിയാകണമെന്ന് ഓരോ മുസ്‌ലിമും അതിയായി കൊതിക്കുന്നുണ്ടെന്നതിൽ സംശയമില്ല. അതിനാൽ അവൻ തന്റെ അത്യുന്നതനായ രക്ഷിതാവ് തൃപ്തിപ്പെടുന്ന കാര്യങ്ങൾ പ്രവർത്തിക്കാനും, അവന്റെ കോപത്തിനും ശിക്ഷക്കും കാരണമാകുന്ന, നരകത്തിൽ പ്രവേശിക്കാനിടയാകുന്ന നിഷിദ്ധ കാര്യങ്ങളിൽ നിന്ന് വിട്ടു നിൽക്കാനും ശ്രമിച്ചേ മതിയാകൂ. അതുകൊണ്ടു തന്നെ തന്റെ രക്ഷിതാവിന്റെ കൽപനകൾക്ക് വിധേയമായി പുണ്യം ചെയ്യാൻ സാധാരണക്കാരനായ ഒരു മുസ്‌ലിം പോലും ജാഗ്രത പുലർത്തുന്നു. അപ്പോൾപിന്നെ സവിശേഷതയും പാണ്ഡിത്യവുമുള്ളവർ എത്രമാത്രം ജാഗ്രതയുള്ളവരാകണം!

നമുക്കറിയാവുന്ന പോലെ ജീവിതത്തിന് പല വഴികളുണ്ട്. ദുർഘടതകളുണ്ട്, കുരുങ്ങിപ്പോയേക്കാവുന്ന അനേകം പ്രലോഭനങ്ങളുണ്ട്. പ്രതിസന്ധികളെത്രയുണ്ടെങ്കിലും ബുദ്ധിമാൻ സ്വർഗ



ത്തിലേക്കുള്ള വഴി തന്നെ തിരഞ്ഞെടുക്കുന്നു. എത്രമാത്രം ആകർഷകമാണെങ്കിലും നരകമാർഗത്തിൽ നിന്ന് അവൻ ഓടിയകലുന്നു.

അല്ലാഹുവിന്റെ പ്രീതി മാത്രമാണ് ഈ രചനയുടെ ലക്ഷ്യം. ഞാൻ ഒരന്വേഷകന്റെ ഭാഷയിൽ പറയുന്ന വിവരണമാണിത്. എന്റെ തൂലികയിൽ മാത്രം പരിമിതമാണിത്. ഞാൻ ജീവിച്ചിരിക്കുമ്പോൾ തന്നെ എന്റെ സഹോദരങ്ങൾക്കിത് പ്രയോജനപ്പെടണമെന്നാണ് ആഗ്രഹം.

കർബലയിലാണ് എന്റെ ജനനം. ദീനീനിഷ്ഠയുള്ള പിതാവിന്റെ തണലിൽ ഒരു ശീഈ ചുറ്റുപാടിലാണ് ഞാൻ വളർന്നത്.

നഗരത്തിലെ വിവിധ സ്കൂളുകളിലായി പഠിച്ചു. പിന്നീട് എന്റെ പിതാവ് നജ്ഫിലെ ഒരു വൈജ്ഞാനിക ഹൗസയിലേക്ക് (ശീഈ കാമ്പസിലേക്ക്) എന്നെ പറഞ്ഞയച്ചു. അതാകട്ടെ ലോകത്തെ ഹൗസകളുടെ മാതാവ് എന്ന വിശേഷണമർഹിക്കുന്ന പ്രസിദ്ധമായ ഒന്നാണ്. ശീഈ വിഭാഗത്തിലെ പടുക്കളും ഈ നൂറ്റാണ്ടിലെ പ്രശസ്തരായ പണ്ഡിതന്മാരുമടക്കം ഇമാം സയ്യിദ് മുഹമ്മദ് ആലുഹുസൈൻ കാശിഫുൽ ഗത്വാഇനെപ്പോലുള്ള ഒട്ടേറെ പ്രമുഖർ അവിടെയുണ്ട്. അങ്ങനെ നജ്ഫിലെ അലവി വൈജ്ഞാനിക സ്കൂളിൽ പഠിച്ച് ഹൗസയിലെ മതപരമായ യോഗ്യതയുള്ള ഒരാളായി അതിന്റെ മുൻനിരയിലെത്തുകയും എന്റെ ദീനിന്നും സമൂഹത്തിനും സേവനം ചെയ്യാനും അങ്ങനെ മുസ്‌ലിംകൾക്ക് നവോത്ഥാനം നൽകാനും കഴിയുന്ന ദിവസങ്ങൾ എനിക്കുണ്ടാകുമെന്ന പ്രതീക്ഷയിലായിരുന്നു ഞാൻ.

മുസ്‌ലിംകളെ മുഴുവൻ ഒരൊറ്റ സമൂഹമായി കാണണമെന്ന് ഞാൻ കൊതിച്ചിരുന്നു. ഒരു നേതാവ് നയിക്കുന്ന ഒരൊറ്റ ജനത. അതേ സമയം അനിസ്‌ലാമിക (കുഫ്റിന്റെ) രാഷ്ട്രങ്ങൾ തകർക്കപ്പെടണമെന്നും ഞാൻ ആഗ്രഹിച്ചു. അങ്ങിനെ അഭിമാനിയായ ഓരോ മുസ്‌ലിമിന്റെയും മോഹങ്ങളുമായി ഞാൻ കഴിച്ചുകൂട്ടി. ഭിന്നതയുടേയും ഛിദ്രതയുടേയും വഴിയിലേക്ക് നമ്മെ തള്ളിവിടുന്ന സംഗതിയെന്താണ്? ഓരോ മുസ്‌ലിം യുവാവിന്റെയും ചിന്തയിൽ വിടരാറുള്ള ഇത്തരം ഒട്ടേറെ ചോദ്യങ്ങൾ എന്റെ ചിന്തയിലും കടന്നുവന്നിരുന്നു. പക്ഷേ, ഒരിക്കലും അവയ്ക്കൊന്നും ഉത്തരം കണ്ടെ

ത്താൻ എനിക്കു കഴിഞ്ഞില്ല. പഠനത്തിനിടയിൽ എന്നെ വിഭ്രമിപ്പിച്ച ചില സംഭവങ്ങളുണ്ടായി. അവ എന്റെ അവസ്ഥകളേയും ചിന്തകളേയും തകിടം മറിച്ചു. പക്ഷേ, അത്തരം ചിന്തകൾ എന്റെ ഗ്രാഹ്യതക്കുണ്ടായ ചില ഭ്രംശങ്ങൾ മാത്രമായിരിക്കാമെന്ന് സമാധാനിക്കുകയും ചെയ്തു. ഒരിക്കൽ ഞാൻ എന്റെ ഗുരുനാഥനോട് ഇത്തരം ആശയക്കുഴപ്പങ്ങൾ പങ്കുവെച്ചു. ഈ പ്രശ്നങ്ങളിൽ എങ്ങനെ ചികിത്സ തരണമെന്ന് ബുദ്ധിമാനായ അദ്ദേഹത്തിന്നറിയാമായിരുന്നു

അദ്ദേഹം ചോദിച്ചു: 'കാംപസിൽ നീയെന്താണ് പഠിക്കുന്നത്?'

ഞാൻ പറഞ്ഞു: 'തീർച്ചയായും അഹ്‌ലു ബൈത്തിന്റെ മദ്ഹബ്തന്നെ.'

'അഹ്‌ലുബൈത്തിന്റെ മദ്ഹബിൽ നിനക്ക് വല്ല സന്ദേഹവും തോന്നിയിട്ടുണ്ടോ?'

'അല്ലാഹുവിൽ ശരണം!' ഞാൻ അസന്നിഗ്ധമായി നിഷേധിച്ചു.

'എങ്കിൽ നീ നിന്റെ മനസ്സിൽ നിന്ന് ഈ ചിന്തകളെല്ലാം വെടിയുക. നീ അഹ്‌ലുബൈത്തിന്റെ അനുധാവകരിൽപ്പെട്ടവൻ തന്നെ. അവരാകട്ടെ മുഹമ്മദ്(സ)യിൽ നിന്നാണ് ആശയം സ്വീകരിച്ചത്. മുഹമ്മദ്(സ) ആശയം സ്വീകരിച്ചത് അല്ലാഹുവിൽ നിന്നും.'

എന്റെ മനസ്സ് സ്വസ്ഥമാകുന്നതു വരെ അല്പനേരം ഞാൻ മൗനം പാലിച്ചു. പിന്നീട് ഞാൻ പറഞ്ഞു: 'അല്ലാഹു താങ്കളെ അനുഗ്രഹിക്കട്ടെ. താങ്കൾ ഈ വസ്‌വാസിൽ നിന്ന് എനിക്ക് ആശ്വാസം നൽകി.'

ഞാനെന്റെ പഠനത്തിലേക്ക് തന്നെ മടങ്ങി. പക്ഷേ, പഴയ ചില ചോദ്യങ്ങൾ എന്റെ മനോമുകുരത്തിൽ വീണ്ടും കടന്നുവരാൻ തുടങ്ങി. പഠനം പുരോഗമിക്കും തോറും ഉത്തരം കണ്ടെത്തേണ്ട പ്രശ്നങ്ങളും സംശയങ്ങളും വർദ്ധിച്ചതേയുള്ളൂ. അതിനിടെ ഞാൻ ഉയർന്ന റാങ്കോടെ പഠനം പൂർത്തിയാക്കുകയും ഹൗസയുടെ തലവനായ ശൈഖ് സയ്യിദ് മുഹമ്മദുൽ ഹുസൈൻ ആലുകാശിഫിൽ അത്വാഇൽ നിന്ന് എന്റെ ബിരുദസർട്ടിഫിക്കറ്റ് കരസ്ഥമാക്കുകയും ചെയ്തു.



അതിനുശേഷം പ്രസ്തുതവിഷയങ്ങളെക്കുറിച്ച് ഞാൻ കാര്യഗൗരവത്തോടെ ചിന്തിക്കാൻ തുടങ്ങി. അതായത് ഞങ്ങൾ അഹ്‌ലുബൈത്തിന്റെ മദ്ഹബ് പഠിക്കും. അതോടൊപ്പം അഹ്‌ലുബൈത്തിനെ ആക്ഷേപിക്കുന്ന കാര്യങ്ങളും പഠിക്കും. അല്ലാഹുവിനെ ഇബാദത്ത് ചെയ്യാനുള്ള ദീനീകാര്യങ്ങൾ ഞങ്ങൾ പഠിക്കും. പക്ഷേ, അതിൽ വ്യക്തമായിത്തന്നെ അല്ലാഹുവിനെ നിഷേധിക്കുന്ന കുഫ്റുകളും ഉണ്ടായിരിക്കും.

എന്റെ റബ്ബേ, ഞങ്ങൾ എന്താണീ പഠിക്കുന്നത്? ഇത് യഥാർത്ഥത്തിൽ അഹ്‌ലുബൈത്തിന്റെ മദ്ഹബ് തന്നെയാണോ? തീർച്ചായും ഇത് ഒരാളുടെ വ്യക്തിത്വം തകർക്കുക തന്നെ ചെയ്യും. അതായത് ഒരാൾക്ക് അല്ലാഹുവിൽ കുഫ്റു വച്ചു കൊണ്ട് എങ്ങനെ അവനെ മാത്രം ആരാധിക്കാൻ കഴിയും? അയാൾക്കെങ്ങനെ പ്രവാചകന്റെ പിന്മുറക്കാരെ ആക്ഷേപിച്ചുകൊണ്ട് അവരെ പിന്തുടരാൻ കഴിയും? ഒരാൾക്കെങ്ങനെ അഹ്‌ലുബൈത്തിനെ ശകാരിക്കുകയും തെറിവിളിക്കുകയും ചെയ്തുകൊണ്ട് അവരുടെ മദ്ഹബ് പഠിക്കാനും ഉൾക്കൊള്ളാനും സാധിക്കും?

എന്റെ റബ്ബേ, നിന്റെ കാരുണ്യം! എന്നോടുള്ള നിന്റെ കനിവ്! നീ കനിഞ്ഞില്ലായിരുന്നുവെങ്കിൽ ഞാൻ വഴിപിഴച്ചുപോയേനെ. അല്ല, കടുത്ത നഷ്ടക്കാരിൽപെട്ടേനെ. ഞാൻ ഖേദിച്ചു മടങ്ങുന്നു. ഞാൻ എന്നോട് തന്നെ ചോദിക്കാറുണ്ട്, ഈ നേതാക്കളുടെയും ഇമാമുമാരുടെയും നിലപാട് എന്താണ്? എല്ലാവരും പണ്ഡിത നിരയിൽ മുൻപന്തിയിലെത്തിയവരാണല്ലോ. ഞാൻ ചിന്തിക്കുന്നതെല്ലാം അവരും ചിന്തിച്ചിരിക്കില്ലേ? ഞാൻ പഠിച്ചതൊക്കെ അവരും പഠിച്ചിട്ടുണ്ടാവില്ലേ? തീർച്ചയായും ഉണ്ടാകും. മാത്രവുമല്ല,

ഈ ഗ്രന്ഥങ്ങളിൽ ഭൂരിപക്ഷവും അവരുടെ തൂലികയിൽ വിരചിതമാണുതാനും. അതാണെന്റെ ഹൃദയത്തെ ഏറെ വേദനിപ്പിക്കുന്നതും. എന്റെ ഈ മനോവ്യഥകൾ ആവലാതിപ്പെടാനും ദുഃഖങ്ങൾ നിരത്താനും എനിക്കൊരാൾ വേണ്ടിയിരുന്നു. അങ്ങനെ ഒടുവിൽ നല്ലൊരു ചിന്തയിലേക്ക് ഞാൻ വഴിനടന്നെത്തി. എന്റെ വിജ്ഞാന പരിധിയിൽ ഞാൻ തിരിച്ചെത്തി. സമഗ്രമായ പഠനമായിരുന്നു അത്. ഞാൻ ശ്രദ്ധിച്ച ഉദ്ധരണികളൊക്കെ യഥാർത്ഥ സ്രോതസ്സുകളിൽ നിന്നും മൂല ഗ്രന്ഥങ്ങളിൽ നിന്നും തന്നെ ഞാൻ വായിച്ചു, എന്റെ കൈയിലെത്തിയ

എല്ലാ ഗ്രന്ഥങ്ങളും ഞാൻ വായിച്ചു. പലഭാഗങ്ങളും ഖണ്ഡികകളും എന്നെ കൂടുതൽ ചിന്തിപ്പിച്ചു.

മുഴുവൻ ദീനീ സ്രോതസ്സുകളോടും പണ്ഡിതരോടും കണ്ടുമുട്ടിയ നേതാക്കളോടുമെല്ലാം ഞാൻ നല്ല ബന്ധം തുടർന്നു. നാളെ പരലോകത്ത്, പ്രതിസന്ധിയുറച്ച ആ ദിവസം വരുമ്പോൾ എനിക്ക് സഹായകമാകുന്ന ഒരു ഫലത്തിലെത്തുകയായിരുന്നു ലക്ഷ്യം. എനിക്ക് ഏതാണ്ട് പൂർണസംതൃപ്തി ഉണ്ടാകുന്നതു വരെ ഞാൻ അവരോട് ഇടപഴകി. അല്ലാമ സയ്യിദ് മൂസാ മൂസവിയെ ഞാൻ നിരീക്ഷിച്ചിരുന്നു. ശീഈ മാർഗത്തിലുണ്ടായ വ്യതിയാനം ഉപേക്ഷിക്കാൻ അദ്ദേഹം പരസ്യമായി തീരുമാനിച്ചതും തന്റെ മാർഗം ശരിയാക്കുന്നതിലുള്ള അദ്ദേഹത്തിന്റെ കണിശമായ പരിശ്രമങ്ങളും നല്ലൊരു മാതൃകയായി ഞാൻ കാണുന്നു. പിന്നീടാണ് സയ്യിദ് അഹ്മദുൽ കാത്തിബിന്റെ 'ശീഈ ചിന്തയുടെ ഘട്ടം' എന്ന കൃതി പുറത്തു വന്നത്. അതു മുഴുവൻ വായിച്ചു കഴിഞ്ഞപ്പോഴാണ് സത്യം പറയാനും ചതിയിൽപെട്ട എന്റെ ചങ്ങാതിമാരുടെ കണ്ണുതുറപ്പിക്കുവാനും തീർച്ചയായും എന്റെ ഊഴമായിരിക്കുന്നുവെന്ന് ഞാൻ മനസ്സിലാക്കുന്നത്. അതായത് ഞങ്ങൾ അന്ത്യനാളിൽ മറുപടി പറയാൻ ബാധ്യയുള്ളവരാണ്. സത്യം അവർക്ക് കാണിച്ചുകൊടുക്കൽ ഞങ്ങൾക്ക് നിർബന്ധം തന്നെയാണ്, അത് എത്ര കൈപ്പുറ്റതാണെങ്കിലും. വൈജ്ഞാനികമായ ഈ ഫലങ്ങൾ അവതരിപ്പിക്കുന്നതിൽ ഒരു പക്ഷേ, എന്റെ ശൈലി കാത്തിബിന്റെയും മൂസവിയുടെയും ശൈലിയിൽ നിന്നും വ്യത്യസ്തമായിരിക്കും. ഞങ്ങളോരോരുത്തരും വ്യത്യസ്ത പഠന സമ്പ്രദായം തുടർന്നുവെന്നതാണ് അതിന്റെ കാരണം.

അവർ രണ്ടുപേരും എന്റേതിൽ നിന്നു വ്യത്യസ്തമായ സാഹചര്യത്തിൽ നിന്നു വന്നവരാണ്. അവർ ഇറാഖ് വിട്ടുപോവുകയും പാശ്ചാത്യ രാജ്യങ്ങളിൽ താമസിക്കുകയും ജോലിയെടുക്കുകയുമൊക്കെ ചെയ്തിട്ടുണ്ട്. എന്നാൽ ഞാൻ എന്നും ഇറാഖിൽ തന്നെയായിരുന്നു. കൃത്യമായി പറഞ്ഞാൽ നജ്ഫിൽ തന്നെ. ആ രണ്ടുപേർക്കും ലഭിച്ച സൗകര്യങ്ങൾ പൂർണമായി എനിക്ക് ലഭ്യമായിരുന്നില്ല. അതിനാൽ ദീർഘമായി ആലോചിച്ച ശേഷം സഹനത്തോടും പ്രതിഫലേച്ഛയോടും ഇവിടെ തന്നെ ജോലിചെയ്തു നിൽക്കാമെന്ന് ഞാൻ തീരുമാനിച്ചു. തങ്ങൾ കണ്ട കാര്യങ്ങളിൽ മൗനം പാലിക്കുകയും എന്നാൽ മനസ്സു കൊണ്ട് വെറുക്കുകയും ചെയ്യുന്ന ധാരാളം നേതാക്കൾ അവിടെയുണ്ടെന്ന് എനിക്കുറപ്പാ



ണ്. എന്റെ ഈ ഗ്രന്ഥം അവരുടെ മനസ്സിനെ പുനരാലോചനക്ക് പ്രേരിപ്പിക്കണമെന്ന് ഞാൻ റബ്ബിനോട് തേടുന്നു.

ബാത്വിലിന്റെ വഴി ഉപേക്ഷിക്കാനും സത്യത്തിന്റെ വഴി സ്വീകരിക്കാനും സാധിക്കണം. നിശ്ചയം ഈ ആയുസ്സ് ചെറുതാണ്. അവർക്ക് മുന്നിൽ വ്യക്തമായ തെളിവുകളുണ്ട്. അതിനാൽ ഇനിയൊരു ഒഴികഴിവും അവരുടെ പക്കൽ ബാക്കിയില്ല. ഞാനുമായി ബന്ധം നിലനിറുത്തിപ്പോന്ന ചിലർ എന്റെ ക്ഷണം സ്വീകരിച്ചിട്ടുണ്ട്. അൽ ഹംദുലില്ലാഹ്. ഞാൻ എത്തിച്ചേർന്ന യാഥാർത്ഥ്യങ്ങൾ അവർക്കും ബോധ്യപ്പെട്ടു. മാത്രമല്ല, അവർ മറ്റുള്ളവരെ ഈ വഴിയിലേക്ക് ക്ഷണിക്കാനും തുടങ്ങിയിട്ടുണ്ട്. ജനങ്ങൾക്ക് യാഥാർത്ഥ്യം ബോധ്യപ്പെടുത്താൻ അവർക്കും നമുക്കും അല്ലാഹു തൗഫീഖ് നൽകുമാറാകട്ടെ.

എനിക്കറിയാം എന്റെ ഗ്രന്ഥം വ്യാജ ജൽപനങ്ങളേയും കളവാക്കലിനേയും എതിർപ്പിനേയും നേരിടേണ്ടി വരുമെന്ന്. എന്നാൽ ഞാനതൊന്നും പ്രശ്നമാക്കുന്നില്ല. അതെല്ലാം ഞാൻ വിചാരണ നാളിലേക്ക് കണക്കുവെക്കുകയാണ്. ഞാൻ ഇസ്രായേലിന്റേയോ അമേരിക്കയുടെയോ ഒരു ഏജന്റാണെന്നു വരെ അവർ ജൽപിച്ചേക്കും. അല്ലെങ്കിൽ ദുനിയാവിന്റെ നക്കാപ്പിച്ചക്കു വേണ്ടി ഞാനെന്റെ ദീനും മനസ്സാക്ഷിയും വിൽക്കുകയാണെന്ന് അവർ പ്രചരിപ്പിക്കും. അതൊന്നും അപ്രതീക്ഷിതമോ അതിവിദൂരമോ അല്ല. നമ്മുടെ സുഹൃത്ത് അല്ലാമാ സയ്യിദ് മൂസൽ മൂസ്സവിയെക്കുറിച്ച് ഇതുപോലെ പലതും അവർ പ്രചരിപ്പിച്ചിട്ടുണ്ട്. എത്രത്തോളമെന്നാൽ സയ്യിദ് അലി ഗർവി ഇത്രയും പറയുകയുണ്ടായി: "തീർച്ചയായും ഫഹ്ദ് രാജാവ് മാദക സുന്ദരിയെക്കാട്ടി അദ്ദേഹത്തെ വശീകരിച്ചുവെന്ന്! അമേരിക്കൻ ബാങ്കിൽ നല്ലൊരു തുക അദ്ദേഹത്തിനുവേണ്ടി രാജാവ് നിക്ഷേപിച്ചുവെന്ന്! പകരം വഹാബി മാർഗത്തിൽ പ്രവേശിക്കണമെന്ന നിബന്ധന മാത്രം!!"

ഡോ. മൂസവി പോലും ഇത്രയും ബാലിശമായ വ്യാജ പ്രചാരണങ്ങൾ നേരിട്ടുവെങ്കിൽ എന്നെപോലുള്ളവരുടെ സ്ഥിതിയെന്തായിരിക്കും!! എന്നെക്കുറിച്ച് എന്തെല്ലാം അവർ പറഞ്ഞുപരത്തുകയില്ല?! സത്യം തുറന്നു പ്രഖ്യാപിച്ച പലരേയും മുമ്പ് വധിച്ചതു പോലെ എന്നെയും വധിക്കാൻ വേണ്ടി അവർ ഗൂഢാലോചന നടത്തിയെന്നും വരും. പരേതനായ ഇമാം മൗലാനാ ആയത്തുല്ലാ

ഹിൽ ഉദ്മ സയ്യിദ് അബുൽ ഹുസൈൻ അസ്ഫഹാനി ശീഈ മദ്ഹബ് അവയിൽ കടന്നു കൂടിയ ഖുറാഫാത്തുകൾ കളഞ്ഞ് പരിഷ്കരിക്കാനൊരുങ്ങിയപ്പോൾ അദ്ദേഹത്തിന്റെ മകനെ അവർ ഇങ്ങനെ വധിച്ചിട്ടുണ്ട്. 12-ാം ഇമാം അപ്രത്യക്ഷമായെന്ന് അവർ വിശ്വസിക്കുന്ന കാലത്തിനും ഇക്കാലത്തിനുമിടയിലെ ശിയാക്കളുടെ ഏറ്റവും വലിയ ഇമാമുകളിലൊരാളായിരുന്നു അദ്ദേഹം. ഗ്രൂപ്പിസത്തിനതീതമായി ശിയാക്കൾ അദ്ദേഹത്തെ ഇമാമായി അംഗീകരിച്ചിരുന്നു. എന്നാൽ അദ്ദേഹത്തിന്റെ നിലപാട് അവർക്ക് ഒട്ടും ഇഷ്ടമായില്ല. അദ്ദേഹത്തെ ആ ദൗത്യത്തിൽ നിന്ന് പിന്തിരിപ്പിക്കാനായി അവർ അദ്ദേഹത്തിന്റെ മകനെ ആടിനെയറുക്കുന്നതു പോലെ അറുത്തു കളഞ്ഞു. ശീഈ വ്യതിയാനത്തിൽ നിന്ന് താൻ ഒഴിവാണെന്ന് പ്രഖ്യാപിച്ചതിന്റെ പേരിൽ സയ്യിദ് അഹ്മദ് കിസ്റവിയേയും ഇതുപോലെ അവർ നിഷ്ഠൂരമായി വധിച്ചിട്ടുണ്ട്. ഇഞ്ചിഞ്ചായി അവർ അദ്ദേഹത്തെ വെട്ടി നുറുക്കിക്കളഞ്ഞു.

അവിടെ എത്രയോപേർക്ക് നേരിട്ട ഈ പര്യവസാനവും ദുരന്തവും എനിക്കും അന്യമാവാൻ വഴിയില്ല. തീർച്ചയായും അതൊന്നും ഞാൻ പരിഗണിക്കുന്നില്ല.

എനിക്ക് സത്യം പറയണമെന്നേയുള്ളൂ. എനിക്ക് എന്റെ സഹോദരങ്ങളോട് ഗുണകാംക്ഷിയായിരിക്കണം, അവരെ ഉദ്ബോധിപ്പിക്കുകയും അവരുടെ ചിന്തകൾ സത്യത്തിലേക്ക് തിരിച്ചുവിടുകയും ചെയ്യണം. ദുനിയാവിന്റെ വല്ല വിഭവവുമാണ് ഞാൻ ലക്ഷ്യം വെക്കുന്നതെങ്കിൽ; മുത്അത്തും,1 ഖുമുസും2 അവകാശ പൂർവം എന്റെ കൂട്ടാളികളായി ഉണ്ടായിരുന്നല്ലോ. പലരും അതെല്ലാം സ്വന്തമാക്കിയിട്ടുണ്ട്. അവരിൽ മിക്കവരും രാജ്യത്തെ വലിയ ധനാഢ്യരായിത്തീരുകയും ചെയ്തു. അവരിന്ന് അത്യാധുനികമായ വിവിധ മോഡൽ കാറുകളിൽ യാത്ര ചെയ്യുന്നു. എന്നാൽ സത്യം ഉൾക്കൊണ്ടതു മുതൽ ഞാൻ അവയിൽ നിന്നെല്ലാം തിരിഞ്ഞു നിൽക്കുകയാണ്. മാന്യമായ വ്യാപാര പ്രവർത്തനങ്ങളിലൂടെ എനിക്കും എന്റെ കുടുംബത്തിനും ഉപജീവനത്തിനുള്ള വക ഇപ്പോൾ ഞാൻ കണ്ടെത്തുന്നുണ്ട് (അൽ ഹംദുലില്ലാഹ്).

സത്യാന്വേഷികളുടെയരികിൽ ഈ പുസ്തകം കലവറയില്ലാതെ സ്വീകരിക്കപ്പെടുമെന്ന് എനിക്ക് ശുഭപ്രതീക്ഷയുണ്ട്. എന്നാൽ മെഴ്സിഡസ് കാറിൽ സഞ്ചരിക്കുകയും ഖുമുസും മുത്ത്അത്തും



ഒഴിവാക്കുന്നത് നഷ്ടമായി കാണുകയും ചെയ്യുന്ന തലപ്പാവുധരികളോട് നമുക്കൊന്നും പറയാനില്ല. അവരെ നമുക്ക് തെളിഞ്ഞ മനസ്സല്ലാതെ ധനവും സന്താനവും പ്രയോജനപ്പെടാതിരിക്കുകയും അവർ കുറ്റസമ്മതം നടത്തുകയും ചെയ്യുന്ന നാളിലെ അല്ലാഹുവിന്റെ വിചാരണക്കും തീർപ്പിനും വിടാം.

അദ്ധ്യായം 1

# ഇബ്നു സബഅ്

യഥാർത്ഥത്തിൽ ശിയാ ചിന്തകളുടെ ഉപജ്ഞാതാവായ അബ്ദുല്ലാഹിബ്നു സബഅ് ഒരു സാങ്കൽപിക കഥാപാത്രമാണെന്നും അങ്ങനെയൊരാൾ ജീവിച്ചിരുന്നില്ലെന്നുമുള്ള ഒരു പ്രചാരണം ചില ശിയാക്കൾക്കിടയിൽ ഇപ്പോഴുണ്ട്. ശിയാക്കളേയും അവരുടെ വിശ്വാസത്തേയും അധിക്ഷേപിക്കാൻ ഇബ്നു സബഇനെ അഹ്ലുസ്സുന്നത്ത് കറ്റുകെട്ടിയുണ്ടാക്കിയതാണ് എന്നാണ് അവരുടെ പക്ഷം. ശിയാക്കളിൽ നിന്ന് അഥവാ അഹ്ലുബൈത്തിന്റെ മദ്ഹബിൽ നിന്നു ജനങ്ങളെ തടയാൻ വേണ്ടി ശിയാഇസത്തിന്റെ സ്ഥാപനം അയാളിൽ കെട്ടിവെക്കുകയാണ് ഉണ്ടായതെന്നും അവർ വാദിക്കുന്നു.

അബ്ദുല്ലാഹിബ്നു സബഇനെക്കുറിച്ച് ഞാൻ എന്റെ ഗുരുനാഥനായിരുന്ന സയ്യിദ് മുഹമ്മദ് അൽഹുസൈൻ ആലുകാശിഫിൽ ഗത്വാഇനോട് ചോദിച്ചപ്പോൾ അദ്ദേഹം പറഞ്ഞു: 'വിശുദ്ധരായ ആലുബൈത്തിനോടുള്ള വിദ്വേഷം നിമിത്തം ഉമവികളും അബ്ബാസികളും കെട്ടിയുണ്ടാക്കിയ ഒരു കഥാപാത്രമാണ് ഇബ്നു സബഅ് ഈ വ്യക്തിയെ അവഗണിക്കൽ



ബുദ്ധിയുള്ളവർക്ക് നിർബന്ധമാണ്.' എന്നാൽ ഇബ്നുസബഅ് ജീവിച്ചിരിപ്പുണ്ടായിരുന്നയാളാണെന്ന് അദ്ദേഹത്തിന്റെ തന്നെ കൃതിയിൽ ഞാൻ കണ്ടിട്ടുണ്ട്. അദ്ദേഹത്തിന്റെ പ്രശസ്തമായ أصل الشيعة وأصولها -(അസ്‌ലു ശീഅത്തി വ ഉസൂലഹാ) എന്ന പുസ്തകത്തിൽ 40, 41 പേജിൽ ഇബ്നു സബഅ് എന്ന വ്യക്തിത്വത്തിന്റെ ഉൺമ വെളിപ്പെടുത്തുകയും ഉറപ്പുവരുത്തുകയും ചെയ്യുന്നത് കാണാം. അദ്ദേഹമെഴുതുന്നു: '.......... എന്നാൽ ഇബ്നു സബഇനെ ശിയാക്കളോട് ചേർത്തു പറയുകയോ ശിആയിസത്തെ ആയാളോട് ചേർത്തു പറയുകയോ ചെയ്യുന്നുണ്ട്. എന്നാൽ മുഴുവൻ ശീഈ ഗ്രന്ഥങ്ങളും അയാളെ ശപിക്കണമെന്നും അയാളിൽ നിന്നൊഴിവാകണമെന്നും പ്രഖ്യാപിച്ചിട്ടുണ്ട്.......' ഈ വ്യക്തിത്വം ഉണ്ടായിരുന്നുവെന്നത് ഇവിടെ വ്യക്തമാകുന്നുണ്ട്, സംശയമില്ല. യഥാർത്ഥത്തിൽ ആ പുസ്തകം അഹ്ലുസ്സുന്നത്തിനെ ലക്ഷ്യം വെച്ചെഴുതിയതാണ്. തക്വിയ്യത്ത്(സത്യം മറച്ചുവെക്കൽ) തത്വം അനുവസരിച്ചാണത്. എന്നാൽ ആ പുസ്തകത്തിലേക്ക് ഒരിക്കൽകൂടി വരിക. അയാൾ പറയുന്നു: ഇബ്നുസബ്അ് ഒരു കെട്ടുകഥ മാത്രമാണ്. അയാളെക്കുറിച്ചുള്ള മുഴുവൻ റിപ്പോർട്ടുകളും കെട്ടുകഥകളും വ്യാജമായ രാക്കഥകളും പറയുന്നവർ ചമച്ചുണ്ടാക്കിയതാണ് .

സയ്യിദ് മുർതദാ അൽ അസ്കരി രചിച്ച ഇബ്നു സബഉം മറ്റു ചില കെട്ടുകഥകളും ( عبد الله بن سبأ وأساطير أخرى ) എന്ന കൃതിയിലും ഇബ്നു സബഅ് എന്ന വ്യക്തിയെ നിരാകരിക്കുന്നുണ്ട്. ആ പുസ്തകത്തിന്റെ ആമുഖത്തിൽ സയ്യിദ് മുഹമ്മദ് ജവാദും ഇബ്നു സബഇനെ നിഷേധിക്കുന്നു.

എന്നാൽ ശിയാക്കൾ അഹ്ലുസ്സുന്നതിനുമേൽ അതിക്രമം നടത്താനുള്ള കാരണങ്ങളിൽ ഒന്നാമത്തേത് ഇബ്നു സബഅ് തന്നെയാണെന്നതിൽ സംശയം വേണ്ട; ഇബ്നു സബഇനെ നിരാകരിക്കുന്നവരെ ശിയാക്കൾ തന്നെ അഭിപ്രായവ്യത്യാസം കാരണം അവലംബിക്കാറില്ലെന്നതാണ് യാഥാർത്ഥ്യം.

മാത്രവുമല്ല, ശിയാക്കൾ അവലംബിക്കുന്ന പ്രാമാണിക കൃതികൾ പരതിയാൽ തന്നെ ഇബ്നു സബഅ് ഒരു യാഥാർത്ഥ്യമാണെന്നു കാണാൻ കഴിയും, സമകാലികരായ ചിലർ നിഷേധിച്ചാലും.

**ചില തെളിവുകൾ കാണുക.**

1) അബൂജഅ്ഫർ (അ)4ൽ നിന്ന് റിപ്പോർട്ട്: അബ്ദുല്ലാഹിബ്നു സബഅ് നുബുവ്വത്ത് വാദിച്ചിരുന്നു. അമീറുൽ മുഅ്മിനീൻ (അലി) അല്ലാഹുവാണെന്നും അയാൾ വാദിച്ചിരുന്നു. ഈ വിവരം അമീറുൽ മുഅ്മിനീന്ന് ലഭിക്കുകയും അദ്ദേഹം അയാളെ വിളിച്ചുവരുത്തുകയും അതേക്കുറിച്ച് ചോദിക്കുകയും ചെയ്തു. അപ്പോൾ അക്കാര്യം തന്നെ അയാൾ ഉറച്ചു പറഞ്ഞു. അതെ, താങ്കൾ തന്നെയാണവൻ. താങ്കൾ തന്നെ അല്ലാഹു എന്ന് എന്റെ മനസ്സിൽ ബോധനം നൽകിരിക്കുന്നു, ഞാൻ താങ്കളുടെ നബിയാണെന്നും'. അപ്പോൾ അമീറുൽ മുഅ്മിനീൻ (അ) പറഞ്ഞു: 'നിനക്കുനാശം, നീ പിശാചിനെയും തോൽപ്പിച്ചിരിക്കുന്നു. ഈ വാദത്തിൽ നിന്നും നീ മടങ്ങണം. നീ നശിച്ചുപോകട്ടെ. നീ തൗബചെയ്യണം'. എന്നാൽ അയാൾ അതിന്നു തയ്യാറായില്ല. അപ്പോൾ അയാളെ തടവിലിടുകയും മൂന്ന് ദിവസം തൗബ ചെയ്യാനാവശ്യപ്പെടുകയും ചെയ്തു. എന്നാൽ തൗബ ചെയ്തില്ല. അതിനാൽ അയാളെ തീയിൽ കരിക്കുകയും ഇങ്ങനെ പറയുകയും ചെയ്തു: 'നിശ്ചയം, ശൈത്വാനാണ് അവനെ വശീകരിച്ചതും അവന്റെ മനസ്സിൽ ഇങ്ങനെയെല്ലാമുള്ള വാദങ്ങൾ ഇട്ടുകൊടുത്തതും'.

അബൂ അബ്ദില്ലയിൽ നിന്ന് റിപ്പോർട്ട്: അദ്ദേഹം പറഞ്ഞു: 'അല്ലാഹു ഇബ്നു സബഇനെ ശപിക്കട്ടെ. അയാൾ അമീറുൽ മുഅ്മിനീന്റെ കാര്യത്തിൽ റുബൂബിയ്യത്ത് വാദിച്ചവനാണ്. അമീറുൽ മുഅ്മിനീനാകട്ടെ അല്ലാഹുവിന്ന് വിധേയനായ ഒരു അടിമ മാത്രമാണ്. നമ്മുടെ മേൽ കള്ളമാരോപിക്കുന്നവന് നാശം! നമ്മുടെ മേൽ നാം പറയാത്തത് പറയുന്നവരിൽ നിന്ന് നാം അല്ലാഹുവിലേക്ക് ഒഴിവാകുന്നു.'

2) المامقاني

(മാമക്കാനി) പറഞ്ഞു: 'ഇബ്നു സബഅ് കുഫ്റിലേക്ക് മടങ്ങുകയും വ്യക്തമായി അതിരുകവിയുകയും ചെയ്ത വ്യക്തിയാണ്.' അദ്ദേഹം തന്നെ പറഞ്ഞു: 'ശപിക്കപ്പെട്ട അതിക്രമി. അമീറുൽ മുഅ്മിനീൻ അദ്ദേഹത്തെ തീയിലിട്ടു. അലി ഇലാഹാണെന്നും താൻ നബിയാണെന്നും അവൻ വാദിച്ചിരുന്നു.'



3) النوبختي

(നൗബഖ്ത്തി) പറഞ്ഞു: 'സബഇയ്യാക്കൾ അലിയുടെ ഇമാമത്ത് പ്രഖ്യാപിച്ചിട്ടുണ്ട്. അത് അല്ലാഹുവിൽ നിന്ന് നിർബ്ധമായതാണെന്നും അവർ അംഗീകരിച്ചിട്ടുണ്ട്. അവർ ഇബ്നു സബഇന്റെ ആളുകളാണ്. അവൻ പരസ്യമായിത്തന്നെ അബൂബക്കർ, ഉമർ, ഉഥ്മാൻ എന്നിവരെ ആക്ഷേപിച്ചവരിൽപ്പെട്ടയാളാണ്. അവരിൽ നിന്ന് തബർറുഉ് പ്രഖ്യാപിച്ചവനുമാണ്. അവൻ പറഞ്ഞത് തീർച്ചയായും അലിയാണ് അങ്ങനെ ചെയ്യാൻ അവനോട് കല്പിച്ചത് എന്നാണ്. അപ്പോൾ അലി അവനെ പിടികൂടുകയും അതേക്കുറിച്ചന്വേഷിക്കുകയും ചെയ്തു. അവൻ തന്റെ വാദത്തിൽ ഉറച്ചു നിന്നു. അപ്പോൾ ആളുകളെല്ലാം അദ്ദേഹത്തോട് ശബ്ദിച്ചു: 'അമീറുൽ മുഅ്മിനീൻ! അഹ്ലുബൈത്തിനേയും അങ്ങയേയും സ്നേഹിക്കാൻ ക്ഷണിക്കുന്ന ഒരുത്തനെ അങ്ങ് വധിക്കുകയാണോ? നിങ്ങളോട് ബന്ധംവെക്കാനും നിങ്ങളുടെ ശത്രുക്കളിൽ നിന്ന് മാറിനിൽക്കാനുമല്ലേ അവൻ പറയുന്നത്?' അപ്പോൾ അദ്ദേഹം അവനെ മദാഇനിലേക്ക് നാടുകടത്തി. അഹ്ലുൽ ഇൽമിലെ ഒരു വിഭാഗം പറയുന്നത് അബ്ദുല്ലാഹിബ്നു സബഅ് ആദ്യം ജൂതനായിരുന്നുവെന്നും പിന്നീട് ഇസ്ലാം സ്വീകരിച്ചതാണെന്നുമാണ്. അവൻ തുടർന്ന് അലിയ്യിന്റെ വിലായത്ത് പ്രഖ്യാപിച്ചു. ഇതേ കാര്യം അവൻ ജൂതനായിരുന്ന കാലത്ത് മൂസാ (അ)നു ശേഷം യൂശഇനെക്കുറിച്ചും പറഞ്ഞിരുന്നു. പിന്നെ ഇസ്ലാം സ്വീകരിച്ച ശേഷം മുഹമ്മദ് നബിക്കു ശേഷം അലിയെക്കുറിച്ചും ആ രീതിയിൽ വാദിക്കുകയാണുണ്ടായത്. അലി(റ)ന് ഇമാമത്ത് ഫർദ് ആണെന്ന് ആദ്യം വാദിച്ചത് ഇബ്നുസബഅ് ആണ്. അലിയുടെ ശത്രുക്കളിൽ നിന്ന് ആദ്യം ബറാഅത്ത് (ഒഴിവാകൽ) പ്രഖ്യാപിച്ചതും അയാളാണ്. അതുകൊണ്ടാണ് ശിയാക്കളുടെ എതിരാളികൾ പറയുന്നത് റാഫിദത്തിന്റെ അടിത്തറ ജൂതന്മാരിൽ നിന്ന് സ്വീകരിക്കപ്പെട്ടതാണെന്ന് . (فرق الشيعة ص : ٣٢-٤٤)

4) സഅ്ദുബ്നു അബ്ദില്ലാഹിൽ അശ്അരി അൽക്വുമ്മി സബഇയ്യാക്കളെക്കുറിച്ച് നടത്തിയ ഒരു പ്രഭാഷണത്തിൽ പറഞ്ഞു: സബഇയ്യാക്കൾ ഇബ്നു സബഇന്റെ ആളുകളാണ്. അവന്റെ യഥാർത്ഥ പേര് عبد الله بن وهب الراسبي الهمداني

(അബ്ദുല്ലാഹിബ്നു വഹബ് റാസിബിൽ ഹമദാനി) എന്നാണ് അയാളുടെ സഹായികൾ. അബ്ദുല്ലാഹി ബ്നു ഖർസ്, ഇബ്നു

അസ്‌വദ് എന്നിവരാണ്. ആദ്യമായി അബൂബക്കർ, ഉമർ, ഉഥ്മാൻ എന്നിവരേയും സ്വഹാബത്തിനേയും ആക്ഷേപിച്ചതും അവരിൽ നിന്ന് തബർറുഅ് (ഒഴിവാകൽ) പ്രഖ്യാപിച്ചതും അയാളാണ്.

المقالات والفرق ص ٢٠

(അൽ മകാലാത്തു വൽ ഫിറക്വ്)

5) ഇബ്നു അബിൽ ഹദീദ് പറഞ്ഞു: ഒരിക്കൽ അലി(റ) പ്രസംഗിക്കുമ്പോൾ ഇബ്നുസബഅ് അദ്ദേഹത്തിന്റെ അരികിലേക്ക് കടന്നു ചെന്നു. എന്നിട്ട് അദ്ദേഹത്തോടു പറഞ്ഞു: 'താങ്കൾ, താങ്കൾ ..........' അപ്പോൾ അലി പറഞ്ഞു: 'നിനക്കു നാശം! ഞാൻ ആരാണെന്നാണ് നീ പറയുന്നത്?' അവൻ പറഞ്ഞു: 'താങ്കൾ അല്ലാഹുവാണ് ' അപ്പോൾ അവനേയും കൂടെയുള്ളവരേയും പിടികൂടാൻ അദ്ദേഹം കൽപിച്ചു. ( شرح نهج البلاغة ٥/٥)

(ശറഹ് നഹ്ജീൽ ബലാഗ:)

6) സയ്യിദ് നിഅ്മത്തുല്ലാഹ് അൽ ജസാഇരി പറഞ്ഞു: ഇബ്നു സബഅ് അലി(റ)നോട് പറഞ്ഞു: 'സത്യമായും താങ്കൾ ഇലാഹാണ്.' അപ്പോൾ അലി(അ) അവനെ മദാഇനിലേക്ക് നാടു കടത്തി. അയാൾ ജൂതനാണെന്നും പിന്നീട് ഇസ്‌ലാം സ്വീകരിച്ചതാണെന്നും പറയപ്പെടുന്നു. ഇസ്‌ലാം സ്വീകരിച്ചപ്പോൾ അലിയെക്കുറിച്ചുന്നയിച്ച അതേ വാദം അയാൾ ജൂതനായിരുന്ന കാലത്ത് മൂസാനബിയെക്കുറിച്ചും യൂശഅ്ബ്നു നൂനിനെക്കുറിച്ചും ഉന്നയിച്ചിരുന്നു.

(الأنوار النعمانية ٢/٢٣٤)

(അൽ അൻവാറുന്നുഅ്മാനിയ്യ:)

ശിഇയാ നേതാക്കളുടെ വ്യത്യസ്തവും ആധികാരികവുമായ ആറു രേഖകളാണ് ഈ വിഷയത്തിൽ മുകളിലുദ്ധരിച്ചത്. ദീർഘിച്ചു പോകുമെന്നതിനാൽ നിരവധി സ്രോതസ്സുകളിൽ നിന്നുള്ളത് നാം വേണ്ടെന്നു വച്ചതാണ്. അവയെല്ലാം തന്നെ ഇബ്നു സബഅ് എന്ന വ്യക്തിത്വത്തെ സ്ഥിരപ്പെടുത്തുന്നവയാണ്.

ഇവയിൽ നിന്ന് നാം ഗ്രഹിച്ചകാര്യങ്ങൾ:

1) ജീവിച്ചിരുന്നുവെന്ന് ഉറപ്പുള്ള വ്യക്തിതന്നെയാണ് ഇബ്നു



സബഅ്. ഇദ്ദേഹത്തെ സഹായിച്ച കക്ഷി സബഇയ്യാക്കൾ എന്നാണറിയപ്പെടുന്നത്.

2) ഇബ്നു സബഅ് ആദ്യം ജൂതനായിരുന്നു. പിന്നീട് താൻ മുസ്‌ലിമായി എന്നു പ്രഖ്യാപിക്കുകയാണുണ്ടായത്. ഇസ്‌ലാം സ്വീകരിച്ചെങ്കിലും അയാൾ യഥാർത്ഥത്തിൽ ജൂത വിശ്വാസത്തിൽ തന്നെ തുടരുകയായിരുന്നു. മുസ്‌ലിംകൾക്കിടയിൽ ജൂതായിസത്തിന്റെ വിഷം കുത്തിവെക്കലായിരുന്നു അവന്റെ ലക്ഷ്യം.

3) അബൂബക്കർ(റ), ഉമർ(റ), ഉഥ്മാൻ(റ) എന്നിവരേയും മറ്റു സ്വഹാബത്തിനേയും ആക്ഷേപിക്കുന്ന സമ്പ്രദായത്തിനു തുടക്കം കുറിച്ചത് ഇബ്നു സബഅ് ആണ്. അലിയുടെ ഇമാമത്ത് ആദ്യമായി പ്രഖ്യാപിച്ചതും ഇയാളാണ്. അലി(റ) മുഹമ്മദ് നബി(സ)യുടെ വസ്വിയ്യ് ആണെന്നു വാദിച്ചതും ഇയാൾ തന്നെ. യഥാർത്ഥത്തിൽ അത്തരമൊരു സങ്കല്പം ജൂതന്മാരിൽ നിന്നാണ് അയാൾക്ക് കിട്ടിയത്. അഹ്‌ലുബൈത്തിനോടു പ്രിയം വെക്കണമെന്ന പേരിൽ അവരുടെ വിലായത്തിലേക്ക്5 ക്ഷണിക്കാൻ വേണ്ടിയും അവരുടെ ശത്രുക്കളിൽ നിന്ന് അതായത് സ്വഹാബികളിൽ നിന്നും അവരോടു ബന്ധം പുലർത്തുന്നവരിൽ നിന്നും ഒഴിവാകാൻ വേണ്ടിയുമാണ് അയാൾ പറഞ്ഞത്.

അപ്പോൾ ഇബ്നു സബഅ് എന്ന വ്യക്തി ഒരു യാഥാർത്ഥ്യമാണ്. നിഷേധിക്കാൻ യാതൊരു പഴുതില്ലാത്തവണ്ണം തെളിവുകൾ വ്യക്തം ശിയാക്കൾ അംഗീകരിക്കുന്ന പ്രാമാണികമായ നിരവധി തെളിവുകൾ തന്നെ ഈ വിഷയത്തിൽ നമുക്ക് ചൂണ്ടിക്കാണിക്കാൻ കഴിയും. കൂടുതൽ വിവരങ്ങൾക്ക് താഴെ ചേർക്കുന്ന റഫറൻസുകൾ പരിശോധിച്ചാൽ മതി.

الغارات للثقفي، الرجال للحلي، قاموس الرجال للتستري، دائرة المعارف المسماة بمقتبس الأثر للأعلمي الحائري، الكني لعباس القمي ، حل الإشكال بن طاووس المتوفي سنة ٦٧٣ هـ الرجال لإبن داود ، التحرير للطاووسي ، لأحمد

مجمع الرجال للقهبائي ، نقد الرجال للتفرشي ، جامع الرواة للمقدسي الأردبيلي ، مناقب آل أبي طالب لابن شهر أشوب ، مرآة الأنوار لمحمد بن طاهر العاملي،

മാതൃകക്കു വേണ്ടി ചില റഫറൻസുകൾ ഇവിടെ നൽകിയെന്നു മാത്രം. ഇബ്നു സബഇന്റെ അസ്തിത്വം ഉറപ്പു വരുത്തുന്ന ഇരുപതിൽ കുറയാത്ത നമ്മുടെ റഫൻസ്ഗ്രന്ഥങ്ങൾ ഇനിയും സമർപ്പിക്കാൻ കഴിയും. എന്നിട്ടും മുർതദാ അൽ അസ്കരി, സയ്യിദ് മുഹമ്മദ് ജവാദ് മുഗ്നിയ എന്നിവരും മറ്റു ചില സമകാലികരും ഇബ്നു സബഅ് എന്ന വ്യക്തി ജീവിച്ചിരുന്നതിനെ നിഷേധിക്കുന്നത് മഹാത്ഭുതം തന്നെ! സംശയം വേണ്ട അവരുടെ വാദത്തിന് യാതൊരു സാധുതയുമില്ല.

അദ്ധ്യായം 2

# ശിയാക്കൾ അഹ്ലുബൈത്തിന്റെ വംശ പരമ്പരയോ?

നമ്മുടെ സമൂഹത്തിൽ വ്യാപകമായ ഒരു ധാരണയുണ്ട്, ശിയാക്കൾ അഹ്ലുബൈത്തിന്റെ പ്രത്യേകക്കാരാണെന്ന്! ശീഈ മാർഗത്തിൽ മുഴുവൻ അഹ്ലുബൈത്തിനോടുള്ള നിറഞ്ഞ സ്നേഹമാണെന്ന്! മാത്രവുമല്ല, മറ്റു പൊതു ജനങ്ങൾ അതായത് അഹ്ലുസ്സുന്നത്ത് അഹ്ലുബൈത്തുമായി ഒരു ബന്ധവുമില്ലാത്തവരാണു പോലും! മൂന്നു ഖലീഫമാരും ആയിശാബീവിയുമടക്കം അഹ്ലുബൈത്തുമായി യാതൊരു ബന്ധവുമില്ലാത്തവരാണു പോലും! ശിയാക്കളിലെ ചെറിയവനും വലിയവനും പണ്ഡിതനും പാമരനുമൊക്കെ വിശ്വസിക്കുന്നത് സ്വഹാബികൾ മുഴുവൻ അഹ്ലുബൈത്തിനോട് അനീതികാണിച്ചുവെന്നാണ് (നഊദു ബില്ലാഹ്!). അവർ അഹ്ലുബൈത്തിന്റെ രക്തം ചിന്തുകയും അവരുടെ പാവനത്വം കളങ്കപ്പെടുത്തുകയും ചെയ്തുവെന്നാണ്!!

അഹ്ലുസ്സന്നത്ത് അഹ്ലുബൈത്തിനോട് പരസ്യമായി ശത്രുത പ്രഖ്യാപിച്ചവരാണെന്നതിനാൽ അവരുടെ പേരുപറയുമ്പോൾ നവാസ്വിബ് (വഞ്ചക

ന്മാർ) എന്നായിരിക്കണമെന്നതിൽ നാം 6 സശയിക്കാറില്ലല്ലോ. ശഹീദ് ഹുസൈൻ (റ)നെ നാം എപ്പോഴും ഓർക്കാറുണ്ടല്ലോ. എന്നാൽ നമ്മുടെ ആധികാരിക ഗ്രന്ഥങ്ങൾ തന്നെ യാഥാർത്ഥ്യം മിറച്ചാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്. അതു പരിശോധിച്ചാൽ നമുക്കറിയാം അഹ്ലുബൈത്തിനെ ആക്ഷേപിച്ചത് അവരുടെ കക്ഷിയിൽപ്പെട്ടവർ തന്നെയാണെന്ന്. ഇരുകൂട്ടരുടേയും ആധികാരിക ഗ്രന്ഥങ്ങൾ പരിശോധിച്ചാൽ തന്നെ നമുക്ക് മനസ്സിലാകും ശിയാക്കൾ അഹ്ലുബൈത്തിനെ എത്രമാത്രമാണ് ദ്രോഹിക്കുന്നതെന്നും ആദ്യകാലത്ത് അവർ അഹ്ലുബൈത്തിനോട് കാട്ടിക്കൂട്ടിയ ചെയ്തികളെന്തൊക്കെയാണെന്നും എത്രയാണവർ അഹ്ലുബൈത്തിന്റെ രക്തം ചിന്തിയതെന്നും ആരാണവരുടെ പവിത്രതകൾ പിച്ചിച്ചീന്തിയതെന്നുമൊക്കെ.

അമീറുൽ മുഅ്മിനീൻ (അ) പറഞ്ഞു: എന്റെ കക്ഷിയെ ഞാൻ വേർതിരിക്കുകയാണെങ്കിൽ തരം താണവരായല്ലാതെ അവരെ ഞാൻ കണ്ടെത്തുകയില്ല. അവരെ ഞാൻ പരീക്ഷിക്കുകയാണെങ്കിൽ മുർതദ്ദുകളായല്ലാതെ അവരെ ഞാൻ കാണില്ല. ഞാനവരെ സംശോധന ചെയ്താൽ (ചേറിപ്പെറുക്കിയാൽ) ആയിരത്തിൽ ഒന്നല്ലാതെ അവരുണ്ടാകില്ല . (( ٣٣٨/٨ الكافي /الروضة)

(റൗദത്തുൽകാഫി)

അമീറുൽമുഅ്മിനീൻ(അ) പറഞ്ഞു: പുരുഷന്മാരല്ലാത്ത പുരുഷസദൃശരെ, കുട്ടികളുടെ വകതിരിവു മാത്രം എത്തിയവരെ, മണിയറയിലെ പെണ്ണിന്റെ ബുദ്ധി മാത്രമുള്ളവരേ, തീർച്ചയായും ഞാൻ കണ്ടിട്ടില്ലെന്നും നിങ്ങളെ അറിഞ്ഞിട്ടില്ലെന്നും കൊതിക്കുന്നു. ഞാൻ നിങ്ങളെ അങ്ങേയറ്റം വെറുത്തിരിക്കുന്നു. നിങ്ങളെ അല്ലാഹു നശിപ്പിക്കട്ടെ. എന്റെ ഹൃദയത്തിൽ നിങ്ങൾ മാലിന്യവും മനസ്സിൽ കോപവും നിറച്ചു. നിങ്ങളെന്നെ മ്ലേച്ഛമായ ദുരിതത്തിന്റെ കയ്പ്പുനീരു കുടിപ്പിച്ചു. എനിക്കെതിരെ എന്റെ അഭിപ്രായങ്ങളോട് നിങ്ങൾ അനുസരണക്കേടു കാണിച്ചു. അവ നിങ്ങൾ കൈവെടിഞ്ഞു കൊണ്ട് ദുഷിപ്പിച്ചു. ഖുറൈശികൾ ഇത്രവരെ പറഞ്ഞു: അബൂത്വാലിബിന്റെ മകൻ (അലി) ധീരനാണ്. പക്ഷേ, യുദ്ധം ചെയ്യാൻ അറിയില്ല.'(نهج التلاغة ص ٧٠،٧١)

5 7071)(നഹ്ജുൽ ബലാഗ്:)



കടുത്ത ആക്ഷേപത്തോടെ അദ്ദേഹം അവരോടു പറഞ്ഞു: നിങ്ങളെക്കുറിച്ച് മൂന്ന് കാര്യങ്ങൾ ഞാൻ അനുഭവിച്ചറിഞ്ഞു, പിന്നെ രണ്ടു കാര്യങ്ങളും. കാതുള്ള ബധിരർ, നാവുള്ള മൂകർ, കണ്ണുകളുള്ള അന്ധർ. കണ്ടു മുട്ടുമ്പോൾ കലർപ്പില്ലാത്ത നിഷ്കളങ്കതയോ സത്യസന്ധതയോ ഇല്ല. പരീക്ഷണഘട്ടത്തിൽ വിശ്വസ്തതയുടെ സഹോദരങ്ങളുമല്ല. നിങ്ങൾ ഇബ്നു അബീത്വാലിബിൽ നിന്ന് ബഹുദൂരം അകന്നു പോയിരിക്കുന്നു.(نهج التلاغة ص١٤١)

(നഹ്ജുൽ ബലാഗ്:)

അവർ കൈവെടിയുകയും അമീറുൽമുഅ്മിനീനെ ചതിക്കുകയും ചെയ്തതു കൊണ്ടാണ് അദ്ദേഹം അവരോടിങ്ങനെ പറഞ്ഞത്. വേറെയും കുറേ കാര്യങ്ങൾ അദ്ദേഹം ഇപ്വിധം പറഞ്ഞിട്ടുണ്ട്.

ഇമാം ഹുസൈൻ ശിയാക്കൾക്കെതിരിൽ ഇങ്ങനെ പ്രാർത്ഥിച്ചു:

'അല്ലാഹുവേ നീ അവർക്ക് കുറച്ചുകൂടി സുഖഭോഗങ്ങൾ നൽകുന്നുവെങ്കിൽ അവരെ വിവിധ കക്ഷികളാക്കേണമേ! അവരുടെ വഴികൾ ശിഥിലമാക്കേണമേ, അവരെത്തൊട്ട് നീ ഭരണാധികാരികളെ ഒരുകാലത്തും സംതൃപ്തരാക്കരുതേ. നീ ഞങ്ങളെ അവരിൽ നിന്ന് സഹായിക്കണമെന്നാണ് ഞങ്ങൾ പ്രാർത്ഥിച്ചത്. അവർ ഞങ്ങളോട് ശത്രുത വെക്കുകയും പിന്നീട് ഞങ്ങളെ വധിക്കുകയും ചെയ്തവരാണ്.'

((٢٤١ الإرشاد للمفيد ص)5 241)(അൽ ഇർശാദു ലിൽ മുഫീദ്)

മറ്റൊരിക്കൽ അദ്ദേഹം അവരെ അഭിമുഖീകരിക്കുകയും അവർക്കെതിരിൽ പ്രാർത്ഥിക്കുകയും ചെയ്തു. അതിൽ ഇങ്ങനെ ഉണ്ടായിരുന്നു: 'നിങ്ങൾ നമുക്കുള്ള ബൈഅത്തിൽ വെട്ടുകിളികളെപ്പോലെ ധൃതിപ്പെട്ടു. പാറ്റകൾ വീഴുന്നതു പോലെ നിങ്ങൾ വന്നു വീണു. എന്നിട്ട് ആ ബൈഅത്ത് അവിവേകത്തോടെ നിങ്ങൾ തന്നെ ദുർബലപ്പെടുത്തുകയും ചെയ്തു. ഈ സമുദായത്തിലെ പിശാചുക്കൾക്ക് നാശം! അവശേഷിക്കുന്ന കക്ഷികൾക്കും ഗ്രന്ഥം വലിച്ചെറിഞ്ഞവർക്കും നാശം! പിന്നെ ഈ നിങ്ങൾ നമ്മിൽ നിന്ന് കൈയൊഴിഞ്ഞു പോകുന്നു. നിങ്ങൾ നമ്മെ വധിക്കുന്നു. അക്രമികൾക്ക് അല്ലാഹുവിന്റെ ശാപമുണ്ടാകുമെന്നറിയുക.' ((٢/٢٤ الإحتجاج)

ഇമാം ഹുസൈന്റെ യഥാർത്ഥ ഘാതകർ ആരാണെന്ന് ഇതെല്ലാം വ്യക്തമാക്കിത്തരുന്നുണ്ട്. അവർ കൂഫക്കാരായ ശിയാക്കൾ തന്നെയാണ്. അതായത് നമ്മുടെ പിതാ മഹാന്മാർ. എന്നിട്ടും എന്തിനാണ് ഹുസൈൻ(റ)ന്റെ വധം നാം അഹ്ലുസ്സുന്നത്തിൽ കെട്ടി വെക്കുന്നത്?

ഇക്കാരണത്താൽ സയ്യിദ് മുഹ്സിൻ അൽ അമീൻ പറഞ്ഞു: 'ഇറാക്കുകാരായ ഇരുപതിനായിരം പേർ ഹുസൈന് ബൈഅത്ത് ചെയ്തു. അവർ അദ്ദേഹത്തെ ചതിച്ചു. അവർ അദ്ദേഹത്തിന്നെതിരെ പുറപ്പെട്ടു. അവരുടെ ബൈഅത്ത് അവരുടെ കഴുത്തോളമേ ഉണ്ടായുള്ളൂ. അവർ അദ്ദേഹത്തെ വധിച്ചു.' ( أعيان الشيعة / القسم الأول ص ٣٤

ഇമാം സൈനുൽ ആബിദീൻ കൂഫക്കാരോട് പറഞ്ഞത്: 'നിങ്ങൾക്കറിയുമോ നിങ്ങളെന്റെ പിതാവിന്ന് എഴുതിയതും അദ്ദേഹത്തെ വഞ്ചിച്ചതും അദ്ദേഹത്തോട് കരാറിലും ഉടമ്പടിയിലും ഏർപ്പെട്ടതും പിന്നെ അദ്ദേഹത്തോട് പോരാടുകയും കൈവെടിയുകയും ചെയ്തത്? ഏതൊരു കണ്ണുകൊണ്ടാണ് നിങ്ങൾ അല്ലാഹുവിന്റെ റസൂലിനേയും അദ്ദേഹത്തിന്റെ കുടുംബത്തേയും നോക്കുന്നത്? അദ്ദേഹം നിങ്ങളോട് പറഞ്ഞിട്ടുണ്ട്: എന്റെ സന്താനങ്ങളോട് നിങ്ങൾ പോരാടും എന്റെ പവിത്രത നിങ്ങൾ ലംഘിക്കും. നിങ്ങളെന്റെ ഉമ്മത്തിൽ പെട്ടവരല്ല എന്ന്.'(الإحتجاج ٢/٣٢)

അദ്ദേഹം മറ്റൊരിക്കൽ പറഞ്ഞു: 'ഇവരിപ്പോൾ നമ്മുടെ പേരിൽ കരയുന്നു. ഇവരല്ലാതെ മറ്റാരാണ് നമ്മെ വധിക്കാൻ ശ്രമിക്കുന്നത്?' ((الإحتجاج ٢/٩٢)

ബാക്കിർ (അ) പറഞ്ഞു: 'ഈ ജനങ്ങൾ മുഴുവനും നമ്മുടെ ആളുകളാണെങ്കിൽ അവരിൽ മുക്കാൽ പങ്കും സംശയിക്കേണ്ടവരാണ്. കാൽഭാഗം പമ്പരവിഡ്ഢികളും . رجال الكشي ص ٧٩

അസ്സ്വാദിഖ് (അ) പറഞ്ഞു: അറിയുക അല്ലാഹു സത്യം നിങ്ങളിൽ മൂന്നുപേരെയെങ്കിലും സത്യവിശ്വാസികളാണെന്ന് ഞാൻ കണ്ടിരുന്നുവെങ്കിൽ അവർ എന്റെ സംസാരത്തിൽ നിന്ന് ഞാൻ മറച്ചുവക്കാനാവശ്യപ്പെട്ടത് മറച്ചുവെക്കുമായിരുന്നു (أصول الكافي ٤٩٦/١)



അലി(അ)ന്റെ പേരക്കുട്ടിയായ ഫാത്തിമത്തുസ്സുഗ്റാ (ചെറിയ ഫാത്തിമാ) ബീവി കൂഫക്കാരോടുള്ള തന്റെ പ്രഭാഷണത്തിൽ പറഞ്ഞത്:

'കൂഫക്കാരെ, ചതിയും കുതന്ത്രവും പൊങ്ങച്ചവും സ്വന്തമാക്കിയവരെ, നിങ്ങളെക്കൊണ്ട് തീർച്ചയായും ഞങ്ങൾ അഹ്ലുബൈത്തിന് അല്ലാഹു ധാരാളം പരീക്ഷണങ്ങൾ നൽകി. ഞങ്ങളെക്കൊണ്ട് നിങ്ങളേയും പരീക്ഷിച്ചു. ഞങ്ങളുടെ ദുരിതത്തെ അവൻ നന്മയാക്കി മാറ്റട്ടെ. എന്നാൽ നിങ്ങൾ ഞങ്ങളെ നിരാകരിച്ചു. ഞങ്ങളെത്തള്ളി. ഞങ്ങളോട് പോരാടുന്നത് അനുവദനീയമാണെന്ന് നിങ്ങൾ കണക്കാക്കി. ഞങ്ങളുടെ സ്വത്തുക്കൾ കവർന്നെടുത്തു. ഞങ്ങളുടെ പിതാക്കൾ ഇന്നലെകളിൽ വധിക്കപ്പെട്ടതുപോലെത്തന്നെ അഹ്ലുൽ ബൈത്തിന്റെ മുഴുവൻ രക്തവും നിങ്ങളുടെ വാളുകൾ ഒഴുക്കുക തന്നെ ചെയ്യും.'

നിങ്ങൾക്ക് നാശം! നിങ്ങൾ ശാപവും ശിക്ഷയും പ്രതീക്ഷിച്ചുകൊള്ളുക. നിങ്ങൾക്ക് വിപത്ത് ഇറങ്ങിയത്പോലെത്തന്നെയാണ്. നിങ്ങൾ പരസ്പരം പീഡിപ്പിക്കുന്നവരാകും. പിന്നെ, ഞങ്ങളെ നിങ്ങൾ ദ്രോഹിച്ചതിനാൽ വേദനയേറിയ ശിക്ഷയിൽ അന്ത്യനാളിൽ അനശ്വരരായി കടന്നെത്തുകയും ചെയ്യും. അറിയുക, ദ്രോഹികൾക്കാണ് അല്ലാഹുവിന്റെ ശാപം. കൂഫക്കാരേ നിങ്ങൾക്ക് നാശം! നിങ്ങൾക്കു മുമ്പ് റസൂലുല്ലാഹിക്കെതിരെ എത്രപേരാണ് സംഘടിച്ചത്! പിന്നീട് നിങ്ങൾ എന്റെ പിതാമഹൻ അലിയ്യുബ്നു അബീത്വാലിബിനെ ചതിച്ചു, അദ്ദേഹത്തിന്റെ പരമ്പരയിലെ വിശിഷ്ടരായ മക്കളെ മുഴുവൻ നിങ്ങൾ വഞ്ചിച്ചു .

അപ്പോൾ കൂഫക്കാരിലെ ഒരാൾ മുക്രയിട്ടു കൊണ്ട് അവരോട് പ്രതികരിച്ചു: 'അതെ, ഞങ്ങൾ തന്നെയാണ് അലിയെയും അലിയുടെ മക്കളേയും വധിച്ചത്. ഇന്ത്യൻ വാളുകളും കുന്തങ്ങളുമാണ് ഞങ്ങൾ അതിന്നുപയോഗിച്ചത്. അവരുടെ സ്ത്രീകളെ ഞങ്ങൾ തടവിലാക്കുകയും പരമാവധി ദ്രോഹിക്കുകയും ചെയ്തു . (الإحتجاج ٢/٢٨)

അമീറുൽ മുഅ്മിനീന്റെ മകൾ സൈനബ് കൂഫക്കാരെ ശകാരിച്ചു കൊണ്ട് പറഞ്ഞത്: കൂഫാനിവാസികളെ, ചതിയന്മാരെ, വഞ്ചകരേ, ഒഴിഞ്ഞുമാറുന്നവരേ, നിങ്ങളുടെ ഉപമ ഒരു കയർ ശക്ത

മായി പിരിച്ചെടുത്ത ശേഷം അതു മുഴുവൻ ഉടച്ചുകളയുന്ന സ്ത്രീയുടെ ഉപമയാണ്. നിങ്ങളിൽ വമ്പും പുച്ഛവും അഹന്തയും നുണയുമല്ലാതെ മറ്റുവല്ലതുമുണ്ടോ? .. എന്നിട്ട് എന്റെ സഹോദരന്റെ പേരിൽ കരയുകയാണോ നിങ്ങൾ? അതെ, അല്ലാഹു സത്യം! നിങ്ങൾ കുറേ കരയുവിൻ! കുറേ ചിരിക്കുവിൻ, അതിന്റെ അപമാനം കൊണ്ട് നിങ്ങൾ പരീക്ഷിക്കപ്പെട്ടിരിക്കുന്നു. എങ്ങനെ നിങ്ങൾ അന്തിമപ്രവാചകന്റെ പേരക്കുട്ടിയുടെ വധം ഇത്ര നിസ്സാരമായി കാണുന്നു?! (الإحتجاج ٢/٢٢٩،٣٠)

**ഇവയിൽ നിന്ന് നമുക്ക് വ്യക്തമാകുന്ന പ്രധാന വസ്തുതകൾ:**

1. കൂഫക്കാരുടെ ചതിയും കുതന്ത്രവും കൈയൊഴിയലും നിമിത്തം അമീറുൽ മുഅ്മിനീനിനും അദ്ദേഹത്തിന്റെ സന്തതികൾക്കും അവരോട് പുച്ഛവും മടുപ്പുമായിരുന്നു ഉണ്ടായിരുന്നത്.

2. കൂഫക്കാരുടെ ചതിയും കൈയൊഴിയലും അഹ്ലുബൈത്തിന്റെ രക്തം ചിന്താനും പവിത്രത പിച്ചിച്ചീന്താനും കാരണമായി.

3. ഹുസൈൻ(അ)ന്റെ വധത്തിന്റെ ഉത്തരവാദിത്തം അഹ്ലുബൈത്ത് ചുമത്തുന്നത് സ്വന്തം കക്ഷികളിലും കൂടെയുള്ളവരിലുമാണ് ഫാത്തിമത്തുസ്സുഗ്റയോട് അവരിലൊരാൾ നൽകിയ മറുപടി അവർ തന്നെയാണ് അലിയെ വധിച്ചതെന്നും അവരുടെ സ്ത്രീകളെ ഭത്സിച്ചതെന്നും വ്യക്തമാക്കിത്തരുന്നുണ്ട്.

4. അഹ്ലുബൈത്ത് തങ്ങളുടെ കക്ഷിയെ വിശേഷിപ്പിച്ചത് ഈ ഉമ്മത്തിലെയും മറ്റു വിഭാഗങ്ങളിലേയും പിശാചുക്കൾ എന്നും, ക്വുർആൻ കൈവെടിഞ്ഞവർ എന്നുമാണ്. 'അറിയുക, അതിക്രമികൾക്ക് ശാപം' എന്നുകൂടി അവർ പറഞ്ഞു. അതിനാലാണ് അവർ അബൂ അബ്ദില്ല(അ)ന്റെ അരികിൽ വന്ന് ഇങ്ങനെ പറഞ്ഞത്: ഞങ്ങളുടെ മുതുകിൽ ഒരിക്കലും താങ്ങാനാകാത്ത പരിഹാസവും ആക്ഷേപവും ഞങ്ങൾ ഏറ്റവാങ്ങേണ്ടി വന്നു. ഞങ്ങളുടെ ഹൃദയങ്ങൾ മരവിച്ചുപോയി. ഭരണാധികാരികൾ തന്നെ ഞങ്ങളുടെ രക്തമൊഴുക്കുന്നത് അനുവദനീയമായിക്കണ്ടു. അപ്പോൾ അബൂഅബ്ദില്ല (അ) ചോദിച്ചു: റാഫിദത്ത് ( **الرافضة**) ആണോ? അവർ പറഞ്ഞു: അതെ, അപ്പോൾ അദ്ദേഹം പറഞ്ഞു: ഇല്ല, അല്ലാഹു സത്യം, അവരല്ല



നിങ്ങൾക്ക് പേരു വച്ചത്. നിങ്ങൾക്ക് അല്ലാഹു തന്നെയാണ് ആ പേര് വെച്ചത്. (الكافي ٣٤/٥)

അങ്ങനെ അവർക്ക് റാഫിദ: **الرافضة**) എന്ന പേരു വെച്ചത് അല്ലാഹുവാണെന്നും അവർ അഹ്ലുസ്സുന്നത്തിൽപ്പെട്ടവരല്ലെന്നും അബൂ അബ്ദില്ലാ (അ) തന്നെ വ്യക്തമാക്കി.

ഈ വസ്തുതകൾ പലതവണ ഞാൻ വായിച്ചിട്ടുണ്ട്. അതേക്കുറിച്ച് ധാരാളം ഞാൻ ചിന്തിച്ചിട്ടുമുണ്ട്. ഇക്കാര്യങ്ങളെക്കുറിച്ച ചിന്തയിൽ മുഴുകി എണ്ണമറ്റ രാവുകൾ ഞാൻ കണ്ണിമ പൂട്ടാതിരുന്നിട്ടുണ്ട്. മറ്റനേകമനേകം കാര്യങ്ങളെക്കുറിച്ചും ആലോചിച്ച് ഞാൻ ഉറക്കമിളച്ചിട്ടുണ്ട്. ഉച്ചത്തിൽ ഇങ്ങനെ പറയുകയല്ലാതെ അന്നൊന്നും എന്റെ മനസ്സിന് ബോധമുണർന്നില്ല. ഞാൻ പറയും: അല്ലയോ, അഹ്ലുബൈത്ത്, നിങ്ങളുടെ കയ്യിൽ നിന്ന് തന്നെ നിങ്ങൾ അനുഭവിക്കേണ്ടി വന്ന ദുരിതങ്ങളിലെല്ലാം അല്ലാഹു നിങ്ങളെ സഹായിച്ചുകൊണ്ടേയിരിക്കും;

അല്ലാഹുവിന്റെ അമ്പിയാക്കളും റസൂലുമാരും അവരുടെ ജനതയിൽ നിന്ന് അഭിമുഖീകരിക്കേണ്ടിവന്നതെല്ലാം നമുക്ക് നന്നായറിയാം. നമ്മുടെ പ്രവാചകൻ നേരിട്ടതും നമുക്കറിയാം. മൂസ(അ) ഇസ്റാഈല്യരോട് അവലംബിച്ച ക്ഷമയും എന്നെ അത്ഭുതപ്പെടുത്തിയിട്ടുണ്ട് ഈ മൂസാ നബിയുടെ ചരിത്രമാണ് ക്വുർആനിൽ കൂടുതൽ ആവർത്തിച്ചത് എന്ന കാര്യം പ്രത്യേകം നാം ശ്രദ്ധിച്ചിട്ടുണ്ട്. ഇസ്റാഈല്യരുടെ ദ്രോഹത്തിലും ചതിയിലും കെണികളിലും അദ്ദേഹം ക്ഷമയവലംബിച്ചതും ക്വുർആൻ വ്യക്തമാക്കിയിട്ടുണ്ടല്ലോ.

ശിയാക്കളുടെ കേന്ദ്രമായ കൂഫയിലെ ജനങ്ങളിൽ നിന്ന് അഹ്ലുബൈത്ത് അനുഭവിക്കേണ്ട വന്ന അളവറ്റ പീഡനങ്ങളും അവർ അങ്ങേയറ്റം ക്ഷമകാണിച്ചതും എന്നെ അത്ഭുതപ്പെടുത്തിയിട്ടുണ്ട്. അവരെ ചതിച്ചതും വഞ്ചിച്ചതും കൊന്നൊടുക്കിയതും അവരുടെ ധനം കവർന്നെടുത്തതും എന്നിട്ടു പോലും അവയൊക്കെ അഹ്ലുബൈത്ത് അങ്ങേയറ്റം ക്ഷമിച്ചതും എന്നെ അമ്പരപ്പിച്ചിട്ടുണ്ട്. എന്നിട്ടും ഈ കുറ്റമെല്ലാം നാം അഹ്ലുസ്സുന്നത്തിന്റെ മേലാണല്ലോ അടിച്ചേൽപിക്കാൻ ശ്രമിക്കുന്നത്!

നമ്മുടെ പ്രധാനഗ്രന്ഥങ്ങൾ വായിക്കുമ്പോഴൊക്കെ വല്ലാത്ത അത്ഭുതങ്ങൾ കാണാൻ കഴിയും. നമ്മുടെ ശീഈ സമൂഹത്തിന്റെ

ഗ്രന്ഥങ്ങൾ യഥാർത്ഥത്തിൽ അഹ്‌ലുബൈത്തിനേയും നബി(സ)യെ ത്തന്നെയും ആക്ഷേപിക്കുകയാണ് ചെയ്യുന്നത്. അതു വ്യക്തമാക്കു ന്ന ചില റിപ്പോർട്ടുകൾ ശ്രദ്ധിക്കാം:

അമീറുൽ മുഅ്മിനീൻ അലി (അ) ൽ നിന്ന് റിപ്പോർട്ട് പ്രവാച കന്റെ കഴുതയായ അഫീർ ഒരിക്കൽ അദ്ദേഹത്തോട് പറഞ്ഞു: എന്റെ ഉപ്പയും ഉമ്മയും അങ്ങേക്ക് പകരമായിരിക്കട്ടെ, അല്ലാഹുവിന്റെ റസൂലേ, നിശ്ചയം, 'എന്റെ ഉപ്പ എന്നോടു പറഞ്ഞു: അദ്ദേഹത്തിന്റെ ഉപ്പയുടെ പിതാമഹൻ തന്റെ പിതാവിനോട് പറഞ്ഞ ഒരു കാര്യം അദ്ദേഹം നൂഹ് (അ)ന്റെ കൂടെ കപ്പലിലുണ്ടായിരുന്നു, അപ്പോൾ നൂഹ് (അ) അദ്ദേഹത്തിന്റെ മുതുകിൽ ഒന്നുതടവി എന്നിട്ടു പറഞ്ഞു: ഈ കഴുതയുടെ മുതുകിൽ നിന്ന് പ്രവാചകന്മാരിൽ അന്തിമനും നേതാവും കയറുന്ന കഴുത ഉണ്ടാകുമെന്ന്. ആ കഴുതയായി ഞാൻ മാറിയതിന് അല്ലാഹുവിന്നു സ്തുതി.' أصول الكافي ٢٣٧/١

ഈ കഥയിലെന്തല്ലാമുണ്ടെന്ന് നോക്കൂ.

1) കഴുത സംസാരിക്കുന്നു!

2) കഴുത തന്റെ പിതാവിനേയും മാതാവിനേയും റസൂലിന്ന് പ്രായശ്ചിത്തമായി വെക്കുന്നു! സത്യവിശ്വാസികളാണ് തങ്ങളുടെ മാതാക്കളേയും പിതാക്കളെയും റസൂലിന് പ്രായശ്ചിത്തമായി വെക്കാറുള്ളത്, കഴുതയല്ല.

3) കഴുത തന്റെ നാലു വല്ല്യുപ്പമാരിലേക്ക് ചേർത്തി സംസാ രിക്കുന്നു. ആയിരക്കണക്കിന് വർഷങ്ങൾക്കിടയിൽ നൂഹിനും മുഹ മ്മദ് നബിക്കും ഇടയിൽ! കഴുതയുടെ നാലാമത്തെ പിതാമഹൻ നൂഹി നോടൊപ്പം കപ്പലിൽ ഉണ്ടായിരുന്നുപോലും! ഒരിക്കൽ ഞങ്ങൾ നജ്ഫിലെ കോളജിൽ വച്ച് ഇമാം ഖൂഇയോട് ഇക്കാര്യം ചോദിച്ചു. അന്നേരം അദ്ദേഹം പറഞ്ഞു: നോക്കൂ, ഇതൊരു മുഅ്ജിസത്ത് ആണ്. നൂഹ് (അ) മുഹമ്മദ് നബിയെക്കുറിച്ച് അദ്ദേഹം ജനിക്കുന്ന തിന്റെ ആയിരക്കണക്കിന് വർഷം മുമ്പ് സംസാരിക്കുകയാണല്ലോ!

ഇമാം ഖൂഇയുടെ ഈ വാക്കുകൾ കാലങ്ങളോളം എന്റെ കാതുകളിൽ സംശയം മാത്രം ബാക്കി വെച്ചു. ഞാൻ എന്നോടു തന്നെ ചോദിച്ചു. ഒരു കഴുത തന്റെ മാതാവിനേയും പിതാവിനേയും റസൂലിന് പ്രായശ്ചിത്തമാക്കി റസൂലിനോട് സംസാരിക്കുന്നത് എങ്ങ



നെ ഒരു മുഅ്ജിസത്തായിക്കാണും? അമീറുൽ മുഅ്മിനീൻ എങ്ങനെ ഇത്തരമൊരു കാര്യം റിപ്പോർട്ട് ചെയ്യും?! എങ്കിലും മറ്റു കേൾവി ക്കാരെപ്പോലെ ഞാനും മൗനം പാലിച്ചു.

രിദാ(അ)ൽനിന്ന് സ്വദൂക് റിപ്പോർട്ട് ചെയ്തത് കാണുക: 'നിന്റെ ഭാര്യയെ നീ നിന്റെ അടുത്തു തന്നെ നിർത്തിപ്പോരികയും അല്ലാഹുവെ നീ സൂക്ഷിക്കുകയും ചെയ്യുക എന്ന്, അല്ലാഹു അനുഗ്രഹം ചെയ്തു കൊടുത്തിട്ടുള്ളവനും നീ അനുഗ്രഹം ചെയ്തു കൊടുത്തിട്ടുള്ളവനുമായ ഒരാളോട് നീ പറഞ്ഞിരുന്ന സന്ദർഭം (ഓർക്കുക). അല്ലാഹു വെളിപ്പെടുത്താൻ പോകുന്ന ഒരു കാര്യം നിന്റെ മനസ്സിൽ നീ മറച്ചുവെക്കുകയും ജനങ്ങളെ നീ പേടിക്കുകയും ചെയ്തിരുന്നു.. .. .. (വിശുദ്ധഖുർആൻ 33:37) ഈ ആയത്തിന്റെ വ്യാഖ്യാനത്തിൽ അദ്ദേഹം പറഞ്ഞു: നിശ്ചയം റസൂലുല്ലാഹി (സ) ഒരു ദിവസം സൈദു ബ്നു ഹാരിഥയുടെ അരികിൽ എന്തോ ഒരു കാര്യത്തിന് ചെന്നു. അപ്പോൾ കുളിക്കുകയായിരുന്ന (അദ്ദേഹ ത്തിന്റെ ഭാര്യ) സൈനബിനെ പ്രവാചകൻ കണ്ടു. അദ്ദേഹം അപ്പോൾ അവരോട് പറഞ്ഞു: നിങ്ങളെ സൃഷ്ടിച്ചവൻ എത്ര പരി ശുദ്ധൻ! (عيون أخبار الرضا ص١١٣)

നോക്കൂ, നബി(സ) ഒരാളുടെ ഭാര്യയെ ആശയോടെ നോക്കു കയും അവളെ സൃഷ്ടിച്ചതിന്റെ പേരിൽ അല്ലാഹുവെ വാഴ്ത്തി അവരോട് തന്നെ പറയുകയും ചെയ്തുവെന്നോ?! ഇത് റസൂലിനെ ആക്ഷേപിക്കാൻ ബോധപൂർവം കെട്ടിച്ചമച്ച കഥയല്ലാതെ മറ്റെ ന്താണ്!

അമീറുൽമുഅ്മിനീൻ അലി(അ)ൽ നിന്ന്: അദ്ദേഹം ഒരിക്കൽ നബി(സ)യുടെ അരികിൽ ചെന്നു. നബിയുടെ അരികിൽ അബൂ ബക്കറും ഉമറും ഉണ്ട്. അദ്ദേഹം പറഞ്ഞു: ഞാൻ റസൂലിന്റേയും ആയിശയുടേയും ഇടയിൽ ചെന്നിരുന്നു. അപ്പോൾ ആയിശ ചോദിച്ചു: എന്റെ തുടയും റസൂലിന്റെ തുടയുമല്ലാതെ മറ്റൊന്നും നീ കണ്ടില്ലേ? റസൂൽ(സ) പറഞ്ഞു: മിണ്ടാതിരിക്ക് ആയിശാ (البرهان في تفسير القرآن ٢٥٥/٤')

മറ്റൊരിക്കൽ ഇതുപോലെ അദ്ദേഹം ചെന്നു. അന്നും ഇരി ക്കാൻ സ്ഥലം കണ്ടില്ല. റസൂൽ അദ്ദേഹത്തെ ചൂണ്ടി തന്റെ പിറകു വശം കാണിച്ചിട്ടു പറഞ്ഞു: ഇവിടെ സ്ഥലമുണ്ട് ആയിശാബീവി

അദ്ദേഹത്തിന്റെ പിറകിൽ നിൽക്കുന്നുണ്ടായിരുന്നു. അവരുടെ മേൽ ഒരു മേൽമുണ്ട് ഉണ്ട്. അലി(റ) അവർ രണ്ടുപേർക്കും ഇടയിലായി ചെന്നിരുന്നു. അപ്പോൾ ആയിശാബീവി കോപത്തോടെ പറഞ്ഞു: നിന്റെ ഈ മൂട് വെക്കാൻ എന്റെ മടിത്തട്ടല്ലാതെ മറ്റൊന്നും നീ കണ്ടില്ലേ? അപ്പോൾ നബി(സ) കോപിച്ചു. ഹുമൈറാഅ്, എന്റെ സഹോദരന്റെ കാര്യത്തിൽ എന്നെ നീ ദ്രോഹിക്കല്ലേ . (كتاب سليم بن قيس ص ١٧٩)

മജ്‌ലസി റിപ്പോർട്ട് ചെയ്യുന്നു: അമീറുൽ മുഅ്മിനീൻ അലി (അ) പറഞ്ഞു: 'ഞാൻ റസൂലിന്റെ കൂടെ യാത്ര ചെയ്തു. ഞാനല്ലാതെ മറ്റൊരു സേവകൻ അദ്ദേഹത്തിന്റെ കൂടെ ഉണ്ടായിരുന്നില്ല. അദ്ദേഹത്തിന്റെ കൂടെ ഒരു പുതപ്പും ഉണ്ടായിരുന്നു. അതല്ലാതെ മറ്റൊന്ന് അദ്ദേഹത്തിന്നില്ല. അദ്ദേഹത്തിന്റെ കൂടെ ആയിശയും ഉണ്ട്. അദ്ദേഹം എനിക്കും ആയിശക്കുമിടയിൽ ഉറങ്ങുകയായിരുന്നു. ഞങ്ങൾ മൂന്ന് പേർക്കും അതല്ലാതെ മറ്റൊരു പുതപ്പ് ഉണ്ടായിരുന്നില്ല. അദ്ദേഹം രാത്രി നമസ്കാരത്തിന് എഴുന്നേറ്റപ്പോൾ അദ്ദേഹം പുതപ്പിന്റെ മധ്യഭാഗം താഴ്ത്തിവെച്ചു. അപ്പോഴത് എനിക്കും ആയിശക്കുമിടയിൽ ഞങ്ങളുടെ താഴെയുള്ള വിരിപ്പിനെ തൊടുമാറായി. ((بحار الأنوار ٢/٤٠)

തന്റെ ഭാര്യ ആയിശയുടെ മുറിയിൽ അലി ഇരിക്കുന്നത് പ്രവാചകൻ തൃപ്തിപ്പെട്ടുവെന്നോ?! മഹ്റമുകളിൽ7 പെടാത്ത പിതൃവ്യപുത്രനെ തന്റെ ഭാര്യയുടെ കൂടെ ഒരു വിരിപ്പിൽ തനിച്ചു വിടാൻ പ്രവാചകൻ തയ്യാറാകുമെന്നോ? അലി തന്നെ സ്വന്തം നിലയിൽ അതെങ്ങനെയാണ് തൃപ്തിപ്പെടുക?!

ഹൗസയിലെ വലിയ പണ്ഡിതനായിരുന്ന സയ്യിദ് അലി ഗർവി പറഞ്ഞു: 'നിശ്ചയം നബി(സ)യുടെ ഗുഹ്യാവയവം നരകത്തിൽ പ്രവേശിക്കുമെന്നുറപ്പാണ് കാരണം ചില മുശ്‌രിക്കത്തുകളുമായി അദ്ദേഹം വേഴ്ച നടത്തിയിട്ടുണ്ട്' ! ആയിശാബീവിയേയും ഹഫ്സാബീവിയേയും അദ്ദേഹം വിവാഹം ചെയ്തതിനെക്കുറിച്ചാണ് സകിർ അങ്ങനെ പറഞ്ഞത്. ഇങ്ങനെ പ്രവാചകനെ നിന്ദിക്കുന്ന എത്രയെത്ര കാര്യങ്ങൾ!! നബി(സ)യുടെ ഗുഹ്യാവയവം തന്നെ നരകത്തിൽ കടക്കുമെങ്കിൽ ഒരാളും ഒരിക്കലും സ്വർഗത്തിൽ പ്രവേശിക്കുകയില്ലെന്നല്ലേ അതിന്നർത്ഥം?



റസൂലിനെ നിന്ദിക്കുന്നതുമായി ബന്ധപ്പെട്ടവ ഈ ആറു റിപ്പോർട്ടുകൾ കൊണ്ട് ഞാൻ മതിയാക്കുകയാണ്. അമീറുൽമുഅ്മിനീനിന്റെ വിഷയത്തിലുള്ളതാണ് ചില റിപ്പോർട്ടുകൾ കൂടി കാണുക

1) അബൂഅബ്ദില്ലാ (അ) പറഞ്ഞു: ഒരിക്കൽ അൻസ്വാറുകളിൽപെട്ട ഒരു യുവാവിനെ പ്രേമിച്ച ഒരു പെണ്ണ് ഉമറിന്റെ അരികിൽ ഹാജരാക്കപ്പെട്ടു. എന്നിട്ടവർ ഒരു കോഴിമുട്ടയെടുത്ത് അതിന്റെ വെള്ള തന്റെ വസ്ത്രത്തിലും കാൽത്തുടകൾക്കിടയിലും ചൊരിഞ്ഞു. എന്നിട്ട് അലി എഴുന്നേറ്റ് അവളുടെ തുടകൾക്കിയിൽ നോക്കി. എന്നിട്ട് അവൾ പ്രതിയാണെന്നു പറഞ്ഞു. (ബിഹാറുൽ അൻവാർ 4/303)

നമുക്ക് ചോദിക്കാനുള്ളത് ഇതാണ്, അമീറുൽ മുഅ്മിനീൻ ഒരു അന്യപെണ്ണിന്റെ (നഗ്നമായ) തുടകൾക്കിയിൽ നോക്കുകയോ? ഇങ്ങനെയൊരു കാര്യം റിപ്പോർട്ട് ചെയ്യാനുള്ള ബുദ്ധി നിലവാരമാണോ ഇമാം അസ്സാദികിന്ന് ഉള്ളത്? അഹ്‌ലുബൈത്തിലെ ഏറ്റവും പ്രിയപ്പെട്ട ഒരാളെക്കുറിച്ച് പറയാവുന്ന കാര്യമാണോ ഇത്?

2) അബൂ അബ്ദില്ലാ (അ) പറഞ്ഞു: ഒരു വൃത്തികെട്ട പെണ്ണ് അമീറുൽമുഅ്മിനീൻ മിമ്പറിലായിരിക്കുമ്പോൾ എണീറ്റു നിന്നു. എന്നിട്ടവൾ പറഞ്ഞു: ഇവൻ പ്രിയപ്പെട്ടവരെ വധിച്ചവനാണ്. അപ്പോൾ അദ്ദേഹം അവളെ വിളിച്ചതെന്തെന്നോ: 'ഏ നാണം കെട്ടവളേ, ഒരുമ്പെട്ടവളേ, ദുർന്നടപ്പുകാരീ, ആണായവളേ, സാധാരണ സ്ത്രീകൾക്ക് ആർത്തവമുണ്ടാകുന്നതുപോലെ ആർത്തവമുണ്ടാകാത്ത പെണ്ണേ.. .. ..” (ബിഹാറുൽഅൻവാർ 41/293)

ഇത്തരം വൃത്തികെട്ട വാക്കുകൾ അമീറുൽമുഅ്മിനീനിന്റെ വായിൽ നിന്ന് വരാൻ പാടുണ്ടോ? ഇതുപോലുള്ള വ്യാജവാക്കുകൾ യാതൊരു ലജ്ജയുമില്ലാതെ അസ്സാദിക്(അ) റിപ്പോർട്ട് ചെയ്യുകയോ?! ഇതുപോലുള്ള വാചകങ്ങൾ അഹ്‌ലുസ്സുന്നത്തിന്റെ ഗ്രന്ഥങ്ങളിലായിരുന്നുവെങ്കിൽ നാം ഈ ദുനിയാവിൽ അവരുടെ കഴുത്തിന് പിടിച്ചുനിറത്തുമായിരുന്നില്ലേ? അവരെ നാം അങ്ങേയറ്റം വഷളാക്കുമായിരുന്നില്ലേ. എന്നാൽ ഇത് നമ്മുടെ തന്നെ ഗ്രന്ഥങ്ങളിലാണ്! ശിയാക്കളുടെ!

3) احتجاج എന്ന ഗ്രന്ഥത്തിൽ ത്വബ്റസി പറയുന്നു: ഫാത്തിമാ(അ) അമീറുൽ മുഅ്മിനീനിനോട് പറഞ്ഞു: 'ഇബ്നു

അബീത്വാലിബ്, സംശയാലുവിന്റെ മുറിയിലാണ് ഞാനിരിക്കുന്നത്. ഭ്രാന്തു ബാധിച്ചവന്റെ സ്വഭാവം ഞാനുൾക്കൊള്ളുകയില്ല.'

4) احتجاج എന്ന ഗ്രന്ഥത്തിൽ ത്വബ്റസി വീണ്ടും എഴുതുന്നു: എങ്ങനെയാണ് ഉമറും കൂട്ടാളികളും അമീറുൽമുഅ്മിനീനിനെ പിന്തുടർന്നതെന്നറിയാമോ? അദ്ദേഹത്തിന്റെ കഴുത്തിൽ ഒരു കയറിട്ടു. അബൂബക്കർ സ്വിദ്ദീകിന്റെ അരികിൽ വരെ അങ്ങനെ വലിച്ചിഴച്ചു. അദ്ദേഹം വിളിച്ചു പറഞ്ഞു: ഉമ്മയുടെ മകനേ, ഇവർ എന്നെ മർദ്ദിച്ചു. എന്നെ കൊല്ലാറാക്കി!!

നാം ചോദിക്കട്ടെ, അമീറുൽ മുഅ്മിനീൻ ഒരു ഭീരുവായി ഇത്തരമൊരു ശിക്ഷവാങ്ങുന്ന അവസ്ഥയിലേക്ക് എത്തിയെന്ന് താങ്കൾ കരുതുന്നുണ്ടോ?

നോക്കൂ, അമീറുൽമുഅ്മിനീനിനെ അവർ ഫാത്തിമയിലൂടെ വിശേഷിപ്പിച്ചത്, അദ്ദേഹത്തെക്കുറിച്ച് ഫാത്തിമ പറയുന്നു: 'ഖുറൈശി പെണ്ണുങ്ങൾ എന്നോടുപറഞ്ഞു: അദ്ദേഹം കുടവയറുള്ള ഒരാളാണ്. നീണ്ട മുഴം കൈകളും തടിച്ചു മാംസം പൊതിഞ്ഞ സന്ധിയെല്ലുകളും ഉളളയാൾ. മഹാകുതർക്കി. തുറിച്ച കണ്ണുകൾ, ഒട്ടകത്തിന്റെ വളഞ്ഞ ഉപാസ്ഥി പോലുള്ള എല്ലുകളാണ് അദ്ദേഹത്തിന്റെ ചുമലിനുള്ളത്. പല്ല് വെളിവാക്കി വികൃതമായി ചിരിക്കുന്നവൻ പണമില്ലാത്തവൻ'. (തഫ്സീറുൽ ഖുമ്മി 2/336)

നോക്കൂ! ഇതൊക്കെയാണോ അമീറുൽമുഅിനീനിന്റെ യോഗ്യതകൾ?!

ഇനി നമുക്ക് ഫാത്തിമ ബീവിയുമായി ബന്ധപ്പെട്ട റിപ്പോർട്ടുകൾ ഉദ്ധരിക്കാം.

1- അബൂജഅ്ഫർ കുലൈനി തന്റെ 'ഉസൂലുൽ കാഫി'യിൽ ഉദ്ധരിച്ചു: നിശ്ചയം, ഫാത്തിമാബീവി ഉമറിന്റെ മേൽവസ്ത്രം എടുത്തു. അവൾ അത് തന്റെ അരികിലേക്ക് പിടിച്ചു വലിക്കുകയാണ് ചെയ്തത്. സുലൈമുബ്നു ഖൈസിന്റെ ഗ്രന്ഥത്തിലുണ്ട്, ഫാത്തിമാബീവി(അ) ഫദക് സംഭവത്തിൽ ഉമറിന്റെയും അബൂബക്കറിന്റെയും അടുക്കലേക്ക് വരികയും രണ്ടുപേരോടും വഴക്കിടുകയും ചെയ്തുവെന്ന്. ജനമദ്ധ്യത്തിൽ അട്ടഹസിച്ച് സംസാരിക്കുകയും അവരെ തനിക്കുവേണ്ടി ഒരുമിച്ച് കൂട്ടുകയും ചെയ്തുവെന്ന് ! (പേ. 253)



2- കുലൈനി തന്നെ തന്റെ الفروع ൽ റിപ്പോർട്ട് ചെയ്തു: അലിയുമായുള്ള വിവാഹത്തിൽ ഫാത്തിമാബീവിക്ക് പൊരുത്തമുണ്ടായിരുന്നില്ല. അവർ കരഞ്ഞുകൊണ്ട് പിതാവായ റസൂലിന്റെ അരികിൽ ചെന്നു. റസൂൽ ചോദിച്ചു. എന്താണു നിന്നെ കരയിച്ചത്?! അല്ലാഹു സത്യം! ഇതിനേക്കാൾ മികച്ച ഒരു നന്മ നമ്മുടെ കുടുംബത്തിൽ ഉണ്ടാകുമായിരുന്നെങ്കിൽ ഞാൻ നിന്നെ അവന് വിവാഹം കഴിച്ചുകൊടുക്കില്ലായിരുന്നു. ഞാനല്ല നിന്നെ വിവാഹം ചെയ്യിച്ചത്, അല്ലാഹുവാണ്.

ഒരിക്കൽ ഫാത്തിമയുടെ കരയുന്നത് നബി(സ) കണ്ടു. അദ്ദേഹം അതേക്കുറിച്ച് ചോദിച്ചു. ഫാത്തിമ പറഞ്ഞു: 'അല്ലാഹുവിൽ സത്യം! എന്റെ കഷ്ടപ്പാട് കഠിനമായിരിക്കുന്നു. എന്റെ പട്ടിണിയും കഠിനമായിരിക്കുന്നു. എന്റെ രോഗം വിടാതെ കൂടെ നിൽക്കുന്നു.'(كشف الغمة 1/149, 150)

മൊത്തത്തിൽ അലിയെക്കുറിച്ച് അവർ പറഞ്ഞതിങ്ങനെ: 'അലി പല്ലുന്തിയ തവിട്ടുനിറക്കാരനാണ്. കുറിയവൻ, വലിയ വയറുള്ളവൻ, നേരിയ വിരലുകൾ പരുക്കൻ കണങ്കൈകളും മാന്തലിന്റെ അടയാളമുള്ള കണങ്കാലുകളും തുറിച്ച കണ്ണുകളും നീണ്ടു വികൃതമായ താടിയുമുള്ളവൻ. കഷണ്ടിക്കാരൻ. നെറ്റി മുന്നോട്ടുന്തിയവൻ. (മക്വാത്തിലുത്ത്വാലിബീൻ പേജ്: 27)

ഇവർ ഈ പറയുന്നതുപോലെയാണ് അമീറുൽ മുഅ്മിനീൻ അലിയുടെ വിശേഷണങ്ങളെങ്കിൽ നമുക്കെങ്ങിനെ അതിനോട് പൊരുത്തപ്പെടാൻ കഴിയും? ദൈർഘ്യഭയത്താൽ ഈ വിഷയം ഇവിടെ ചുരുക്കുകയാണ്. ഓരോ ഇമാമുമായി ബന്ധപ്പെട്ടതും ഉദ്ധരിക്കാൻ ആഗ്രഹമുണ്ട്. എന്നാൽ നബിയെക്കുറിച്ചും അലിയെക്കുറിച്ചും ഫാത്തിമയെക്കുറിച്ചുമുള്ള ഇത്രയും റിപ്പോർട്ടുകളിൽ തൽക്കാലം ചുരുക്കാം. അല്ലാത്തപക്ഷം എണ്ണമറ്റ പേജുകൾ തന്നെ വേണ്ടി വരും.

കുലൈനി തന്റെ ഉസൂലുൽകാഫിയിൽ ഉദ്ധരിച്ച ഒരു കഥയുണ്ട്: ഒരിക്കൽ ജിബ്രീൽ (അ) മുഹമ്മദ് നബിയുടെ അരികിൽ വന്നു എന്നിട്ട് പറഞ്ഞു: ഓ മുഹമ്മദ്, നിശ്ചയം അല്ലാഹു താങ്കൾക്ക് മകൾ ഫാത്തിമയിലൂടെ ഒരു കുഞ്ഞുണ്ടാകുന്നുവെന്ന് സന്തോഷവാർത്ത അറിയിക്കുന്നു. താങ്കളുടെ ജനത തന്നെ

താങ്കളുടെ കാലശേഷം അവനെ വധിക്കുകയും ചെയ്യും . അപ്പോൾ അദ്ദേഹം പറഞ്ഞു. ജിബ്രീൽ, എന്റെ ശേഷം എന്റെ ജനതയാൽ തന്നെ വധിക്കപ്പെടുന്ന ഒരു കുട്ടിയെ എന്റെ മകൾ ഫാത്തിമക്ക് ആവശ്യമില്ല . അപ്പോൾ ജിബ്രീൽ (അ) ആകാശത്തേക്ക് കയറിപ്പോയി. പിന്നീട് വീണ്ടും ഇറങ്ങിവന്നു. എന്നിട്ടു പറഞ്ഞു: ഓ, മുഹമ്മദ്, നിന്റെ റബ്ബ് നിന്നോട് സലാം പറയുന്നു. നിന്റെ സന്തതികളിൽ വിലായത്തും വസിയ്യത്തും നിശ്ചയിച്ചിരിക്കുന്നുവെന്ന് സന്തോഷവാർത്ത അറിയിക്കുകയും ചെയ്യുന്നു . അപ്പോൾ അദ്ദേഹം പറഞ്ഞു: എനിക്കു തൃപ്തിയായി . പിന്നീട് ജിബ്രീൽ(അ) ഫാത്ത്വിമാബീവിയുടെ അരികിലേക്ക് അയക്കപ്പെട്ടു. അല്ലാഹു അവർക്ക് ഒരു കുഞ്ഞിനെ നൽകാൻ പോകുന്ന സന്തോഷവാർത്ത അറിയിച്ചു. എന്നാൽ തന്റെ ശേഷം തന്റെ ഉമ്മത്തിനാൽ വധിക്കപ്പെടുന്ന ആ കുഞ്ഞ് തനിക്ക് വേണ്ടന്ന് ബീവിയും ശഠിച്ചു. ആ കുഞ്ഞിൽ ഇമാമത്തും വിലായത്തും വസ്വിയത്തും നിശ്ചയിച്ചിട്ടുണ്ടെന്ന വിവരം പറഞ്ഞപ്പോൾ ബീവി സംതൃപ്തയായി. അങ്ങനെയവർ മന:പ്രയാസത്തോടെ ഗർഭം ചുമക്കുകയും ഹുസൈൻ (അ)നെ പ്രസവിക്കുകയും ചെയ്തു. ഫാത്തിമാബീവി അദ്ദേഹത്തെ മുലയൂട്ടിയില്ല. ഒരു പെണ്ണും അദ്ദേഹത്തെ മുലയൂട്ടിയില്ല. നബി(സ) തന്റെ പെരുവിരൽ അദ്ദേഹത്തിന്റെ വായിൽ വെച്ചുകൊടുക്കുകയായിരുന്നു. കുഞ്ഞ് അത് ഉറുമ്പിക്കുടിക്കും. രണ്ടോ മൂന്നോ ദിവസത്തേക്ക് അത് മതിയായിരുന്നുവത്രെ!

അല്ലാഹു സുവിശേഷമറിയിച്ച ഒരു കാര്യത്തോട് പ്രവാചകൻ(സ) വിമുഖത കാണിച്ചുവെന്ന് എനിക്കെത്ര ചിന്തിച്ചിട്ടും ഉൾക്കൊള്ളാനാകുന്നില്ല. അല്ലാഹു വിധിക്കുകയും സുവിശേഷമറിയിക്കുകയും ചെയ്ത ഒരു കാര്യം ഫാത്തിമാബീവി നിരാകരിച്ചതും ഉൾക്കൊള്ളാനാകുന്നില്ല. എനിക്ക് ആ കുഞ്ഞിനെ വേണ്ട എന്നവർ പറയുകയോ? ഹുസൈൻ(അ)നെ വെറുപ്പോടുകൂടി ഗർഭം ചുമന്നുവെന്നോ? വെറുപ്പോടെ പ്രസവിച്ചുവെന്നോ? കുഞ്ഞിന് അവർ മുലപ്പാൽ തടഞ്ഞുവെച്ചുവെന്നോ?

തീർച്ചയായും സയ്യിദുനാ മൗലാനാ ശഹീദ് ഹുസൈൻ(അ) ഇതുപോലുള്ള പരാമർശങ്ങളെക്കാൾ എത്രയോ ഉന്നതനാണ്. തന്റെ ഉമ്മക്ക് വെറുപ്പുണ്ടാകാനിടയുള്ളതിനപ്പുറം ഉന്നതനും മഹാനുമാണ്. ഒരു സാധാരണ പെണ്ണുപോലും ഇമാം ഹുസൈനെപ്പോലെ



ദശക്കണക്കിന് കുഞ്ഞുങ്ങളുണ്ടാവണമെന്നല്ലാതെ ആഗ്രഹിക്കാനിടയില്ല. പിന്നെ പരിശുദ്ധയായ ഫാത്തിമാബീവിയെപ്പറ്റി പറയാനുണ്ടോ?

ഒരു സദസ്സിൽ ധാരാളം സാദാത്തുക്കളും ഹൗസയിലെ പഠിതാക്കളും ഒരുമിച്ചുകൂടി. ആ സദസ്സിൽ ഇമാം ഖൂഈ നിരവധി വ്യത്യസ്ത വിഷയങ്ങൾ സംസാരിച്ച ശേഷം, അവസാനിപ്പിക്കുമ്പോൾ പറഞ്ഞു: 'ആ കാഫിറുകളെ അല്ലാഹു നശിപ്പിക്കട്ടെ!' ഞങ്ങൾ ചോദിച്ചു: ആരാണവർ?' അദ്ദേഹം പറഞ്ഞു: 'അന്നവാസ്വിബ് അതായത് അഹ്ലുസ്സുന്നത്ത്. അവർ ഹുസൈൻ(അ)നെ ചീത്ത പറയുന്നു, അല്ല, അഹ്ലുബൈത്തിനെത്തന്നെ ചീത്ത പറയുന്നു!'

ഇമാം ഖൂഈയോട് ഞാൻ എന്താണു പറയുക? അമീറുൽമുഅ്മിനീൻ അലി (അ) തന്റെ മകൾ ഉമ്മുകുൽസൂമിനെ ഉമർ(റ)ന് വിവാഹം ചെയ്തപ്പോഴുള്ള കാര്യം കുലൈനി റിപ്പോർട്ട് ചെയ്യുന്നത് കാണുക. അബൂഅബ്ദില്ലയിൽ നിന്ന് 'തീർച്ചയായും അത് നമ്മിൽ നിന്ന് കവർന്നെടുക്കപ്പെട്ട രഹസ്യാവയവമാണ്' ( فروع الكافي 2/141)

ഈ വാക്കു പറഞ്ഞവനോട് നാം ചോദിക്കുന്നു: ഉമർ (റ) ഉമ്മുകുൽഥൂമിനെ ശറഇയ്യായിട്ടല്ലേ വിവാഹം ചെയ്തത്? അതോ തട്ടിക്കൊണ്ടുപോവുകയായിരുന്നോ? സ്വാദിക്(അ)ലേക്ക് ചേർത്തിപ്പഞ്ഞ ഈ വാക്കിന്റെ ആശയം വ്യക്തമാണ്. അബൂഅബ്ദില്ല ഇത്തരം വ്യാജവാക്കുകൾ അമീറുൽമുഅ്മിനീനിന്റെ മകളെക്കുറിച്ച് പറയുമെന്നോ?! ഇനി ഉമർ (റ) കവർച്ച നടത്തിയിട്ടുണ്ടെങ്കിൽ തന്നെ അതെങ്ങനെ അവരുടെ പിതാവ് അസദുല്ലയും ദുൽഫുക്വാറുമായ ആ ക്വുറൈശി യുവാവിന് തൃപ്തിപ്പെടാൻ കഴിയും?

ഞങ്ങൾ റൗദയിൽ വെച്ച് അൽകാഫി വായിക്കുമ്പോൾ 8/101 ലെ ഹദീഥിൽ അബൂബസ്വീറിൽ നിന്ന് ഒരു സ്ത്രീ അബൂ അബ്ദുല്ലയുടെ അരികിൽ വന്ന് അബൂബക്കർ, ഉമർ എന്നിവരെകുറിച്ച് ചോദിച്ചത് വായിച്ചു അദ്ദേഹം അവരോട് പറഞ്ഞു: 'ഇരുവരോടും നീ ബന്ധം പുലർത്തുക' അവർ പറഞ്ഞു: 'എന്റെ റബ്ബിനെ കണ്ടുമുട്ടിയാൽ ഞാൻ പറയും, താങ്കളാണ് അവർ രണ്ടുപേരോടും ബന്ധം ചേർക്കാൻ പറഞ്ഞതെന്ന്!' അദ്ദേഹം പറഞ്ഞു: 'അതെ'. അഹ്ലുബൈത്തിലെ ഒരു സ്ത്രീരത്നത്തെ കവർന്നെടുത്ത ഉമറുമായി ബന്ധം പുലർത്താൻ എങ്ങനെ അദ്ദേഹം കല്പിക്കും. ഇതേക്കു

റിച്ച് ഞാൻ ഇമാം ഖൂഇയോട് ചോദിച്ചപ്പോൾ, ആസ്ത്രീയോട് അബൂ ബ്ദുല്ല അബൂബക്കറിനോടും ഉമറിനോടും ബന്ധം ചേർക്കാൻ പറ ഞ്ഞതിനെ വിശദീകരിച്ചത് ആ വാചകം തകിയ്യത്ത് (സത്യം മറച്ചു വെക്കൽ) മാത്രമാണെന്നാണ്.

ഇമാം ഖൂഇയോട് ഞാൻ പറയട്ടെ: ആ സ്ത്രീ ശീഇകളിൽപെട്ട വനിതയാണ്. അബൂബസ്വീർ ആകട്ടെ സ്വാദിക്(അ)ന്റെ അനുചര ന്മാരിൽപ്പെട്ടയാളും. അപ്പോൾ പിന്നെ തകിയ്യത്തിന്റെ പ്രസക്തിയെ ന്ത്? (മറ്റുള്ളവരോടാണല്ലോ സത്യം മറച്ചുവെക്കേണ്ടത്!) ഒരു കാര്യം വ്യക്തമാണ്. ഇമാം ഖൂഇയുടെ വിശദീകരണം ശുദ്ധനുണയാണ്!

എന്നാൽ ഹസൻ(അ)ന്റെ സ്ഥിതി നോക്കൂ, കൂഫക്കാരെ ക്കുറിച്ച് അൽമുഫീദ്, അൽഇർശാദിൽ റിപ്പോർട്ട് ചെയ്തു: 'നിങ്ങൾ അദ്ദേഹത്തിന്റെ കൂടാരത്തിലേക്ക് ചെല്ലുക, എന്നിട്ട് അദ്ദേഹത്തെ കൊള്ളയടിക്കുക, അദ്ദേഹത്തിന്റെ താഴെയുള്ള മുസ്വല്ല വരെ നി ങ്ങൾ കൈവശപ്പെടുത്തുക.' അങ്ങനെ അദ്ദേഹം വാളുറയിലിട്ട് കഴു ത്തിൽ തൂക്കി മേൽമുണ്ടില്ലാതെ അവിടെ ഇരിക്കേണ്ടി വന്നു. (പേ. 190)

ഹസൻ (അ) മേൽമുണ്ടു പോലുമില്ലാതെ നഗ്നനായി ജനങ്ങ ളുടെ മുന്നിൽ കഴിച്ചു കൂട്ടിയെന്നോ? ഇതാണോ അഹ്ലുബൈത്തി നോടുള്ള സ്നേഹം?

സുഫ്യാനുബ്നു അബീലൈല ഹസൻ (അ)ന്റെ അരികിൽ വന്നു. അദ്ദേഹം വീട്ടിലായിരുന്നു. സുഫ്യാൻ അദ്ദേഹത്തോട് പറഞ്ഞു: സത്യവിശ്വാസികളെ നിന്ദിച്ചവനേ താങ്കൾക്ക് സലാം അദ്ദേഹം പറഞ്ഞു: അതിനെക്കുറിച്ച് നിനക്കെന്തറിയാം? അയാൾ പറഞ്ഞു: താങ്കൾ മനഃപൂർവ്വം ഉമ്മത്തിന്റെ കാര്യത്തിൽ തലയിടു കയും പിന്നെ താങ്കളുടെ പാർട്ടിയിൽ നിന്ന് അത് ഊരിവെക്കുകയും ചെയ്തു. താങ്കൾ അല്ലാഹുവിന്റെതല്ലാത്തതുകൊണ്ട് വിധികൽപി ക്കുന്ന ആ ധിക്കാരിയെ അനുധാവനം ചെയ്യുകയും ചെയ്തു (رجال كشي 103). ഹസൻ(അ) സത്യവിശ്വാസികളെ നിന്ദിച്ചവനോ? അതല്ല അവരുടെ അന്തസ്സ് ഉയർത്തിവനോ? കാരണം അദ്ദേഹം അവരുടെ രക്തം ഒഴുക്കാതെ തടഞ്ഞു നിറുത്തിയവനാണ്. സൂക്ഷ്മ നിരീക്ഷണത്തിലൂടെയും തത്വജ്ഞന്റെ കൈകാര്യത്തിലൂടെയും അവ രുടെ അണികൾ അദ്ദേഹം ഏകോപിപ്പിച്ചു.



ഹസൻ(അ) മുആവിയയോട് യുദ്ധം ചെയ്യുകയും ഖിലാഫ ത്തിനു വേണ്ടി പോരാട്ടം നടത്തുകയും ചെയ്തിരുന്നുവെങ്കിൽ അനേക മുസ്ലിംകളുടെ രക്തക്കടൽ തന്നെ ഒഴുക്കപ്പെടുമായിരു ന്നു. എണ്ണമറ്റ മരണം നടക്കുമായിരുന്നു. സമുദായം ശിഥിലമാക്ക പ്പെടുമായിരുന്നു. ആ സമുദായത്തിന് ഒരു നിലനിൽപ് ഇല്ലാതാ വുകയും ചെയ്യുമായിരുന്നു.

ഖേദം തന്നെ, ഈ കൽപിതവചനം അബൂഅബ്ദില്ലാ(അ)ലേക്ക് തന്നെ ചേർക്കപ്പെട്ടല്ലോ! അല്ലാഹു സത്യം, അദ്ദേഹം ഈ വാക്കിൽ നിന്നും ഇതുപോലുള്ള വാക്കുകളിൽ നിന്നും ഒഴിവായവനാണ്.

എന്നാൽ ഇമാം സ്വാദിക് അവരിൽ നിന്ന് അനേകം പീഡ നങ്ങൾ ഏറ്റുവാങ്ങിയിട്ടുണ്ട്. എല്ലാ നികൃഷ്ടതയും അവർ അദ്ദേ ഹത്തിലേക്ക് ചേർത്തുവെച്ചു. എന്നോടൊപ്പം ഈ നിങ്ങൾ ഭാഗം വായിക്കുക.

സുറാറത്തിൽ നിന്ന് നിവേദനം, അദ്ദേഹം പറഞ്ഞു; ഞാൻ അബൂ അബ്ദില്ലയോട് തശഹുദിനെക്കുറിച്ച് ചോദിച്ചു... ... അദ്ദേഹം പറഞ്ഞു: അത്തഹിയ്യാത്തു വസ്സ്വലവാത്തു... വീണ്ടും ഞാൻ ചോദി ച്ചപ്പോൾ അദ്ദേഹം അതു തന്നെ പറഞ്ഞു: പുറത്തുവന്നപ്പോൾ ഞാൻ അദ്ദേഹത്തെ കൂകിപ്പരിഹസിച്ചു. എന്നിട്ട് ഞാൻ പറഞ്ഞു 'അയാൾ ഒരിക്കലും വിജയം നേടില്ല" (رجال كشي 142)

അദ്ദേഹത്തിന്റെ പേരിൽ കരയൽ നമ്മുടെ കടമയാണ്. അതെ, നിന്ദ്യമായ വചനം ഇതുപോലെ അദ്ദേഹത്തെക്കുറിച്ച് എത്രയാണ് പറയപ്പെട്ടത്?! സുറാറത്ത് അദ്ദേഹത്തെ പരിഹസിച്ചുവെന്നോ? സ്വാദിഖ്(അ)നെക്കുറിച്ച് അദ്ദേഹം ഒരിക്കലും വിജയം നേടില്ലെന്ന് പറഞ്ഞെന്നോ?! നോക്കൂ 'ഉഇ4ഖ രചിക്കപ്പെട്ടിട്ട് 10 നൂറ്റാണ്ട് പിന്നിട്ടു. വിവിധ വിഭാഗക്കാരായ അനേകം ശീഈ പണ്ഡിതരിലൂടെ അത് കടന്നുപോയി. എന്നിട്ട് ഇതൊന്നും അവർ കണ്ടില്ലെന്നോ! അവരൊന്നും ഈ വാചകത്തെ വിമർശിക്കുകയോ എതിർ ക്കുകയോ അതിനെതിരെ ബോധവൽക്കരണം നടത്തുകയോ ചെയ്യുകയുണ്ടായില്ല, ഇമാം ഖൂഈ പോലും. معجم رجال الحديث എന്ന അദ്ദേഹത്തിന്റെ വലിയ പുസ്തകം തയ്യാറാക്കുമ്പോൾ ഞാനും അദ്ദേഹത്തെ സഹായിച്ചവരിൽ ഞാനും ഉണ്ടായിരുന്നു. ഞങ്ങൾ ഈ റിപ്പോർട്ട് വായിച്ചപ്പോൾ അദ്ദേഹം അൽപനേരം തലതാഴ്

ത്തിയിരുന്നു. എന്നിട്ട് പറഞ്ഞു: 'എല്ലാ കുതിരക്കും ഒരു അടിതെറ്റലുണ്ട്. എല്ലാ പണ്ഡിതന്മാർക്കും ഒരു വീഴ്ചയും ഉണ്ട്. അതിലപ്പുറം ഒന്നുമല്ല ഇത്.'

എന്നാൽ ആദരണീയനായ ഇമാമേ, ഏതൊരു വീഴ്ചയും അശ്രദ്ധ നിമിത്തം ഉണ്ടാകുന്നു. അല്ലെങ്കിൽ അലക്ഷ്യമായ അബദ്ധം മൂലമുണ്ടാകുന്നു. ഒരു പിതാവും മകനും തമ്മിലുള്ള ബന്ധമാണ് നമ്മൾ തമ്മിലുണ്ടായിരുന്നത്. നല്ല വിചാരത്തോടെയല്ലാതെ താങ്കളുടെ വാക്കുകൾ ഞാൻ മുഖവിലകൊടുക്കാറില്ല. അല്ലെങ്കിൽ അബ്ദുല്ലയുടെ പിതാവായ ഇമാം സ്വാദിക്ക്(അ)നെക്കുറിച്ച് ഈ നിന്ദ്യമായ വാചകം പറയുമ്പോൾ അന്ന് നിങ്ങളുടെ മുന്നിൽ മൗനം പാലിക്കാൻ എനിക്ക് കഴിയില്ലായിരുന്നു.

സികത്തുൽ ഇസ്ലാം എന്നറിയപ്പെടുന്ന അൽകുലൈനി പറഞ്ഞു: സുറാറത്തിൽ നിന്ന് ഹമ്മാദും ഹിശാമുബ്നുൽ ഹകമും ഉദ്ധരിക്കുന്നു: അദ്ദേഹം തന്റെ ഇമാമിനെക്കുറിച്ച് സ്വയം പറയുന്നു: തർക്കിക്കാനുള്ള അറിവില്ലാത്ത ഒരു ശൈഖ് .

ഈ ഹദീഥിന്റെ വിശദീകരണത്തിൽ അവർ എഴുതി. ഈ ശൈഖ് ബുദ്ധിയില്ലാത്ത ഒരു കിളവൻ. തർക്കിക്കുമ്പോൾ നന്നായി സംസാരിക്കാൻ കഴിയില്ല . നോക്കൂ, ഇമാം സ്വാദിഖ് (അ) ബുദ്ധിയില്ലാത്തവനാണെന്നോ?

നിശ്ചയം, എന്റെ ഹൃദയം ദുഃഖത്താലും വേദനയാലും അങ്ങേയറ്റം വിഷമിച്ചിരിക്കുന്നു. ഈ ശകാരങ്ങളും ചീത്ത വിളികളും അന്യായവുമൊന്നും മാന്യരായ അഹ്ലു ബൈത്തിനോട് യോജിച്ചതല്ല. അവരോട് തികഞ്ഞ മര്യാദ പാലിക്കേണ്ടതുണ്ട്. എന്നാൽ അബ്ബാസും അദ്ദേഹത്തിന്റെ മക്കളായ അബ്ദുള്ളയും ഉബൈദുള്ളയും ഉക്കൈയ്ലുമൊന്നും ഇവരുടെ ആക്ഷേപത്തിൽ നിന്നും കുറ്റപ്പെടുത്തലിൽ നിന്നും തെറിയിൽ നിന്നും രക്ഷപ്പെട്ടിട്ടില്ല. എന്നോടൊപ്പം ഈ ഭാഗങ്ങൾ ശ്രദ്ധിക്കുക:

**فلبئس المولى ولبئس العشير** (എത്ര ചീത്ത ഉടമ! എത്ര ചീത്ത ബന്ധു!) എന്ന ആയത്ത് ഇറങ്ങിയത് അബ്ബാസിന്റെ വിഷയത്തിലാണെന്ന് 'രിജാലുൽ കശിയ്യ്' എന്ന പുസ്തകത്തിൽ റിപ്പോർട്ട് ചെയ്യപ്പെട്ടിരിക്കുന്നു. (പേജ്. 54)



**أعمى وأضل سبيلا ومن كان في هذه أعمى فهو في الأخرة** (ആരാണോ ഭൂമിയിൽ (സന്മാർഗത്തെത്തൊട്ട്) അന്ധനായിരിക്കുന്നത് അപ്പോഴവൻ പരലോകത്തിലും അന്ധനും ഏറ്റവും വഴി തെറ്റിയവനുമായിരിക്കും) എന്ന ആയത്തിലും ولا ينفعكم نصحي إن أردت أن أنصح لكم (ഞാൻ നിങ്ങളോട് ഗുണകാംക്ഷ കാണിച്ചാൽ എന്റെ ഗുണകാംക്ഷ നിങ്ങൾക്ക് പ്രയോജനം ചെയ്യുകയില്ല) എന്ന ആയത്തിലും ആക്ഷേപിക്കപ്പെട്ട വ്യക്തി അദ്ദേഹമാണു പോലും! (അതേ പുസ്തകം പേ.52). അമീറുൽ മുഅ്മിനീൻ (അ) അബ്ദുഹിബ്നു അബ്ബാസിനെതിരേയും സഹോദരൻ ഉബൈദുല്ലക്കെതിരേയും ഇങ്ങനെ പ്രാർത്ഥിച്ചു: ഇന്നയാളുടെ രണ്ടു മക്കളേയും അല്ലാഹുവേ നീ ശപിക്കേണമേ. അവരുടെ ഹൃദയം അന്ധമായതുപോലെ അവരുടെ കണ്ണിനേയും അന്ധമാക്കേണമേ. അവരുടെ കണ്ണിന്റെ അന്ധത അവരുടെ ഹൃദയത്തിന്റെ അന്ധതക്കുള്ള ഒരു തെളിവായിരിക്കുകയും ചെയ്യേണമേ! (അതേ പുസ്തകം പേ.52)

സികത്തുൽ ഇസ്ലാം അബൂജഅ്ഫറുൽ കുലൈനി തന്റെ അൽഫുറൂഇൽ ഇമാം ബാകിറിൽ നിന്ന് അമീറുൽ മുഅ്മിനീനിന്റെ വിഷയത്തിൽ റിപ്പോർട്ട് ചെയ്യുന്നത് കാണുക: അദ്ദേഹം പറഞ്ഞു: അദ്ദേഹത്തിന്റെ കൂടെ നിന്ദ്യരും ദുർബലരുമായ രണ്ടു പുതുവിശ്വാസികൾ ബാക്കിയായി, അബ്ബാസും ഉകൈലും . നേരത്തെ അബ്ബാസിന്റെ വിഷയത്തിൽ അവതരിപ്പിക്കപ്പെട്ടുവെന്നു വാദിച്ച മൂന്ന് ആയത്തുകളും അദ്ദേഹത്തിന്റെ മേൽ കുഫ്റും, ശാശ്വത നരകവും വിധിക്കാൻ വേണ്ടിയാണ് അവർ ദുർവ്യാഖ്യാനിച്ചത്. അല്ലെങ്കിൽ എനിക്കൊന്നു പറഞ്ഞു തരൂ, അപ്പോഴവൻ പരലോകത്തിലും അന്ധനും ഏറ്റവും വഴി തെറ്റിയവനുമായിരിക്കും എന്നു പറഞ്ഞാൽ എന്താണതിന്റെ അർത്ഥം? അമീറുൽ മുഅ്മിനീൻ (അ) അബ്ബാസിന്റെ മക്കളായ അബ്ദുല്ലക്കും ഉബൈദുല്ലക്കും എതിരെ ശാപപ്രാർത്ഥന നടത്തിയതും കണ്ണുകളും ഹൃദയവും അന്ധമാകട്ടെ യെന്നു പറഞ്ഞതും ഇരുവരേയും കാഫിറാക്കൽ തന്നെയാണ്. അഹ്ലുസ്സുന്നത്ത് പോലും അബ്ദുല്ലയെ വിളിക്കുന്നത് തർജുമാനുൽ ക്വുർആൻ, ഹിബ്റുൽ ഉമ്മ എന്നൊക്കെയാണ്. അപ്പോൾ നാമെങ്ങനെ അദ്ദേഹത്തെ ശപിക്കും? നാം അഹ്ലുബൈത്തിനെ സ്നേഹിക്കുന്നുവെന്ന് അവകാശപ്പെടുന്നവരാണല്ലോ?!

എന്നാൽ ഉകൈൽ(അ) ആകട്ടെ അമീറുൽ മുഅ്മിനീനിന്റെ സഹോദരനാണ്, എന്നിട്ടും നിന്ദ്യനോ?! പുതുവിശ്വാസിയോ?!

ഇമാം ഹുസൈനിന്റെ മകൻ ഇമാം സൈനുൽ ആബിദിനെക്കുറിച്ച് കുലൈനി റിപ്പോർട്ട് ചെയ്യുന്നു. അദ്ദേഹത്തോട് യസീദുബ്നു മുആവിയ തന്റെ അടിമയാകാനാവശ്യപ്പെട്ടപ്പോൾ അക്കാര്യം അദ്ദേഹം സംതൃപ്തിയോടെ സ്വീകരിച്ചുവത്രെ. എന്നിട്ട് പറഞ്ഞു: താങ്കൾ ചോദിച്ചത് ഞാൻ അംഗീകരിച്ചിരിക്കുന്നു. ഞാൻ ത്യാഗ സന്നദ്ധനായ അടിമയാണ്. താങ്കൾ ഉദ്ദേശിക്കുന്നുവെങ്കിൽ എന്നെ കൂടെ വെക്കുക. ഉദ്ദേശിക്കുന്നുവെങ്കിൽ വിൽക്കുക. (الروضة من الكافي 8/235)

അദ്ദേഹത്തിന്റെ വാക്കും അതിന്റെ ആശയവും നോക്കൂ: 'നിനക്ക് അടിമയാകാൻ ഞാൻ സമ്മതിച്ചു. ഞാൻ ത്യാഗസന്നദ്ധനായ ദാസായിരിക്കും. നീ ഉദ്ദേശിക്കുന്നുവെങ്കിൽ എന്നെ നിന്റെ അടിമയാക്കി നിലനിറുത്താം. നീ ഉദ്ദേശിക്കുന്നുവെങ്കിൽ എന്നെ വിൽക്കാം ഇമാം(അ) യസീദിന്ന് ഇഷ്ടമുള്ളപ്പോൾ വിൽക്കാവുന്ന കേവലം ഒരു അടിമയാണെന്നോ?!

ഇങ്ങനെ അഹ്ലുബൈത്തിനെക്കുറിച്ച് പറയപ്പെട്ടകാര്യങ്ങൾ നാം വിവരിക്കാനൊരുങ്ങിയാൽ ഒരുപാടൊരു പാട് നീണ്ടുപോകും അവരുടെ ദുഷിച്ച ആരോപണങ്ങളിൽ നിന്നും ചീത്ത വാർത്തമാനത്തിൽ നിന്നും നീചവൃത്തിയിൽ നിന്നും അക്കൂട്ടത്തിൽപ്പെട്ട ആരെയും അവർ ഒഴിവാക്കിയിട്ടില്ല. അനേകം മോശമായ കാര്യങ്ങൾ അവരിലേക്ക് ചേർത്ത് പറയപ്പെട്ടിട്ടുണ്ട്. നമ്മുടെ മൂലഗ്രന്ഥങ്ങളിൽതന്നെയാണ് അവയെല്ലാം വന്നിട്ടുള്ളത്. ചിലതൊക്കെ വരുന്ന അധ്യായത്തിൽ കാണാം.

അബൂഅബ്ദില്ലാ(അ)ൽ നിന്ന്: റസൂലുല്ലാഹി(സ) ഫാത്തിമ ബീവിയുടെ മുഖത്ത് ചുംബിക്കുന്നതു വരെ ഉറങ്ങാറുണ്ടായിരുന്നില്ല (ബിഹാറുൽ അൻസ്വാർ 43/44). അദ്ദേഹം തന്റെ മുഖം അവരുടെ മാറിടത്തിൽ ഇരുസ്തനങ്ങൾക്കുമിടയിൽ വെക്കാറുണ്ടായിരുന്നു (ബിഹാറുൽ അൻസ്വാർ 43/78)

ഫാത്തിമ ബീവി പ്രായപൂർത്തിയായ ഒരു സ്ത്രീയായിരിക്കെ പ്രവാചകൻ ഇങ്ങനെയൊക്കെ ചെയ്യുമെന്ന് ചിന്തിക്കാൻ പറ്റുമോ? ഇതാണോ പ്രവാചകന്റെയും പുത്രിയുടെയും പദവി? അപ്പോൾ മറ്റുള്ളവരുടേതോ?!



മാത്രവുമല്ല, അവർ ഇമാം മുഹമ്മദുൽക്വാനിഇന്റെ കാര്യത്തിൽ സംശയാലുക്കളാണ്, അദ്ദേഹം ഇമാം രിദാ(അ)ന്റെ മകനാണോ? അതല്ല, മറ്റു വല്ലവരുടേയും മകനോ? എന്റെ കൂടെ ഇതു കൂടി വായിക്കുക: അലിയ്യുബ്നു ജഅ്ഫരിൽ ബാകിറിൽ നിന്നും റിപ്പോർട്ട്. രിദാ(അ)നോട് പറയപ്പെട്ടു: നിറം മാറി കറുത്തിരുണ്ട ഒരു ഇമാം ഞങ്ങൾക്കിടിയിൽ ഉണ്ടായിട്ടേയില്ല . അപ്പോൾ അവരോട് രിദാ(അ) പറഞ്ഞു: അവൻ എന്റെ മകൻ തന്നെയാണ് . അവർ പറഞ്ഞു: ഇത്തരം സന്ദർഭങ്ങളിൽ കാലടി നോക്കി ലക്ഷണം നോക്കുന്നവരെക്കൊണ്ട് തീർച്ചയായും റസൂലുല്ലാഹി (സ) പിതാവാരെന്ന് തീരുമാനമെടുക്കാറുണ്ട്. താങ്കളുടെ കാര്യത്തിലും നമുക്കതു ചെയ്യാം . അദ്ദേഹം പറഞ്ഞു: എങ്കിൽ നിങ്ങൾ അദ്ദേഹത്തിന്റെ അരികിലേക്ക് ഒരാളെ പറഞ്ഞയക്കുക. ഞൻ മാറിനിൽക്കാം. മറ്റുള്ളവരോട് ഞാനെന്തിനാണ് അവരെ വിളിച്ചതെന്ന് നിങ്ങൾ അറിയിക്കരുത്. നിങ്ങൾ നിങ്ങളുടെ വീട്ടിലിരിക്കുക . അങ്ങനെ ലക്ഷണംനോക്കുന്നവർ വന്നപ്പോൾ അവർ ഞങ്ങളെ പൂന്തോട്ടത്തിൽ ഇരുത്തി. രിദാ(അ)ന്റെ പിതൃവ്യരേയും സഹോദരങ്ങളേയും സഹോദരിമാരെയും അണിയായി നിറുത്തി. അവർ അദ്ദേഹത്തിന്ന് രോമത്തിന്റെ ഒരു ജുബ്ബ അണിയിച്ചു. ഒരു രോമത്തൊപ്പി ധരിപ്പിച്ചു. അദ്ദേഹത്തിന്റെ കഴുത്തിൽ ഒരു കൈക്കോട്ടു വെച്ചു. അവർ അദ്ദേഹത്തോടു പറഞ്ഞു: താങ്കൾ പൂന്തോട്ടത്തിൽ അവിടെ പണിയെടുക്കുന്നവനെപ്പോലെ കയറുക. പിന്നെ അവർ അബൂജഅ്ഫർ(അ)നെ കൊണ്ടുവന്നു. എന്നിട്ടവർ പറഞ്ഞു: ഈ കുട്ടിയെ പിതാവിനൊപ്പം ചേർത്തുകൊടുക്കുക അവർ പറഞ്ഞു: ഇവിടെ ഇവന് പിതാവില്ല. എന്നാൽ ഇത് പിതാവിന്റെ പിതൃവ്യനാണ്. ഇത് അയാളുടെ പിതൃവ്യൻ. ഇത് പിതൃവ്യ. ഇവിടെ അദ്ദേഹത്തിന്നൊരു പിതാവുണ്ടെങ്കിൽ അത് തോട്ടക്കാരനാണ്. കാരണം രണ്ടു പേരുടേയും കാലടികൾ ഒന്നാണ് . തോട്ടക്കാരനായി നിന്ന അബുൽ ഹസൻ രിദാ(അ) തിരിച്ചു വന്നപ്പോൾ ലക്ഷണം നോക്കുന്നവർ പറഞ്ഞു: 'ഇതാണ് അവന്റെ പിതാവ്' (أصول الكافي 1/312) അതായത് മുഹമ്മദുൽ ക്വാനിഅ് രിദാ(അ)ന്റെ മകനാണെന്ന കാര്യത്തിൽ അവർ സംശയിച്ചുവെന്നർത്ഥം. രിദാ(അ) തന്നെ അവൻ തന്റെ മകനാണെന്ന് ഉറപ്പിച്ചു പറഞ്ഞിട്ടും മറ്റുള്ളവർ അതിനെ നിഷേധിച്ചു. അതി

നാലണവർ പറഞ്ഞത്. ഇത്രയും നിറം മാറിയ (കറുത്ത) ഒരു ഇമാം ഞങ്ങളിൽ ഉണ്ടായിട്ടില്ല എന്ന്. സംശയമില്ല, ഇത് രിദാ(അ)ന്റെ അഭിമാനം ക്ഷതപ്പെടുത്തൽ തന്നെ. അദ്ദേഹത്തിന്റെ ഭാര്യയെക്കുറിച്ചുള്ള ഗുരുതരമായ വ്യാഭിചാരാരോപണവും അവരുടെ പരിശുദ്ധിയിൽ സംശയിക്കലും തന്നെ. അതിനാലണവർ ലക്ഷണം നോക്കുന്നവരിലേക്ക് ചെന്നെത്തിയത് എന്നിട്ട് അവർ വന്ന് മുഹമ്മദുൽ ക്വാനിഅ് രിദാ(അ)ന്റെ നേർ മകനാണെന്ന് വിധിച്ചപ്പോൾ അവർ സംതൃപ്തരാവുകയും മൗനം പാലിക്കുകയും ചെയ്തു.

ഇത്തരം ആരോപണങ്ങൾ മറ്റുള്ളവരെക്കുറിച്ചും ആരോപിക്കാൻ കഴിയും. ജനങ്ങൾ ചിലപ്പോൾ വിശ്വസിക്കകുയം ചെയ്യും. എന്നാൽ അഹ്ലുബൈത്തിനെക്കുറിച്ച് ആരോപണങ്ങളുന്നയിക്കുന്നത് എത്രമാത്രം നികൃഷ്ടമാണ്! കഷ്ടം തന്നെ ! അഹ്ലുബൈത്തിലെ പണ്ഡിതരിൽ നിന്ന് ഉദ്ധരിക്കപ്പെട്ട നമ്മുടെ പ്രാമാണിക ഗ്രന്ഥങ്ങളിൽ ഇത്തരം വ്യാജകഥകൾ എത്രയാണ് നിറഞ്ഞു കിടക്കുന്നത്! ലാ ഹൗല വലാ ക്വുവ്വത്ത ഇല്ലാ ബില്ലാഹ്! ഞങ്ങൾ ഹൗസയിലെ പഠനകാലത്ത് ഈ ഉദ്ധരണികളിലൂടെ എത്രവട്ടമാണ് കടന്നുപോയത്! ഇതൊക്കെ അവർ ചെയ്തത് തങ്ങളുടെ പരമ്പര പരിശുദ്ധരായി നിലനിൽക്കാനാണെന്ന് ഇമാം ഖൂഈ ഞങ്ങളോട് ന്യായീകരിച്ചത് ഞാനെപ്പോഴും ഓർക്കാറുണ്ട്!!

എന്നാൽ രിദാ(അ)യുടെ പേരിലുള്ള ഒരു ആരോപണമെന്തെന്നോ, അദ്ദേഹവും അദ്ദേഹത്തിന്റെ പിതൃവ്യനായ മഅ്മൂനിന്റെ പുത്രിയും കാമുകീ കാമുകന്മാരായിരുന്നുവെന്ന്! ( ഉയൂനു അഖ്ബാരി രിദാ 153) അയ്യൂന്ന് അഖ്ബാരിരിദാ പേജ്:

ഇമാം ജഅ്ഫർ(അ)നെ അവർ ജഅ്ഫറുൽ കദ്ദാബ് (നുണയനായ ജഅ്ഫർ) എന്നു വരെ പേരു വിളിച്ചു. എന്നിട്ട് അദ്ദേഹത്തെ അവർ ശകാരിക്കുകയും തെറിവിളിക്കുകയും ചെയ്തു. അദ്ദേഹമാകട്ടെ ഇമാം ഹസനുൽ അസ്കരിയുടെ സഹോദരനാണുതാനും. കുലൈനി പറഞ്ഞു: അദ്ദേഹം അധർമിയാണ്. തെമ്മാടിത്തം പരസ്യമായി ചെയ്യുന്നയാളാണ്. മദ്യത്തിൽ മുഴുകി ബോധം നഷ്ടപ്പെട്ടവനാണ്.. .. ..”(ഉസൂലുൽ കാഫി 1/504)

അഹ്ലുബൈത്തിലും മുഴുകുടിയന്മാരോ? തെമ്മാടികളോ? അധർമികളോ?! കൂടുതൽ വിശദീകരണം മനസ്സിലാക്കാൻ നാം



ഉദ്ദേശിച്ചാൽ നമ്മുടെ അംഗീകൃത ഗ്രന്ഥങ്ങളിൽ തന്നെ നമുക്കത് വായിക്കാൻ കഴിയും. അവരുടെ പരിശുദ്ധരായ സന്തതികളെ വധിച്ചതെന്നും എവിടെ വച്ചാണ് അവർ വധിക്കപ്പെട്ടതെന്നും അപ്പോൾ നമുക്കുത്തരംകിട്ടും.’

അവരിൽപ്പെട്ട മിക്കവരും പേർഷ്യൻ നാടുകളിലാണ് ആ പ്രദേശത്തുകാരാൽ വധിക്കപ്പെട്ടത്. ഒരുപാടു നീണ്ടുപോകുമെന്ന് ഭയമില്ലായിരുന്നുവെങ്കിൽ ആ പേരുകളൊക്കെ ഇവിടെ വിശദീകരിക്കാമായിരുന്നു. ആരാണ് വധിച്ചതെന്നും വ്യക്തമാക്കാമായിരുന്നു. ഈ വിഷയങ്ങൾ ഗ്രഹിക്കാൻ വായനക്കാർ അസ്ഫഹാനിയുടെ **مقاتل الطالبين ص** തുടങ്ങിയ ഗ്രന്ഥങ്ങൾ പരിശോധിച്ചാൽ മതി.

ഏറ്റവും കൂടുതൽ ആക്ഷേപങ്ങൾക്ക് വിധേയമായ രണ്ട് ഇമാമുകളാണ് ഇമാം മുഹമ്മദ് ബാക്വിറും അദ്ദേഹത്തിന്റെ മകൻ ജഅ്ഫറുസ്സ്വാദികും. അവരിലേക്കാണ് തക്വിയ്യത്തും മുത്ത്അത്തും ലൈംഗിക അരാചകത്വവുമടക്കമുള്ള നികൃഷ്ട വിഷയങ്ങൾ ഏറ്റവും കൂടുതൽ ചേർത്തു പറയപ്പെട്ടത്. യഥാർത്ഥത്തിൽ ഇരുവരും അവയിൽ നിന്ന് മുക്തരാണ് താനും.

അദ്ധ്യായം 3

# മുത്ത്അ:യും അനുബന്ധകാര്യങ്ങളും

ഈ അധ്യായത്തിന് സ്ത്രീ ശീഇസത്തിൽ എന്ന തലക്കെട്ട് കൊടുക്കാനാണ് ഞാൻ ആഗ്രഹിച്ചിരുന്നത്. എന്നാൽ അതു വേണ്ടെന്നു വെച്ചത് ഈ വിഷയത്തിൽ ഉദ്ധരിക്കാനുള്ള റിപ്പോർട്ടുകളെല്ലാം മുഹമ്മദ് നബി(സ)യിലേക്കും അമീറുൽമുഅ്മിനീനിലേക്കും അബൂഅബ്ദില്ലാ(അ)ലേക്കും മറ്റു ഇമാമുകളിലേക്കുമൊക്കെയാണ് ചേർത്തുകാണുന്നത് എന്നതിനാലാണ്. .

ഈ റിപ്പോർട്ടിലെ നികൃഷ്ടകാര്യങ്ങൾ ഉൾക്കൊള്ളുന്ന ഒരാക്ഷേപവും ഇമാമുകളിൽ ഉണ്ടായെന്ന് ഞാൻ കരുതുന്നില്ല. നമുക്കാർക്കെങ്കിലും അതിനോട് പൊരുത്തപ്പെടാൻ കഴിയില്ലല്ലോ. പിന്നെങ്ങനെ റസൂലിനെക്കുറിച്ചുള്ളവയോട് പൊരുത്തപ്പെടാനാവും?!

മുത്ത്അത്ത് മുഖേന ഏറ്റവും നികൃഷ്ടമായ ചൂഷണമാണ് അവർ നടത്തിയിട്ടുള്ളത്. സ്ത്രീത്വം അങ്ങേയറ്റം മോശമായി അപമാനിക്കപ്പെട്ടു. മുത്ത്അത്തിന്റെ മറവിൽ ഒരുപാടു പേർ തങ്ങളുടെ ചീത്തവികാരങ്ങൾ ശമിപ്പിക്കാൻ ശ്രമിക്കുന്നുവെന്നു മാത്രം. അതും ദീനിന്റെ പേരിൽ. അതിനു വേണ്ടി താഴെ കൊടുത്ത ക്വുർആൻ വചനം8 പോലും അവർ



ദുർവ്യാഖ്യാനിച്ചു.

﴿ فَمَا ٱسْتَمْتَعْتُم بِهِۦ مِنْهُنَّ فَـَٔاتُوهُنَّ أُجُورَهُنَّ فَرِيضَةً ﴾

അങ്ങനെ അവരിൽ നിന്ന് വല്ല സുഖവും അവരനുഭവിച്ച അവർക്കുള്ള വിവാഹമൂല്യം ഒരു ബാധ്യത എന്ന നിലയിൽ നിങ്ങൾ നൽകേണ്ടതാണ്. (4:24)

മുത്ത്അത്തിനെ പ്രേരിപ്പിക്കുന്ന ധാരാളം റിപ്പോർട്ടുകൾ അവർ ചമച്ചുണ്ടാക്കിയിട്ടുണ്ട്. മുത്ത്അത്ത് അല്ലാഹുവിങ്കൽ അളവറ്റ പ്രതിഫലം കിട്ടുന്ന കാര്യമാണെന്ന് അവർ പ്രചരിപ്പിച്ചു. മുത്ത്അത്ത് ഉപേക്ഷിക്കുന്നവന് ശിക്ഷയുണ്ടെന്ന് താക്കീതു ചെയ്തു. മുത്ത്അത്ത് ചെയ്യാത്തവനെ യഥാർത്ഥ മുസ്‌ലിമായിത്തന്നെ അവർ ഗണിക്കുന്നില്ല. ചില ഉദ്ധരണികൾ വായിക്കുക.

1. നബി(സ)പറഞ്ഞു: 'ആരെങ്കിലും ഒരു സത്യവിശ്വാസിനിയുമായി മുത്ത്അത്ത് നടത്തിയാൽ എഴുപത് തവണ കഅ്ബ സന്ദർശിച്ചവനെപോലെയാണ്.'9 നോക്കൂ, മുത്ത്അത്ത് നടത്തിയവൻ എഴുപത് തവണ കഅ്ബ സന്ദർശിച്ചവനെപ്പോലെയാണെന്നോ? അതും ആരുമായി? സത്യവിശ്വാസിനിയായ ഒരു പെണ്ണുമായി!

2. ഇമാം സ്വാദിക്(അ)ൽ നിന്ന് സ്വദൂക് റിപ്പോർട്ട് ചെയ്യുന്നു: 'മുത്ത്അത്ത് എന്റേയും എന്റെ പിതാക്കളുടേയും ദീനാണ്. അതിനെ നിരാകരിച്ചവൻ നമ്മുടെ ദീനിനെ നിരാകരിച്ച്, മറ്റൊരു ദീനിൽ വിശ്വസിച്ചു.' (മൻലായഹ്റുളുറുൽ ഫക്വിയ്യ 3/366). മുത്ത്അത്ത് സ്വീകരിക്കാത്തവനെ കാഫിറാക്കലല്ലേ ഇത്?

3. അബൂഅബ്ദില്ലാഹ്(അ)നോട് ചോദിക്കപ്പെട്ടു: മുത്ത്അത്ത് നടത്തുന്നതിന് കൂലികിട്ടുമോ? അദ്ദേഹം പറഞ്ഞു: 'നീ മുത്ത്അത്ത് ഉദ്ദേശിക്കുകയും റബ്ബിന്റെ പ്രീതികാംക്ഷിക്കുകയും എന്നിട്ട് അതിന്നു വേണ്ടി ഒരുവളോട് സംസാരിക്കുകയും ചെയ്താൽത്തന്നെ ഒരു നന്മ രേഖപ്പെടുത്താതിരിക്കില്ല. അവളിലേക്ക് അവൻ അടുത്താലോ അല്ലാഹു അവന്ന് പാപം മാപ്പാക്കിക്കൊടുക്കും. തുടർന്ന് അവൻ കുളിക്കുമ്പോൾ അവന്റെ മുടിയിഴകളിൽ നിന്ന് ഇറ്റിവീഴുന്ന വെള്ളത്തുള്ളികളുടെ അത്രയും പാപങ്ങൾ അല്ലാഹു അവന്ന് പൊറുത്തു കൊടുക്കും.' (മൻലായഹ്റുളുറുൽ ഫക്വിയ്യ 3/366)

4. നബി(സ) പറഞ്ഞു: 'ആരെങ്കിലും ഒരു തവണ മുത്ത്അത്ത് നടത്തിയാൽ പരമാധികാരിയായ പടച്ചവന്റെ കോപത്തിൽ നിന്ന് അവൻ സുരക്ഷിതനായി. ആരെങ്കിലും രണ്ടു തവണ മുത്ത്അത്ത് നടത്തിയാൽ പുണ്യവാൻമാരുടെ കൂടെ അവൻ ഒരുമിച്ചുകൂട്ടപ്പെടും. ആരെങ്കിലും മൂന്നു തവണ മുത്ത്അത്ത് നടത്തിയാൽ അവൻ സ്വർഗത്തിൽ എന്നോടൊപ്പം തിക്കിത്തിരക്കും' (മൻലായഹ്റുളുറുൽ ഫക്വിയ്യ 3/366) നഊദുബില്ലാഹ്!

ഞാൻ പറയട്ടെ, ഈ പുണ്യം കിട്ടാനാശിച്ചുകൊണ്ട് നജ്ഫിലെ ഹൗസയിലെ ഉലമാക്കളും ഹുസൈനിയ്യാത്തിലെ മുഴുവൻ പേരും എത്ര തവണയാണ് മുത്ത്അത്ത് നടത്താറുള്ളത്! പ്രത്യേകിച്ചും സയ്യിദ് സ്വദ്ർ, ബറൂജർദി, ശീറാസി, ക്വസ്വൈനി, ത്വബ്ത്വബാഈ, സയ്യിദുൽ മദനി, വളർന്നവരുന്ന യുവാവായ അബുൽഹാരിസ് യാസിരിയടക്കം മറ്റു പലരും ധാരാളം തവണ മുത്ത്അത്തിൽ ഏർപ്പെടുന്നു, ഈ മഹത്തായ കൂലി മോഹിച്ചുകൊണ്ട്! തിരുനബിയോടൊപ്പം സ്വർഗത്തിൽ തിക്കിത്തിരക്കാൻ വേണ്ടി!!

സയ്യിദ് ഫത്ഹുല്ലാഹിൽ കാശാനി തന്റെ മൻഹജ്ജുസ്സ്വാദിക്വീൻ എന്ന തഫ്സീറിൽ നബി(സ)യിൽ നിന്ന് ഉദ്ധരിക്കുന്നു: നബി(സ) പറഞ്ഞു: 'ആരെങ്കിലും ഒരു തവണ മുത്ത്അത്ത് ചെയ്താൽ അവന്ന് ഹുസൈൻ(അ)ന്റെ പദവിയാണ്. ആരെങ്കിലും രണ്ടു തവണ മുത്ത്അത്ത് ചെയ്താൽ അയാൾക്ക് ഹസൻ(അ)ന്റെ പദവിയാണ്. മൂന്ന് തവണ മുത്ത്അത്ത് ചെയ്താൽ അലി(അ)ന്റെ പദവി. നാലുതവണ മുത്ത്അത്ത് ചെയ്താൽ അവന്റേത് എന്റെ പദവിയാണ് .

നാമിതു സമ്മതിച്ചു കൊടുത്താൽ ഒരു തെമ്മാടിയായ മനുഷ്യൻ മുത്ത്അത്ത് നടത്തുന്നതോടെ അയാൾ ഹുസൈൻ(അ)ന്റെ പദവിയിൽ എത്തിച്ചേർന്നുവെന്നല്ലേ വിശ്വസിക്കേണ്ടത്? രണ്ടോ മൂന്നോ നാലോ തവണ മുത്ത്അത്ത് നടത്തിയാൽ ഹസൻ(അ), അലി(അ), നബി(സ) എന്നിവരുടെ പദവിയിൽ അയാൾ എത്തുമെന്നോ?! പ്രവാചകന്റെയും ഇമാമുമാരുടെയും പദവി ഇത്രമാത്രം അപമാനിക്കപ്പെട്ടതാണോ?! മുത്ത്അത്ത് നടത്തിയവൻ ഈമാനിന്റെ കാര്യത്തിൽ ഉന്നതമായ പദവിയിലേക്കുയരുമെന്നാണോ? അതും ഹുസൈൻ (അ)ന്റെ പദവി? അദ്ദേഹത്തിന്റെ സഹോദരന്റേയും പിതാവിന്റേയും പിതാമഹന്റേയും പദവി? ഹുസൈൻ(അ)ന്റെ ഈമാൻ തന്നെ എത്ര ശക്തവും ഉന്നതവുമാണ്! അദ്ദേഹത്തിന്റെയോ ഹസൻ(അ), അലി (അ), നബി(സ) എന്നിവരുടെ പദവിയിലേക്കും ഈമാനിലേക്കും എത്തിച്ചേരാൻ ആർക്കെങ്കിലും സാധിക്കുമോ? ഒരിക്കലുമില്ല തന്നെ. അത് അത്രയും ഉദാത്തവും ഉന്നതവുമാണ്.



ഇമാം ത്വൂസി തന്റെ 'ഉ*ഏ്ാഖ( തഹ്ദീബ് 2/193ൽ നബി കുടുംബമായ ഹാശിമികളുമായി വരെ മുത്ത്അത്ത് അനുവദിച്ചിരിക്കുന്നുവെന്ന് ഉദ്ധരിക്കുന്നു. ഞാൻ പറയട്ടെ, നിശ്ചയം, ഹാശിമീ സ്ത്രീകൾ അവരുമായി മുത്ത്അത്ത് നടത്തുന്നവരേക്കാൾ എത്ര ഉന്നതരാണ്, കാരണം അവർ നുബുവ്വത്തിന്റെ പരമ്പരയാണ്. അഹ്ലുബൈത്തിൽപ്പെട്ടവരാണ്. അതുകൊണ്ടു തന്നെ അതവർക്കെങ്കിലും ഒഴിവാകേണ്ടതല്ലേ? മുത്ത്അത്തിൽ ഏർപ്പെടുന്ന ആണിനോ പെണ്ണിനോ മനോദൗർബല്യമുണ്ടെങ്കിൽപ്പോലും മുത്ത്അത്ത് അനുവദനീയമാണെന്ന് ഫുറൂഉൽ കാഫി 5/460ൽ കാണാം.

മുത്ത്അത്ത് ചെയ്യപ്പെടുന്ന സ്ത്രീ പ്രായപൂർത്തിയെത്തണമെന്ന നിബന്ധനപോലും ഇവർക്കില്ല. പത്തു വയസ്സുള്ളവരെപ്പോലും മുത്ത്അത്ത് ചെയ്യാം. ഇക്കാര്യം ഇമാം കുലൈനി തന്റെ ഫുറൂഉൽ കാഫി 5/426ലും ഇമാം ത്വൂസി തന്റെ 'തഹ്ദീബ്'(മൻലായഹ്റുളുറുൽ ഫക്വിയ്യ 3/366) 7/255ലും അബൂഅബ്ദില്ലയിൽ നിന്ന് റിപ്പോർട്ട് ചെയ്യുന്നുണ്ട്. 'ചെറിയ പെൺകുട്ടിയുമായി ഒരാൾക്ക് മുത്ത്അത്തിൽ ഏർപ്പെടാമോ' എന്ന് അദ്ദേഹത്തോട് ചോദിക്കപ്പെട്ടു. അദ്ദേഹം പറഞ്ഞു: 'അതെ ചതിക്കപ്പെടുന്ന കുട്ടി ആകാതിരുന്നാൽ മതി.' അപ്പോൾ ചോദിക്കപ്പെട്ടു: 'ചതിക്കപ്പെട്ടതാകാതിരിക്കാനുള്ള പ്രായപരിധി എത്രയാണ്?' അദ്ദേഹം പറഞ്ഞു: 'പത്തു വയസ്സ്.' ഇൻശാ അല്ലാഹ്, ഇതിനെല്ലാം മറുപടി താഴെ വരുന്നുണ്ട്. പക്ഷേ, ഇപ്പോൾ എനിക്ക് പറയാനുള്ളത് ഇതാണ്, അബൂഅബ്ദില്ലാ(അ)ലേക്ക് ചേർക്കപ്പെട്ടത് പത്തു വയസ്സുകാരിയെ മുത്ത്അത്ത് ചെയ്യാൻ അദ്ദേഹം അനുവദിച്ചുവെന്നാണ്. എന്നാൽ മറ്റു ചിലർ അതിനേക്കാൾ പ്രായം കുറഞ്ഞവരേയും മുത്ത്അത്ത് ചെയ്യാൻ അനുവദിച്ചത് കാണാൻ കഴിയും.

ഒരിക്കൽ ഇമാം ഖുമൈനി ഇറാക്കിൽ താമസിച്ചിരുന്ന കാലത്ത് ഞങ്ങൾ എപ്പോഴും അദ്ദേഹത്തിന്റെയരികിൽ ചെല്ലാറുണ്ടായിരുന്നു.

അദ്ദേഹത്തോട് ഞങ്ങൾ വിജ്ഞാനം തേടും. അങ്ങനെ ഞങ്ങൾക്കിടയിൽ ദൃഢമായ ഒരു ബന്ധം വളർന്നു വന്നു. ഒരിക്കൽ ഒരു പട്ടണത്തിൽ നിന്ന് അദ്ദേഹത്തിന് ഒരു ക്ഷണമുണ്ടായി. മൗസ്വിലിന്റെ പടിഞ്ഞാറ് ഏതാണ്ട് ഒന്നര മണിക്കൂർ കാറിൽ യാത്ര ചെയ്യാൻ ദുരമുള്ള ഒരു പട്ടണം. എന്നോടും അദ്ദേഹം കൂടെ വരാൻ ആവശ്യപ്പെട്ടു. ഞാനും അദ്ദേഹത്തോടൊപ്പം യാത്രയായി. അവിടെയുള്ള ഒരു ശീഈ കുടുംബത്തോടൊപ്പം ഞങ്ങൾ കഴിച്ചുകൂട്ടിയ സമയമത്രയും അവർ ഞങ്ങളെ സ്വീകരിക്കുകയും അങ്ങേയറ്റം ആദരിക്കുകയും ചെയ്തു.. ആ ഭാഗത്താണെങ്കിൽ കുറേക്കാലമായി ശിയാപ്രചാരണം മുറിഞ്ഞിരിക്കുകയായിരുന്നു. എന്നും ഓർക്കാവുന്ന രൂപത്തിൽ അവർ ഞങ്ങളെ പരിഗണിച്ചു. യാത്രാസമയം അവസാനിച്ചപ്പോൾ ഞങ്ങൾ മടങ്ങി.

ഞങ്ങൾ മടങ്ങുന്നവഴിയിൽ യാത്രാ ക്ഷീണം കാരണം ബാഗ്ദാദിൽ അൽപം വിശ്രമിക്കാൻ ഇമാം ഉദ്ദേശിച്ചു. അത്വീഫിയയിലേക്ക് തിരിക്കാൻ അദ്ദേഹം കല്പിച്ചു. സയ്യിദ് സ്വാഹിബ് എന്നറിയപ്പെടുന്ന ഒരു ഇറാനി അവിടെ താമസിച്ചിരുന്നു. അയാൾക്കും ഇമാമിനുമിടയിൽ നല്ല പരിചയം ഉണ്ടായിരുന്നു. സയ്യിദ് സാഹിബ് ഞങ്ങളുടെ വരവിൽ ഏറെ സന്തോഷിച്ചു. ളുഹ്റിന്റെ നേരത്താണ് ഞങ്ങൾ അവിടെ എത്തിയത്. അദ്ദേഹം ഞങ്ങൾക്കായി നല്ല വിഭവമൊരുക്കി. അദ്ദേഹത്തിന്റെ ചില ബന്ധുക്കളും എത്തിച്ചേർന്നു. അദ്ദേഹത്തിന്റെ വീട്ടിൽ ആളുകൾ നിറഞ്ഞു. അന്നുരാത്രി സയ്യിദ് സാഹിബ് ഞങ്ങളോട് അവിടെ തങ്ങാൻ അപേക്ഷിച്ചു. ഇമാം സമ്മതിച്ചു. അത്താഴ നേരത്ത് ഞങ്ങൾ അത്താഴത്തിനു ചെന്നു. അവിടെ വന്നവർ അദ്ദേഹത്തിന്റെ കൈയിൽ ചുംബിക്കുന്നുണ്ട്. അവർ ചില ചോദ്യങ്ങൾ ചോദിക്കുന്നു. ഇമാം മറുപടി പറയുന്നു. ഉറങ്ങാൻ നേരമായപ്പോൾ വീട്ടുകാരൊഴികെ മറ്റെല്ലാവരും പരിഞ്ഞു. അപ്പോഴവിടെ ഇമാം ഖുമൈനി നാലോ അഞ്ചോ വയസ്സുമാത്രം പ്രായമുള്ള ഒരു പെൺകുട്ടിയെ കണ്ടു. സുന്ദരിയായ ഒരു പെൺകുട്ടി. സയ്യിദ് സാഹിബിനോട് ഇമാം അവളെ മുത്ത്അത്തിനു വേണ്ടി ആവശ്യപ്പെട്ടു. അദ്ദേഹം അതീവ സന്തോഷത്തോടെ സമ്മതിക്കുകയും ചെയ്തു. അന്ന് ആ പെൺകുട്ടി ഖുമൈനിയുടെ മാറിടത്തിലാണ് കഴിച്ചു കൂട്ടിയത്. ഞങ്ങൾ ആ കുട്ടിയുടെ ബഹളവും കരച്ചിലും കേൾക്കുന്നുണ്ടായിരുന്നു!!



ആ വീട്ടിൽ പ്രായപൂർത്തിയെത്തിയ നിരവധി യുവതികൾ ഉണ്ടായിരിക്കെ അദ്ദേഹമെങ്ങനെ ഒരു കൊച്ചുകുട്ടിയുമായി മുത്ത്അത്ത് നടത്തി? ആ രാത്രി കഴിഞ്ഞ് പിറ്റേന്ന് നേരം വെളുത്തപ്പോൾ ഞങ്ങൾ പ്രാതലിന്നുവേണ്ടി ഇരുന്നു. ഇമാം എന്നെ നോക്കി. എന്റെ മുഖത്ത് അദ്ദേഹം ശക്തമായ വെറുപ്പ് കണ്ടു. അദ്ദേഹം എന്നോട് ചോദിച്ചു: 'കുട്ടികളുമായി മുത്ത്അത്ത് നടത്തുന്നതിനെക്കുറിച്ച് സയ്യിദ് ഹുസൈനിന്റെ അഭിപ്രായമെന്ത്?' ഞാൻ അദ്ദേഹത്തോട് പറഞ്ഞു: 'താങ്കളുടെ വാക്കാണ് പ്രധാനം. താങ്കളുടെ പ്രവർത്തനമാണ് ശരി. താങ്കൾ മുജ്ത്തഹിദായ ഇമാമാണല്ലോ. താങ്കളെപ്പോലുള്ളവർ നിരീക്ഷിക്കുന്നതും പറയുന്നതുമല്ലാതെ എന്നെപ്പോലുള്ളവർ എന്തു പറയാനാണ്?' (ആ നേരത്ത് എനിക്ക് എതിരു പറയാൻ കഴിയില്ലെന്ന് ഉറപ്പാണല്ലോ.) അപ്പോൾ അദ്ദേഹം പറഞ്ഞു: 'സയ്യിദ് ഹുസൈൻ, ഈ മുത്ത്അത്ത് അനുവദനീയമാണ്. പക്ഷേ തടവലും ചുംബനവും കാൽത്തുടകൾ ഉപയോഗപ്പെടുത്തലും മാത്രമേ പാടുള്ളൂ. സംയോഗം പാടില്ല. അതിനുള്ള ശേഷി അവൾക്കില്ല'

മുലകുടിപ്രായമുള്ള ഒരു കുഞ്ഞിനോട് മുത്ത്അത്ത് നടത്തുന്നതു പോലും ഇമാം ഖുമൈനി അനുവദനീയമായിക്കണ്ടിരുന്നു. അദ്ദേഹം പറഞ്ഞു: 'മുല കുടിക്കുന്ന കുഞ്ഞിനെ ആശ്ളേഷിക്കുന്നതും അവരുടെ തുട ഉപയോഗിക്കുന്നതുമൊന്നും തെറ്റല്ല. ചുംബിക്കുന്നതും തെറ്റല്ല. (തഹ്രീറുൽവസീല 2/241)

ഒരിക്കൽ ഞാൻ ഇമാം ഖൂഇയുടെ കൂടെ അദ്ദേഹത്തിന്റെ ഓഫീസിൽ ഇരിക്കുകയായിരുന്നു. അപ്പോൾ ഒരു മസ്അലയിൽ അഭിപ്രായ വ്യത്യാസവുമായി രണ്ടു യുവാക്കൾ കടന്നു വന്നു. ഒരാൾ അദ്ദേഹത്തോട് ചോദിച്ചു: സയ്യിദ്, മുത്ത്അത്തിനെക്കുറിച്ച് താങ്കളെന്തു പറയുന്നു? അത് അനുവദനീയമാണോ? അതോ ഹറാമാണോ? ചോദ്യത്തിൽ അവൻ എന്തോ ഒന്ന് ഒളിച്ചു വെച്ചിട്ടുണ്ടെന്ന മട്ടിൽ ഇമാം ഖൂഈ അവനെ നോക്കി. എന്നിട്ട് അവനോട് ചോദിച്ചു: നീ എവിടെയാണ് താമസിക്കുന്നത്? യുവാവ് പറഞ്ഞു: ഞാൻ മൗസ്വിൽ നിവാസിയാണ്. ഇപ്പോൾ ഏതാണ്ട് രണ്ടു മാസമായി നജ്ഫിലാണ് തങ്ങുന്നത്. ഇമാം അവനോടു ചോദിച്ചു: അപ്പോൾ നീ സുന്നി ആണോ? യുവാവ്: അതെ . ഇമാം പറഞ്ഞു: മുത്അത്ത് ഞങ്ങൾക്ക് ഹലാലും നിങ്ങൾക്ക് ഹറാമും ആണ് . അപ്പോൾ യുവാവ് അദ്ദേഹത്തോടു ചോദിച്ചു: ഞാനിപ്പോൾ രണ്ടു

മാസത്തോളമായി ഇവിടെയുള്ള വീടുകളിലാണ് താമസം. ഞാൻ എന്റെ കുടുംബത്തിലേക്കു മടങ്ങുന്നതു വരെ താങ്കളുടെ മകളെ താങ്കൾ എനിക്ക് മുത്അത്തിന്നായി വിവാഹം ചെയതു തരുമോ? ഇമാം അൽപനേരം അവനെത്തന്നെ പകച്ചു നോക്കി. എന്നിട്ടു പറഞ്ഞു: ഞാൻ സയ്യിദ് ആണ്. സയ്യിദുമാരുമായി മുത്അത്ത് ഹറാമാണ്. സാധാരണക്കാരുമായേ അത് ഹലാൽ ആവുകയുള്ളൂ . യുവാവ് ഒരു പുഞ്ചിരിയോടെ ഇമാം ഖൂഇയെ നോക്കി. ഖൂഈ തകിയ്യത്ത് (സത്യം മറച്ചു വെക്കൽ) ചെയ്തതാണെന്ന് മനസ്സിലാക്കിയതു പോലെയായിരുന്നു അവന്റെ ആ നോട്ടം. പിന്നെ രണ്ടുപേരും എണീറ്റു പിരിഞ്ഞു പോയി. ഞാനും ഇമാം ഖൂഈയോട് പുറത്തു പോകാൻ അനുവാദം ചോദിച്ചു. ഞാൻ ആ യുവാക്കളുടെ അരികിൽ ചെന്നു. ചോദ്യകർത്താവ് സുന്നിയും കൂട്ടുകാരൻ ശീഇയുമാണെന്ന് എനിക്കു മനസ്സിലായി. മുത്അത്ത് ഹലാലോ ഹറാമോ എന്ന കാര്യത്തിൽ അവർക്കിടയിൽ തർക്കമുണ്ടായിരുന്നു. ആ വിഷയം ഇമാമിനോട് ചോദിക്കാമെന്ന കാര്യത്തിൽ ഇരുവരും യോജിച്ചു വന്നതാണ്. ആ രണ്ടു യുവാക്കളോടും ഞാൻ സംസാരിക്കാൻ തുടങ്ങിയപ്പോൾത്തന്നെ ആ ശീഈ യുവാവ് പൊട്ടിത്തെറിച്ചു: 'അല്ലയോ പാപികളേ, നിങ്ങൾ ഞങ്ങളുടെ പെൺകുട്ടികളെ നിങ്ങൾക്കു വേണ്ടി ഹലാലാക്കുന്നു. ഞങ്ങളോട് അത് ഹലാലാണെന്നു പറയുകയും ചെയ്യുന്നു. എന്നിട്ട് അതു വഴി അല്ലാഹുവിങ്കലേക്ക് നിങ്ങൾ അടുക്കുന്നു. നിങ്ങളുടെ പെൺമക്കളെ ഞങ്ങൾക്ക് ഹറാമാക്കുകയും ചെയ്യുന്നു?!'

ജാഹിലിയ്യാ ജനത മുത്അത്ത് അനുവദനീയമായിക്കണ്ടിരുന്നു. ഇസ്‌ലാമിൽ കുറഞ്ഞ കാലം ആ അവസ്ഥ തന്നെ നിലനിന്നു. പിന്നീട് ഖൈബർ ദിനത്തിൽ നബി(സ) മുത്അത്ത് നിരോധിച്ചു. പക്ഷേ നമ്മുടെ ഫുഖഹാഉകളിൽ ഭൂരിപക്ഷവും വിശ്വസിക്കുന്നത് ഉമർ(റ) ആണ് മുത്അത്ത് നിരോധിച്ചത് എന്നാണ്. അങ്ങനെയാണവർ തങ്ങളുടെ ഗ്രന്ഥങ്ങളിൽ രേഖപ്പെടുത്തിയത്. എന്നാൽ ഖൈബർ ദിനത്തിൽ നബി(സ)യാണ് മുത്അത്ത് നിരോധിച്ചത് എന്നതാണ് സത്യം.

അമീറുൽ മുഅ്മിനീൻ അലി(അ) പറഞ്ഞു: 'റസൂലുല്ലാഹി (സ) ഖൈബർ ദിനത്തിൽ നാടൻ കഴുതയുടെ മാംസവം മുത്അത്ത് വിവാഹവും നിഷിദ്ധമാക്കി' (142/3 التهذيب ، ١٨٦/٢ الإستبصار )



അബൂഅബ്ദില്ല(അ)നോട് ചോദിക്കപ്പെട്ടു. 'മുസ്‌ലിംകൾ പ്രവാചകന്റെ കാലത്ത് പരസ്യപ്പെടുത്താതെ വിവാഹം (മുത്അത്ത്) ചെയ്തിരുന്നുവോ? അദ്ദേഹം പറഞ്ഞു: 'ഇല്ല' ( التهذيب :2/186) ഈ റിപ്പോർട്ടിൽ വിവാഹം കൊണ്ടുദ്ദേശിക്കുന്നത് മുത്അത്ത് ആണെന്നും സാധാരണ വിവാഹമല്ലെന്നും അത്ത്വൂസി അനുബന്ധമായി ചേർത്തിട്ടുണ്ട്. അതുകൊണ്ടാണ് ഈ ഉദ്ധരണി ഇവിടെ ചേർത്തത്. മുത്അത്തിന്റെ വിധി ദുർബലപ്പെടുത്തിയെന്നതിന് ഈ രണ്ട് ഉദ്ധരണികളും വ്യക്തമായ തെളിവാണെന്നതിൽ സംശയമില്ല. അമീറുൽ മുഅ്മിനീൻ തന്നെ മുത്അത്ത് ഖൈബർ ദിനം മുതൽ ഹറാമാണെന്ന് നബി(സ)യൽ നിന്ന് ഉദ്ധരിച്ചതും നിങ്ങൾ കണ്ടു. സംശയം വേണ്ട, പിൽക്കാലത്തുള്ള ഇമാമുകളും മുത്അത്ത് ഹറാമാണെന്ന് മനസ്സിലാക്കിയവരാണ്. ഇവിടെ നമുക്ക് മുത്അത്തിനെ വ്യക്തമാക്കുന്ന റിപ്പോർട്ടുകൾക്കും മുത്അത്തിനെ പ്രേരിപ്പിക്കുന്നതിന്ന് ഉമാമുകളിലേക്ക് ചേർക്കപ്പെട്ട വാക്കുകൾക്കുമിടയിൽ നമുക്ക് ചിലത് ചിന്തിക്കാനുണ്ട്. ഈ പ്രശ്നം മുസ്‌ലിംകളെ പരിഭ്രമിപ്പിക്കുന്നു. മുത്അത്ത് നടത്തുന്നത് അനുവദനീയമോ? നിഷിദ്ധമോ? തീർച്ചയായും ശരിയായത് മുത്അത്ത് ഉപേക്ഷിക്കേണ്ടതാണെന്നതാണ്. കാരണം അമീറുൽ മുഅ്മിനീനിൽ നിന്ന് സ്ഥിരപ്പെട്ട വചനമനുസരിച്ച് അത് ഹറാമാണെന്നതു തന്നെ. എന്നാൽ ഇമാമുകളിലേക്ക് ചേർക്കപ്പെട്ട വാക്കുകൾ അസാധുവാണ്. കെട്ടിച്ചമച്ചവ മാത്രമാണ്. പ്രവാചകൻ ഹറാമാക്കിയ ഒരു കാര്യം തീർച്ചയായും ഇമാമുകൾ അനുവദനീയമായിക്കാണുകയില്ല. അമീറുൽ മുഅ്മിനീൻ പിൽക്കാലത്ത് സ്വീകരിച്ച നടപടിയോടും അവർ എതിരാവുകയില്ല. കാരണം അവർ പരമ്പരാഗതവിജ്ഞാനം നേടിയവരാണ്. അവർ ഇമാമുകളുടെ സന്തതിപരമ്പരകളാണ്.

അബൂഅബ്ദില്ലാ(അ)നോട് പ്രവാചകന്റെ കാലത്ത് സ്വഹാബികൾ അവ്യക്തമായ വിവാഹം (മുത്അഃ) ചെയ്തിരുന്നോ എന്ന് ചോദിക്കപ്പെട്ടപ്പോൾ അദ്ദേഹം നൽകിയ മറുപടി ഇല്ല എന്നാണ്. മുത്ത്അത്ത് ഹറാമാണെന്ന് ബോധ്യമില്ലായിരുന്നുവെങ്കിൽ അദ്ദേഹം അങ്ങനെ മറുപടി നൽകില്ലായിരുന്നുവല്ലോ. പ്രത്യേകിച്ചും മുത്ത്അത്തിനെക്കുറിച്ച് സ്വഹീഹായി വന്ന ഹദീഥ് ആണത്. അബൂജഅ്ഫറുത്ത്വൂസിയാണ് ഈ ഹദീഥിന്റെ റിപ്പോർട്ടർ. മുമ്പ് സൂചിപ്പിച്ചതു പോലെ മുത്ത്അത്തിന്റെ അധ്യായത്തിലാണ് ഇത് വന്നത്.

അബൂഅബ്ദില്ലക്കോ അദ്ദേഹത്തിന്റെ മുമ്പോ പിമ്പോ ഉള്ള ഇമാമുകൾക്കോ പ്രവാചകന്റെ കൽപന ലംഘിക്കാൻ കഴിയുമായിരുന്നില്ല. അദ്ദേഹം നിഷിദ്ധമാക്കിയത് അവർ ഹലാലാക്കുകയോ പുതിയ ഒരു ദീൻ നിർമിക്കുകയോ ചെയ്യുകയില്ല. അതുകൊണ്ട് തന്നെ മുത്ത്അത്ത് വിവാഹത്തെ പ്രേരിപ്പിക്കുന്ന ഒരക്ഷരംപോലും ഇമാമുകൾ പറഞ്ഞിട്ടുണ്ടാവില്ലെന്ന് വ്യക്തമാണ്. അതെല്ലാം അവരുടെ മേൽ കെട്ടിച്ചമച്ച വ്യാജ വചനങ്ങൾ മാത്രമാണ്. ഇമാമുകളേയും അഹ്‌ലുബൈത്തിനേയും അവമതിക്കാനുദ്ദേശിച്ച മതനിഷേധികളാണത് ചെയ്തത്. അല്ലെങ്കിൽ എന്തുകൊണ്ടാണ് മുത്ത്അത്തിനുള്ള അനുവാദത്തെ ഹാശിമികളിലേക്ക് വ്യാഖ്യാനിച്ചത്! മുത്ത്അത്ത് ചെയ്യാത്തവരെ കാഫിറാക്കിയത്?! മാത്രവുമല്ല, മുത്ത്അത്ത് നടത്തിയതോ മുത്ത്അത്ത് അനുവദിച്ചതോ ഇമാമുകളിൽ നിന്ന് ഒരിടത്തു പോലും സ്ഥിരപ്പെട്ടു വന്നിട്ടില്ല. അതല്ല, ഇസ്‌ലാമല്ലാത്ത മറ്റൊന്നിനെയാണ് അവർ ദീനായി സ്വീകരിച്ചതെന്നാണോ നാം കരുതേണ്ടത്? ഇത് വ്യക്തമാകുമ്പോൾ നമുക്കറിയാം, ഈ വാർത്തകളൊക്കെ ഇമാമുകളേയും അഹ്‌ലുബൈത്തിനേയും ആക്ഷേപിക്കാൻ മത നിഷേധികളായ ചിലർ വ്യാജം ചമച്ചതാണെന്ന്. കാരണം ഈ വാർത്തകളിലൊക്കെ ഇമാമുകളെ കാഫിറാക്കലുണ്ട്, വായനക്കാരാ ഉണരുക.

## മുത്ത്അത്തിന്റെ എണ്ണമറ്റതും വലുതുമായ കുഴപ്പങ്ങൾ:

1. മുത്ത്അത്ത് മതപ്രമാണങ്ങൾക്ക് വിരുദ്ധമാണ്. കാരണം അല്ലാഹു ഹറാമാക്കിയതിനെ ഹലാലാക്കലാണത്.

2. ഹൃദയത്തിൽ അണുവോളമെങ്കിലും ഈമാനുള്ളവർക്ക് ഒട്ടും പൊരുത്തപ്പെടാൻ കഴിയാത്ത കടുത്ത ആക്ഷേപങ്ങളാണ് മുത്ത്അത്തുമായി ബന്ധപ്പെട്ട് വ്യത്യസ്തമായ വ്യാജ റിപ്പോർട്ടുകളിൽ ഇമാമുകളിലേക്ക് ചേർത്തു കാണുന്നത്.

3. വിവാഹിതയായ ഒരു സ്ത്രീയുമായി മുത്ത്അത്ത് അനുവദിക്കുക വഴി തന്റെ ഭർത്താവിന്റെ അറിവില്ലാതെ മറ്റൊരാളുമായി ഇണ ചേരുന്നത് എത്രമാത്രം നാശകരമാണ്! ഇത്തരമൊരു സാഹചര്യത്തിൽ ഏതെങ്കിലുമൊരു ഭർത്താവിന്ന് തന്റെ ഭാര്യയുടെ ചാരിത്ര്യത്തിൽ എങ്ങനെ വിശ്വാസമുണ്ടാകും?! നിയമപ്രകാരമുള്ള ഭർത്താവിന്റെ സമ്മതവും തൃപ്തിയുമില്ലാതെ തന്നെ അവൾക്ക്



മുത്ത്അത്തിൽ ഏർപ്പെടാമല്ലോ? (7/554الإستبصار ، 5/463 تهذيب الأحكام ، 3/145فروع الكافي)

4. ഒരു പിതാവിനും തന്റെ കന്യകമാരായ പെൺകുട്ടിളെപ്പറ്റി സുരക്ഷിതത്വമുണ്ടാവില്ല. അവർ പിതാവറിയാതെ മുത്ത്അത്തിൽ ഏർപ്പെടാനിടയുണ്ട്. അപ്രതീക്ഷിതമായിട്ടാണ് തന്റെ മകൾ ഗർഭിണിയാണെന്ന് അദ്ദേഹമറിയുക! എങ്ങനെ? ആരിൽ നിന്ന്? ഒന്നും അയാൾക്കറിയില്ല. ഒരാളുമായി അവൾ മുത്ത്അത്തിൽ ഏർപ്പെട്ടിട്ടുണ്ടായിരിക്കും. ആരുമായി? അറിയില്ല. കാരണം അയാൾ അവളെ ഉപേക്ഷിച്ച് പോയിക്കഴിഞ്ഞിട്ടുണ്ടാകും.

5. മുത്ത്അത്ത് ചെയ്യുന്നവരിൽ ഭൂരിപക്ഷവും അന്യരുടെ പെൺമക്കളെ തങ്ങൾക്ക് അനുവാദമായിക്കാണുന്നു. എന്നാൽ തന്റെ പെൺമക്കളെയോ ബന്ധുക്കളേയോ ആരെങ്കിലും മുത്ത്അത്ത് നടത്തുന്നത് അവർക്ക് ഒട്ടും തന്നെ അംഗീകരിക്കാനാവുകയുമില്ല. കാരണം മുത്ത്അത്ത് വ്യഭിചാരത്തോട് സദൃശമായിത്തോന്നുന്നതു കൊണ്ടു തന്നെ. അതവർക്ക് അപമാനമാണുതാനും. മുത്ത്അത്ത് ദീനീ നിയമനുസരിച്ചുള്ളതോ അനുവദനീയമോ ആണെങ്കിൽ സ്വന്തം മക്കളേയോ അടുത്ത ബൂന്ധുക്കളേയോ അന്യർ മുത്ത്അത്ത് നടത്തുന്നതിൽ അവർക്കെന്താണിത്ര പ്രയാസം?!

6. മുത്ത്അത്തിന് സാക്ഷികളോ പരസ്യപ്പെടുത്തലോ രക്ഷിതാവിന്റെ സമ്മതം വാങ്ങലോ ഒന്നുമില്ല. അതൊരു വാടക ഇടപാടുമാത്രം! അബൂഅബ്ദില്ലാ(അ)ലേക്ക് ചേർക്കപ്പെട്ട റിപ്പോർട്ടിൽ അതു മനസ്സിലാക്കാം. അപ്പോഴെങ്ങനെ ഇത് അനുവദിക്കാനും ജനങ്ങൾക്കിടയിൽ പ്രചരിപ്പിക്കാനും പറ്റും?

7.യുവതീയുവാക്കളിൽ നിന്ന് അപഥ സഞ്ചാരം നടത്തുന്നവർക്ക് ദീനിന്റെ പേരിൽ അധർമത്തിന്റെ കവാടം തുറന്നു കൊടുക്കലാണ് മുത്ത്അത്ത് അനുവദിക്കുക വഴി നടക്കുന്നത്. അവർക്ക് മതപരിവേഷമണിയുകയും ചെയ്യാം.

ചുരുക്കത്തിൽ മതപരമായും സാമൂഹ്യമായും സാംസ്കാരികമായും മുത്ത്അത്തിനുള്ള ദോഷങ്ങൾ നമുക്ക് വ്യക്തമാണ്. അക്കാരണത്താൽ തന്നെയാണ് മുത്ത്അത്ത് ഹറാമാക്കപ്പെട്ടതും. അതിൽ നന്മകളാണുണ്ടായിരുന്നതെങ്കിൽ അത് ഹറാമാക്കപ്പെടുമാ

യിരുന്നില്ല. എന്നാൽ നിരവധി ദോഷങ്ങളുള്ളതു നിമിത്തമാണ് റസൂൽ(സ) അത് നിഷിദ്ധമാക്കിയത്.

ഓർക്കുക:

അമീറുൽമുഅ്മിനീൻ മുത്അത്ത് ഹറാമാക്കിയതിനെക്കുറിച്ചും തന്നോട് മുത്ത്അത്തിനെക്കുറിച്ച് ചോദിച്ചപ്പോൾ അബൂഅബ്ദില്ലാ (അ) നൽകിയ മറുപടിയെക്കുറിച്ചും ഞാൻ ഇമാം ഖൂഈയോട് ചോദിച്ചു: 'ഇത് നബി(സ)യുടെ കാലത്ത് അറിയപ്പെട്ട ഒരു സംഗതിയായിരുന്നോ?' അപ്പോൾ അദ്ദേഹം പറഞ്ഞു: 'ഖൈബറിൽ മുത്ത്അത്ത് നിഷിദ്ധമാക്കിയത് ആ ദിവസത്തേക്ക് മാത്രമുള്ള നിയമമാണ്. അതിനു ശേഷമുള്ളവർക്ക് ബാധകമല്ല.' എന്നാൽ അബൂ അബ്ദില്ലാ (അ)ചോദ്യകർത്താവിന് നൽകിയ മറുപടി തഖിയ്യത്തിന്റെ ഭാഗമാണ്. ഈ കാര്യത്തിൽ നമ്മുടെ കർമ ശാസ്ത്ര പണ്ഡിതർ ഏകോപിച്ചിട്ടുണ്ട് .

എനിക്ക് പറയാനുള്ളത് ഇതാണ്, നമ്മുടെ ഫുഖഹാഇന്റെ വാക്ക് ശരിയായിരുന്നില്ല. ഖൈബർ ദിനത്തിൽ മുത്ത്അത്ത് നിരോധിച്ചതോടൊപ്പം തന്നെ നാടൻ കഴുതകളുടെ മാംസവും നിരോധിച്ചിട്ടുണ്ട്. കഴുത മാംസം നാം ഇപ്പോഴും നിഷിദ്ധമായിതന്നെയാണല്ലോ കാണുന്നത്. അന്ത്യനാൾ വരെ അങ്ങനെത്തന്നെയായിരിക്കുകയും ചെയ്യും.

അതിനുമപ്പുറം, മുത്ത്അത്ത് ഹറാമാക്കിയത് ഖൈബർ ദിനത്തിലേക്ക് മാത്രമായിരുന്നെങ്കിൽ ആ നിഷിദ്ധമാക്കിയ നിയമം അസാധുവാക്കി റസൂൽ (സ) വ്യക്തമായ വിധി നൽകുമായിരുന്നു. അതുണ്ടായിട്ടില്ല. യുദ്ധം, യാത്ര എന്നീ മുത്ത്അത്തിന്റെ കാരണങ്ങൾ അവസാനിച്ചിട്ടില്ലല്ലോ. എന്നിട്ടും മുത്ത്അത്ത് നിരോധം ഖൈബർ ദിനത്തിലേക്ക് മാത്രമാണെന്നതിന്ന് അവർ വ്യക്തമായ തെളിവു നൽകിയിട്ടില്ല. പ്രത്യേകിച്ചും അതിനോടൊപ്പം നാടൻ കഴുതയുടെ മാംസം നിഷിദ്ധമാക്കിയത് ഇന്നോളം അവർ അംഗീകരിച്ചുപോരുന്നുമുണ്ട്. അപ്പോഴെങ്ങനെ ആ യുദ്ധത്തിൽ മാത്രം അത് നിഷിദ്ധമാകും? ആ നേരത്ത് അനുവദിക്കാത്തത് യുദ്ധമല്ലാത്തപ്പോൾ അനുവദിച്ചുവെന്നോ?!

നിശ്ചയം, അമീറുൽമുഅ്മിനീനിന്റെ വാക്കിന്റെ അർത്ഥം ഖൈബർ ദിനത്തിൽ മുത്ത്അത്ത് നിരോധിച്ചുവെന്നു തന്നെയാണ്.



അതായത് മുത്ത്അത്ത് നിരോധനം ആരംഭിക്കുന്നത് ഖൈബർ ദിനത്തിലാണ്. എന്നാൽ നമ്മുടെ ഫുഖഹാഇന്റെ വർത്തമാനങ്ങൾ വാചകക്കസർത്തുകൾ മാത്രമാണ്, മറ്റൊന്നുമല്ല.

മുത്ത്അത്ത് ഹറാമാക്കിയതും നാടൻ കഴുതയുടെ മാംസം ഹറാമാക്കിയതും ഒന്നിച്ചാണെന്നതാണ് വസ്തുത. ഇതു രണ്ടിന്റെയും നിഷിദ്ധത അവതരിച്ചത് ഖൈബർ ദിനത്തിലാണ്. ഈ നിയമം ഖിയാമത്ത് നാൾ വരെ നിലനിൽക്കുന്നതാണ്. ദീനിന്റെ പേരിലും കണക്കിലും തങ്ങളുടെ കാമവികാരം ശമിപ്പിക്കാനായി സുന്ദരിമാരായ യുവതികളെ തേടുന്ന ഒരു  പ്രബോധകനും അന്നവിടെ അമീറുൽമുഅ്മിനീനിന്റെ വാക്ക് വ്യഖ്യാനിക്കാൻ ഉണ്ടായിരുന്നില്ല. അബൂഅബ്ദില്ലാഹ്(അ) ചോദ്യകർത്താവിനു നൽകിയ ഉത്തരം തഖിയ്യത്ത് ആണെങ്കിൽ ഞാൻ ചോദിക്കട്ടെ, ചോദ്യകർത്താവ് അദ്ദേഹത്തിന്റെ തന്നെ കക്ഷിയിൽപെട്ടവനായിരിക്കെ തഖിയ്യത്തിന്റെ പ്രസക്തിയെന്താണ്? പ്രത്യേകിച്ചും ഖൈബർ ദിനത്തിൽ മുത്ത്അത്ത് ഹറാമാക്കിയ വർത്തമാനത്തോട് ചോദ്യകർത്താവ് യോജിച്ച സ്ഥിതിക്ക്! മാത്രവുമല്ല, നമ്മുടെ ഫുഖഹാക്കൾ പുരുഷന് മുത്ത്അത്തിനുള്ള അവകാശം യാതൊരു പരിധിയുമില്ലാതെയാണ് അനുവദിച്ചത്. ഒരേ സമയം ആയിരം പെണ്ണുമായിപ്പോലും മുത്ത്അത്ത് ആവാം! എത്രപേർ ഉമ്മയോടും മകളോടും ഒരേസമയം മുത്ത്അത്ത് നടത്തിയിരിക്കും! ഒരേ സമയം ഒരു സ്ത്രീയോടും അവരുടെ അമ്മായിയോടും പിതൃവ്യയോടുമൊക്കെ മുത്ത്അത്ത് നടത്തിയിരിക്കും! അയാൾ ചിലപ്പോൾ അതൊന്നും അറിയുന്നുണ്ടാവില്ല.

ഒരിക്കൽ ഒരു യുവതി അവൾക്കുണ്ടായ പ്രശ്നത്തിൽ വിശദീകരണമാവശ്യപ്പെട്ടുകൊണ്ട് എന്റെയരികിൽ വന്നു. ഇരുപതു വർഷത്തിലേറെയായി സയ്യിദ് ഹുസൈൻ സ്വദർ എന്ന ഒരു പ്രമുഖൻ അവളുമായി മുത്ത്അത്ത് നടത്തുന്നു. അങ്ങനെയവൾ ഗർഭിണിയായി. പിന്നീടയാൾ അവളെ ഉപേക്ഷിക്കുകയും ചെയ്തു. അവൾ ഒരു പെൺകുഞ്ഞിനെ പ്രസവിച്ചു. മകൾക്ക് ഈ ഗതിയുണ്ടാകരുതെന്ന് അവർ തീരുമാനമെടുക്കുകയും ചെയ്തു. മകൾ വലുതായി വിവാഹപ്രായമെത്തിയപ്പോഴാണ് അവൾ ഗർഭണിയായ വിവരം ഉമ്മ അറിഞ്ഞത്. അവളുടെ പിതാവു തന്നെയാണ് ആ ഗർഭത്തിന്നുത്തരവാദിയെന്ന് അറിഞ്ഞ ഉമ്മ മനോനില തെറ്റിയ നിലയിലായിരുന്നു.

നോക്കൂ, സ്വന്തം മകളെപ്പോലും മുത്ത്അത്ത് നടത്തുന്ന ദുരനുഭവം!! ഇതേപോലെ എത്ര സംഭവങ്ങൾ! മുത്ത്അത്ത് നടത്തിയതിന് ശേഷമാണ് ഒരു യുവാവറിയുന്നത് അത് തന്റെ പിതാവിന്റെ മകൾ തന്നെയായിരുന്നുവെന്ന്! അവരിൽ സ്വന്തം പിതാവിന്റെ ഭാര്യമാരെ മുത്ത്അത്ത് നടത്തിയവരുമുണ്ട്.

ഇറാനിൽ ഇത്തരം സംഭവങ്ങൾ എണ്ണിയാലൊടുങ്ങാത്തതാണ്. തീർച്ചയായും നാം ഒരു ക്വുർആൻ വചനം മനസ്സിരുത്തുക:

﴿وَلۡيَسۡتَعۡفِفِ ٱلَّذِينَ لَا يَجِدُونَ نِكَاحًا حَتَّىٰ يُغۡنِيَهُمُ ٱللَّهُ مِن فَضۡلِهِۦۗ﴾

വിവാഹം കഴിക്കാൻ കഴിവു ലഭിക്കാത്തവർ അവർക്ക് അല്ലാഹു തന്റെ അനുഗ്രഹത്തിൽ നിന്ന് സ്വാശ്രയത്വം നൽകുന്നതു വരെ സദാചാരവിശുദ്ധി പാലിച്ചു കൊള്ളട്ടെ (24:23).

അതിനാൽ ആരെങ്കിലും മതപരമായ വിവാഹത്തിന് സാധിക്കാത്തവരാണെങ്കിൽ വിവാഹത്തിന് സാധിക്കുമാറ് അല്ലാഹു ധന്യത നൽകുന്നതുവരെ അവർ പവിത്രത പുലർത്തുകയാണ് വേണ്ടത്. മുത്ത്അത്ത് ഹലാലായിരുന്നുവെങ്കിൽ ഇത്തരമൊരു കല്പനക്ക് പ്രസക്തിയുണ്ടാവുകയില്ലല്ലോ. മറിച്ച് അവരുടെ കാമാഗ്നി കെടുത്താൻ മുത്ത്അത്തിലേക്ക് പ്രേരിപ്പിച്ചാൽ മതിയായിരുന്നു.

അല്ലാഹു മറ്റൊരിടത്ത് പറയുന്നു:

﴿وَمَن لَّمۡ يَسۡتَطِعۡ مِنكُمۡ طَوۡلًا أَن يَنكِحَ ٱلۡمُحۡصَنَٰتِ ٱلۡمُؤۡمِنَٰتِ فَمِن مَّا مَلَكَتۡ أَيۡمَٰنُكُم مِّن فَتَيَٰتِكُمُ ٱلۡمُؤۡمِنَٰتِۚ ............ ذَٰلِكَ لِمَنۡ خَشِيَ ٱلۡعَنَتَ مِنكُمۡۚ وَأَن تَصۡبِرُواْ خَيۡرٞ لَّكُمۡۗ وَٱللَّهُ غَفُورٞ رَّحِيمٞ﴾

നിങ്ങളിലാർക്കെങ്കിലും സത്യവിശ്വാസിനികളായ സ്വതന്ത്രസ്ത്രീകളെ വിവാഹം കഴിക്കാൻ സാമ്പത്തിക ശേഷിയില്ലെങ്കിൽ നിങ്ങളുടെ കൈകൾ ഉടമപ്പെടുത്തിയ സത്യവിശ്വാസിനികളായ ദാസിമാരിൽ ആരെയെങ്കിലും (നിങ്ങൾ ഭാര്യമാരായി സ്വീകരിക്കുക)........ .... .... നിങ്ങളുടെ കൂട്ടത്തിൽ (വിവാഹം കഴിച്ചില്ലെങ്കിൽ) വിഷമിക്കുമെന്ന് ഭയപ്പെടുന്നവർക്കുള്ളതാകുന്നു അത്. എന്നാൽ



നിങ്ങൾ ക്ഷമിച്ചിരിക്കുന്നതാകുന്നു നിങ്ങൾക്ക് ഏറ്റവും ഉത്തമം. അല്ലാഹു ഏറെ പൊറുക്കുന്നവനും കരുണാനിധിയുമാകുന്നു . (4:25)

ഇവിടെ കഴിവില്ലാത്തവരോട് തങ്ങളുടെ വലംകൈ ഉടമപ്പെടുത്തിയ അടിമസ്ത്രീകളെ വിവാഹം കഴിക്കാൻ പ്രേരിപ്പിക്കുകയാണ് ചെയ്തത്. അതിന്നും വകയില്ലാത്തവരോട് ക്ഷമപാലിക്കാനും കൽപിച്ചു. മറിച്ച് മുത്ത്അത്തിനു പ്രേരിപ്പിച്ചില്ല. മുത്ത്അത്ത് അനുവദനീയമായിരുന്നെങ്കിൽ അങ്ങനെ ചെയ്യുമായിരുന്നുവല്ലോ.

ഇമാമുകൾ തന്നെ മുത്ത്അത്തിനെ നിരോധിക്കുന്ന ചില ഉദ്ധരണികൾ കൂടി കാണുക:

1) അബ്ദുല്ലാഹിബ്നു സിനാനിൽ നിന്ന് റിപ്പോർട്ട് അദ്ദേഹം പറഞ്ഞു. ഞാൻ അബൂഅബ്ദില്ലാഹ്(അ)നോട് മുത്അത്തിനെക്കുറിച്ച് ചോദിച്ചു: അപ്പോൾ അദ്ദേഹം പറഞ്ഞു: നീ നിന്നെത്തന്നെ മ്ലേച്ഛനാക്കരുത്. (31/180 **بحار الأنوار**) അബൂഅബ്ദില്ലാഹ്(അ)ന്റെ ഈ വാക്ക് മുത്ത്അത്തിനെ മ്ലേച്ഛമായിക്കാണേണ്ടതാണെന്ന് വ്യക്തമാക്കുന്നു. മുത്ത്അത്ത് ഹലാലാണെങ്കിൽ ഇങ്ങനെയൊരു വിധി അദ്ദേഹം നൽകുകയില്ലല്ലോ.

2) അമ്മാറിൽനിന്ന്: അദ്ദേഹം പറഞ്ഞു: അബൂഅബ്ദില്ലാഹ്(അ) എന്നോടും സുലൈമാനുബ്നുഖാലിദിനോടും പറഞ്ഞു: നിങ്ങൾ രണ്ടാൾക്കും മുത്ത്അത്ത് ഹറാമാക്കപ്പെട്ടിരിക്കുന്നു (2/48 **فروع الكافي**، 14/450 **وسائل الشيعة**). ഇമാം തന്റെ അനുചരന്മാരോട് മുത്ത്അത്ത് ആക്ഷേപിക്കപ്പെടേണ്ടതാണെന്ന് പറയുകയും ആവിഷയത്തിൽ അവരെ താക്കീത് ചെയ്യുകയുമാണ് ചെയ്യുന്നത്. എന്നിട്ട് അദ്ദേഹം ചോദിച്ചു: ഈ നിന്ദ്യത നിങ്ങളിലുണ്ടാകുന്നതിലും നല്ല സഹോദരങ്ങളിലും സുഹൃത്തുക്കളിലും അത് പ്രേരിപ്പിക്കുന്നതിലും നിങ്ങൾക്ക് നാണമില്ലേ? (2/44**فروع الكافي**), (4/450 **وسائل الشيعة**)

3) അലിയ്യുബ്നു യക്ത്വീൻ അബുൽ ഹസൻ(അ)നോട് മുത്ത്അത്തിനെക്കുറിച്ച് ചോദിച്ചപ്പോൾ അദ്ദേഹം ഇങ്ങനെ ഉത്തരം നൽകി: നിനക്കെന്തു പറ്റി? അല്ലാഹു നിന്നെ അതിൽ നിന്ന് മുക്തനാക്കട്ടെ . (2/43 **فروع الكافي**), (14/449 **وسائل الشيعة**)

അതെ, അല്ലാഹു നിലനിൽക്കുന്ന ദീനീ വിവാഹം നിശ്ചയിച്ചതു മുഖേന ജനങ്ങളെ മുത്ത്അത്തിൽ നിന്ന് ധന്യരാക്കിയിരിക്കുന്നു. അതുകൊണ്ടുതന്നെ അഹ്ലുബൈത്തിൽപെട്ട ആരും മുത്ത്അത്ത് നടത്തിയ ഒരു റിപ്പോർട്ടും നമുക്ക് കാണാൻ സാധ്യമല്ല. അത് ഹലാലാണെങ്കിൽ അവർ ആദ്യം അതു പ്രാവർത്തികമാക്കുമായിരുന്നല്ലോ. അക്കാര്യം അബ്ദുല്ലാഹിബ്നു ഉമൈർ ഉറപ്പിക്കുന്നുണ്ട്. അദ്ദേഹം ഇമാം ജഅ്ഫർ(അ)നോട് ചോദിച്ചു: താങ്കളുടെ ഭാര്യമാരും പെൺകുട്ടികളും സഹോദരിമാരും പിതൃവ്യപുത്രിമാരും മുത്അയിൽ ഏർപ്പെടുന്നത് താങ്കളെ സന്തോഷിപ്പിക്കുമോ? ആ നേരത്ത് ഇമാം ജഅ്ഫർ(അ) അദ്ദേഹത്തിൽ നിന്ന് തിരിഞ്ഞുകളയുകയാണുണ്ടായത് (2/42 فروع الكافي), (2/186 التهذيب)

ഇതിനാൽ എല്ലാ മുസ്ലിമിന്നും മുത്ത്അത്ത് ഹറാമാണെന്ന കാര്യം ഉറപ്പാണ്. കാരണം അത് ഖുർആനിന്നും സുന്നത്തിന്നും ഇമാമുകളുടെ വാക്കുകൾക്കും എതിരാണ്. ഖുർആൻ വചനങ്ങളും മുത്ത്അത്ത് നിരോധിക്കുന്നു മറ്റ് ഉദ്ധരണികൾ നിരീക്ഷിക്കുന്ന ആർക്കും, അയാൾ സത്യത്തെ പ്രിയത്തോടെ അന്വേഷിക്കുന്നവനാണെങ്കിൽ, മുത്ത്അത്തിനെ പ്രേരിപ്പിക്കുന്ന മുഴുവൻ റിപ്പോർട്ടുകളും വ്യാജമാണെന്ന് കണ്ടെത്താൻ കഴിയും. അത് വ്യക്തമായ പ്രമാണങ്ങൾക്കെതിരാണെന്നും അറ്റമില്ലാത്ത നാശത്തിലേക്ക് വഴി തുറക്കുന്നതാണെന്നും മനസ്സിലാകും.

നിശ്ചയമായും ദീൻ വന്നത് ശ്രേഷ്ഠകാര്യങ്ങൾ പ്രേരിപ്പിക്കാനും നീചകാര്യങ്ങൾ നിഷേധിക്കാനുമാണെന്നത് സുവിദിതമായ ഒരു സംഗതിയാണ്. അല്ലാഹുവിന്റെ അടിമകൾക്ക് അവരുടെ ജീവിതം ശരിപ്പെടുത്താനുള്ള നന്മകൾ സാക്ഷാത്കരിക്കാനാണ് അത് വന്നത്. സംശയമില്ല, മുത്അത്ത് മുഖേന ജീവിതം ശരിപ്പെടുകയില്ല തന്നെ. അത് ഒരു വ്യക്തിക്ക് നന്മ നൽകുമെങ്കിലും സമൂഹത്തിന് മൊത്തത്തിൽ അനേക കുഴപ്പങ്ങൾക്ക് അത് കാരണമാകുകയും ചെയ്യും. ഇത് നാം മനസ്സിലാക്കിയല്ലോ.

മുത്അത്തിന്റെ വ്യാപനം ഗുഹ്യാവയവം വായ്പക്ക് നൽകുന്നത് വരെ (ഇആറത്തുൽ ഫർജ്) എത്തിയിട്ടുണ്ട്. ഗുഹ്യാവയവം വാടകക്ക് നൽകുകയെന്നാൽ ഒരു പുരുഷൻ തന്റെ ഭാര്യയേയോ അടിമസ്ത്രീയേയോ മറ്റൊരാൾക്ക് ഏൽപിച്ചു കൊടുക്കലും



അയാൾക്ക് അവളുമായി മുത്അത്ത് നടത്താനും അവളുമായി ഉദ്ദേശിക്കുന്നതുപോലെ സഹവസിക്കാനും അനുവദിക്കലുമാണ്. അതായത് ഒരാൾ ഒരു യാത്ര പുറപ്പെടാനുദ്ദേശിച്ചാൽ അയാൾ തന്റെ ഭാര്യയെ അയൽവാസികളിലൊരാളെ ഏൽപിക്കും. അല്ലെങ്കിൽ ഒരു ആത്മസുഹൃത്തിനെ, അതുമല്ലെങ്കിൽ അയാളുദ്ദേശിക്കുന്ന ഏതെങ്കിലുമൊരാളെ ഏൽപ്പിക്കും. അയാളുടെ യാത്രാകാലം മുഴുവൻ അവൾക്ക് അയാളുമായി യഥേഷ്ടം സഹവസിക്കാം. ഭാര്യ വ്യഭിചാരത്തിലേർപ്പെടുകയില്ലെന്ന സമാധാനത്തോടെ ഭർത്താവിന് യാത്രപോകാമല്ലോ എന്നാണ് ന്യായം! ഇആറത്തുൽ ഫർജിന് മറ്റൊരു രീതിയുണ്ട്. ഒരു അതിഥി ഒരു ജനതയിൽ വരികയും അവർ അദ്ദേഹത്തെ സൽക്കരിക്കാനുദ്ദേശിക്കുകയും ചെയ്താൽ വീട്ടുകാരൻ അതിഥി അവിടെ താമസിക്കുന്ന കാലത്തോളം അയാൾക്ക് തന്റെ ഭാര്യയെത്തന്നെ ഹലാലാക്കിക്കൊടുക്കും. കഷ്ടം തന്നെ! നിരവധി റിപ്പോർട്ടുകൾ ഈ വിഷയത്തിൽ ഇമാം സ്വാദിക്(അ)ലേക്കും അദ്ദേഹത്തിന്റെ പിതാവായ ജഅ്ഫർ(അ)ലേക്കും ചേർത്തുപറഞ്ഞത് കാണാം.

അബൂജഅ്ഫർ(അ)ൽ നിന്ന് മുഹമ്മദ് പറഞ്ഞതായി ത്വൂസി റിപ്പോർട്ട് ചെയ്യുന്നു. അദ്ദേഹം ചോദിച്ചു: 'ഒരാൾ തന്റെ മകളെ തന്റെ സഹോദരന് ഇആറത്തുൽ ഫർജ് നടത്താൻ പാടുണ്ടോ?' അദ്ദേഹം പറഞ്ഞു: 'അതെ, അവളെ ഒരാൾ തന്നെ സഹോദരന് ഹലാലാക്കിക്കൊടുക്കുന്നതിൽ യാതൊരു തെറ്റുമില്ല (ഇസ്തിബ്സ്വാർ 3/186)

കുലൈനിയും ത്വൂസിയും മുഹമ്മദ് ബ്നു മളാരിബിൽ നിന്ന് ഉദ്ധരിക്കുന്നു: അദ്ദേഹം പറഞ്ഞു: അബൂഅബ്ദില്ലാഹ്(അ) എന്നോട് പറഞ്ഞു: 'മുഹമ്മദേ, നീ നിന്റെ സേവനത്തിനും മറ്റെല്ലാ കാര്യത്തിനും വേണ്ടി ഈ മകളെ സ്വീകരിച്ചോളൂ. നീ മടങ്ങുമ്പോൾ തിരിച്ചേൽപിച്ചാൽ മതി. ( 2/200 الكافي في الفروع ، 3/136 الإستبصار)

ഞാൻ പറയട്ടെ, മനുഷ്യകുലം ഒന്നിച്ച് ആണയിട്ടാലും ഇമാം സ്വാദികും ഇമാം ബാഖിറും ഇങ്ങനെ പറയുമെന്ന് വിശ്വസിക്കാൻ എനിക്കു കഴിയില്ല. ഈ രണ്ട് ഇമാമുകൾ എത്രയോ മഹത്വമുള്ളവരും ആഭരണീയരുമാണ്. ഈമാതിരി വ്യാജ ജൽപനങ്ങൾ പറയുന്നതിൽ നിന്നും ഉന്നതമായ ഇസ്ലാമിക പ്രകൃതത്തിന് വിരുദ്ധവും എന്നാൽ അതീവ നിന്ദ്യവുമായ, അറപ്പുളവാക്കുന്ന ഈ

പ്രവർത്തനം അനുവദിക്കുന്നതിൽ നിന്നും അവർ എത്രയോ പരിശുദ്ധരുമാണ്. നിശ്ചയം ഇമാമുകൾ പ്രമുഖരിൽ നിന്ന് പ്രമുഖരിലൂടെയാണ് അനന്തരമായി അറിവു സ്വീകരിച്ചവരാണ്. തീർച്ചയായും ഇവരുടെ വാക്കുകളും പ്രവൃത്തിയും റസൂലിലേക്കാണ് ചെന്നുചേരുക. അതിനാൽ തന്നെ അത് ദൈവികമായ നിയമങ്ങളാവണം.

ഞങ്ങൾക്ക് ഇന്ത്യ സന്ദർശിക്കാനും സയ്യിദ് നക്‌വിയേപ്പോലുള്ള ഞങ്ങളുടെ ഇമാമുകളെ കാണാനും അവസരമുണ്ടായപ്പോൾ ഹൈന്ദവരെയും പശുപൂജകരെയും സിക്കുകാരേയും വിഗ്രഹാരാധാകരായ മറ്റു പലരേയും കണ്ടിരുന്നു. അവരെക്കുറിച്ച് ധാരാളം ഞങ്ങൾ വായിച്ചു മനസ്സിലാക്കുകയും ചെയ്തിരുന്നു. അവരിൽ പോലും ഈ നെറികെട്ട തിന്മ അംഗീകരിക്കുന്നവരെ ഞങ്ങൾ കണ്ടില്ല. അവർ തങ്ങളുടെ അനുയായികൾക്ക് അത് അനുവദിച്ചു കൊടുത്തില്ല.

പിന്നെങ്ങിനെ മാന്യമായ സംസ്കാരത്തെ നിരാകരിക്കുന്ന ഈ നീചവൃത്തിയെ ഇസ്ലാം അംഗീകരിക്കും?

ഞങ്ങളൊരിക്കൽ ഇറാനിലെ ഒരു പ്രധാന ഹൗസ സന്ദർശിച്ചു. അപ്പോൾ ഇആറത്തുൽ ഫർജ് അനുവദിച്ച നേതാക്കളെ ഞങ്ങൾ കണ്ടു. അത് അംഗീകരിച്ചു ഫത്‌വ നൽകിയ കൂട്ടത്തിൽ സയ്യിദ് ലുത്ഫുല്ലാഹ് സ്വാഫിയും മറ്റു ചിലരുമുണ്ട്. അതിനാൽ തന്നെ ഇആറത്തുൽ ഫർജിന്റെ വിഷയം ഇറാനിൽ വ്യാപകമാണ്. ഈ പ്രവർത്തനം തുടരുകയാണ്, ശാഹ് മുഹമ്മദ് രിളദാ പഹ്‌ലവിയുടെ പതനവും ഖുമൈനിയുടെ വരവുമുണ്ടായപ്പോഴും ഖുമൈനിയുടെ വിയോഗാനന്തരവും ഇപ്പോഴും ഈ നീചവൃത്തി ഇറാനിൽ തുടരുകയാണ്. ആധുനിക കാലത്ത് ശീഈ രാജ്യം നേരിട്ട ആദ്യ നാശങ്ങളിലേക്ക് എത്തിച്ച ഒരു കാരണം ഇതാണ്. ലോക രാജ്യങ്ങളിൽ പൊതുവെ ശിആക്കൾ ഇക്കാര്യം മനസ്സിലാക്കിയിട്ടുണ്ട്. ഭൂരിപക്ഷം നേതാക്കൾ അതിൽ നിന്ന് ഒഴിവായിരുന്നുവെന്നതും അവർ നിരീക്ഷിച്ചിട്ടുണ്ട്. അപ്പോൾ നമ്മുടെ ഈ സുഹൃത്ത് അല്ലാമാ സയ്യിദ് മൂസൽ മുസവി ഇതിന്ന് നീച വിപ്ലവം എന്ന് പേര് വിളിച്ചു. അതിനെ എതിർത്തുകൊണ്ടും അതിന്റെ തിന്മകൾ ചൂണ്ടിക്കാട്ടിയും ഗ്രന്ഥങ്ങളും ഗവേഷണ പ്രബന്ധങ്ങളും രചിക്കുകയും പ്രസിദ്ധീകരിക്കുകയും ചെയ്തു.



സയ്യിദ് ജവാദുൽ മൂസവി പറഞ്ഞു: ഇറാനിലെ ഇസ്‌ലാമിക വിപ്ലവം പേരിലൊഴികെ ഒരു നിലക്കും ഇസ്‌ലാമികമല്ല .

ഇസ്‌ലാമികവഴിയിൽ നിന്നുള്ള ശിയാക്കളുടെ വ്യക്തമായ വ്യതിയാനം കണ്ടപ്പോൾ ആയത്തുല്ലാഹിൽ ഉദ്മാ സയ്യിദ് മുഹമ്മദ് കാളിം ശരീഅത്തുമദാരി എന്ന പണ്ഡിതൻ അതിനെ ശക്തമായി എതിർത്തിട്ടുണ്ട്. നിരവധി അറിയപ്പെട്ട വ്യക്തിത്വങ്ങൾ ഇമാം ഖുമൈനിയുടെ സർക്കാറിനെ നിശിതമായി വിമർശിക്കുകയും അതിൽ നിന്ന് വിട്ടുനിൽക്കുകയും ചെയ്തിട്ടുണ്ട്.

എന്നിട്ടും വലിയ പണ്ഡിതർ ഇആറത്തുൽ ഫർജിന്ന് അനുകൂലമായ ഫത്‌വ നൽകിയെന്നത് എത്ര ഖേദകരമാണ്! ഇറാഖിന്റെ തെക്കും ബാഗ്ദാദിലും വിപ്ലവം നടന്ന പ്രദേശങ്ങളിലും പണ്ഡിതന്മാരുടെ ഫത്‌വയനുസരിച്ച് ഈ നീചവൃത്തി നിർബാധം തുടർന്നു വരുന്നു. ഫത്‌വ നൽകിയ പണ്ഡിതരിൽ സീസ്താനി, സ്വദ്ർ, ശീറാസി, ത്വബ്ത്വബാഈ, ബറൂജർദി തുടങ്ങി പ്രമുഖരായ പലരുമുണ്ട്. അവരിൽ പലരും അതിഥിയുടെ അരികിൽ ചെന്നാൽ അയാളുടെ ഭാര്യ സുന്ദരിയാണെങ്കിൽ അവളെ ഇപ്രകാരം വായ്പയെടുക്കുന്നവരായിരുന്നു താനും.

ഈ നീചവൃത്തിയിൽ ഏർപ്പെടുന്നതിൽ നിന്നും ഇതുമായി ബന്ധപ്പെട്ട പണ്ഡിതന്മാരുടെ ഫത്‌വകൾ തള്ളാനും പൊതുജനങ്ങളെ താക്കീതു ചെയ്യലും നമുക്കു നിർബന്ധമാണ്.

ഇതു കൊണ്ടും തീരുന്നില്ല, സ്ത്രീകളുമായി ഗുദഭാഗത്ത് ഭോഗം ചെയ്യുന്നതും ഇവർ പ്രോത്സാഹിപ്പിക്കുന്നു. ഇമാമുകളിലേക്കു തന്നെ അത്തരം റിപ്പോർട്ടുകളും ചേർക്കപ്പെട്ടതു കാണാം. അബ്ദുല്ലാഹി ബ്നു അബിൽ യഅ്ഫൂർ പറഞ്ഞതായി ത്വൂസി റിപ്പോർട്ടു ചെയ്യുന്നു. ഞാൻ അബൂഅബ്ദില്ലയോട് സ്ത്രീകളുടെ ഗുദഭാഗത്ത് സംയോഗം ചെയ്യുന്നതിനെപ്പറ്റി ചോദിച്ചു. അദ്ദേഹം പറഞ്ഞു: നിനക്ക് തൃപ്തിയാണെങ്കിൽ കുഴപ്പമൊന്നുമില്ല . ഞാൻ ചോദിച്ചു: അല്ലാഹു കൽപിച്ച പ്രകാരം നിങ്ങളവരെ സമീപിക്കുക എന്ന് ആയത്തുണ്ടല്ലോ? അദ്ദേഹം പറഞ്ഞു: അത് കുട്ടിയെ പ്രതീക്ഷിച്ചു കൊണ്ട് സംയോഗം ചെയ്യുന്ന വിഷയത്തിലാണ്. നിങ്ങൾക്ക് കുട്ടികൾ വേണമെങ്കിൽ അങ്ങനെയായിരിക്കണം.

നിശ്ചയമായും അല്ലാഹു പറഞ്ഞിട്ടുണ്ട്, നിങ്ങളുടെ ഭാര്യമാർ നിങ്ങളുടെ കൃഷിയിടങ്ങളാണ്. നിങ്ങൾക്കിഷ്ടമുള്ള വിധം അവരെ സമീപിച്ചു കൊള്ളുക എന്ന്. ( ഇസ്തിബ്സ്വാർ 3/243)

ത്വൂസി തന്നെ മൂസബ്നു അബ്ദിൽമലിക്കിൽ നിന്നും റിപ്പോർട്ടു ചെയ്യുന്നു. ഒരാൾ അബുൽ ഹസൻ രിദാ(അ)നോട് സ്ത്രീകളുടെ ഗുദഭാഗത്ത് സംയോഗം ചെയ്യുന്നതിനെപ്പറ്റി ചോദിച്ചു: ഇതാ എന്റെ പെൺമക്കൾ. ഇവർ നിങ്ങൾക്ക് ഏറ്റവും പരിശുദ്ധരാണ് എന്ന ലൂത്ത്(അ)ന്റെ വചനം അത് അനുവദനീയമാണെന്നതിന് തെളിവാണ്. അദ്ദേഹത്തിന്നറിയാമല്ലോ അവർ സാധാരണ സംയോഗമല്ല ആഗ്രഹിച്ചതെന്ന് ( ഇസ്തിബ്സ്വാർ 3/243)

ഈ പ്രശ്നത്തിൽ ആയത്തുമല്ലാഹിൽ ഉള്മ, ഇമാം ഖുമൈനി യുടെ വാക്ക് ഞാൻ പറയൽ നിർബന്ധമാണെന്ന് തോന്നുന്നു. ഹി: 1389 ാം വർഷം ഹൗസയിലെ ഞങ്ങൾ മുഴുവൻ ശ്രോതാക്കളുടെയും മുന്നിൽ അദ്ദേഹം നിർവ്വഹിച്ച പ്രസംഗങ്ങളിലാണ് അത് പറഞ്ഞത്. പിന്നീട് അൻ ഹുക്യൂമത്തുൽ ഇസ്ലാമിയ്യ അഥവാ വിലായത്തുൽ ഫഖീഹ് എന്ന ഗ്രന്ഥത്തിൽ അത് ക്രോഡീകരിക്കുകയും ചെയ്തിട്ടുണ്ട്. അദ്ദേഹം പറഞ്ഞു ഖുമുസിന്റെ നിയമം കൊണ്ടുവ ന്നത് പ്രവാചക പരമ്പരയിൽ പെട്ടവരുടെ ഉപജീവനം സുരക്ഷിത മാക്കാൻ വേണ്ടി മാത്രമാണെന്ന് നാം പറഞ്ഞാൽ ആ ചുരുങ്ങിപോ കും. ഇങ്ങനെ ആയിരക്കണക്കിന് പേരുടെ ദുർബലമായ ഒരു വിഹിതം ആണെങ്കിൽ തന്നെ അവർക്ക് വേണ്ടുവോളവും അതിൽ അധികവും ആവും. ബാഗ്ദാദ് പോലുള്ള ഒരു തെരുവിൽ നിന്നുള്ള ഓഹരി എടുത്താൽ തന്നെ അവർക്ക് എത്രയാണ് കിട്ടുക ടഹറാൻ, ഡമസ്കസ് ഇസ് ലാപൂൾ തുടങ്ങിയുള്ള വൻകിട മാർക്കറ്റിൽ നിന്നുള്ള ഓഹരി പോലെ ആയാലോ? ബാക്കിയുള്ളതുംകൂടി കൂട്ടി ചേർത്താൽ എത്രയാണ് ഉണ്ടാവുക? വീണ്ടു അദ്ദേഹം പറയുന്നു . നിശ്ചയമായും നീതിയുള്ള ഇസ്ലാമിക മരണത്തെ ഞാൻ കാണു ന്നതും പൊതു നന്മകൾ അല്ലാത്തതിലും നിസ്സാര പ്രശ്നങ്ങളിലും ഭാരിച്ച ബാധ്യതകൾ അത് ആവശ്യപ്പെടുന്നില്ല എന്നുള്ളതാണ്.

അദ്ദേഹം വീണ്ടും പറയുന്നു. ഖുമുസ് എന്ന നികുതി ആലും സൂലിലെ നേതാക്കളുടെ ആവശ്യം നിറവേറ്റാൻ വേണ്ടിമാത്രം പിരി ച്ചെടുക്കേണ്ടതല്ല അല്ലെങ്കിൽ അഗതികൾക്കോ ദരിദ്രർക്കോ വിത



രണം ചെയ്യുന്ന സക്കാത്തും അല്ല.... (നിശ്ചയമായും അത് ധാരാളം ഇരട്ടികളായി അവരുടെ ആവശ്യത്തിനേക്കാൾ കൂടുതലുണ്ടാവും.

അതിന് ശേഷം ദരിദ്രരുടെയും നേതാക്കളുടെയും ആവശ്യം നിറവേറ്റാൻ വേണ്ടി ഖുമുസോ, സക്കാത്തോ, അത്പോലുള്ളതോ ഉപേക്ഷിക്കുന്നുണ്ടോ? അല്ലെങ്കിൽ സമുദ്രത്തിലെ ഭക്ഷണമായും മണ്ണിനടിയിലെ നിധിയായും മറ്റും മടങ്ങുവോ?

അക്കാലത്ത് ഖുമുസ്കൊണ്ട് ഉപജീവനം നടത്താനുള്ളനേ താക്കളുടെ എണ്ണം നൂറിൽ താഴെ മാത്രമേ ഉള്ളൂ. ഇനി അവർ അര മില്ല്യൺ ഉണ്ടെങ്കിൽ തന്നെ എത്ര ഭീമമായ വിഹിതമാണ് ഖുമുസി ലൂടെ അവർക്ക് പിടിച്ചെടുക്കാൻ ഉണ്ടാവുക ? ഇത്ര ഭീമമായ ഒരു തുകഖുമുസ് നിർബന്ധമാക്കുന്നത് മുഖേന ഇസ് ലാം പ്രാധാന്യം നൽകുന്നതായി ഉൾകൊള്ളാൻ ബുദ്ധിയുള്ളവർക്ക് കഴിയുമോ? കാരണം ഇന്നത്തെപോലെ വ്യവസായങ്ങളും വ്യാപാരങ്ങളും എല്ലാ അളവറ്റ നിലയിൽ ഭീമമായി പെരുകികൊണ്ടിരിക്കുമ്പോൾ അവയെ ല്ലാറ്റിന്റെയും ഖുമുസ് ആലുറസൂലിന്റെ ആവശ്യപൂർത്തികരണത്തിന് മാത്രമാണ് എന്നോ? ഒരിക്കലുമല്ല നജ്ഫിലെ അൽ ആദാബ് പ്രസ്സിൽ പ്രസിദ്ധം ചെയ്ത മേൽപറഞ്ഞ ഗ്രന്ഥത്തിന്റെ ഒന്നാം വാള്യം 39,40,42 പേജുകൾ കാണുക.

നിശ്ചയം ഖുമുസിന്റെ ധനം വളരെ ഭീമമായ അളവ് ഉണ്ടെ ന്നാണ് ഇമാം ഖുമൈനി വ്യക്തമാക്കുന്നത്. ഈ വാചകങ്ങൾ അദ്ദേഹം പറഞ്ഞ് ഹൗസയിൽ അദ്ദേഹം പ്രഭാഷണംനടത്തിയ അക്കാലത്താണ്. അപ്പോൾ അത് ഇന്ന് അതിനേക്കാൾ എത്ര ഭീമ മായിട്ടുണ്ടാവും.

ഇമാം ഖുമൈനി തുടർന്ന് വ്യക്തമാക്കുന്നത് ഈ ഭീമമായ തുകയുടെ ആയിരകണക്കിനായി വീതിച്ച ഓഹരിയിൽ ഒരു ഓഹരി മാത്രം അഹ് ലുബൈത്തിന് മതിയാവും. അപ്പോൾ ബാക്കി വരുന്ന വലിയ വിഹിതങ്ങൾ എന്ത് ചെയ്യും? അത് ഫുഖഹാളനും മുജ്തഹി ദുകൾക്കും ഇടയിൽ വീതിക്കലാണ് നിർബന്ധമെന്നും ഖുമൈനി യുടെ വാക്കുകളിൽ നിന്ന് വ്യക്തമായി മനസ്സിലാവും. അതിനാൽ തന്നെയാണ് ഇമാം ഖുമൈനി ഇറാഖിൽ താമസിക്കുന്ന കാലത്ത് വമ്പിച്ച സ്വത്തിനുടമയായി തീർന്നത്. പിന്നീട് അദ്ദേഹം ഫ്രാൻസി ലേക്ക് യാത്രയാവുകയും അവിടെ താമസമാക്കുകയും ചെയ്ത

പ്പോൾ ആ വമ്പിച്ച ഇറാഖീ ദീനാറുകളെല്ലാം അദ്ദേഹം അവിടുത്തെ ആവശ്യങ്ങൾക്കായി അമേരിക്കൻ ഡോളിലേക്ക് മാറ്റുകയാണുണ്ടായത്.

നിശ്ചയം മനുഷ്യന്റെ കുഴപ്പം രണ്ട് വഴികളിലൂടെയാണ് വരിക.

1) വംശീയത് 2) ധനത്തോടുള്ള ആർത്തി. ഈ നേതാക്കലിൽ ഇത് രണ്ടും തികഞ്ഞിട്ടുണ്ട് എന്നുള്ളതാണ് യാഥാർത്ഥ്യം.

മുത്അത്തിലൂട സാംസ്ക്കാരിക അരാചകത്വവും ഖുമുസിലൂടെ സാമ്പത്തിക അരാചകത്വവും!............

ശ്രദ്ധിക്കുക, യഥാർത്ഥത്തിൽ നമ്മുടെ നേതാക്കൾക്കും മുജ്തഹിദുകൾക്കും ഇടയിൽ മൽസരം തുടങ്ങിയത് തന്നെ ഈ ഖുമുസിന്റെ പേരിലാണ് അവർ ഓരോരുത്തരം ജനങ്ങളിൽനിന്നും പിരിച്ചെടുക്കുന്ന ഖുമുസിന്റെ ഓഹരി മറ്റുള്ളവരുടേതിൽ നിന്നു കുറുക്കാനും തങ്ങളുടേത് വർദ്ധിപ്പിക്കാനും ഓരോരുത്തരും പരിശ്രമിക്കുകയും അതിനായി ഓരോരുത്തരം പുതിയ പുതിയ പൈശാചിക ശൈലികൾ കണ്ടെത്തുകയും ചെയ്യും.അങ്ങനെ ഒരിക്കൽ സയ്യിദ് സീസ്താനിയുടെ അരികിലേക്ക് വന്നിട്ട് ഒരാൾ പറഞ്ഞു. നിശ്ചയമായും എനിക്ക് നിശ്ചയിക്കപ്പെട്ടഖുമുസ് 5 മില്ല്യനാണ് എന്നാൽ ഞാൻ ആ തുകയുടെ പകുതി രണ്ടര മില്ല്യൻ മാത്രമേ നൽകാൻ ഉദ്ദേശിക്കുന്നുള്ളൂ അപ്പോൾ സയ്യിദ് സിസ്താനി അയാളോട് പറഞ്ഞു. നീ ആ രണ്ടര മില്ല്യൻ കൊണ്ട് വരൂ അപ്പോൾ ആ മനുഷ്യൻ ആ തുക ഇദ്ദേഹത്തിന് നൽകി. അത് സ്വീകരിച്ചതിന് ശേഷം സീസ്താനി പറഞ്ഞു. ഇത് ഞാൻ നിനക്ക് തന്നെ നൽകിയിരിക്കുന്നു. അങ്ങനെ ആ തുക അയാൾക്ക് തിരിച്ച് കൊടുത്തു എന്നിട്ട് അയാളോട് പറഞ്ഞു. ഇത് നീ ഒരിക്കൽ കൂടി എനിക്ക് തരണം അപ്പോൾ അയാൾ അങ്ങനെ ചെയ്തു. അപ്പോൾ സീസ്താനി അയാളോട് പറഞ്ഞു. ഇപ്പോൾ നീ എനിക്ക് നൽകാനുള്ള ഖുമുസിൽപ്പെട്ട അഞ്ച് മില്ല്യൺ ആയി തീർന്നു. നിന്റെ ബാധ്യതയിൽ നിന്ന് നീ ഒഴിവാവുകയും ചെയ്തു. മറ്റുള്ള നേതാക്കൾ അത് കണ്ടപ്പോൾ അവരും ഖുമുസിന്റെ ഓഹരിയിൽ ഇളവുകൾ വരുത്താൻ തുടങ്ങി. ജനങ്ങളെ തങ്ങളിലേക്ക് ആകർഷിക്കാൻ വേണ്ടി അവരും ഓരോരോ മാർഗങ്ങൾ ആരായാനും കണ്ടുപിടിക്കാനും തുടങ്ങി. അങ്ങനെ ഖുമുസ് സ്വന്തമാക്കുന്ന കാര്യത്തിൽ



സാദാത്തുകൾക്കിടയിൽ (ശേഷ്ഠമായ!) പോരുണ്ടായിതീർന്നു. സമ്പന്നൻമാരെല്ലാം ഏറ്റവും കൂറച്ച് ഖുമുസ് ആവശ്യപ്പെടുന്നവരെയാണല്ലോ സമീപിക്കുക.

ഹൗസയുടെ തലവൻ ഖുമുസനുവേണ്ടിയുള്ള ഈ പോര് കഠിനമായി തീർന്നത് കാണുകയും ഖുമുസിന്റെ അളവ് വളരെ കുറഞ്ഞ് വരുകയും ചെയ്യുന്നതായി മനസ്സിലാക്കുകയും ചെയ്തപ്പോൾ എല്ലാ സാദത്തുകൾക്കും ഖുമുസ് നൽകൽ അനുവദനീയമല്ലെന്നും എണ്ണപ്പെട്ട വ്യക്തികൾക്ക് മാത്രമേ അത് നൽകാവൂ എന്നും അദ്ദേഹം ഫത് വ പുറപ്പെടുവിച്ചു. അദ്ദേഹത്തിനായിരുന്നു സിംഹഭാഗവും ലഭിച്ചത്. അല്ലെങ്കിൽ വിവിധ പ്രവിശ്യകളിൽ നിന്ന് അദ്ദേഹത്തിനുള്ള ഏല്പിക്കപ്പെട്ട (പിരിച്ചെടുക്കാൻ) വ്യക്തികൾക്ക്.

ഈ ധനം കൈപറ്റിയതിന് ശേഷം അവ സ്വർണ്ണമാക്കി മാറ്റും. അങ്ങനെ അത് ഇപ്പോൾ രണ്ട് മുറികൾ മുഴുവൻ നിറഞ്ഞ് നിൽക്കാനുള്ള സ്വർണ്ണമൊക്കെ ഉണ്ടാവും എന്നാൽ സയ്യിദ് അറിയാതെ അദ്ദേഹം ഏല്പിക്കുന്നവർ മോഷ്ടിച്ച് എടുക്കുന്നത് വേറെയും അമീറുൽ മു അമിനീൻ (അ) പറഞ്ഞു. ദുനിയാവിൽ വിരക്തി കാണിക്കുകയും ആഖിറത്തിൽ താൽപര്യം കാണിക്കുകയും ചെയ്യുന്നവർക്ക് മംഗളം. അവർ ഈ ഭൂമിയ പരവതാനിയായും അതിന്റെ മണ്ണിനെ വിരിപ്പായും അതിന്റെ വെള്ളം സുഗന്ധമായും ഖുർആനിനെ മുദ്രാവാക്യമായും പ്രാർത്ഥനയെ പുതപ്പായും സ്വീകരിച്ചവരാണ്. പിന്നീടവർ ദുനിയാവിനെ മസീഹിന്റെ മാർഗത്തിൽ കടം നൽകുകയും ചെയ്തു... നിശ്ചയം ദാവൂദ് (അ) ഇത് പോലുള്ള രാത്രി സമയങ്ങളിൽ നിന്ന് നമസ്കരിച്ചിരുന്നു എന്നിട്ടദ്ദേഹം പറഞ്ഞു. നിശ്ചയം ഈ സമയം ഒരു അടിമ പ്രാർത്ഥിച്ചാൽ ഉത്തരം കിട്ടുന്ന സമയമാണ്, അവൻ (ആ അടിമ) പിരിവുകാരനോ പോലീസുകാരനോ അല്ലെങ്കിൽ.

അമീറുൽ മു അമിനീന്റെ വാക്കും നമ്മുടെ നേതാക്കളുടെ സ്ഥിതിയും നീ ഒന്ന് താരതമ്യം ചെയ്ത് നോക്കുക.എന്നിട്ട് നീ സ്വയം തന്നെ വിധി പറയുക. ഈ ഉദ്ധരണിയോ, മഹത്തായ മറ്റേതെങ്കിലും ഉദ്ധരണിയോ ഈ സാദാത്തുകളുടെയും ഫുകഹാഖക്കളുടെയും ഇടയിൽ ഒരു പ്രതിധ്വനിയും സ്വഷ്ടിക്കുന്നല്ല എന്നതാണ് ശരി. അവർ ജീവിക്കുന്ന അത്യാഢംബരപൂർണ്ണമായ സുഖ ജീവിതം

അമീറുൽ ദുഅ്മിനീന്റെ വിരക്തി എല്ലാം അവരെ മറപ്പിച്ചിരിക്കുന്നു. അദ്ദേഹത്തിന്റെ വാക്കുകൾ ചിന്തിക്കുകയോ അതിന്റെ ഉള്ളടക്കം പിന്തുടരുകയോ ചെയ്യുന്നതിനെ തൊട്ട് അവരുടെ കണ്ണുകൾ അന്ധമായിരിക്കും.

നിശ്ചയമായും അമീറുൽറു അമിനീൻ പറഞ്ഞത്പോലെ സാധാരണ ഒരു നികുതി പിരിവുകാരന്റെ പ്രാർത്ഥനപോലും സ്വീകരിക്കപ്പെടുക പ്രയാസമാണ്. അപ്പോൾ പിന്നെ ജനങ്ങളിൽ നിന്ന് അന്യായമായി ഖുമുദ്ധം പിരിച്ചെടുക്കുന്നവന്റെ സ്ഥിതി എന്താവും. ഖുമുസ് പിരിച്ചെടുക്കുന്നവന്റെ പ്രാർത്ഥന സ്വീകരിക്കാൻ തീർച്ചയായും യാതൊരു മാർഗവും ഇല്ല തന്നെ. അല്ലാഹു നമ്മെ കാത്ത് രക്ഷിക്കട്ടെ.

ഒരു കാര്യം കൂടി:-

തീർച്ചയായും ഖുമുസ് ഫുകഹാഇനോ മുജ്തഹിദിനോ നൽകേണ്ടതില്ലെന്ന് നാം മനസ്സിലാക്കി. ഈ വിഷയത്തെക്കുറിച്ച് എല്ലാവശങ്ങളിലൂടെ അന്വേഷിച്ചപ്പോഴും ഇക്കാര്യമാണ് നമുക്ക് ബോധ്യമായത്. ഈ ഫുഖഹാക്കളും ദീനിനേതാക്കളുമെല്ലാം പറയുന്നത് അവർ അഹ്ലുബൈത്തിൽ പെട്ടവരാണെന്ന കാര്യത്തെ കുറിച്ചും നാം ബോധവാന്മാരാവുന്നത് നന്ന്. അവരിൽ ഓരോരുത്തരും അവരുടെ പരമ്പര കാളിം (അ) ലേക്ക് ചേർത്തുപറയുന്നത് നിനക്ക് കാണാം. നീ മനസ്സിലാക്കണം. തീർച്ചയായും അത് അസംഭവ്യമാണ്. കാരണം ഇറാഖിലും ഇറാനിലും സിറിയയിലും ലബഹാനിലും, ഗൾഫ് രാഷ്ട്രങ്ങളിലും ഇന്ത്യയിലും പാക്കിസ്ഥാനിലും ഉള്ള എത്രയെത്ര ആളുകളാണ് തങ്ങൾ അഹ്ലുബൈത്ത് ആണെന്ന് വാദിക്കുന്നത് ഇറാഖിലുള്ളവരെ മാത്രം എണ്ണാൻ തുടങ്ങിയാൽ തന്നെ നമുക്കത് ക്ലിപ്തപ്പെടുത്താൻ കഴിയില്ല. പിന്നെ എങ്ങനെ മറ്റു നാടുകളിലുള്ളവരുടേത് കൂടി നാം എണ്ണിനോക്കും? നിശ്ചയം ഇതിനേക്കാൾ എത്രയെത്രയോ ഇരട്ടിവരുന്ന എണ്ണമായിരിക്കും അവരെന്നതിൽ സംശയമില്ല. അപ്പോൾ ഇവരെല്ലാം കൂടി അഹ് ലുബൈത്തിൽ പെട്ടവരാണെന്ന് എങ്ങനെ വിശ്വസിക്കാനാവും?

അതിനും പുറമെ അഹ് ലുബൈത്തിന്റെ വംശ വൃക്ഷം ഹൗസയിൽ വിൽപനയ്ക്ക് വച്ചിട്ടുണ്ട്. എന്നാൽ ആർക്കെങ്കിലും അത് സ്വന്തമാക്കണമെങ്കിൽ തന്റെ ഭാര്യയോ സഹോദരിയോ സുന്ദരിയാണെങ്കിൽ അവർക്ക് മുത്ത് അത്ത് എന്ന പേരിൽ കാഴ്ചവെക്കേണ്ടിവരും! അല്ലെങ്കിൽ വലിയൊരു തുകനൽകേണ്ടിയും വരും ഇത് ഹൗസയിൽ എല്ലാവർക്കും അറിയാവുന്ന ഒരു സംഗതിയാണ്.



അതുകൊണ്ടാണ് ചില സാദാത്തുക്കളും രചയിതാക്കളും സാധുക്കളെ പറ്റിക്കാൻ വേണ്ടി തങ്ങളുടെ സ്വത്തിന്റെ ആദ്യ പേജിൽ തന്റെ വംശവൃക്ഷം ചേർക്കാൻ വേണ്ടിചെയ്തുകൂട്ടുന്നതൊന്നും നിന്നെ വഞ്ചിക്കാതിരിക്കട്ടെ എന്ന് ഞാൻ പറയുന്നത് കാരണം അഹ്ലുൽ ബൈത്തിൽപ്പെട്ടവരല്ലാത്തവരെയും അതിൽപെടുത്താനുള്ള വിദ്യയെല്ലാം ഹൗസയിലുണ്ട്! നജ്ഫിലെ പ്രസിദ്ധ കവിയായിരുന്ന അഹ് മദ്സ്വാഫിയുമായി ഞാൻ ആഴമേറിയ ബന്ധം സ്ഥാപിച്ചിട്ടുണ്ട്. എന്നേക്കാൾ മുപ്പത് വയസ്സിന് മൂപ്പുണ്ടായിരുന്ന അദ്ദേഹം ഒരു സുഹൃത്തിനോടെന്നപോലെയാണ് എന്നോട് ഇണങ്ങിച്ചേർന്നത്. അദ്ദേഹം എന്നോട് ഏറ്റവും കൂടുതൽ പറഞ്ഞ സംഗതിയെന്തന്നോ എന്റെ മോനേ, ഹുസൈൻ, നീ നിന്റെ മനസ്സിനെ ഖുമുസ്കൊണ്ട് മലിനമാക്കരുത്. അത് ഹറാമായ സമ്പാദ്യമാണ് !

അത് ഹറാമാണെന്ന് ബോധ്യപ്പെടുത്താൻ തക്കവണ്ണം അതേക്കുറിച്ച് അദ്ദേഹം ഞാനുമായി ചർച്ചകൾ നടത്തിയിട്ടു അക്കാര്യം വ്യക്തമാക്കി അദ്ദേഹം രചിച്ച കവിതാശകലങ്ങളും പ്രസിദ്ധമാണ്.

അദ്ധ്യായം 4

# ഖുമുസ് (പുരോഹിതനികുതി)

ഫുകഹാഉം മുജ്തഹിദുകളും, വരുമാനത്തിന്റെ അഞ്ചിലൊന്ന് അന്യായമായി കൈവശപ്പെടുത്താൻ ഉണ്ടാക്കിയ ഒരു പ്രാകൃതനിയമമാണ് ഖുമുസ്. മുജ്തഹിദുകൾക്കും ഫുകഹാഇന്നും ധനം വർദ്ധിപ്പിക്കാൻ ഒരു മാർഗം. ശീഇകളിലെ സാധാരണക്കാർ തന്റെ സമ്പാദ്യത്തിന്റെ ഒരുഭാഗം ഇത്തരക്കാർക്കായി നീക്കിവെക്കണമെന്നാണ് ഇപ്പോൾ ശീഈ നേതാക്കൾ പറയുന്നത്. എന്നാൽ ഇക്കാര്യം നിർബന്ധിക്കുന്നില്ലെന്നു മാത്രം. അവരുടെ മറ്റു സ്വത്തുക്കളും സമ്പാദ്യങ്ങളും കൈകാര്യം ചെയ്യുന്നതു പോലെ അവർ അത് സ്വതന്ത്രമായി കൈകാര്യം ചെയ്യും. ഖുമുസ് നൽകാത്തവർ പാപികളായാണ് പരിഗണിക്കപ്പെടുക. അവർ അമീറുൽമുഅ്മിനീൻ അലി(അ)നും മറ്റു ഇമാമുകൾക്കും എതിരു പ്രവർത്തിച്ചുവെന്നാണ് വിശ്വാസം.

യഥാർത്ഥത്തിൽ ശീഈ പ്രമാണങ്ങളിൽ പോലും ഖുമുസ് ഇപ്പോഴത്തെ മുജ്ത്തഹിദുകൾക്കും ഫുകഹാഇന്നും പിരിച്ചെടുക്കാമെന്നതിന്ന് രേഖയില്ല, അവർ അങ്ങനെ ചെയ്യുന്നുണ്ടെങ്കിലും. ഈ ഖുമുസിന്റെ ഇസ്‌ലാമിക യാഥാർഥ്യവും അത് സ്വതന്ത്രമായി കൈകാര്യം ചെയ്യുന്ന രൂപവും



ബുദ്ധിമാനായ വായനക്കാരൻ ഗ്രഹിക്കുമാറ് ഖുമുസിന്റെ വിഷയവും ഈ നിയമം കടന്നുവരാൻ കാരണമായ ചരിത്രവും അതിന്റെ ഘട്ടങ്ങളും നമുക്ക് പരിശോധിക്കാം. മതപ്രമാണങ്ങളിൽ നിന്നും ഇമാമുകളുടെ പേരിലുള്ള വാക്കുകളിൽ നിന്നും അവർ പരിഗണിക്കുകയും അവലംബമാക്കുകയും ചെയ്യുന്ന മുജ്തഹിദുകളായ പണ്ഡിതരുടെ ഫത്‌വകളിൽ നിന്നും അതിന് പിൻബലം കണ്ടെത്തുകയും ചെയ്യാം.

2. ഹകീം മുഅദ്ദിൻ ബ്നു ഈസയിൽനിന്ന് നിവേദനം: അദ്ദേഹം പറഞ്ഞു:

وَٱعۡلَمُوٓاْ أَنَّمَا غَنِمۡتُم مِّن شَيۡءٖ فَأَنَّ لِلَّهِ خُمُسَهُۥ وَلِلرَّسُولِ وَلِذِي ٱلۡقُرۡبَىٰ
وَٱلۡيَتَٰمَىٰ وَٱلۡمَسَٰكِينِ وَٱبۡنِ ٱلسَّبِيلِ

നിങ്ങൾ (യുദ്ധത്തിൽ) നേടിയെടുത്ത ഏതൊരു വസ്തുവിൽ നിന്നും അതിന്റെ അഞ്ചിലൊന്ന് അല്ലാഹുവിനും റസൂലിന്നും (റസൂലിന്റെ) അടുത്ത ബന്ധുക്കൾക്കും അനാഥകൾക്കും പാവപ്പെട്ടവർക്കും വഴിപോക്കർക്കും ഉള്ളതാണെന്ന് നിങ്ങൾ മനസ്സിലാക്കുവിൻ... ... (8:41) ഞാൻ അബൂഅബ്ദുല്ലയോട് ഈ ആയത്തിനെക്കുറിച്ച് ചോദിച്ചു. അപ്പോൾ അദ്ദേഹം തന്റെ കൈമുട്ടുകൾ കാൽമുട്ടുകളിൽ വെച്ച് കൈകൊണ്ട് ചൂണ്ടിയിട്ടു പറഞ്ഞു: ഇത്, അല്ലാഹു സത്യം, എന്റെ പിതാവ് അദ്ദേഹത്തിന്റെ കക്ഷിക്ക് അവർ പരിശുദ്ധരാകാൻ വേണ്ടി ഒടുക്കണമെന്ന് നിശ്ചയിച്ചതാണ്. ദിവസം തോറുമുള്ള ഒരു സമ്പാദ്യമാണ്. (الكافي 2/499)

3. ഉമറുബ്നു യസീദിൽ നിന്ന്: ഞാൻ മദീനയിൽ ഒരു മുസ്‌ലിമിനെ കണ്ടു. ഇമാം അബൂഅബ്ദുല്ലയുടെ അരികിലേക്ക് ആ വർഷത്തെ ധനവും കൊണ്ടു വന്നതായിരുന്നു അദ്ദേഹം. അപ്പോൾ അബൂ അബ്ദുല്ല അത് മടക്കിയയച്ചു. എന്നിട്ടിങ്ങനെ പറഞ്ഞു: ഓ, അബൂ സയ്യാർ, ഇത് നിനക്ക് ഞങ്ങൾ നന്നാക്കിയിരിക്കുന്നു. അതിൽ നിന്ന് നിനക്ക് ഞങ്ങൾ ഇളവനുവദിച്ചിരിക്കുന്നു. നിന്റെ ധനം നീ തന്നെ എടുത്തോളൂ. ഈ മണ്ണിൽനിന്ന് നമ്മുടെ കക്ഷിയുടെ കൈകളിലുള്ളതെല്ലാം നമ്മുടെ കാഇം (മഹ്ദി) വരുവോളം നമുക്ക് അതിൽ നിയമാനുസൃതം ഉപയോഗിക്കാവുന്നവരാണ്. (الأصول من الكافي 2/268)

4. മുഹമ്മദ് ബ്നു മുസ്ലിമിൽ നിന്ന്: ഇമാം അബൂഅബ്ദില്ല പറഞ്ഞു: അന്ത്യനാളിൽ ഏറ്റവും കഠിനമായത് സ്വാഹിബുൽ ഖുമുസ് എഴുന്നേറ്റു നിന്ന് പറയുന്ന രംഗമാണ്. അപ്പോൾ അദ്ദേഹം പറയും: തീർച്ചയായും ഞങ്ങൾ ഞങ്ങളുടെ കക്ഷിക്കു വേണ്ടി അത് വിശിഷ്ടമാക്കി, അവരുടെ ജനനം വിശിഷ്ടവും പരിശുദ്ധവും ആയതിനാൽ (2/502 **من لا يحضره الفقيه**)

5. അബൂ അബ്ദില്ലാ(അ)ൽ നിന്ന്: നിശ്ചയം, മുഴുവൻ ജനങ്ങളും ജീവിക്കുന്നത് ഞങ്ങളുടെ തണലിന്റെ ഓദാര്യത്തിലാണ്, അതിൽ നിന്ന് ഞങ്ങളുടെ കക്ഷിക്ക് ഞങ്ങൾ അനുവദിച്ചാലൊഴികെ. (2/243**من لا يحضره الفقيه**)

6. യൂനുസ് ബ്നു യഅ്ക്വൂബ് പറഞ്ഞു: ഞാൻ അബൂഅബ്ദുല്ലയുടെ അരികിലായിരുന്നു. ക്വനാത്വീനിൽപ്പെട്ട ഒരു മനുഷ്യൻ അപ്പോൾ അവിടെ കടന്നു വന്നു. അദ്ദേഹം പറഞ്ഞു: ഞാൻ അങ്ങേക്ക് തെണ്ടമായിരിക്കാം വ്യാപാരങ്ങളും ധനവും ലാഭങ്ങളും ഞങ്ങളുടെ കയ്യിൽ വരും. അതിൽ നിങ്ങളുടെ അവകാശം സ്ഥിരപ്പെട്ടതാണെന്ന് ഞങ്ങൾക്കറിയാം. ഞങ്ങളത് തരാൻ കഴിയാതെ ഒഴിഞ്ഞു മാറേണ്ടി വന്നവരാണ് . അപ്പോൾ അദ്ദേഹം പറഞ്ഞു: നിങ്ങളെ ഞങ്ങൾ നിർബന്ധിക്കുകയാണെങ്കിൽ നിങ്ങളോട് അനീതി കാണിക്കുന്നവരായിരിക്കും. (2/23 **من لا يحضره الفقيه**)

7. അലിയ്യുബ്നു മിഹസ്യാറിൽ നിന്ന് നിവേദനം: അബൂജഅ്ഫർ(അ)ൽ നിന്നുള്ള ഒരു ലിഖിതത്തിൽ ഞാൻ വായിച്ചു: ഒരാൾ അദ്ദേഹത്തിന്റെയരികിൽ ഖുമുസിൽ നിന്ന് തന്റെ ഭക്ഷണവും പാനീയവും ഇളവു നൽകാനാവശ്യപ്പെട്ടു വന്നു. അപ്പോൾ അദ്ദേഹം തന്റെ കൈപ്പടയിൽ ഇങ്ങനെ എഴുതിക്കൊടുത്തു: എന്റെ അവകാശത്തിൽ നിന്ന് വല്ലതും ഒരാളെ ദരിദ്രനാക്കിയാൽ അവന്ന് ഇളവുണ്ട്. ( 2/23**من لا يحضره الفقيه** )

8. അമീറുൽ മുഅ്മിനീൻ(അ)ന്റെ അരികിൽ ഒരാൾ വന്നു. അദ്ദേഹം പറഞ്ഞു: എനിക്ക് ഒരു ധനം കിട്ടി. അതിൽ ഞാൻ ചൂടുവെച്ചുപോയി. എനിക്ക് തൗബയുണ്ടോ? അദ്ദേഹം പറഞ്ഞു: എന്റെ ഖുമുസ് എനിക്കു തരിക. അപ്പോൾ അദ്ദേഹം ഖുമുസ് കൊടുത്തു. അപ്പോൾ അമീറുൽ മുഅ്മിനീൻ പറഞ്ഞു: ഇത് നിനക്കു തന്നെയാണ്. ഒരു മനുഷ്യൻ തൗബ ചെയ്താൽ അവന്റെ ധനവും



അതിനൊപ്പം തൗബ ചെയ്യും. (2/22**من لا يحضره الفقيه**)

ഈ റിപ്പോർട്ടുകളും ഇതല്ലാത്ത മറ്റു ധാരാളം റിപ്പോർട്ടുകളും ശിയാക്കൾക്ക് ഖുമുസ് നൽകുന്ന വിഷയത്തിൽ ഇളവുണ്ടെന്ന് വ്യക്തമാക്കുന്നു. ആരെങ്കിലും അത് തനിക്കു വേണ്ടിയാണെന്ന് തീരുമാനിക്കുകയോ അതവൻ തന്നെ തിന്നുകയോ അഹ്ലുബൈത്തിന് അതിൽ നിന്ന് ഒട്ടും കൊടുക്കാതിരിക്കുകയോ ചെയ്താൽ അങ്ങനെ ചെയ്യുന്നത് നിയമാനുസൃതമാണെന്നർത്ഥം. അവന്ന് ഇഷ്ടം പോലെ ചെയ്യാം. കുറ്റമില്ല. എന്നാൽ മൂന്നാമത്തെ റിപ്പോർട്ടനുസരിച്ച് ഇമാം മഹ്ദി വരുമ്പോൾ മാത്രമേ ഖുമുസ് അവർക്ക് നിർബന്ധമാകുന്നുള്ളൂ.

ഒരു ഇമാം ഉണ്ടെങ്കിൽത്തന്നെ അഹ്ലുബൈത്തിലെ ക്വാഇം (മഹ്ദി) വരാതെ അവർ ഖുമുസ് നൽകേണ്ടതില്ല. അപ്പോഴെങ്ങനെ അത് ഫുക്വഹാക്കൾക്കും മുജ്തഹിദുകൾക്കും നൽകേണ്ട ബാധ്യതയുണ്ടാകും?!

ശിയാക്കൾ ഖുമുസ് നൽകുന്നതിൽ അവരുടെ അംഗീകൃത ഫുക്വഹാക്കൾ നൽകിയ ചില ഫത്വകൾ: മേലുദ്ധരിച്ച കാര്യങ്ങളും മറ്റു പ്രമാണങ്ങളും അവലംബിച്ച് അവരുടെ വലിയ വലിയ ഫുക്വഹാക്കളും മുജ്തഹിദുകളും ഖുമുസ് ഇളവു നൽകിക്കൊണ്ട് ഫത്വ നൽകിയത്. അവരുടെ പണ്ഡിതർക്കിടയിൽ ഉയർന്ന സ്ഥാനമലങ്കരിക്കുന്ന പ്രമുഖരാണ്.

1. ഹി. 676ൽ മരണപ്പെട്ട മുഹക്വിക്വുൽ ഹുലിയ്യ് എന്ന സ്ഥാനപ്പേരുള്ള നജ്മുദ്ദീൻ ജഅ്ഫർ ബ്നുൽ ഹസൻ: ആദായങ്ങൾക്കും കച്ചവടസ്ഥാപനങ്ങൾക്കും വീടുകൾക്കും ഇമാം മഹ്ദി വന്നിട്ടില്ലാത്ത ഗൈബത്തിന്റെ അവസ്ഥയിൽ ഖുമുസിന്റെ ഓഹരി നൽകൽ നിർബന്ധമാവുന്നില്ലെന്ന് അദ്ദേഹം ഉറപ്പിച്ചു പറഞ്ഞിട്ടുണ്ട്. (182 **كتاب شرائع الإسلام**)

2. ഹി. 690ൽ മരണപ്പെട്ട യഹ്യ ബ്നു സഈദ്. ഖുമുസ് ഇളവനുവദിക്കുന്ന നിലപാടിലേക്ക് ഇമാമുകളെ ആദരിച്ചുകൊണ്ട് ഇദ്ദേഹം ചായ്വ് കാണിച്ചിട്ടുണ്ട്. ( അൽജാമിഉ ലിശ്ശറാഇഅ് 151)

3. ഹിജ്റ 8ാം നൂറ്റാണ്ടിൽ ജീവിച്ച ഹസനു ബ്നുൽ മുത്വഹിർ. അദ്ദേഹം ശിയാക്കൾക്ക് ഖുമുസിൽ ഇളവനുവദിച്ച് ഫത്ത്വ

നൽകിയിട്ടുണ്ട്. ( തഹ്‌രീറുൽഅഹ്കാം 75)

4. ഹി. 966ൽ മരണമടഞ്ഞ ശഹീദ് രണ്ടാമൻ. ഖുമുസിൽ നിരുപാധികം ഇളവനുവദിക്കുകയാണ് അദ്ദേഹം ചെയ്തത്.

(4/355 مجمع الفائدة والبرهان) (മസാലികുൽ ഇഫ്ഹാം5 68)

5. ഹി. 993ൽ മരണമടഞ്ഞ മക്ദസുൽ അർദുബീലി. അദ്ദേഹത്തിന്റെ കാലത്തെ ഏറ്റവും പ്രമുഖനായ ശീഈ ഫഖീഹായിരുന്ന അദ്ദേഹം നിരുപാധികം ഖുമുസിൽ ഇളവനുവദിച്ചു. അദ്ദേഹം പറഞ്ഞു: ഗൈബത്തിന്റെ കാലത്തും ഹുദൂറിന്റെ കാലത്തും മൊത്തത്തിൽ ഇളവുള്ളതാണത്. പ്രബലമായ തെളിവില്ലാത്തതിനാൽ അത് നിർബന്ധമല്ല .

എനിക്ക് പറയാനുള്ളതിതാണ്, وَٱعۡلَمُوٓاْ أَنَّمَا غَنِمۡتُم مِّن شَيۡءٖ (8:41) എന്ന ആയത്ത് വ്യാഖ്യാനിച്ചാണ് അദ്ദേഹം വിധി കണ്ടെത്തിയത്. പിന്നീടദ്ദേഹം ഇമാം മഹ്ദിയെ സംബന്ധിച്ച് ധാരാളം റിപ്പോർട്ടുകളും നമുക്ക് ഖുമുസിൽ ഇളവുണ്ടെന്നു പറഞ്ഞു കൊണ്ട് ഉദ്ധരിക്കുന്നുണ്ട്.

6. അല്ലാമ സല്ലാർ. അദ്ദേഹം പറഞ്ഞു: നിശ്ചയം, മുഴുവൻ ഇമാമുകളും ഗൈബത്തിന്റെ കാലത്ത് ശിയാക്കൾക്കുള്ള പ്രത്യേകമായ പദവിയും ആദരവും എന്ന നിലയിൽ ഖുമുസിൽ ഇളവനുവദിച്ചിരിക്കുന്നു. (അൽമറാസീം633)

7. 11ാം നൂറ്റാണ്ടിന്റെ തുടക്കത്തിൽ മൃതിയടഞ്ഞ ത്വബ്ത്വബാഇ. അദ്ദേഹം പറഞ്ഞു: ഏറ്റവും സ്വഹീഹായത് ഖുമുസ് ഇളവുള്ളതാണ് എന്നതാണ്. (മദാരികുൽഇഫ്ഹാം. 344)

8. 11ാം നൂറ്റാണ്ടിന്റെ അവസാനകാലത്ത് മൃതിയടഞ്ഞ മുഹമ്മദ് ബാകിർ സബ്സവാരി. അദ്ദേഹം പറഞ്ഞു: ആദായത്തിന്റെ വിഷയത്തിലെ ചർച്ചയിലുള്ള നിരവധി റിപ്പോർട്ടുകളിൽ നിന്ന് മനസ്സിലാകുന്നത് ശിയാക്കൾക്ക് ഖുമുസിൽ ഇളവനുവദിച്ചിട്ടുണ്ടെന്നാണ്, ഹാരിസുബ്നു മുഗീറയുടേയും മറ്റു പണ്ഡിതരുടേയും സ്വഹീഹുകളിലുള്ളതു പോലെ. മുഹമ്മദുബ്നു മുസ്‌ലിം, ദാവൂദീ ഇബ്നു കഥീർ, ഇസ്ഹാകു ബ്നു യഅ്കൂബ്, അബ്ദുല്ലാഹിബ്നു സിനാൻ എന്നിവരുടെ റിപ്പോർട്ടുകളിൽ വന്നതു പോലെ.



സുറാറത്തിന്റേയും അലിയ്യുബ്നു മിഹസ്‌യാറിന്റേയും കുറൈബിന്റേയുമൊക്കെ സ്വഹീഹത്തുകളിൽ വന്നതു പോലെ . ഈ അഭിപ്രായത്തിൽ വന്ന ചില സംശയങ്ങൾക്കുള്ള മറുപടിയായി അദ്ദേഹം വെളിപ്പെടുത്തി: ഇതിൽ ഇളവുണ്ടെന്ന റിപ്പോർട്ടുകളാണ് ഏറ്റവും സ്വഹീഹായതും ഏറ്റവും വ്യക്തമായതും . മൊത്തത്തിൽ ഗൈബത്തിന്റെ കാലത്ത് ഖുമുസിൽ ഇളവ് അനുവദനീയമാണെന്ന പ്രമാണം പ്രബലതയിൽ നിന്നൊഴിവല്ല. (ദഖീറത്തുൽ മആദ് 292)

9. മുഹമ്മദ് ബ്നു ഹസനുൽ ഫൈദ് അൽ കാശാനി. അദ്ദേഹത്തിന്റെ (229 مفاتيح الشريعة) ലെ 260ാം നമ്പർ മിഫ്ത്താഹിൽ ഖുമുസ് ഇമാം മഹ്ദിക്കു മാത്രം ഒടുക്കേണ്ടതാണെന്ന വാക്കാണ് തെരഞ്ഞെടുത്തത്. അത് ശിയാക്കൾ മറ്റ് ഇമാമുകൾക്ക് ഒടുക്കുന്നതിൽ ഇളവനുവദിച്ചിട്ടുണ്ടെന്ന് അദ്ദേഹം പറഞ്ഞു.

10. ഹി. 1227ൽ മരണപ്പെട്ട ജഅ്ഫർ കാശിഫുൽ ഗത്വാഅ്. അദ്ദേഹം പറഞ്ഞു: ഖുമുസ് ഇമാമുകൾ ഇളവനുവദിക്കുകയും അത് നൽകൽ നിർബന്ധമല്ലെന്ന് വിധിക്കുകയും ചെയ്തിട്ടുണ്ട് . (കശ്ഫുൽ ഗത്വാഅ 364)

11. ഹി.1266ൽ മരിച്ച മുഹമ്മദ് ഹസൻ നജ്ഫി. ഗൈബത്തിന്റെ കാലത്ത് ശിയാക്കൾക്ക് ഖുമുസ് ഇളവനുവദനിച്ചിട്ടുണ്ടെന്ന് അദ്ദേഹം തറപ്പിച്ചു പറഞ്ഞിട്ടുണ്ട്. മാത്രമല്ല, മഹ്ദി വന്നാലും അത് ഗൈബത്തു കാലത്തേതു പോലെയാണെന്നും ഈ വിഷയത്തിൽ മുതവാത്തിറോളമെത്തുന്ന റിപ്പോർട്ടുകൾ വ്യക്തമായി വന്നിട്ടുണ്ടെന്നും അദ്ദേഹം പറയുന്നു. (ജവാഹിറുൽകലാം 16/141) .

12. ഹി. 1310ൽ മരിച്ച ശൈഖ് രിദാ അൽ ഹമദാനി. ഗൈബത്തിന്റെ അവസ്ഥയിൽ ഖുമുസിൽ ഇളവനുവദിച്ചിട്ടുണ്ടെന്ന് അദ്ദേഹം വ്യക്തമാക്കി ( മിസ്വാബാഹുൽ ഫഖീഹ് 155) ഇദ്ദേഹം വളരെ സമീപകാലത്ത്, ഏതാണ്ട് ഒരു നൂറ്റാണ്ടു മുമ്പ് ജീവിച്ച ശീഈ പണ്ഡിതനാണ്.

തൽക്കാലം ഇതിവിടെ നിറുത്തുന്നു.

ഇപ്രകാരം ശിയാക്കൾക്ക് ഖുമുസിൽ ഇളവനുവദിക്കുകയും അതിൽ വിട്ടുവീഴ്ച നൽകാൻ പ്രേരിപ്പിക്കുകയും ചെയ്ത ധാരാളം വചനങ്ങൾ നമുക്ക് കാണാൻ കഴിയും. ഈ ഫത്‌വകൾ പൂർവികരും

ആധുനികരുമായ എല്ലാ ശീഈ മുജ്തഹിദുകളുടെയരികിലും പ്രസിദ്ധമാണ്. ഇക്കാലമത്രയും അത് അവർ നടപ്പാക്കിപ്പോന്നിട്ടുമുണ്ട്. ഇപ്പോൾ പിന്നെ ആർക്കത് നിഷേധിക്കാനും മാറ്റം വരുത്താനും കഴിയും?! ഫുഖഹാഉം മുജ്ത്തഹിദുകളുമൊന്നും ഇമാമുകളേക്കാൾ ശ്രേഷ്ഠരല്ലല്ലോ?

നാം നേരത്തേ സൂചിപ്പിച്ച പണ്ഡിതരിൽ പരിമിതമല്ല ഖുമുസിൽ ഇളവനുവദിക്കുന്ന നിലപാട്. ഇതിന്റെ എത്രയെത്രയോ ഇരട്ടി ഫുഖഹാക്കളും മുജ്തഹിദുകളും ഇക്കാര്യം നമ്മോട് പറഞ്ഞു പോന്നിട്ടുണ്ട്. എന്നാൽ ഖുമുസ് നിർബന്ധമല്ലെന്നും ഇളവുണ്ടെന്നും നമുക്ക് വ്യക്തമാകാൻ ഓരോ നൂറ്റാണ്ടിൽ നിന്നും ഓരോന്നു മാത്രം നാം തെരഞ്ഞെടുത്ത് സൂചിപ്പിച്ചുവെന്നു മാത്രം. ഈ കാലത്തും പണ്ഡിതന്മാരുടെ മുൻഗണനയുള്ള അഭിപ്രായം അതു തന്നെയാണ്. നമുക്ക് ശീഈ മൻഹജിലുള്ള രണ്ട് പ്രമുഖരുടെ ഫത്‌വകൾ തന്നെയെടുക്കാം, ശൈഖ് മുഫീദും ശൈഖ് അത്ത്വൂസിയും.

ശൈഖ് മുഫീദ് പറഞ്ഞു: ഗൈബത്തിന്റെ നേരത്തുള്ള ഖുമുസിന്റെ വിഷയത്തിൽ നമ്മുടെ പണ്ഡിതരിൽപ്പെട്ട ചിലർ അഭിപ്രായ ഭിന്നതയിലായിട്ടുണ്ട്. .. അവരിൽ ഒരു കൂട്ടർ ഇമാമിന്റെ ഗൈബത്തിന്റെ കാലത്ത് അത് വാങ്ങാൻ അവകാശമില്ലെന്നു പറഞ്ഞവരാണ്. ഈ വിഷയത്തിൽ ഇളവനുവദിച്ചതിൽ നിന്ന് നേരത്തേ ചില റിപ്പോർട്ടുകൾ നൽകിയിട്ടുണ്ട്. ചിലർ അതു സൂക്ഷിച്ചു വെക്കൽ നിർബന്ധമാണെന്നു പറഞ്ഞവരാണ്. ഒരു റിപ്പോർട്ട് ഇങ്ങനെ വിശദീകരിക്കുന്നു: ഇമാം പ്രത്യക്ഷനാകുമ്പോൾ ഭൂമി അതിന്റെ നിധികൾ വെളിപ്പെടുത്തും, അദ്ദേഹം എഴുന്നേറ്റു വരുമ്പോൾ ആ നിധികൾ അല്ലാഹു അദ്ദേഹത്തെ അറിയിക്കും. എല്ലാ സ്ഥലത്തു നിന്നും അദ്ദേഹം അത് കൈവശപ്പെടുത്തും . മഹ്ദിക്കുവേണ്ടി ഖുമുസ് നീക്കിവെക്കപ്പെടും. അദ്ദേഹം പ്രത്യക്ഷനാകുന്നതിനു മുമ്പ് മരണപ്പെടുമെന്ന് ആരെങ്കിലും ഭയന്നാൽ അത് ഇമാമിലേക്ക് ഏൽപിക്കാൻ വേണ്ടി തന്റെ അക്ദിലും കടത്തിലും ബന്ധം സ്ഥാപിച്ചവനിലേക്ക് അത് വസ്വിയ്യത്ത് ചെയ്തു വെക്കണം. പിന്നെ ഈ നിബന്ധനയനുസരിച്ച് മറഞ്ഞ ഇമാം നിലവിൽ വരുമ്പോഴേക്കും അദ്ദേഹത്തിലെത്തിക്കണം. അദ്ദേഹം പറഞ്ഞു: ഈ വാക്കാണ് എന്റെയരികിൽ മുന്നിൽ വന്നതിനേക്കാളെല്ലാം വ്യക്തമായത്. കാരണം ഖുമുസ് മറഞ്ഞ ഇമാമിന്നുള്ള അവകാശമാകുന്നു. ഗൈബത്തിനു മുമ്പ് ആർക്കും അതൊടുക്കാൻ ചുമത്തപ്പെട്ടിട്ടില്ല.



പിന്നെ അദ്ദേഹം പറഞ്ഞു: സകാത്തിന്റെ നടപടി പോലെത്തന്നെയാണ് അതും നടപ്പാക്കുക. അതിന്റെ അവകാശത്തിന്റെ സമയം വരുമ്പോൾ നൽകണം. ആ നേരത്ത് അതിൽ വീഴ്ച വരുത്താൻ പാടില്ല. അദ്ദേഹം പറഞ്ഞു: ഖുമുസിന്റെ ഓഹരിയിൽ നിന്ന് നാം പറഞ്ഞതിലേക്ക് ഒരു പോകുന്നവൻ പോയാൽ അവനാണ് ഇമാമിനോട് കൂറു പുലർത്തിയവൻ. മറ്റൊന്ന് ഖുർആൻ പറഞ്ഞതനുസരിച്ച് ഓഹരി ആലു മുഹമ്മദിലെ അനാഥകൾക്കും അവരിലെ വഴിയാത്രക്കാർക്കും അഗതികൾക്കുമുള്ളതാണ്. അദ്ദേഹം പറഞ്ഞു: ആരെങ്കിലും ഇതു ചെയ്താൽ ആ വിഷയത്തിൽ അവർ സത്യത്തിലാണ്. തീർച്ചയായും ഈ വിഷയത്തിൽ നമ്മുടെയാളുകൾക്ക് അഭിപ്രായ വ്യത്യാസമുണ്ട്. (അൽ മുഖ്നിഅ് 46)

നജ്ഫിയ്യാ ഹൗസയുടെ സ്ഥാപകനും അതിന്റെ തലവനുമായിരുന്ന ഹിജ്റ 460ൽ മരണപ്പെട്ട ശൈഖ് ത്വൂസി ഖുമുസിന്റെ വിധികൾ പരാമർശിച്ച ശേഷം പറഞ്ഞു: ഖമുസ് ഇമാം പ്രത്യക്ഷപ്പെട്ട അവസ്ഥയിലാണ് വേണ്ടത്. പിന്നെ അദ്ദേഹം പറഞ്ഞു: എന്നാൽ (ഇമാം നിലവിലില്ലാത്ത) ഗൈബത്തിന്റെ അവസ്ഥയിൽ അവരുകക്ഷിക്കു വേണ്ടി വിനിമയം ചെയ്യാൻ ഭാര്യമാരിലും കച്ചവട സ്ഥാപനങ്ങളിലും വീടുകളിലും പെട്ട അവരുടെ അവകാശങ്ങളിൽ അവർ ഇളവനുവദിച്ചിട്ടുണ്ട്.

പിന്നീട് ത്വൂസി ഈ വാക്കുകൾ നാലെണ്ണത്തിൽ പരിമിതപ്പെടുത്തിയിരിക്കുന്നു.

1. അവരിൽ ചിലർ പറഞ്ഞു: നിശ്ചയം ഇത് ഇമാം മറയിലായിരിക്കുമ്പോൾ ഭാര്യമാരിൽ നിന്നും കച്ചവടസ്ഥാപനങ്ങളിൽ നിന്നും നമുക്കിളവനുവദിച്ചത് നടത്തുന്നതു പോലെയാണ് നടത്തേണ്ടത്. അതായത്, ഗൈബത്തിൽ അല്ലെങ്കിൽ ഇമാം മറയിലായിരിക്കുന്നത് നീളുന്നേടത്തോളം ഇളവ് അനുവദിക്കപ്പെട്ടിട്ടുണ്ട്. ഇതാണ് ഏറ്റവും ശരിയായ വാക്ക്. കാരണം ഇമാമുകളിൽ നിന്ന് വന്ന നസ്സ്വുകളോട് ഇതാണ് യോജിച്ചു വരുന്നത്. അതാണ് ഭൂരിപക്ഷം ഫുഖഹാക്കൾ പറഞ്ഞിട്ടുള്ളതും.

2.മറ്റൊരു സംഘം പറഞ്ഞു: ഒരു മനുഷ്യൻ ജീവിച്ചിരിക്കുന്നേടത്തോളം അത് സൂക്ഷിച്ചു വെക്കൽ നിർബന്ധമാണ്. മരണാസന്നനായാൽ സത്യവിശ്വാസികളായ സഹോദരങ്ങളിൽ നിന്ന് കരാറുള്ളവനിലേക്ക് സ്വാഹിബുൽ അംറ്* വന്നാൽ അത് ഏൽപിക്കുന്നതിന്നു വേണ്ടി വസ്വിയ്യത്ത് ചെയ്യണം.

3.മറ്റൊരു വിഭാഗം പറഞ്ഞു: അത് കുഴിച്ചു മൂടൽ നിർബന്ധമാണ്. കാരണം അൽകാഇം* (മറഞ്ഞ ഇമാം) വരുമ്പോൾ ഭൂമി അതിന്റെ നിധികൾ മുഴുവൻ പുറത്തിടും.

4.മറ്റൊരു ജനത പറഞ്ഞു: ഖുമുസിനെ ആറ് ഓഹരിയാക്കി വീതിക്കണം. മൂന്ന് ഓഹരികൾ ഇമാമിനു വേണ്ടി കുഴിച്ചിടണം. അല്ലെങ്കിൽ വിശ്വസിക്കാൻ പറ്റിയവരുടെയരികിൽ സൂക്ഷിക്കാനേൽപിക്കണം. ഇതാണ് ത്വൂസി തെരഞ്ഞെടുത്ത അഭിപ്രായം. മറ്റേ മൂന്ന് ഓഹരികൾ ആലു മുഹമ്മദിലെ അനാഥകളിൽ നിന്നും വഴിയാത്രക്കാരിൽ നിന്നും അഗതികളിൽ നിന്നും അർഹതയുള്ളവർക്ക് വീതിച്ചു നൽകണം. ഇതാണ് ഈ വിഷയത്തിൽ സ്വീകരിക്കേണ്ട നടപടി.

ഖുമുസിനെ സകാത്തിനോട് ഖിയാസ് ചെയ്തതിൽ ശൈഖ് മുഫീദിന്റെ ഫത്‌വയോട് യോജിച്ചു വരുന്നതാണ് ഈ വാക്കും.

പിന്നെ അദ്ദേഹം പറഞ്ഞു: ഒരു മനുഷ്യൻ സൂക്ഷിപ്പു സ്വത്ത് ഉപയോഗിക്കുകയാണെങ്കിൽ മേൽപറഞ്ഞ വാക്കിൽ ഏതെങ്കിലുമനുസരിച്ച് പണിയെടുക്കുകയാണെങ്കിൽ അയാൾക്കോ വസ്വിയ്യുമാർക്കോ കുഴിച്ചുമൂടിയതിൽ നിന്ന് പകരമെടുക്കാവുന്നതാണ്. എങ്കിൽ പാപമാകുന്നതല്ല.

ഈ നാലു വാക്കുകളും നാം നിരീക്ഷിക്കുകയാണെങ്കിൽ ചില വിശദാംശങ്ങളിൽ ഭിന്നതയുണ്ടെങ്കിൽ പോലും ഒരു കാര്യത്തിൽ അത് യോജിക്കുന്നു. ഖുമുസിന്റെ യഥാർത്ഥ അവകാശി അദൃശ്യനായ ഇമാം ആണെന്ന കാര്യത്തിൽ തർക്കമില്ല.

പ്രത്യേകിച്ചും മേൽപറഞ്ഞ നാലു വാക്കുകളും ഭിന്നിക്കുന്നത് ഖുമുസ് എങ്ങനെ കൈകാര്യം ചെയ്യണം എന്ന വിഷയത്തിൽ മാത്രമാണ്. അല്ലാതെ തീർച്ചയായും അതിൽ അതിന്റെ നിർബന്ധാവസ്ഥ വ്യക്തമാക്കുന്നതിന്നും അതിൽ നിന്ന് സാദത്തുക്കൾക്കും മുജ്തഹിദുകൾക്കും അനുവദിക്കുകയും ചെയ്യുന്നതിന്നും മറ്റും സൂചനയില്ല.



നിശ്ചയം, ശൈഖ് ത്വൂസി തെരഞ്ഞെടുത്ത നാലാമത്തെവാക്കാണ് ശിയാക്കൾ അംഗീകരിക്കുന്നത്. അദ്ദേഹം ഒരു കക്ഷിയുടെ ശൈഖും ഹൗസത്തുൽ ഇൽമിയ്യയുടെ സ്ഥാപകനുമാണെന്നത് മറച്ചു വെക്കേണ്ടതില്ല താനും.

എന്റെ ശീഈ സഹോദരാ, ഈ ശൈഖും അദ്ദേഹത്തിന്റെ കാലത്തും മുമ്പും ശേഷവുമുള്ള ഭൂരിപക്ഷം ശിയാക്കളും പിഴച്ചവരാണെന്ന് താങ്കൾ മനസ്സിലാക്കുമോ? അപ്പോൾ ഇത് ഹൗസത്തുൽ ഇൽമിയ്യത്തുന്നജ്ഫിയ്യയിലെ ആദ്യ തലവന്റെ ഫത്ത്‌വയാണ്!

ഹൗസയിലെ ആദ്യത്തെ തലവനും അവസാനത്തെ തലവനും തമ്മിലുള്ള വ്യത്യാസം മനസ്സിലാക്കുന്നതിന്നായി അതേ ഹൗസയിലെ മറ്റൊരു തലവൻ മൗലാനാ ഇമാം അർറാഹിൽ അബുൽ ഖ്വാസിം അൽഖൂഇയുടെ ഫത്ത്‌വ നമുക്കൊന്നു കാണാം.

ഇമാം ഖൂഈ ഖുമുസിന്റെ അവകാശവും വ്യവഹാരവും വിശദമാക്കി പറഞ്ഞു: നമ്മുടെ ഈ ഗൈബത്തിന്റെ കാലത്ത് ഖുമുസിനെ രണ്ടായി പകുക്കണം. ഒരു ഓഹരി നാം കാത്തിരിക്കുന്ന ഇമാമിനു വേണ്ടി. അദ്ദേഹത്തിന്റെ വിടവ് അല്ലാഹു എത്രയും പെട്ടെന്ന് നികത്തിത്തരട്ടെ. നമ്മുടെ ആത്മാക്കൾ അല്ലാഹു അതിന്നു പകരമായി സ്വീകരിച്ചു കൊള്ളട്ടെ. മറ്റേ ഓഹരി ബനൂഹാശിമിലെ അനാഥകൾക്കും അഗതികൾക്കും വഴിയാത്രക്കാർക്കും വേണ്ടി. എന്നിട്ടിത്ര വരെ അദ്ദേഹം പറഞ്ഞു: ഇമാമിനും അദ്ദേഹത്തിന്റെ പിതാക്കൾക്കുമുള്ള ഓഹരിയാണ് ഏറ്റവും ഉൽകൃഷ്ടമായത്. ഗൈബത്തിന്റെ കാലത്ത് അത് ഇമാമിന്റെ പകരക്കാരനിലേക്ക് മടങ്ങും. അതായത് അദ്ദേഹമിപ്പോൾ ഫഖ്വീഹ് മഅ്മൂൻ ആണ്. ഒന്നുകിൽ അദ്ദേഹത്തിന്നടക്കുക. അല്ലെങ്കിൽ അദ്ദേഹത്തിൽ നിന്ന് ഇളവിനുള്ള അനുമതി തേടുക. (ضياء الصالحين مسألة 347 )

ഇമാം ഖൂഇയുടെ ഫത്ത്‌വ ശൈഖ് ത്വൂസിയുടെ ഫത്ത്‌വയിൽ നിന്ന് വ്യത്യസ്തമാണ്. ശൈഖ് ത്വൂസി ഖുമുസോ അതിന്റെ വിഹിതമോ ഫഖ്വീഹ് മുജ്തഹിദിന്ന് നൽകാമെന്നു പറയുന്നില്ല.

അദ്ദേഹം ഭൂരിപക്ഷം വരുന്ന സമകാലികരായ ശിയാക്കളുടെ ഫത്ത്‌വക്കനുസരിച്ച് നടപടിയെടുക്കുക മാത്രമാണ് ചെയ്തിട്ടുള്ളത്. എന്നാൽ ഇമാം ഖൂഇയുടെ ഫത്ത്‌വ നാം കാണുമ്പോൾ ഖുമുസോ അതിന്റെ വിഹിതമോ ഫക്വീഹ് മുജ്തഹിദിന്ന് നൽകണമെന്നാണ് പറയുന്നത്.

## ഖുമുസിന്റെ വീക്ഷണത്തിൽ വിവിധഘട്ടങ്ങളുടെ സംക്ഷിപ്തം

ഒന്നാമത്തെ വാക്ക്: ഇമാമിയ്യാ പരമ്പര മുറിഞ്ഞതിന്നു ശേഷം ഇമാം മഹ്ദിയുടെ ഗൈബത്ത് കാലത്ത് അദൃശ്യനായ ഈ ഇമാമിന്റെ അവകാശമാണ്* ഖുമുസ്. അല്ലാതെ ഫക്വീഹിന്നോ മുജ്തഹിദിന്നോ, സയ്യിദിന്നോ ഇതിന്നവകാശമില്ല. അതുകൊണ്ടാണ് അദൃശ്യനായ ഇമാമിന്റെ പകരക്കാരായി വന്ന ഇരുപതിലേറെപ്പേരും വാദിച്ചത്, ഞങ്ങൾ അദൃശ്യനായ ഇമാമിനെ കണ്ടുമുട്ടും, നിങ്ങൾ തരുന്ന സമ്പാദ്യങ്ങളിലെ ഖുമുസുകൾ അദ്ദേഹത്തിന്നു നൽകാൻ ഞങ്ങൾക്കു കഴിയും എന്ന്.

ഇത് ചെറിയ ഗൈബത്ത് കാലത്തായിരുന്നു. അതിന്നു ശേഷം മുജ്തഹിദിന്നോ സയ്യിദിന്നോ ഖുമുസ് നൽകാതിരുന്ന ഒന്നോ രണ്ടോ നൂറ്റാണ്ട് കഴിഞ്ഞു പോയി. ഈ ഇടവേളയിലാണ് ആദ്യത്തെ നാല് സ്വിഹാഹ് എന്നറിയപ്പെടുന്ന നാലു ഗ്രന്ഥങ്ങൾ പുറത്തു വന്നത്. അതെല്ലാം ഇമാമുകളിൽ നിന്ന് പ്രമാണ മുദ്ധരിക്കുന്നത് ശിയാക്കൾക്ക് ഖുമുസ് ഇളവനുവദിച്ചിട്ടുണ്ടെന്ന് മാത്രമാണ്. അവിടെയൊന്നും സാദത്തുക്കൾക്കോ മുജ്ത ഹിദുകൾക്കോ ഖുമുസുകൾ നൽകാനുള്ള ഫത്‌വ കാണാനേയില്ല.

രണ്ടാമത്തെ വാക്ക്: പിന്നെ കാര്യം അൽപം കൂടി പുരോ ഗമിച്ചു, നേരത്തേ വിവരിച്ച പ്രകാരം ഗൈബത്തിന്റെ കാലത്ത് ഖുമു സ് നൽകുന്നതിൽ നിന്നുള്ള ഇളവിൽ കാര്യം പുരോഗമിച്ചപ്പോൾ അവർ പറഞ്ഞു ഖുമുസ് പുറത്തെടുക്കൽ നിർബന്ധമാണെന്ന്, ഒന്നാമത്തെ വാക്കിൽ നിന്ന് ഒഴിവാകാൻ ചരക്കിന്റെയാളുകൾ ഉദ്ദേശിക്കുമ്പോൾ. അപ്പോഴവർ പറഞ്ഞു: ഇമാം മഹ്ദി വെളി പ്പെടുന്നതു വരേക്കും ഖുമുസ് ഭൂമിയിൽ കുഴിച്ചിടൽ നിർബന്ധമാണ്.



മൂന്നാമത്തെ വാക്ക്: വീണ്ടും കാര്യം ഗതിമാറി. അപ്പോഴവർ പറഞ്ഞു: വിശ്വസ്തനായ ഒരു വ്യക്തിയെ അതേൽപിക്കണം. അതിന് ഏറ്റവും യോജിച്ചത് മദ്ഹബിന്റെ ഇമാമുകളാണ്. നിർബന്ധ മാക്കിയില്ലെങ്കിലും അത് പുണ്യമാണെന്ന് പ്രേരണ നൽകിക്കൊ ണ്ടിരുന്നു. ഫക്വീഹിന്ന് സ്വതന്ത്രമായി കൈകാര്യം ചെയ്യാൻ പറ്റില്ല. പക്ഷേ മഹ്ദി വരുന്നതു വരെ സൂക്ഷിച്ചു വെക്കും (എന്നായിരുന്നു വിശദീകരണം).

ഇവിടെ ചില സുപ്രധാന നിരീക്ഷണങ്ങൾ വരുന്നുണ്ട്. ഇതാണവ: ഫുക്വഹാക്കളിൽ ആരെങ്കിലും തന്റെയരികിൽ സൂക്ഷിക്കാനേൽപിച്ച ഈ സ്വത്തുകൾ സൂക്ഷിക്കുകയും പിന്നീട് അദ്ദേഹത്തിന്റെ മരണശേഷം അദ്ദേഹത്തിന്റെ പിൻമുറക്കാർക്ക് കൈമാറുകയും ചെയ്യണമോ? സംശയമില്ല, ശരിയായ ഉത്തരം അത് ഈ വ്യക്തി പോലെ കാണപ്പെടുകയില്ല. ജനങ്ങളുടെ സ്വത്ത് അഥവാ ഖുമുസ് തന്റെയരികിൽ സൂക്ഷിക്കാനേൽപിച്ചിട്ട് തന്റെ ശേഷം വന്നവരിലേക്ക് അത് നീങ്ങിയെന്ന് ഒരാളിൽ നിന്നും നാം കേൾക്കുകയോ ഒരിടത്തും നാം വായിക്കുകയോ ചെയ്തിട്ടില്ല.

ശരിയെന്തെന്നാൽ ഈ സ്വത്തുക്കൾ സൂക്ഷിക്കാൻ ഏൽപിക്കപ്പെട്ടവരിൽ നിന്ന് അവരുടെ അനന്തരാവകാശികൾ വന്ന് അവർക്കിടയിൽ അത് വീതിച്ചെടുക്കുകയെന്നുള്ളതാണ്. അവരുടെ പിതാക്കളിൽ നിന്നുള്ള മറ്റു സ്വത്തുക്കളോടൊപ്പം. അപ്പോൾ ഇമാമിന്റെ ഖുമുസ് ഫക്വീഹ് അമീനിന്റെ അനന്തരാവകാശികളിലേ ക്കെത്തും. ഇത്, ഈ ഫക്വീഹ് യഥാർത്ഥത്തിൽ അമീൻ (വിശ്വസ്തൻ) ആണെങ്കിൽ ആ ധനം തനിക്ക് വേണ്ടി സ്വന്തമാവുകയില്ല!! ഈ കാര്യത്തെ അഭികാമ്യം എന്നതിൽ നിന്ന് നിർബന്ധം എന്ന വിധിയിലേക്ക് ഘട്ടംഘട്ടമായി എത്തിച്ച ക്വാദി ഇബ്നു ബഹ്റാജിനെ അനുസ്മരിക്കുന്നത് ഉചിതമായിരിക്കും. അദ്ദേഹമാണ് ഇമാമിന്റെ വീതം അദൃശ്യനായ ഇമാമിനെ കണ്ടുമുട്ടുമ്പോൾ ഏൽപി ക്കുന്നതിന്നായി ഫക്വീഹിനേയോ മുജ്തഹിദിനേയോ ഏൽപിക്കൽ നിർബന്ധമാണെന്ന് ആദ്യം പറഞ്ഞയാൾ. ( المهذب 8/180 )

ഇത് സുപ്രധാന ചുവടാണ്.

നാലാമത്തെ വാക്ക്: പിൽക്കാല പണ്ഡിതന്മാർ വരികയും

അൽപാൽപമായി ഈ പ്രശ്നത്തെ അവസാനത്തേതിനു മുമ്പുള്ള പരിണാമം വരെ ക്രമേണ എത്തിക്കുകയും ചെയ്തു. എന്നിട്ടവർ അഹ്ലുബൈത്തിൽ നിന്നുള്ള അഗതികളിലും അനാഥകളിലും പെട്ട അവകാശികൾക്കിടയിൽ വീതിക്കുന്നതിന്നായി ഫുക്വഹാഇന്ന് ഖുമുസ് നൽകൽ നിർബന്ധമാണെന്ന് പറഞ്ഞു. ഏറ്റവും ശരിയായ അഭിപ്രായം ആറാം നൂറ്റാണ്ടിലെ ഫക്വീഹ് ഇബ്നുഹംസയാണ് ഈ വാക്കിലേക്ക് ചാഞ്ഞ ഒന്നാമത്തെയാൾ എന്നതാണ് (الوسيلة في نيل الفضيلة682 ). ഇതിനെ അദ്ദേഹം തനിക്കും തന്റെ സ്വന്തക്കാർക്കും വീതിച്ചു നൽകുന്ന സ്വാഹിബുൽ ഖുമുസിന്റെ വ്യവസ്ഥയേക്കാൾ ഉത്കൃഷ്ടമായി പരിഗണിക്കുകയും ചെയ്തു.

അഞ്ചാമത്തെ വാക്ക്: ഈ പരിണാമം അൽപാൽപമായി തൊട്ടു മുമ്പുള്ള നൂറ്റാണ്ടിലെ അവസാനകാലഘട്ടത്തിൽ അവസാന കാൽവെയ്പ് എത്തുന്നതു വരെ തുടർന്നു. അപ്പോൾ ചില ഫുക്വഹാക്കൾ ഇമാമിന്റെ ഓഹരി വിദ്യാഭ്യാസം, ദീനീസംരംഭങ്ങൾ തുടങ്ങി ചില രംഗങ്ങളിൽ തങ്ങളുടെ താൽപര്യമനുസരിച്ച് വിനിയോഗിക്കാമെന്നു വരെ പറഞ്ഞു. ഇക്കാര്യം സയ്യിദ് മുഹ്സിനുൽ ഹകീം ഫത്വ നൽകിയത് കാണാം ( 9/584مستمسك العروة االوثقي). ഇമാമിന്റെ ഓഹരി വിനിയോഗിക്കുന്നതിൽ ഫക്വീഹിലേക്ക് മടക്കേണ്ട ആവശ്യമില്ലെന്നും അദ്ദേഹത്തിന്റെ വാക്കിനോടൊപ്പമുണ്ട്. ഇതുകൊണ്ട് അർത്ഥമാക്കുന്നത് ഫക്വീഹിന്റെ ഓഹരിയുടെ വിനിയോഗം എന്നത് ഈ ഏറ്റവും അവസാനകാലത്ത് പൊങ്ങി വന്ന ഒരു പ്രശ്നം മാത്രമാണ് എന്നതാണ്. അപ്പോഴവർ അവരുടെ പ്രവർത്തനത്തിലേക്ക് നോക്കുന്നു. അപ്പോൾ അവരുടെ മദ്റസകളിലും പ്രസ്സുകളിലും അവരുടെ ചെലവുകളിൽ നിന്ന് അതിന്നാവശ്യമുള്ളതിലും അവരത് വിനിയോഗിക്കുകയും ചെയ്യുന്നു.

അപ്രകാരം അവരുടെ വ്യക്തിപരമായ ആവശ്യങ്ങളിലും ഇതു മുഴുവൻ അവർക്കെങ്ങനെ കൈകാര്യം ചെയ്യാനും ഈ ആവശ്യങ്ങൾ നിവർത്തിക്കാനും കഴിയുമെന്ന് അവർ നിരീക്ഷിക്കുന്നു.

ഫുക്വഹാഇന്റേയും മുജ്തഹിദുകളുടേയും അരികിൽ ഇന്നു നാം കാണുന്നപോലെ ഖുമുസിലേക്കുള്ള അവരുടെ നിരീക്ഷണം



അവരുടെ എല്ലാ ആവശ്യങ്ങളും നിറവേറ്റുന്നതും വ്യക്തിപരമായ എല്ലാ പ്രയോജനങ്ങളും നിറവേറ്റാനുള്ള ഏറ്റവും മികച്ച ഒരു സാമ്പത്തിക ഉറവിടം പോലെ ആണ്.

ഈ പ്രശ്നം ഖുമുസുകൾ ഫുക്വഹാഇന്നും മുജ്തഹിദുകൾക്കും നൽകൽ നിർബന്ധമാണെന്ന് സ്ഥിരപ്പെടുന്നതു വരെ എത്രയോ ഘട്ടങ്ങളും ഊഴങ്ങളും കടന്നു പോയിട്ടുണ്ട്. അതുകൊണ്ട് നമുക്ക് വ്യക്തമാക്കാനുള്ളത് ഖുമുസിന്ന് ക്വുർആനിലോ സുന്നത്തിലോ ഇമാമിന്റെ വചനത്തിൽ പോലുമോ ഒരു തെളിവും കണ്ടെത്താൻ കഴിയുകയില്ലെന്നാണ്. മറിച്ച് പിൽക്കാലത്തു മാത്രം പ്രത്യക്ഷപ്പെട്ട ഒരു വാക്കാണ്. ക്വുർആനിനും സുന്നത്തിനും ഇമാമുകളുടെ വചനങ്ങൾക്കും സ്വീകാര്യരായ ഫുക്വഹാഇന്റേയും മുജ്തഹിദുകളുടേയും ഫത്വകൾക്കും വിരുദ്ധമായി വളരെ പിൽക്കാലക്കാരായ ചില മുജ്തഹിദുകൾ പറഞ്ഞ ഒരു വാക്കു മാത്രം.

എന്റെ ശിയാസഹോദരങ്ങളോടെനിക്കുണർത്താനുള്ളത് തങ്ങളുടെ സമ്പാദ്യത്തിന്റേയും കച്ചവടലാഭങ്ങളുടേയും ഖുമുസുകൾ മുജ്തഹിദുകളായ സാദാത്തുകൾക്ക് നൽകുന്ന സമ്പ്രദായം നിറുത്തി വെക്കണമെന്നാണ്. കാരണം അത് (ശീഈ വിശ്വാസപ്രകാരം തന്നെ) ഇമാമുകൾക്ക് മാത്രം അനുവാദമുള്ളതാണ്. അല്ലാതെ സയ്യിദിന്നോ ഫക്വീഹിന്നോ അതിൽ യാതൊരു വിഹിതവും ഇല്ല. മുജ്തഹിദിന്നോ ഫക്വീഹിന്നോ ഖുമുസ് നൽകുന്നവൻ ഇമാമുകളുടെ വാക്കുകൾക്ക് എതിരു പ്രവർത്തിക്കുന്നവരാണ്. അതായത്, നേതാവ് (മഹ്ദി) പ്രത്യക്ഷനാകുന്നതു വരെ ശിയാക്കളിൽ നിന്ന് ഖുമുസ് എടുത്തു കളയപ്പെട്ടിട്ടുണ്ട്.

അലിയുബിനുൽ ഹക്കമിൽ നിന്ന് ത്വൂസി റിപ്പോർട്ട് ചെയ്യുന്നു അദ്ദേഹം പറഞ്ഞു സ്വഫാൻ പറയുന്നത് ഞാൻ കേട്ടു. ഞാൻ രിദാആനോട് പറഞ്ഞു. നിങ്ങളുടെ വാല്യക്കാരിലൊരാൾ നിങ്ങളോട് ഒരു സംശയം ചോദിക്കാൻ ലജ്ജയായതിനാൽ എന്നെ ഏൽപിച്ചിട്ടുണ്ട്. അദ്ദേഹം ചോദിച്ചു എന്താണത്. അദ്ദേഹം ചോദിക്കുന്നത് ഒരു പുരുഷന് തന്റെ ഭാര്യയുടെ ഗുഭഭാഗത്ത് ഭോഗം ചെയ്യാൻ പറ്റുമോ എന്നാണ് അദ്ദേഹം പറഞ്ഞു അതെ അത് അവന് അനുവദനീയമാണ്. സംശയം വേണ്ട ഈ റിപ്പോർട്ടുകളല്ലാം വിശുദ്ധ ക്വർആന് വിരുദ്ധമാണ്. അതു പറയുന്നത് കാണുക.

അവർ ആർത്തവത്തെ സംബന്ധിച്ച് നിന്നോട് ചോദിച്ചു (നബിയേ) താങ്കൾ പറയുക അത് ഒരു ഉൽഭവമാണ്. ആർത്തവസമയത്ത് നിങ്ങൾ സ്ത്രീകളെ വിട്ടു നിൽക്കുക. അവർ ശുദ്ധയാകുന്നതുവരെ അവരെ നിങ്ങൾ സമീപിക്കരുത്. ഗുഭഭോഗം അനുവദനീയമാണെങ്കിൽ അവരെ സമീപിക്കരുത് എന്നു പറയുമായിരുന്നില്ലല്ലോ. മുൻഭാഗം ഒഴിവാക്കണമെന്നല്ലേ പറയൂ!

ഈ ആയതുകൊണ്ട് ഗുഭോഗവും വിരുദ്ധമാണെന്ന് വ്യക്തമാണ്. പിന്നീട് എങ്ങനെയാണ് സ്ത്രീയെ സമീപിക്കേണ്ടതെന്ന് തുടർന്ന് അല്ലാഹു വ്യക്തമാക്കിയിട്ടുണ്ട്.

അവർ ശുദ്ധിയായാൽ അല്ലാഹു നിങ്ങളോട് കല്പിച്ച് പ്രകാരം അവരിലേക്ക് നിങ്ങൾ ചെന്നുകൊള്ളുക. അതായത് അവരുടെ ജനനേന്ദ്രിയത്തിലൂടെ മാത്രം അവരിലേക്കു ചെല്ലുക എന്നർത്ഥം.

നിങ്ങളുടെ സ്ത്രീകൾ നിങ്ങളുടെ ഹർഥ് (കൃഷിയിടം) ആണ്. നിങ്ങളുടെ കൃഷിയിടത്തെ നിങ്ങളിച്ഛിക്കും വിധം സമീപിച്ചുകൊള്ളുക.

എങ്ങനെ സമീപിച്ചാലും അത് കൃഷിയിടത്തിലാകണം. കൃഷിയിടം എന്നാൽ കുഞ്ഞിനെ പ്രതീക്ഷിക്കുന്ന ജനനേന്ദ്രിയമാണെന്ന കാര്യത്തിൽ നമ്മുടെ പണ്ഡിതർക്കും ദുഫനിറുകൾക്കും തർക്കമില്ലതാനും.

അബൂയത്ത് ഫൂർ അബൂഅബ്ദില്ലാ ആൽ നിന്ന് ഉദ്ധരിക്കുന്ന റിപ്പോർട്ടിൽ കൃഷിയിടം എന്നാൽ ജനനേന്ദ്രിയമാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്.

സ്വവർഗഭോഗികളായ തന്റെ ജനതയോട് ലൂത്ത് (അ) ഇതാ എന്റെ പെൺമക്കൾ അവരെ ഞാൻ നിങ്ങൾക്ക് പരിശുദ്ധമായി നൽകുന്നു എന്ന വചനം ദുർവ്യാഖ്യാനം ചെയ്തുകൊണ്ട് സ്ത്രീകളുമായി ജനനേന്ദ്രിയമല്ലാത്തിടങ്ങളിൽ ഭോഗം ചെയ്യാമെന്ന് രിഭാക്കു പറഞ്ഞതായി ഇവർ റിപ്പോർട്ട് ചെയ്യുന്നുണ്ട്.

എന്നാൽ ഞാൻ പറയട്ടെ, മറ്റൊരു ആയത്ത് പരിശോധിക്കണം.

ലൂച്ച് തന്റെ ജനതയോട് പറഞ്ഞ സന്ദർഭം ലോകത്ത് മുമ്പൊരാളും ചെയ്യാത്ത നീച പ്രവൃത്തിയാണ് നിങ്ങൾ കൊണ്ടുവരുന്നത്. നിങ്ങൾ പുരുഷജരെതന്നെ പ്രാപിക്കുകയും മാർഗം മുറിക്കുകയുമാണോ?



ഇവിടെ മാർഗം മുറിക്കുക എന്നതുകൊണ്ട് ഉദ്ദേശിക്കുന്നത് ജനനേന്ദ്രിയമല്ലാത്തിടങ്ങളിൽ പ്രാപിച്ച് സന്താനോൽപാദനത്തെമുറിക്കുക എന്നതാണ്. ആണിന്റേയും പെണ്ണിന്റേയും ഗുഭഭാഗങ്ങളിൽ പ്രാപിക്കുന്നതെല്ലാം ഇതിൽ പ്പെടും സംശയമില്ല രിഭാ (അ) ഇത്രയും നീചമായ ഒരിഫത്ത് നൽകുകയില്ലതന്നെ. അദ്ദേഹത്തിന്റെ പേരിൽ കെട്ടിച്ചമച്ചതാണിത്. ശി.യാക്കീല്ലാതെ, അതും ഇമാമിച്ചാ-ഇഥ്നാ അശരിച്ചാകകികളല്ലാതെ ഇങ്ങനെയൊരു തോന്നിയാസം ഇസ്ലാമിന്റെ പേരിൽ ലോകത്ത് മറ്റാരും പറഞ്ഞിട്ടേയില്ല.

നീ മനസ്സിലാക്കണം, നജ്ഫിലെ ഹൗസയിലും മറ്റു ഹൗകളിലും മാത്രമല്ല എല്ലായിടങ്ങളിലും നമ്മുടെ സാദാത്തുകൾ മുഴുവൻ ഈ നെറികേട് പ്രവർത്തിച്ചുകൊണ്ടിരിക്കുകയാണ്.

ഈ വിഷയം ഞാനന്വേഷിച്ചു നമ്മുടെ പണ്ഡിതരെല്ലാം ഈ നികൃഷ്ടയെ ന്യായീകരിച്ചിട്ടേയുള്ളൂ. എന്റെ അടുത്ത സുഹൃത്തായിരുന്ന അൽഹുജ്ജത്തു സയ്യിദ് അഹ് മദുൽ വാളലീ പറയാറുണ്ട്, അദ്ദേഹം വിരളമായി മാത്രമേ സ്ത്രീകളെ ജനനേന്ദ്രിയത്തിലൂടെ പ്രാപിച്ചിട്ടുള്ളൂവെന്ന്.

സ്ത്രീകളുമായി മാത്രമല്ല പുരുഷന്മാരുമായുള്ള സഭോമിസവും ഇവർ ഹലാലാക്കിക്കൊടുക്കുകയാണുണ്ടായത്. ജമാം ആലുകാദിഫിൻ ഗത്വാജന്റെ അരികിൽ ലണ്ടനിൽ പഠിക്കുന്ന ഒരു വിദ്യാർത്ഥി വന്ന് നമ്മുടെ ആദർശക്കാരെകിട്ടാനില്ലാത്തതിനാൽ ഒരു ക്രിസ്ത്യൻ പെണ്ണിന് വിവാഹം ചെയ്യാൻ പാടുണ്ടോയെന്ന് ഫത്ത്വചോദിച്ചപ്പോൾ പാടില്ലെന്നു പറയുകയും പകരം സദോമിസം അനുവദിക്കുകയുമാണുണ്ടായത്.

എന്നാൽ ഈ ഫത്ത് നൽകിയ ജമാം തന്നെ പാശ്ചാത്യനാടുകളിൽ ക്രിസ്ത്യൻ ഭാര്യമാരുള്ളയാളാണെന്നത് മറ്റൊരു കാര്യം ഹൗസയിലെ വിദ്യാർത്ഥികൾക്കിടയിലും മുദരിസുമാർക്കിടയിലും സദോമിസം നടക്കുന്നത് പരസ്യമായ ഒരു യാഥാർത്ഥ്യമാണെന്നതും ഓർക്കുക.

ഹൗസയിലെ പഠന സമയത്തുപോലും കുട്ടികളെ ഇത്തരം പ്രവർത്തനങ്ങൾക്ക് കൊണ്ടുപോകുന്ന മുദർരിസുമാർ ഒരു നാണ വുമില്ലാതെയാണ് അത് ചെയ്യാറുള്ളത്.

താടിവളരാത്ത കുട്ടികളുമായുള്ള നിക്കാഹ് അനുവദനീയമാ ണെന്ന് ഫത്ത് വനൽകിയവരാണല്ലോ ഈ പണ്ഡിതർ അപ്പോൾപിന്നെ ഇതിലൊന്നും അത്ഭുതപ്പെടാനില്ല. നമ്മുടെ ഒരു സുഹൃത്ത് സയ്യിദ് ഹൗസയിലെ ഇത്തരം നീചവാർത്തകൾ സമാ ഹരിച്ച വ്യക്തികളുടെ പേരും തിയ്യതിയും വരെ ചേർത്ത് ഒരു പുസ്തകം ക്രോഡീകരിച്ചിട്ടുണ്ട്. (ഫദാഇഹുൽ ഹൗസത്തിൽ ഇൽമി ച്ചത്തിഫിന്നജ്ഫി) നജ്ഫിലെ വൈജ്ഞാനിക ഹൗസയിലെ നീചപ്ര വൃത്തികൾ) എന്ന പേരിൽ അത് അദ്ദേഹം പ്രസിദ്ധീകരിക്കാനുദ്ദേ ശിക്കുന്നുവെന്നാണ് ഞാനറിഞ്ഞത്. ശിയാക്കളിലെ പാമരജരും പൊതുജനങ്ങളും ക്വാളിസിൽ സഞ്ചരിക്കുന്ന സിദാത്തുക്കളുടേയും പുരോഹിതന്മാരുടേയും നിജസ്ഥിതി ഗ്രഹിക്കാൻ വേണ്ടിയാണത് ചെയ്യുന്നതെന്ന് അദ്ദേഹം പറഞ്ഞിട്ടുണ്ട്. ഇതൊന്നുമറിയാത്തവരാ ണല്ലോ പല ആവശ്യങ്ങൾക്കായി തങ്ങളുടെ ഭാര്യമാരേയും പെൺമ ക്കളേയും സഹോദരിമാരേയുമൊക്കെ ഈ സാദാത്തുക്കളുടെ അരി കിലേക്ക് പറഞ്ഞയക്കുക. അവർകാണിക്കുന്ന പേക്കൂത്തുകൾ എന്തെല്ലാമായിരിക്കും.



അദ്ധ്യായം 5

# ആകാശ ലിഖിതങ്ങൾ (വേദഗ്രന്ഥങ്ങൾ)

സംശയമില്ല, മുഹമ്മദ് നബി(സ)ക്ക് അല്ലാഹു വിങ്കൽ നിന്ന് അവതരിപ്പിക്കപ്പെട്ട വേദഗ്രന്ഥം വിശു ദ്ധക്വുർആൻ മാത്രമാണെന്ന് മുഴുവൻ മുസ്‌ലിംകളും അംഗീകരിക്കുന്നു. പക്ഷേ പ്രാമാണികമായ നമ്മുടെ ശീഈ ഗ്രന്ഥങ്ങളുടെ പാരായണത്തിലൂടെയും പഠനത്തിലൂടെയും ഞാൻ മനസ്സിലാക്കിയത് നബി(സ) ക്ക് മറ്റു ചില ആകാശലിഖിതങ്ങളും അവതരിച്ചി ട്ടുണ്ടെന്ന് ഫുക്വഹാക്കൾ വാദിക്കുന്നതായാണ്. അമീറുൽ മുഅ്മിനീൻ അലി(അ)നും ചില ഗ്രന്ഥങ്ങൾ പ്രത്യേകമായി അവതരിപ്പിക്കപ്പെട്ടിട്ടുണ്ടെന്ന് അവർ ജൽപിക്കുന്നു. അവയെക്കുറിച്ച് അൽപം വിവരിക്കാം.

**1. അൽജാമിഅ:**

അബൂഅബ്ദില്ലാ(അ)ൽ നിന്ന് അബൂബസ്വീർ നിവേദനം ചെയ്യുന്നു: അദ്ദേഹം പറഞ്ഞു: 'ഞാനാണ് മുഹമ്മദ്. നമ്മുടെയരികിൽ 'അൽജാമിഅ:' ഉണ്ട്. 'അൽജാമിഅ'യെക്കുറിച്ച് ജനങ്ങൾക്കെന്തറിയാം? ഞാൻ ചോദിച്ചു: എന്നെ ഞാൻ താങ്കൾക്ക് തെണ്ടം നൽകുന്നു. എന്താണ് 'അൽജാമിഅ:?' അദ്ദേഹം

പറഞ്ഞു: പ്രവാചകന്റെ മുഴംകൈ അനുസരിച്ച് എഴുപത് മുഴം നീളമുള്ള ഒരു ഏടാണത്. അവിടെയുള്ള ഒരു താഴ്വാരത്തിൽ വെച്ചാണ് അത് എഴുതിയെടുക്കാനായി അദ്ദേഹം പറഞ്ഞു കൊടുത്തത്. തന്റെ വലംകൈകൊണ്ട് അലിയാണ് അത് എഴുതിയെടുത്തത്. അതിൽ മുഴുവൻ ഹലാലുകളും ഹറാമുകളും വ്യക്തമാക്കിയിട്ടുണ്ട്. ജനങ്ങൾക്ക് ആവശ്യമുള്ളതെല്ലാം അതിലുണ്ട്. ഒന്നു പിച്ചുകയോ മാന്തുകയോ ചെയ്താലുള്ള പിഴ പോലും അതിലുണ്ട്." (ബിഹാറുൽഅൻവാർ22/26)

അൽകാഫിയിലും ബസ്വാഇറുദ്ദറജാത്തിലും അൽബിഹാറിലും മറ്റു ശീഈ മാധ്യമങ്ങളിലും അൽജാമിഅയെക്കുറിച്ച് ധാരാളം റിപ്പോർട്ടുകൾ വന്നിട്ടുണ്ട്. നാം ഇവിടെ ഒരെണ്ണത്തിൽ ഒതുക്കിയെന്നു മാത്രം.

'അൽജാമിഅ:' യാഥാർത്ഥ്യമാണോ അല്ലയോ എന്ന് എനിക്കറിയില്ല. അതിൽ ജനങ്ങൾക്ക് അന്ത്യനാൾ വരെ ആവശ്യമുള്ളതെല്ലാം ഉണ്ടുപോലും!! എന്നിട്ടെന്തു കൊണ്ട് ഇതുവരെ അത് മറഞ്ഞു കിടന്നു? എന്തുകൊണ്ട് അതിലുള്ള, അന്തിമനാൾ വരെ ജനങ്ങൾക്കാവശ്യമുള്ള വിധിവിലക്കുകൾ നമുക്ക് തടയപ്പെട്ടു? ഇത് വിജ്ഞാനം മറച്ചു വെക്കലല്ലേ?

## 2. സ്വഹീഫത്തുന്നാമൂസ്

ഇമാമിന്റെ അടയാളങ്ങൾ സംബന്ധിച്ച ഹദീഥിൽ ഇങ്ങനെ കാണാം. രിദാ(അ)ൽ നിന്ന്: അദ്ദേഹത്തിന്റെ അരികിൽ ഒരു ഏടുണ്ടാകും. അതിൽ ക്വിയാമത്തുനാളു വരെയുള്ള അവരുടെ കക്ഷിയിലുള്ളവരുടെ പേരുണ്ടാകും. വേറെ ഒരേടുണ്ടാകും. അതിൽ ക്വിയാമത്തു നാളു വരെയുള്ള അവരുടെ ശത്രുക്കളുടെ പേരുണ്ടാകും. (ബിഹാറുൽഅൻവാർ 25/117)

ഞാൻ ചോദിക്കട്ടെ: ക്വിയാമത്തു നാളു വരെയുള്ള ശീഇകളുടെ പേരു മുഴുവൻ ഉൾക്കൊള്ളുന്ന ഈ ഏട് ഏതാണ്? ഇന്ന് ഇറാകിൽ മാത്രമുള്ള ശിയാക്കളുടെ പേരുകൾ രേഖപ്പെടുത്താൻ മാത്രം ചുരുങ്ങിയത് നൂറു വാള്യങ്ങളുള്ള ഗ്രന്ഥങ്ങളെങ്കിലും വേണ്ടി വരും. അപ്പോൾ ഇന്ത്യയിലും പാകിസ്താനിലും ഇറാനിലും സിറിയയിലും ലബനാനിലും ഗൾഫ് രാജ്യങ്ങളിലുമെല്ലാമുള്ള ശിയാക്കളുടെ പേരുകൾ രേഖപ്പെടുത്തണമെങ്കിലോ?! നൂറ്റാണ്ടുകളായി ഇക്കാലം വരെ മരിച്ചുപോയ മുഴുവൻ ശിയാക്കളുടെ പേരും രേഖപ്പെടുത്തണമെങ്കിൽ വാള്യങ്ങൾ എത്രയാണ് നമുക്കാവശ്യമുണ്ടാവുക? ക്വിയാമത്തുനാളുവരെ ഇനിയുള്ള നാളുകളിലെ ശിയാക്കളുടെ പേരെഴുതാൻ എത്ര വാള്യങ്ങൾ വേണ്ടി വരും?



നാമൂസു മുതൽ ക്വിയാമത്തു വരെയുള്ള ശിയാപ്രധാനികളുടെ പേരെഴുതാൻ തന്നെ എത്ര വേണം? ഏഴു കടലുകൾ മഷിയാക്കിയാലും ഈ ഭീമമായ എണ്ണം എഴുതാൻ തികയില്ല. മുഴുവൻ കമ്പ്യൂട്ടറുകളും അത്യാധുനികമായ മുഴുവൻ ഇലക്ട്രോണിക് സംവിധാനങ്ങളും നാം ഉപയോഗിച്ചാലും ഇത്രയും ഉൾക്കൊള്ളാൻ കഴിയില്ല.

സാധാരണക്കാരായ ആളുകൾക്കു പോലും ഈ റിപ്പോർട്ട് ഉൾക്കൊള്ളാൻ കഴിയില്ല. പിന്നെങ്ങനെ ഈ ബുദ്ധിയുള്ള നേതാക്കൾ ഇതെല്ലാം സ്വീകരിക്കുന്നു?!

ഇമാമുകൾ ബുദ്ധിക്കോ തർക്കത്തിനോ ഉൾക്കൊള്ളാത്ത ഇതുപോലുള്ള കാര്യങ്ങൾ പറയുകയെന്നത് തീർത്തും അസംഭവ്യമാണ്. നമ്മുടെ ശത്രുക്കളെങ്ങാനും ഇത് കാണുകയാണെങ്കിൽ ദീനുൽ ഇസ്‌ലാമിനെ ആക്ഷേപിക്കാൻ അവർക്കിതൊരു വടിയുമാകും. അവരുടെ മനസ്സിലൊളിച്ചു വെച്ച ക്രോധത്തിന് അപൂർവമായ ആശ്വാസം പകരും. ലാ ഹൗല വലാ ക്വുവ്വത്ത ഇല്ലാ ബില്ലാഹ്!

## 3. അൽ അബീത്വ: ലിഖിതം

അമീറുൽ മുഅ്മിനീൻ അലി(അ)ൽ നിന്ന്: അല്ലാഹു സത്യം! നിശ്ചയം, എന്റെ അരികിൽ നബി(സ)ക്ക് ലഭിച്ചതിന്നു തുല്യമായി ധാരാളം ഏടുകളുണ്ട്. അതിലൊന്ന് അൽഅബീത്വ:യാണ്. അറബികൾക്ക് ഇതിനേക്കാൾ ശക്തമായ മറ്റൊന്നു വന്നിട്ടില്ല. അതിൽ അല്ലാഹുവിന്റെ ദീനിൽ നിന്ന് ഒരോഹരിയും സ്വന്തമാക്കാത്ത കള്ളനാണയങ്ങളായ അറുപത് അറബിഗോത്രങ്ങളുടെ വിവരമുണ്ട്. (ബിഹാറുൽഅൻവാർ 26/37)

ഈ റിപ്പോർട്ടും സ്വീകാര്യമോ ബുദ്ധിക്കിണങ്ങുന്നതോ അല്ല. ഇത്രയധികം ഗോത്രങ്ങൾ അല്ലാഹുവിന്റെ ദീനിൽ പങ്കില്ലാത്ത വരാണെങ്കിൽ അതിന്നർത്ഥം ഒരൊറ്റ മുസ്ലിമും അവരിൽ ദീനുള്ളവരായി ഇല്ലെന്നാണല്ലോ. അറബ് ഗോത്രങ്ങളെ ഇങ്ങനെ രൂക്ഷമായി വേർതിരിക്കുന്നതിൽ വംശീയതയുടെ ഒരു ഗന്ധമുണ്ടു താനും. വരുന്ന അധ്യായത്തിൽ അതിന്റെ വിശദീകരണം വരുന്നുണ്ട്.

## 4. ദുആബത്തുസ്സൈഫ് ലിഖിതം

അബൂഅബ്ദില്ലാഹ്(അ)ൽ നിന്ന് അബൂബസ്വീർ റിപ്പോർട്ടു ചെയ്യുന്നു: റസൂലുല്ലാഹി(സ)യുടെ വാളുറയിൽ ചെറിയൊരു ഏടുണ്ട്. ഓരോ അക്ഷരവും ആയിരം അക്ഷരങ്ങളെ തുറന്നു കാണിക്കുന്ന അക്ഷരങ്ങളാണ് അതിലുള്ളത്. അബൂ ബസ്വീർ പറഞ്ഞു: അബൂഅബ്ദില്ല പറഞ്ഞിരിക്കുന്നു: അന്തിമനാൾ വരേക്കും അതിൽ നിന്ന് രണ്ടക്ഷരങ്ങളല്ലാതെ പുറത്തു വന്നിട്ടില്ല . (ബിഹാറുൽഅൻവാർ 26/56)

ഞാൻ ചോദിക്കട്ടെ: ബാക്കി അക്ഷരങ്ങൾ എവിടെപ്പോയി? അത് ശീഅത്തു അഹ്ലുബൈത്തിന് ഉപകാരപ്പെടുമാറ് പുറത്തു വരുമെന്ന് അനുമാനിക്കാമോ? അതോ അന്ത്യനാൾ വരെ മറഞ്ഞു തന്നെയിരിക്കുമോ? അങ്ങനെയെങ്കിൽ ആ ലിഖിതത്തിന്റെ ലക്ഷ്യമെന്ത്?

## 5. സ്വഹീഫത്തു അലിയും വാളുറയിൽ കാണപ്പെട്ട മറ്റു ലിഖിതങ്ങളും

അബൂഅബ്ദില്ലാഹ്(അ)ൽ നിന്ന്: അദ്ദേഹം പറഞ്ഞു: പ്രവാചകന്റെ വാളുറയിൽ ഒരു ലിഖിതം കാണപ്പെട്ടു. അതിൽ ഇങ്ങനെ രേഖപ്പെടുത്തപ്പെട്ടിരിക്കുന്നു: ബിസ്മില്ലാഹിർറഹ്മാനി ർറഹീം. തീർച്ചയായും അന്ത്യനാളിൽ ജനങ്ങളിൽ വെച്ച് ഏറ്റവും വലിയ ധിക്കാരി ഘാതകനില്ലാതെ വധിക്കപ്പെടുന്നയാളാണ്. അടിക്കുന്നവനില്ലാതെ അടി കിട്ടുന്നവനാണ്. അപ്പോഴവൻ മുഹമ്മദ് നബിക്ക് അല്ലാഹു അവതരിപ്പിച്ചതിൽ അവിശ്വസിക്കുന്നവനാണ്. (ബിഹാറുൽഅൻവാർ 27/65, 104/375)



## 6. ഗൂഢലിഖിതം: വെളുപ്പും ചുവപ്പും

അബുൽ അലാഇൽ നിന്ന്: അബൂഅബ്ദില്ല പറയുന്നത് ഞാൻ കേട്ടു: നിശ്ചയം എന്റെയടുക്കൽ വെളുത്ത ഗൂഢലിഖിതം ഉണ്ട് . ഞാൻ ചോദിച്ചു: അതിലെന്താണുള്ളത്? അദ്ദേഹം പറഞ്ഞു: ദാവൂദിന്റെ സബൂർ, മൂസായുടെ തൗറാത്ത്, ഈസായുടെ ഇൻജീൽ, ഇബ്റാഹീമിന്റെ സ്വുഹുഫ്, പിന്നെ ഹലാലുകളും ഹറാമുകളും കൂടാതെ എന്റെ അരികിൽ ചുവന്ന ഗൂഢലിഖിതങ്ങളു മുണ്ട് . ഞാൻ ചോദിച്ചു: ചുവന്ന ലിഖിതത്തിൽ എന്താണുള്ളത്? അദ്ദേഹം പറഞ്ഞു: ആയുധം. നിശ്ചയം, യുദ്ധസമയത്താണ് അത് തുറക്കുക. വധിക്കാൻ വേണ്ടി വാളെടുത്തവനാണ് അത് തുറക്കേണ്ടത് . അപ്പോൾ അദ്ദേഹത്തോട് അബ്ദുല്ലാഹിബ്നുൽ യഅ്ഫൂർ ചോദിച്ചു: താങ്കൾക്ക് അല്ലാഹു നന്മ വരുത്തട്ടെ. ബനുൽ ഹസനിന്ന് അത് അറിയുമോ? അപ്പോൾ അദ്ദേഹം പറഞ്ഞു: തീർച്ചയായും. രാത്രി രാത്രിയെന്നും പകൽ പകലെന്നും അറിയുന്നതു പോലെ അവർക്ക് അതറിയാം. പക്ഷെ അസൂയയും ഭൗതിക മോഹവും അവരെ നിഷേധത്തിന് പ്രേരിപ്പിച്ചിരിക്കുന്നു. നിയമമായി അവർ സത്യത്തെ അന്വേഷിക്കുകയാണെങ്കിൽ അതാണവർക്ക് നല്ലത് . (ഉസൂലുൽകാഫി 1/24)

ഞാൻ മൗലാനാ ഇമാം ഖുഇയോട് ചുവന്ന ഗൂഢലിഖിത ത്തെക്കുറിച്ച് ചോദിച്ചു: ആരുടെ രക്തം ചിന്താൻ വേണ്ടി ആരാണ് അത് തുറക്കുക? അപ്പോൾ അദ്ദേഹം പറഞ്ഞു: സ്വാഹിബുസ്സമാൻ (കാത്തിരിക്കുന്ന മഹ്ദി) അത് തുറക്കും. എന്നിട്ട് നവാസ്വിബിന്റെ (അഹ്ലുസ്സുന്നത്തിന്റെ) മുഴുവൻ രക്തമൊഴുക്കും. അവരെ മുച്ചൂടും നശിപ്പിക്കും. ടൈഗ്രീസും യൂഫ്രട്ടീസും ഒഴുകുന്നതു പോലെ അവരുടെ രക്തമൊഴുകും. രണ്ടു ഖുറൈശീ വിഗ്രഹങ്ങളോട് (അബൂബക്കറിനോടും ഉമറിനോടും) അദ്ദേഹം പ്രതികാരമെടുക്കും. അവരുടെ പെൺമക്കളോടും (ആയിശയോടും ഹഫ്സയോടും) ഉഥ്മാനോടും ബനൂ ഉമയ്യക്കാരോടും അബ്ബാസിനോടും അദ്ദേഹം പ്രതികാരമെടുക്കും. അതിന്നായി അവരുടെ ഖബ്റുകൾ മാന്തിപ്പൊളിക്കും.

എനിക്ക് പറയാനുള്ളത് ഇതാണ്, ഇമാം ഖൂഇയുടെ ഈ വാക്കുണ്ടല്ലോ, അത് അഹ്ലുബൈത്തിനെക്കുറിച്ച് വളരെ

അതിരുകവിഞ്ഞതാണ്. നൂറ്റാണ്ടുകൾക്കു മുമ്പ് മരണമടഞ്ഞവരെ ക്വബ്റിൽ നിന്ന് മാന്തിയെടുത്ത് പ്രതികാരം ചെയ്യുമെന്ന് പറയുന്നത് തന്നെ ഏറ്റവും ഗൗരവമേറിയ ഒരു കാര്യമാണ്. നിശ്ചയം, ഇമാമുകൾ ചീത്ത പ്രവർത്തിച്ചവരോടു പോലും നന്മയിൽ പ്രതികരിച്ചവരാണ്. അങ്ങേയറ്റം വിശാലതയും വിട്ടു വീഴ്ചയും കാണിച്ചവരാണ്. മരിച്ചവരുടെ ക്വബ്ർ മാന്തണമെന്നോ പ്രതികാരമെടുക്കണമെന്നോ അവർ ചിന്തിക്കുക പോലുമില്ല. അല്ലെങ്കിലും മയ്യിത്തിന് ഇസ്ലാമിൽ ശിക്ഷാവിധിയില്ലല്ലോ. അഹ്ലുബൈത്ത് വിട്ടുവീഴ്ച കൊണ്ടും വിശാലത കൊണ്ടും നന്മ കൊണ്ടും പ്രസിദ്ധരാണു താനും.

## 7. ഫാത്തിമാ മുസ്ഹഫ്

എ) അലിയ്യു ബ്നു സഈദിൽ നിന്ന് അബൂഅബ്ദില്ലാഹ്(അ) പറഞ്ഞു: ഞങ്ങളുടെ പക്കൽ ഫാത്തിമാ മുസ്ഹഫ് ഉണ്ട്. അല്ലാഹുവിന്റെ കിത്താബിലെ ഒരായത്തും അതിലില്ല. നിശ്ചയം അത് നബി(സ) പറഞ്ഞു കൊടുത്തതും അലി(അ) തന്റെ കൈകൊണ്ട് നേരിട്ടു പകർത്തിയെഴുതിയതുമാകുന്നു. (ബിഹാറുൽ അൻവാർ 26/41)

ബി) മുഹമ്മദ് ബ്നു മുസ്ലിമിൽ നിന്ന്: ഫാത്തിമ ഒരു മുസ്ഹഫ് വിട്ടേച്ചു പോയിട്ടുണ്ട്. അത് ക്വുർആനല്ല. എന്നാൽ അല്ലാഹു അവതരിപ്പിച്ച അവന്റെ വചനങ്ങളിൽപ്പെട്ട വചനങ്ങൾ തന്നെയാണ്. അത് നബി(സ) പറഞ്ഞു കൊടുത്തതും അലി(അ) തന്റെ കൈകൊണ്ട് നേരിട്ടു പകർത്തിയെഴുതിയതുമാകുന്നു. (ബിഹാറുൽ അൻവാർ 26/42)

സി) അലിയ്യു ബ്നു ഹംസ അബൂഅബ്ദില്ലാ(അ)ൽ നിന്ന്: '.... നമ്മുടെയരികിൽ ഫാത്തിമാ മുസ്ഹഫ് ഉണ്ട്. എന്നാൽ അല്ലാഹു സത്യം, ക്വുർആനിലുള്ള ഒരക്ഷരം പോലും അതിലില്ല. അത് നബി(സ) പറഞ്ഞു കൊടുത്തതും അലി(അ) തന്റെ കൈകൊണ്ട് നേരിട്ടു പകർത്തിയെഴുതിയതുമാകുന്നു.' (ബിഹാറുൽ അൻവാർ 26/48)

എനിക്ക് ചോദിക്കാനുള്ളതിതാണ്: എന്തിനീ ഗ്രന്ഥം സമൂഹത്തിൽ നിന്ന് മറച്ചു വെച്ചു? അവതരിപ്പിച്ചതെല്ലാം ജനങ്ങൾക്കെത്തിച്ചു കൊടുക്കാൻ അല്ലാഹു തആലാ നബി(സ) യോട് കൽപിച്ചിട്ടുള്ളതല്ലേ?



﴿يَا أَيُّهَا الرَّسُولُ بَلِّغْ مَا أُنزِلَ إِلَيْكَ مِن رَّبِّكَ وَإِن لَّمْ تَفْعَلْ فَمَا بَلَّغْتَ رِسَالَتَهُ﴾

റസൂലേ താങ്കളുടെ രക്ഷിതാവിൽ നിന്ന് താങ്കൾക്ക് അവതരിപ്പിക്കപ്പെട്ടത് താങ്കൾ എത്തിച്ചു കൊടുക്കുക. താങ്കൾ അത് ചെയ്തില്ലെങ്കിൽ താങ്കൾ താങ്കളുടെ ദൗത്യം എത്തിച്ചിട്ടില്ല. (വി.ക്വുർ: 5:67) അപ്പോഴെങ്ങനെ റസൂലിന്ന് മുഴുവൻ മുസ്ലിംകളിൽ നിന്നും ഈ ക്വുർആൻ മുഴുവൻ മറച്ചു വെക്കാൻ കഴിയും? അമീറുൽ മുഅ്മിനീൻ അലി(അ)ന്നും ശേഷമുള്ള മറ്റ് ഇമാമുകൾക്കും അവരുടെ കക്ഷികളിൽ നിന്ന് ഇതെങ്ങനെ മറച്ചു വെക്കാൻ കഴിയും?

## 8. തൗറാത്ത്, ഇൻജീൽ, സബൂർ

അബൂഅബ്ദില്ലാ(അ)ൽ നിന്ന്: ഇൻജീൽ തൗറാത്ത് സുരിയാനി സബൂർ എന്നിവ അദ്ദേഹം വായിച്ചിരുന്നു. (1/207 **الكافي**). ഇമാമുകളുടെ പക്കൽ അല്ലാഹു അവതരിപ്പിച്ച എല്ലാ വേദഗ്രന്ഥങ്ങളുമുണ്ട്, അവർക്ക് വിവിധ ഭാഷകൾ അറിയാം എന്ന അധ്യായം)

## 9. ക്വുർആൻ

ക്വുർആൻ മാറ്റത്തിരുത്തലുകൾ സാധ്യമല്ലാത്ത വണ്ണം ഭദ്രമാമാണെന്നതിന് തെളിവുകൾ ആവശ്യമില്ല. പക്ഷേ നമ്മുടെ ശിയാക്കളായ കർമശാസ്ത്ര പണ്ഡിതരും ഗവേഷകപണ്ഡിതരും മുഴുവൻ പറയുന്നത് ക്വുർആൻ മാറ്റത്തിരുത്തപ്പെട്ടതാണ് എന്നാണ്. മാത്രവുമല്ല, മറ്റെല്ലാ ഗ്രന്ഥങ്ങൾക്കിടയിലും മാറ്റം വരുത്തപ്പെട്ടത് ക്വുർആൻ മാത്രവും! പ്രസിദ്ധ ഹദീഥ് പണ്ഡിതൻ നൂരി ത്വബ്റസി ക്വുർആനിന്റെ മാറ്റത്തിരുത്തലുകൾ സ്ഥാപിക്കുന്ന കാര്യങ്ങൾ ഫസ്ലുൽ ഖിത്വാബ് (**فصل الخطاب في إثبات تحريف رب الأرباب**) എന്ന മഹാഗ്രന്ഥത്തിൽ ക്രോഡീകരിച്ചിട്ടുണ്ട്. ക്വുർആൻ തിരുത്തപ്പെട്ടുവെന്നതിന്ന് തെളിവായി ഈ ഗ്രന്ഥത്തിൽ അദ്ദേഹം ഉൾപ്പെടുത്തിയിട്ടുള്ളത് രണ്ടായിരത്തിലേറെ റിപ്പോർട്ടുകളാണ്! ഇന്ന് നിലവിൽ മുസ്ലിംകളുടെ കൈയിലുള്ള ക്വുർആൻ കൈകടത്തൽ നടന്നതാണെന്ന് വ്യക്തമാക്കുന്ന ശീഈ പണ്ഡിതരുടേയും മുഴുവൻ ഫക്വീഹുമാരുടേയും വാക്കുകൾ അതിൽ അദ്ദേഹം ക്രോഡീകരിച്ച് ചേർത്തിട്ടുണ്ട്. പൂർവികരും പിൽക്കാലക്കാരുമായ എല്ലാ ശീഈ

പണ്ഡിതരും ഫക്വീഹുമാരും സ്ഥാപിക്കുന്നത് ഇന്ന് മുസ്‌ലിം ജനതയുടെ കൈയിലുള്ള ക്വുർആൻ മാറ്റം വരുത്തപ്പെട്ടതാണെന്നു തന്നെയാണെന്ന് അതിൽ വ്യക്തമാക്കിയിട്ടുണ്ട്.

സയ്യിദ് അബുൽഹസൻ അൽ ആമിലി പറഞ്ഞു: വിവിധറിപ്പോർട്ടുകൾ പരതുകയും നിരവധി അഥറുകൾ പരിശോധിക്കുകയും ചെയ്തതിനു ശേഷം ക്വുർആനിൽ ഭേദഗതി വരുത്തപ്പെട്ടിട്ടുണ്ടെന്നതിന്റെ സാധുത വ്യക്തമാക്കുന്നതിൽ എന്റെയരികിൽ ശീഈ മദ്ഹബിൽ ഈ വിശ്വാസം അനിവാര്യമാണെന്ന വിവരമാണുണ്ടായത്.

ഖലീഫമാരെ മോശമായി ചിത്രീകരിക്കുക എന്ന വലിയ ലക്ഷ്യം ഇതിനുണ്ട്. (**البرهان** ന്റെ നാലാമധ്യായം, പേ.49) ചിന്തിക്കുക. ക്വുർആനിൽ മാറ്റം വരുത്തപ്പെട്ടിട്ടില്ല എന്നു പറയുന്നവർക്ക് മറുപടിയായി സയ്യിദ് നിഅ്മത്തുല്ലാഹ് അൽജസാഇരി പറഞ്ഞു:9 ....... (2/357 **الأنوار النعمانية**) അതുകൊണ്ടാണ് ജാബിർ ഉദ്ധരിച്ചപ്രകാരം അബൂജഅ്ഫർ പറഞ്ഞത്, ക്വുർആൻ മുഴുവനും അവതരിപ്പിക്കപ്പെട്ടപ്രകാരം അവതരിപ്പിച്ചുവെന്ന് പെരുംനുണയന്മാരല്ലാതെ ജനങ്ങളിലാരും വാദിക്കുകയില്ല. അലിയ്യുബ്നു അബീത്വാലിബും അദ്ദേഹത്തിനു ശേഷം ഇമാമുകളുമല്ലാതെ അത് അവതരിപ്പിക്കപ്പെട്ട പ്രകാരം ക്രോഡീകരിക്കുകയോ മന:പാഠമാക്കുകയോ ചെയ്തിട്ടില്ല. (ഹുജ്ജതു മിനൽകാഫി 1/26)

സംശയം വേണ്ട, ഇന്ന് മുസ്‌ലിംകളുടെ കൈയിലുള്ള ക്വുർആൻ ഭേദഗതി സംഭവിച്ചതാണെന്ന് ഉറപ്പിക്കുന്നതിന്റെ വ്യക്തമായ രേഖകളാണിതെല്ലാം.

യഥാർത്ഥക്വുർആൻ അലിയുടേയും ശേഷം ഇമാമുകളുടേയും അരികിൽ മാത്രമേ ഉണ്ടായിരുന്നുള്ളൂവെന്നർത്ഥം! അതുകൊണ്ടാണ് ഇമാം ഖൂഈ മരണനേരത്തുള്ള തന്റെ വസ്വിയ്യത്തിൽ ഞങ്ങളോടു പറഞ്ഞത്, 'ഫാത്ത്വിമാ ക്വുർആൻ വരുന്നതു വരെ തൽക്കാലം നിങ്ങൾ ഈ ക്വുർആൻ തന്നെ സ്വീകരിക്കുക' എന്ന്.

ഫാത്തിമാ ക്വുർആൻ എന്നതുകൊണ്ട് ഇമാം ഖൂഈ ഉദ്ദേശിക്കുന്നത് അലി(അ) ക്രോഡീകരിച്ച, തൊട്ടു മുമ്പ് സൂചിപ്പിച്ച



ക്വുർആനാണ്. ഏറ്റവും ദുരൂഹവും വിചിത്രവുമായ സംഗതി ഈ ഗ്രന്ഥങ്ങളെല്ലാം തന്നെ അവതരിപ്പിക്കപ്പെട്ടത് അല്ലാഹുവിൽനിന്നാണെന്ന് ഇവർ വാദിക്കുന്നുവെന്നുള്ളതാണ്. എന്നിട്ട് അമീറുൽമുഅ്മിനീനിനേയും ശേഷം ഇമാമുകളേയും മാത്രം അതിന്റെ പ്രത്യേകക്കാരാക്കുകയും ചെയ്തു! പക്ഷേ സമുദായത്തിന്റെ പക്കൽ, അഹ്‌ലുബൈത്തിന്റെ കക്ഷികളിൽ നിന്നുപോലും അത് മറഞ്ഞുകിടക്കുകയും ചെയ്യുന്നു. നമ്മുടെ ഫുക്വഹാഅ് പറഞ്ഞ വാക്കുകളുടെ ഗതിയനുസരിച്ച് അവതരിപ്പിക്കപ്പെട്ട ക്വുർആനിന്നു പുറമെ വിവിധ കരങ്ങളിലൂടെ അത് കടന്നു പോവുകയും കൂടാനുള്ളത് കൂടുകയും കുറയാനുള്ളത് കുറയുകയും ചെയ്തിരിക്കുന്നു!!

ഈ ഗ്രന്ഥങ്ങൾ സത്യമായും അല്ലാഹുവിൽ നിന്ന് അവതരിപ്പിക്കപ്പെട്ടതും സത്യമായും അമീറുൽ മുഅ്മിനീൻ അത് കൈവശപ്പെടുത്തിയതുമാണെങ്കിൽ ('2) അത് സമൂഹത്തിൽ നിന്ന് മറച്ചു വെക്കുന്നതിന്റെ അർത്ഥമെന്താണ്? പൊതുജനങ്ങൾ ആ ഗ്രന്ഥങ്ങൾ ഏറ്റവും ആവശ്യമുള്ളവരാണല്ലോ? റബ്ബിനുള്ള ഇബാദത്തിലും അവ ഉപകാരപ്പെടണമല്ലോ?

അതേക്കുറിച്ച് നമ്മുടെ ഫുക്വഹാഇന്ന് പറയാനുള്ള ന്യായമെന്തെന്നോ? തർക്കമുണ്ടാകുന്നത് ഭയന്നിട്ടാണെന്ന് !! നമ്മോടു തന്നെ നമുക്കു ചോദിക്കാം: ഈ തർക്കത്തെ പ്രതിരോധിക്കുന്നതിനെത്തൊട്ട് അശക്തരാകാൻ തക്കവണ്ണം അമീറുൽമുഅ്മിനീനും ബനൂഹാശിമിലെ സിംഹവുമായ വ്യക്തി ഭീരുവായിപ്പോയെന്നോ?! അതിന്റെ കാര്യം തർക്കം പേടിച്ച് മറയ്ക്കപ്പെടുകയും സമൂഹത്തിന് തടയപ്പെടുകയും ചെയ്തുവെന്നോ?! ഇല്ല, തൂണുകളില്ലാതെ ആകാശത്തെ ഉയർത്തിയവനാണെ സത്യം! അബൂത്വാലിബിന്റെ മകൻ അല്ലാഹുവെയല്ലാതെ മറ്റൊരാളെയും ഭയപ്പെടുകയില്ല. അമീറുൽമുഅ്മിനീനും ശേഷമുള്ള മറ്റ് ഇമാമുകളും തൗറാത്തും ഇൻജീലും സബൂറും അവർക്കിടയിൽ ചുറ്റിക്കറങ്ങുകയും അവർ രഹസ്യമായി അവ വായിക്കുകയും ചെയ്യുന്നതു വരെ അവർ എന്തു ചെയ്യുമെന്ന് നാം ചോദിച്ചാൽ എന്താണു മറുപടി?

നസ്സുകൾ ജൽപിക്കുന്നതിനനുരിച്ച് അമീറുൽമുഅ്മിനീൻ മാത്രമാണ് സമ്പൂർണ്ണമായി ക്വുർആനും മറ്റ് ഏടുകളും കൈവശപ്പെടുത്തിയതെങ്കിൽ ആ ഗ്രന്ഥങ്ങളുടെ ആവശ്യം പിന്നെയെന്താണ്? പ്രത്യേകിച്ചും അവ ക്വുർആൻ അവതരണത്തോടെ നസ്ഖ് ചെയ്യപ്പെട്ടുവെന്നാണല്ലോ നമ്മുടെ വിശ്വാസം.

ഏതോ ദുഷ്കരങ്ങളുടെ ഗന്ധം എനിക്കനുഭവപ്പെടുന്നുണ്ട് അവയാണ് ഈ റിപ്പോർട്ടുകളെല്ലാം പ്രചരിപ്പിക്കുന്നത്. അവയാണ് ഇമാമുകളുടെ പേരിൽ നുണ പ്രചരിപ്പിക്കുന്നത്. അക്കാര്യം പ്രതേകം ഒരധ്യായത്തിൽ വ്യക്തമാക്കാം.

നമുക്കറിയാം തീർച്ചയായും ഇസ്‌ലാമിന്ന് ഒരു ഗ്രന്ഥമല്ലാതെയില്ല, അത് പരിശുദ്ധ ക്വുർആനാണ്. എന്നാൽ മറ്റു ഗ്രന്ഥങ്ങൾ, അവ ജൂതർക്കും ക്രൈസ്തവർക്കുമൊക്കെ പ്രത്യേകമായിട്ടുള്ളതാണ്. അവയെ അവർ വിശുദ്ധഗ്രന്ഥങ്ങളായാണ് ഗണിക്കുന്നതും.

അപ്പോൾ അമീറുൽമുഅ്മിനീൻ മറ്റ് ഏടുകൾ കൈവശപ്പെടുത്തിയെന്നും അവ ദൈവികമെന്നും അതിൽ മതവിധികളുണ്ടെന്നും പറയുന്നത് ശുദ്ധ അസംബന്ധമാണ്. ശിയാഇസത്തിന്റെ മറവിൽ ചില ജൂതന്മാർ അത് നമ്മിലേക്ക് കടത്തിവിടുകയാണുണ്ടായത്.

അദ്ധ്യായം 6

# അഹ്‌ലുസ്സുന്നത്തിനെക്കുറിച്ച് ശിയാക്കളുടെ വീക്ഷണം

നമ്മുടെ പ്രാമാണികഗ്രന്ഥങ്ങളും ഫുക്വഹാഇന്റെയും മുജ്തഹിദുകളുടേയും വാക്കുകൾ നാം വായിക്കുമ്പോൾ നമുക്കു മനസ്സിലാകും ശീഈ സമൂഹത്തിന്ന് ഒരൊറ്റ ശത്രുവേ ഉള്ളൂ, അത് അഹ്‌ലുസ്സുന്നത്താണ്!10 അതുകൊണ്ടാണ് ശിയാക്കൾ അവരെ അൽആമ്മത്ത് (പൊതുജനം), നവാസ്വിബ് (ശത്രുക്കൾ) എന്നെല്ലാം പേരു വെച്ചിരിക്കുന്നത്. ശീഈസമൂഹത്തിലെ ഓരോരുത്തരുടേയും വിശ്വാസം അഹ്‌ലുസ്സുന്നത്ത് അവരുടെ പിന്നിലെ വാലു മാത്രമാണ് എന്നാണ്. നിന്റെ വാപ്പയുടെ ക്വബ്റിൽ സുന്നിയുടെ എല്ലാണ് എന്നത് ശിയാക്കളിൽ ഒരാൾ മറ്റൊരാളെ ശകാരിക്കുമ്പോൾ പറയാറുള്ള ഒരു വാചകമാണ്. അഹ്‌ലുസ്സുന്നത്ത് നജ്സാണെന്നും ആയിരം വട്ടം കുളിച്ചാലും ശുദ്ധിയാവുകയില്ലെന്നുമാണ് അവരുടെ വീക്ഷണം.

ഞാനെപ്പോഴുമോർക്കാറുണ്ട്, എന്റെ പ്രിയപിതാവ് ടൗണിലെ ഒരു മാർക്കറ്റിൽ വെച്ച് ഒരു വിദേശിയെക്കണ്ടു. എന്റെ പിതാവാകട്ടെ വലിയ സൽക്കാരപ്രിയനാണു താനും. അങ്ങനെ പിതാവ് അയാളെ ആ

രാത്രി വീട്ടിലേക്കു ക്ഷണിച്ച് നന്നായി സൽക്കരിക്കുകയും ചെയ്തു. അത്താഴത്തിനു ശേഷം വിശേഷങ്ങൾ പറയാൻ ഞങ്ങൾ ഒരു മിച്ചിരുന്നു. അന്ന് ഞാൻ ഹൗസയിൽ പഠനം തുടങ്ങിയിട്ടേയുള്ളൂ. സംഭാഷണത്തിനിടയിൽ ഞങ്ങളുടെ അതിഥി അഹ്ലുസ്സുന്നത്തിൽപ്പെട്ട ആളാണെന്ന് ഞങ്ങൾക്ക് മനസ്സിലായി. അയാൾ സാമർറയുടെ ഒരറ്റത്തു നിന്ന് ഏതോ ആവശ്യാർത്ഥം നജ്ഫിൽ എത്തിയതാണ്. അന്നു രാത്രി അയാൾ ഞങ്ങളുടെ വീട്ടിൽ തങ്ങി. നേരം പുലർന്നപ്പോൾ ഞങ്ങളയാളെ പ്രാതലിന്ന് വിളിച്ചു. അയാൾ ഞങ്ങളോടൊന്നിച്ചു തന്നെ പ്രാതൽ കഴിച്ചു. തിരിച്ചു പോകുമ്പോൾ അയാൾക്ക് വഴിച്ചിലവിന്നായി എന്റെ പിതാവ് കുറച്ചു പണവും നൽകി. ഞങ്ങളുടെ ആതിഥ്യത്തിന്ന് നന്ദി പറഞ്ഞ് അയാൾ യാത്രയായി. അയാൾ കടന്നു പോയിക്കഴിഞ്ഞപ്പോൾ എന്റെ പിതാവ് അയാൾ രാത്രി കിടന്നുറങ്ങിയ വിരിപ്പ് തീയിട്ടു കത്തിക്കാൻ പറഞ്ഞു. സുന്നിയുടെ നജാസത്ത് തട്ടിയതിനാൽ അയാൾ ഭക്ഷണം കഴിച്ച പാത്രങ്ങൾ മുഴുവൻ പ്രത്യേകം ശുദ്ധീകരിക്കാനും കൽപിച്ചു. ഇതു തന്നെയാണ് മുഴുവൻ ശീഇകളുടേയും വിശ്വാസം. നമ്മുടെ ഫുക്വഹാക്കൾ കാഫിറിനോടും മുശ്രിക്കിനോടും പന്നിയോടുമൊക്കെയാണ്. അഹ്ലുസ്സുന്നത്തിനെ ചേർത്തു പറയാറുള്ളത്. നജ്സുകളിലാണ് അവരെ ഉൾപ്പെടുത്തിയിട്ടുള്ളത്. അതിനാൽ ശിയാക്കൾ അഹ്ലുസ്സുന്നത്തുമായി ബന്ധപ്പെട്ട് സ്വീകരിച്ച വിധികൾ ഇവയാണ്:

1)അവരോട് എല്ലാ കാര്യത്തിലും വ്യത്യസ്തമാകൽ നിർബന്ധമാണ്:

അലിയ്യുബ്നു അസ്ബാത്വിൽ നിന്ന് സ്വദൂക് റിപ്പോർട്ട് ചെയ്യുന്നു: അദ്ദേഹം പറഞ്ഞു: ഞാൻ രിദാ(അ)നോട് ചോദിച്ചു: എനിക്ക് ഒട്ടും വിധിയറിയാത്ത ഒരു പുതിയ വിഷയമുണ്ടാകുമ്പോൾ നിങ്ങളുടെ മൗലമാരിൽപ്പെട്ട ശിയാക്കളെയൊന്നും കണ്ടില്ലെങ്കിൽ ഞാനാരോട് ഫത്വ ചോദിക്കും? അപ്പോൾ അദ്ദേഹം പറഞ്ഞു: നീ ആ നാട്ടിലെ (അഹ്ലുസ്സുന്നത്തിൽപ്പെട്ട) ഫക്വീഹിന്റെ അരികിൽ നിന്റെ പ്രശ്നമവുമായി ചെല്ലുക. അയാൾ നിനക്കൊരു ഫത്വ നൽകുകയാണെങ്കിൽ അതിന്ന് വിരുദ്ധമായത് നീ സ്വീകരിക്കുക. അയാൾ പറയുന്നതിന്നെതിരായതായിരിക്കും സത്യം. (عيون أخبار الرضا 1/275)



ഹുസൈനുബ്നു ഖാലിദ് രിദാ(അ)ൽ നിന്ന് റിപ്പോർട്ട് ചെയ്യുന്നു: അദ്ദേഹം പറഞ്ഞു: 'ശിയാക്കൾ നമ്മുടെ കൽപനക്ക് കീഴ്പെടുന്നവരാണ്. നമ്മുടെ വാക്കുകൾ സ്വീകരിക്കുന്നവരാണ്. നമ്മുടെ ശത്രുക്കളുടെ (അഹ്ലുസ്സുന്നത്തിന്റെ) വാക്കുകൾക്ക് എതിരു പ്രവർത്തിക്കുന്നവരുമാണ്. ആര് അങ്ങനെ യല്ലയോ അവർ നമ്മിൽപ്പെട്ടവനല്ല' (الفصول المهمة 225)

2) അൽആമ്മത്ത് (അഹ്ലുസ്സുന്നത്ത്) യോജിക്കുന്ന തൊഴിൽ അനുവദനീയമല്ല.

അൽഹർറുൽ ആമിലി തന്റെ وسائل الشيعة എന്ന കൃതിയിൽ നൽകിയ ഒരു അധ്യായത്തിന്റെ തലക്കെട്ടു തന്നെ ഇതാണ്. അദ്ദേഹം പറഞ്ഞു: ഈ വിഷയത്തിൽ നിരവധി മുത്തവാത്തിർ ആയ ഹദീഥുകൾ ഉണ്ട്. അതിൽപ്പെട്ടതാണ് വൈരുധ്യമായ രണ്ട് വ്യത്യസ്ത ഹദീഥുകളെക്കുറിച്ച് സ്വാദിക്(അ) പറഞ്ഞ കാര്യം 'അവരുടെ റിപ്പോർട്ടിനോട് യോജിച്ചു വരുന്നത് നിങ്ങൾ ഉപേക്ഷിക്കുക. അവരുടെ റിപ്പോർട്ടുകൾക്കെതിരിൽ വരുന്നത് സ്വീകരിക്കുക' എന്നാണ്. സ്വാദിക്(അ) പറഞ്ഞു: 'രണ്ടു ഹദീഥുകൾ വൈരുധ്യങ്ങളായി വന്നാൽ അൽക്വൗമിന്ന് (അഹ്ലുസ്സുന്നത്തിന്) എതിരായത് നിങ്ങൾ സ്വീകരിക്കുക . അദ്ദേഹം തന്നെ പറഞ്ഞു: അൽആമ്മത്തിന്ന് എതിരായത് നിങ്ങൾ സ്വീകരിക്കുക.' വീണ്ടും പറഞ്ഞു: 'അൽആമ്മത്തിന്ന് എതിരായതിലാണ് നേർമാർഗം'. വീണ്ടും പറഞ്ഞു: 'അല്ലാഹുവാണെ! നിങ്ങൾ നിലകൊള്ളേണ്ടത് അവർ (അഹ്ലുസ്സുന്നത്ത്) നിലകൊള്ളുന്നതിലല്ല. അവർ നിങ്ങളിലുമല്ല. നിങ്ങളെപ്പോഴും അവർക്കെതിരാകണം. അവർ ഒരു കാര്യത്തിലും യാഥാർത്ഥ്യത്തിൽ നിന്ന് വല്ലതും ഉള്ളവരല്ല.' മറ്റൊരു വചനം: അല്ലാഹു സത്യം. നമ്മൾ (ശിയാക്കൾ) അല്ലാത്തവരെ പിന്തുടരാൻ അല്ലാഹു നിങ്ങൾക്ക് സ്വാതന്ത്ര്യം നൽകിയിട്ടില്ല. തീർച്ചയായും നമ്മോടു യോജിക്കുന്നവൻ ശത്രുവിനോടു വിയോജിച്ചു. ആരെങ്കിലും നമ്മുടെ ശത്രുവിനോട് ഏതെങ്കിലും വാക്കിലോ പ്രവൃത്തിയിലോ യോജിച്ചാൽ അവൻ നമ്മിൽപ്പെട്ടവനല്ല. നാം അവരിൽപ്പെട്ടവരുമല്ല.' വിരുദ്ധങ്ങളായ രണ്ട് ഹദീഥുകളെക്കുറിച്ച് അബ്ദുസ്സ്വാലിഹ് (അ) പറഞ്ഞു: 'അൽക്വൗമിന്ന് (അഹ്ലുസ്സുന്നത്തിന്) എതിരായത് നിങ്ങൾ സ്വീകരിക്കുക.

അൽക്വൗം യോജിക്കുന്നത് നിങ്ങൾ വർജിക്കുക.' രിദാ(അ)ന്റെ വാക്ക്: രണ്ട് വിരുദ്ധ റിപ്പോർട്ടുകൾ നിങ്ങൾക്കു കിട്ടിയാൽ അൽആമ്മത്തിനോട് യോജിക്കാത്തതേതെന്ന് നോക്കി അതു നിങ്ങൾ സ്വീകരിക്കുക. അവരോടു യോജിക്കുന്നതു നോക്കി അത് തള്ളുക . സ്വാദിക്(അ)ന്റെ വചനം: 'അല്ലാഹു സത്യം! അവരുടെ പക്കൽ കിബ്ല സ്വീകരണമല്ലാതെ മറ്റൊരു സത്യവും ബാക്കിയില്ല' (അൽഫുസ്വൂലുൽ മുഹിമ്മ: 5/325).

ഈ റിപ്പോർട്ടുകളെക്കുറിച്ച് ഹർറ് പറഞ്ഞു: തീർച്ചയായും ഇവയെല്ലാം മുത്തവാത്തിറിന്റെ പരിധി കടന്നവയാണ്. പിൽക്കാലക്കാരായ ചിലർ ഇത് ഏകറാവി റിപ്പോർട്ട് (ഖബർ വാഹിദ്) ആണെന്ന് കരുതുന്നത് അത്ഭുതം തന്നെ! അദ്ദേഹം വീണ്ടും പറഞ്ഞു: ഈ മുത്തവാത്തിറായ ഹദീഥുകളിൽ നിന്ന് വ്യക്തമാകുന്ന കാര്യം അൽആമ്മത്തിന്റെ ഗ്രന്ഥങ്ങളിൽ പറയപ്പെട്ട അടിസ്ഥാനവിശ്വാസങ്ങൾ മിക്കതും വ്യാജമാണെന്നുള്ളതാണ് (അൽഫുസ്വൂലുൽ മുഹിമ്മ: 5 /326).

3) നിശ്ചയം, അവർ സുന്നികളോട് യാതൊരു കാര്യത്തിലും യോജിക്കുകയില്ല:

സയ്യിദ് നിഅ്മത്തുല്ല അൽജസാഇരി പറഞ്ഞു: തീർച്ചയായും ഞങ്ങൾ അവരോട് അതായത് അഹ്ലുസ്സുന്നത്തിനോട് ഇലാഹ്, നബി, ഇമാം എന്നീ വിഷയങ്ങളിലൊന്നും യോജിക്കുന്നില്ല. അവരു പറയുന്ന റബ്ബിന്റെ നബി മുഹമ്മദും ആ നബിയുടെ ഖലീഫ അബൂബക്കറുമാണ്. എന്നാൽ അബൂബക്കർ ഖലീഫയായ നബിയിലും ആ നബിയുടെ റബ്ബിലും നാം വിശ്വസിക്കുന്നില്ല. എന്നാൽ അബൂബക്കർ ഖലീഫയായ നബിയുടെ റബ്ബ് നമ്മുടെ റബ്ബല്ല എന്നാണ് നാം പറയുക.'

باب نور في حقيقة دين الإمامية والعلة التي من أجلها يجب الاخذ بخلاف ما (الأنوار الجزائرية ٢/٢٧٨)

(ഇമാമിയ്യാ ദീനിന്റെ യാഥാർത്ഥ്യത്തിലും അക്കാരണത്താൽ അൽആമ്മത്ത് പറയുന്നതിന്ന് എതിരായത് സ്വീകരിക്കലിലും ഉള്ള പ്രകാശം) എന്ന അധ്യായത്തിലാണ് ഇക്കാര്യം പറഞ്ഞിട്ടുള്ളത്. **علل الشرائع** ൽ അസ്സ്വദൂക് ഈ അധ്യായം ഉൾപ്പെടുത്തിയിട്ട് പറഞ്ഞു: അബൂ ഇസ്ഹാക്വുൽ ഇർജാനിയിൽ നിന്ന് റിപ്പോർട്ട്: അബൂ



അബ്ദില്ലാ(അ) ചോദിച്ചു: അൽആമ്മത്ത് പറയുന്നതിന്ന് എതിരായതു മാത്രമേ സ്വീകരിക്കാവൂ എന്ന് കൽപിക്കപ്പെട്ടത് എന്തിനാണെന്ന് നിനക്കറിയുമോ? ഞാൻ പറഞ്ഞു: എനിക്കറിയില്ല . അപ്പോൾ അദ്ദേഹം പറഞ്ഞു: നിശ്ചയം, അലി(അ)ന്ന് അല്ലാഹു ഒരു ദീനും ദീനാക്കിയിട്ടില്ല, അത് ദുർബലപ്പെടുത്താൻ ഉദ്ദേശിച്ചുകൊണ്ട് അൽആമ്മത്ത് (അഹ്ലുസ്സുന്നത്ത്) മറ്റൊരാളിലേക്ക് തിരിഞ്ഞ് അവർ എതിരാകുന്ന ദീനല്ലാതെ. അവർക്കറിഞ്ഞു കൂടാത്തതിൽ അവർ അമീറുൽ മുഅ്മിനീനോട് വല്ലതിലും ഫത്വ ചോദിക്കുകയും അദ്ദേഹം ഫത്വ നൽകുകയും ചെയ്താൽ അതിന്ന് എതിരായതാണ് പൊതുജനങ്ങളെ ആശയക്കുഴപ്പത്തിലാക്കാൻ വേണ്ടി അവർ നടപ്പാക്കുക . (പേജ് 531)

ഇതു കേൾക്കുന്ന മാത്രയിൽ ഒരു ചോദ്യം ബുദ്ധിയിൽ ഉയർന്നു വരുന്നുണ്ട്: ഒരു മസ്അലയിൽ അൽആമ്മത്തിന്റെ കൂടെയുള്ളത് സത്യമാണെങ്കിലും അവരുടെ ആ വാക്കിന്നെതിരായതാണോ നാം സ്വീകരിക്കൽ നിർബന്ധമായത്? എനിക്ക് സയ്യിദ് മുഹമ്മദ് ബാക്വിർ സ്വദ്ർ ഒരിക്കൽ നൽകിയ ഉത്തരമിതാണ്, അദ്ദേഹം പറഞ്ഞു: 'അതെ, അവരുടെ വാക്കിന്ന് എതിരായത് സ്വീകരിക്കൽ നിർബന്ധമാണ്. കാരണം അവർക്കെതിരിലുള്ളതാണ് സ്വീകാര്യം. അത് അബദ്ധമാണെങ്കിലും ആ മസ്അലയിൽ അവരോട് യോജിക്കുന്നതിനേക്കാൾ നിസ്സാരമാണത്.'

അഹ്ലുസ്സുന്നത്തിനോട് ശീഇകൾക്കുള്ള ഈ വെറുപ്പ് ഇന്നോ ഇന്നലെയോ തുടങ്ങിയതല്ല. ഇക്കാലത്തെ സുന്നികളോട് മാത്രമായുള്ളതുമല്ല. നൂറ്റാണ്ടുകളായി അഹ്ലുസ്സുന്നത്തിന്റെ ആദിതലമുറ വരെ നീണ്ടു കിടക്കുന്നതാണ് ഈ വെറുപ്പ്. ഞാനുദ്ദേശിച്ചത് സ്വഹാബത്തിനെയാണ്. അബൂദർറ്, മിക്ദാദ്, സൽമാനുൽ ഫാരിസി എന്നിവരൊഴികെയുള്ള മുഴുവൻ സ്വഹാബികളും ഇവർ വെറുക്കുന്നവരിൽപ്പെടും. അതുകൊണ്ടാണ് അബൂജഅ്ഫറിൽ നിന്ന് കുലൈനി ഇങ്ങനെ റിപ്പോർട്ട് ചെയ്യുന്നത്: മൂന്നു പേരൊഴികെ സ്വഹാബികളെല്ലാം നബി(സ)യുടെ കാലത്തിനു ശേഷം മുർതദ്ദായവരാണ്. മിക്ദാദു ബ്നു അസ്വദ്, സൽമാനുൽ ഫാരിസി, അബൂദർറുൽ ഗിഫാരി എന്നിവരൊഴികെ (റൗദത്തുൽകാഫി 8/246). ആരാണ് നിങ്ങളുടെ മതത്തിൽ ഏറ്റവും ശ്രേഷ്ഠരെന്ന് നാം ജൂതന്മാരോട് ചോദിച്ചാൽ തീർച്ചയായും അവർ പറയും:

മൂസാ(അ)ന്റെ അനുചരന്മാരെന്ന്. ക്രൈസ്തവരോടു ചോദിച്ചാൽ അവർ പറയും ഈസാ നബിയുടെ അനുയായികൾ (ഹവാരികൾ) എന്ന്. എന്നാൽ നിങ്ങളുടെ വിശ്വാസമനുസരിച്ച് ഏറ്റവും ദുഷിച്ചർ ആരെന്നു ചോദിച്ചാലാണ് അവർ നബി(സ)യുടെ അനുയായികൾ (സ്വഹാബികൾ) എന്ന് ഉത്തരം പറയുക.

ശിയാക്കൾ ശകാരിക്കുകയും ശപിക്കുകയും കുത്തിപ്പറയുകയും ചെയ്യുന്നത് പ്രധാനമായും സ്വഹാബികളേയാണ്. പ്രത്യേകിച്ചും അബൂബക്കർ(റ), ഉമർ(റ), ഉഥ്മാൻ(റ), ആയിശ(റ), ഹഫ്സ്വത്ത്(റ) എന്നിവരെ. 'ദുആഉ സ്വനമയ് ഖുറൈശ്' (രണ്ട് ഖുറൈശി വിഗ്രഹങ്ങൾക്കെതിരിലുള്ള പ്രാർത്ഥന) എന്ന അവരുടെ ഒരു ശാപപ്രാർത്ഥനയിൽ ഇങ്ങനെ വന്നിട്ടുണ്ട്. 'അല്ലാഹുവേ, ഖുറൈശികളിലെ രണ്ടു വിഗ്രഹങ്ങളെ, അതായത് അബൂബക്കറിനേയും ഉമറിനേയും നീ ശപിക്കേണമേ!' ആ രണ്ടു പേരുടേയും ജിബ്ത്തുകളേയും താഗൂത്തുകളേയും, അവരുടെ പെൺമക്കളെയും, അതായത് ആയിശയേയും ഹഫ്സ്വയേയും നീ ശപിക്കേണമേ..! അവരുടെ പ്രാമാണിക ഗ്രന്ഥങ്ങളിൽ കാണുന്ന ശാപപ്രാർത്ഥനയാണിത്. ഇമാം ഖുമൈനി എല്ലാ സ്വുബ്ഹ് നമസ്കാര ശേഷവും ഈ പ്രാർത്ഥന ചൊല്ലാറുണ്ടായിരുന്നു. (നഊദു ബില്ലാഹ്!!)

ഒരു ദിവസം അബൂബക്കർ(റ)വിന്റെ മകൻ മുഹമ്മദ് ഇമാം അബൂ അബ്ദില്ലയുടെ അരികിൽ വച്ച് അദ്ദേഹത്തിന് ബൈഅത്ത് ചെയ്തപ്പോൾ ഇങ്ങനെ പറഞ്ഞുവത്രെ: താങ്കൾ അനുസരിക്കൽ നിർബന്ധമായ ഇമാമാണെന്നും എന്റെ പിതാവ് (അബൂബക്കർ(റ)) നരകത്തിലാണെന്നും ഞാൻ സാക്ഷ്യം വഹിക്കുന്നു. (രിജാലുൽകശിയ്യ് 61) അബൂഅബ്ദില്ലാ(അ)ൽ നിന്ന് ശുഐബ് റിപ്പോൾട്ട് ചെയ്യുന്നു: 'ഏത് അഹ്ലുബൈത്തിൽ നിന്നും അവരിൽപ്പെട്ട ഒരു ഉന്നതകുലജാതൻ ഉണ്ടാകാതിരിക്കില്ല. ചീത്ത അഹ്ലുബൈത്തിലെ ഉന്നതകുലജാതനാണ് മുഹമ്മദ് ബ്നു അബീബക്റ്' (അതേ പുസ്തകം പേ.61)

ഉമർ(റ)നെക്കുറിച്ച് സയ്യിദ് നിഅ്മത്തുല്ല അൽജസാഇരി പറഞ്ഞു: നിശ്ചയം, ഉമറുബ്നുൽ ഖത്ത്വാബ് ഗുദഭാഗത്ത് അർരിജാലിന്റെ ജലം കൊണ്ടല്ലാതെ ശാന്തി കിട്ടാത്ത ഒരു രോഗം



ഗുദഭാഗത്ത് ബാധിച്ചയാളാണ് (അൻവാറുന്നുഅ്മാനിയ്യ 1/63). ഉമർ(റ)വിനെ വധിച്ച മജൂസിയായ ഫൈറൂസ് അബൂലുഅ്ലുഅത്തിന്റെ മഖ്ബറ 'ബാബാ ശുജാഉദ്ദീന്റെ കിടപ്പറ' എന്ന പേരിൽ ഇറാനിലെ കാശാൻ നഗരത്തിൽ 'ബാഗേഫൈൻ' എന്ന സ്ഥലത്ത് പുണ്യസ്ഥലമായി പരിഗണിച്ച് കെട്ടിപ്പൊക്കിയിട്ടുണ്ട്. ഉമറിനെ കൊന്നതിന്റെ പേരിൽ അവർ അബൂലുഅ്ലുഅത്തിന് നൽകിയ വിളിപ്പേരാണ് ബാബാ ശുജാഉദ്ദീൻ എന്നത്. അയാളുടെ മഖ്ബറയുടെ മതിലിൽ പേർഷ്യൻ ഭാഷയിൽ ഇങ്ങനെ എഴുതി വെച്ചിട്ടുണ്ട്: مرك بر أبوبكر ، مرك بر عمر ، مرك بر عثمان

(അബൂബക്കർ നശിക്കട്ടെ, ഉമർ നശിക്കട്ടെ, ഉഥ്മാൻ നശിക്കട്ടെ). ഇറാനികൾ ഇപ്പോഴും ഈ മസാറിൽ* വരികയും വഴിപാടുകളും കാണിക്കകളുമൊക്കെ സമർപ്പിക്കുകയും ചെയ്യാറുണ്ട്. ഈ മഖ്ബറയും അവിടുത്തെ ദൃശ്യങ്ങളുമെല്ലാം ഞാനെന്റെ കണ്ണുകൊണ്ട് നേരിൽ കണ്ടിട്ടുള്ളതാണ്. അത് പുതുക്കിപ്പണിയാനും വികസിപ്പിക്കാനുമൊക്കെ ഇറാനിലെ ഗൈഡൻസ് മന്ത്രാലയമാണ് മേൽനോട്ടം വഹിക്കുന്നത്. എന്തിനധികം ഈ മഖ്ബറയുടെ ചിത്രം സർക്കാറിന്റെ തപാൽ സ്റ്റാമ്പുകളിൽപ്പോലും സ്ഥാനം പിടിച്ചിട്ടുണ്ട്!

ഇമാം കുലൈനി അബൂജഅ്ഫർ(അ)ൽ നിന്ന് ഉദ്ധരിക്കുന്നു: 'നിശ്ചയം, ആ രണ്ടു കിളവന്മാർ അതായത് അബൂബക്കറും ഉമറും തൗബ ചെയ്യാതെ മരിച്ചു പോയി. അവർ അമീറുൽ മുഅ്മിനീൻ അലി(അ)നോട് ചെയ്തു കൂട്ടിയ ദ്രോഹങ്ങൾ അളവറ്റതാണ്. അതിനാൽ അവരിരുവർക്കും അല്ലാഹുവിന്റേയും മലക്കുകളുടേയും മുഴുവൻ മനുഷ്യരുടേയും ശാപമുണ്ടാകട്ടെ' (റൗദത്തുൽകാഫി 8/246)

ഉഥ്മാനുബ്നു അഫ്ഫാൻ ആണും പെണ്ണുമല്ലാത്തയാളാണെന്നു വരെ അവർ പ്രചരിപ്പിച്ചിട്ടുണ്ട്. (സ്വിറാത്തുൽമുസ്തഖീം 2/30). ആയിശാബീവിയെക്കുറിച്ച് അവർ ചതിപ്രയോഗത്തിലൂടെ 40 ദീനാർ സ്വന്തമാക്കുകയുണ്ടായെന്ന് ഇബ്നു റജബിൽ ബർസി റിപ്പോർട്ട് ചെയ്യുന്നു (മശാരിക് 5/ 86).

ഞാനൊന്നു ചോദിക്കട്ടെ മേൽപറഞ്ഞ രീതിയിലാണ് മൂന്നു ഖലീഫമാരുടെ യാഥാർത്ഥ്യമെങ്കിൽ അലി(അ) എന്തിനാണവർക്ക് ബൈഅത്ത് ചെയ്തത്?! അമീറുൽമുഅ്മിനീൻ എങ്ങനെയാണ്

ദീർഘകാലം അവരുടെ മന്ത്രിയായി കഴിച്ചു കൂട്ടിയത്?! പേടിച്ചിട്ടാണോ? അല്ലാഹുവിൽ ശരണം!

സയ്യിദ് ജസാഇരി പറഞ്ഞപോലെ ഉമർ(റ) ഒരു ഗുദരോഗിയാണെങ്കിൽ അമീറുൽ മുഅ്മിനീൻ(അ) എങ്ങനെയാണ് തന്റെ മകൾ ഉമ്മുകുൽഥൂമിനെ അദ്ദേഹത്തിന് വിവാഹം ചെയ്തു കൊടുക്കുക? അതോ അമീറുൽ മുഅ്മിനീൻ പോലുമറിയാത്ത ഈ രോഗവിവരം ജസാഇരി അറിഞ്ഞുവെന്നാണോ? ഏറെ ബുദ്ധി കൊടുക്കേണ്ടതൊന്നുമല്ലല്ലോ ഈ വിഷയം.

കുലൈനി സ്വഹാബികളെക്കുറിച്ച് ജാരസന്തതികൾ എന്നാണ് വിശേഷിപ്പിച്ചിട്ടുള്ളത്. ( روضة الكافي 8/135) അഹ്ലുസ്സുന്നത്തിൽപ്പെട്ടവരുടെ രക്തവും സ്വത്തും അതുകൊണ്ടു തന്നെ പുരോഹിതന്മാർ ഇവർക്ക് ഹലാലാണെന്ന് വിധിച്ചിട്ടുണ്ട്. ദാവൂദു ബ്നു ഫർക്വദിൽ നിന്ന്: ഞാൻ അബൂഅബ്ദില്ലാ(അ)നോട് ചോദിച്ചു. നാസ്വിബിനെ (അഹ്ലുസ്സുന്നത്തിനെ) വധിക്കുന്നതിന്റെ വിധിയെക്കുറിച്ച് നിങ്ങളെന്തു പറയുന്നു? അപ്പോൾ അദ്ദേഹം പറഞ്ഞു: അവരുടെ രക്തം ഹലാലാണ് (ബിഹാറുൽഅൻവാർ 18/463, വസാഇലുശ്ശിഅ 27/231) ,

ഈ ഫത്വക്ക് ഇമാം ഖുമൈനിയുടെ വക ഒരനുബന്ധം കൂടിയുണ്ട്: നിനക്കു കഴിയുമെങ്കിൽ അവന്റെ ധനം നീ എടുക്കണം. ഖുമുസ് (അഞ്ചിലൊന്ന്) ഞങ്ങൾക്ക് കൊടുത്തയക്കുക എന്ന്. സയ്യിദ് നിഅ്മത്തുല്ലാ അൽജസാഇരി പറഞ്ഞു: നിശ്ചയം, റശീദിന്റെ മന്ത്രിയായ അലിയ്യു ബ്നു യക്ത്വീൻ, എതിരാളികളായ ഒരു സംഘം തന്റെ തടവറയിൽ ഒരുമിച്ചു കൂടി. അപ്പോൾ അദ്ദേഹം തന്റെ ഭൃത്യന്മാരോട് കൽപിച്ചു. അതനുസരിച്ച് അവർ തടവറയുടെ മേൽപുര പൊളിച്ച് തടവുകാരുടെ മേൽ ചാടി വീണു. അവരെല്ലാം മരിച്ചു. അവർ അഞ്ഞൂറു പുരുഷന്മാരുണ്ടായിരുന്നു. (അൻവാറുന്നുഅ്മാനിയ്യ 3/308)

ഹുലാക്കൂ ഖാൻ ബാഗ്ദാദിൽ കടന്നു ചെന്നപ്പോൾ അവിടെയുണ്ടായ കാര്യങ്ങൾ ചരിത്രഗ്രന്ഥങ്ങൾ നമുക്കു പറഞ്ഞു തരുന്നുണ്ട്. തീർച്ചയായും അത് ഏറ്റവും വലിയ അറവു കേന്ദ്രമാക്കി അയാൾ മാറ്റി. അഹ്ലുസ്സുന്നത്തിൽ നിന്ന് വധിക്കപ്പെട്ട അനേകരുടെ രക്തം കൊണ്ട് അന്ന് ടൈഗ്രീസ് നദി ചുവപ്പായി മാറിയെന്ന് ചരിത്രം



വ്യക്തമാക്കുന്നു. മറ്റൊരിക്കൽ അതിൽ വലിച്ചെറിഞ്ഞ അളവറ്റ പുസ്തകങ്ങൾ മൂലം ആ നദിയെ അയാൾ നീല നിറമുള്ളതാക്കുകയും ചെയ്തു. അബ്ബാസീ ഖലീഫയുടെ രണ്ട് മന്ത്രിമാരായ അൽക്വസ്വീർ ത്വൂസി, മുഹമ്മദ് ബ്നുൽ അൽക്വമി എന്നിവരാണതിന്റെ കാരണക്കാർ. അവർ രണ്ടു പേരും ശീഈ വിശ്വാസികളായിരുന്നു. അവർക്കും ഹുലാക്കൂവിനുമിടയിൽ രഹസ്യമായി എഴുത്തുകുത്തുകൾ നടന്നിരുന്നു. അങ്ങനെയാണ് അവരിരുവരും ഹുലാക്കൂവിന് ബാഗ്ദാദിൽ കടക്കാൻ സൗകര്യം ചെയ്തു കൊടുത്തത്. ആ രണ്ടു ശീഈ മന്ത്രിമാരാണ് അബ്ബാസീ ഭരണം തകർത്തതിന്റെ പിന്നിലെന്നർത്ഥം. അഹ്ലുസ്സുന്നത്തിന്റെ വിധികൾ അബ്ബാസികൾ നടപ്പിൽ വരുത്തിയത് അവർക്കൊട്ടും ഇഷ്ടമായിരുന്നില്ല. അങ്ങനെ അവരുടെ കുതന്ത്രത്തിലൂടെ അഹ്ലുസ്സുന്നത്തിന്റെ അബ്ബാസീ ഭരണം തകർക്കപ്പെടുകയും അവർ രണ്ടു പേരും ഹുലാക്കൂവിന്റെ മന്ത്രിമാരായിത്തീരുകയും ചെയ്തു. ഹുലാക്കൂവാകട്ടെ വിഗ്രഹാരാധകനായിരുന്നു താനും. ഇമാം ഖുമൈനി മേൽപറഞ്ഞ ഇബ്നു യക്ത്വീൻ, ത്വൂസി, അൽക്വമി എന്നിവരെ തൃപ്തിപ്പെടുകയും അവരെല്ലാം ദീനുൽ ഇസ്‌ലാമിന് മഹത്തായ സേവനങ്ങൾ ചെയ്തവരായി വിലയിരുത്തുകയും ചെയ്തിട്ടുള്ളയാളാണ്.

ഒരൊറ്റ ഉദ്ധരണിയോടു കൂടി ഞാൻ ഈ അധ്യായത്തിലെ ചർച്ച അവസാനിപ്പിക്കുകയാണ്. അതാകട്ടെ സമഗ്രമാണ്. സയ്യിദ് നിഅ്മത്തുല്ലാ അൽജസാഇരി നവാസ്വിബിനോട് (അഹ്ലുസ്സുന്നത്തിനോട്) ഉള്ള നിലപാട് വ്യക്തമാക്കിക്കൊണ്ട് അദ്ദേഹം പറഞ്ഞു: 'നിശ്ചയം, ഇമാമിയ്യ ശീഈ പണ്ഡിതരുടെ ഇജ്മാഅ നുസരിച്ച് അവർ (അഹ്ലുസ്സുന്നത്ത്) നജസുകളായ കാഫിറുകളാണ്. അവർ ജൂത നസ്വാറാക്കളേക്കാൾ മോശമാണ്. അവരുടെ അടയാളങ്ങളിൽപ്പെട്ടത് ഇമാമത്തിന്റെ കാര്യത്തിൽ അവർ അലിയേക്കാൾ മറ്റുവരെ മുന്തിക്കുമെന്നന്നതാണ്.' (അൻവാറുന്നുഅ്മാനിയ്യ 206, 207)

ഇങ്ങനെയൊക്കെയാണ് അഹ്ലുസ്സുന്നത്തിന്റെ വിഷയത്തിൽ ശിയാക്കൾ വിധി കൽപിച്ചിട്ടുള്ളത്. അതായത് അവർ കാഫിറുകളാണ്, നജ്സുകളാണ്, ജൂതക്രൈസ്തവരേക്കാൾ നികൃഷ്ടവിശ്വാസമുള്ളവരാണ്, ജാരസന്തതികളാണ്, അവരെ കൊല്ലലും അവരുടെ ധനം അപഹരിക്കലും നിർബന്ധമാണ്, റബ്ബിന്റെ

വിഷയത്തിലും നബി, ഇമാം എന്നീ കാര്യങ്ങളിലും അവരോട് യോജിക്കാൻ കഴിയില്ല, വാക്കിലോ പ്രവൃത്തിയിലോ അവരോട് നമുക്ക് യോജിപ്പില്ല, അവരെ ശപിക്കുകയും ശകാരിക്കുകയും ചെയ്യൽ നിർബന്ധമാണ് എന്നെല്ലാം. അല്ലാഹു ക്വുർആനിലൂടെ പ്രശംസിച്ച ഒന്നാമത്തെ തലമുറയിൽപ്പെട്ട സ്വഹാബികളെപ്പോലും അവർ ഇങ്ങനെ ശപിക്കുന്നു. നബി(സ)യുടെ കൂടെ പ്രബോധനം നടത്താനും ജിഹാദിന്നും അവസരം ലഭിച്ചവരല്ലേ അവർ? അല്ലെങ്കിലെനിക്ക് പറഞ്ഞു തരൂ, ആരാണ് നബി(സ)യോടൊപ്പം നിഷേധികൾക്കെതിരെ പോരാടിയത്? നബിതിരുമേനിയോടൊപ്പം യുദ്ധങ്ങളിലെല്ലാം പങ്കെടുക്കാൻ അവസരം കിട്ടിയതു തന്നെ അവരുടെ ഈമാനും ജിഹാദും കലർപ്പില്ലാത്തതു കൊണ്ടാണെന്ന് വ്യക്തമാക്കുന്നില്ലേ. അതുകൊണ്ടു തന്നെ ഈ വിഷയത്തിൽ നമ്മുടെ ഫുക്വഹാഇന്റെ വാക്കുകൾ നമുക്ക് തള്ളിക്കളയാം.

ഇസ്ലാമിക വിപ്ലവം എന്നു പേരിട്ട വിപ്ലവത്തിന്റെ തുടർച്ചയായി ഇറാനിൽ പഹ്ലവി കുടുംബത്തിന്റെ ഭരണം അവസാനിക്കുകയും ഇമാം ഖുമൈനി ഭരണത്തിന്റെ കടിഞ്ഞാൺ ഏറ്റെടുക്കുകയും ചെയ്തപ്പോൾ ഇമാമിനെ സന്ദർശിക്കാനും ആധുനിക കാലത്തെ ശീഈ ഫുക്വഹാക്കൾ വിധിക്കുന്ന ഒന്നാമത്തെ ശീഈ രാഷ്ട്രം സ്ഥാപിച്ച ഈ മഹത്തായ വിജയത്തിൽ അഭിനന്ദനം ചൊരിയാനും ശീഈ പണ്ഡിതരെല്ലാം നിർബന്ധിതരായി. എനിക്ക് ഇമാം ഖുമൈനിയുമായുള്ള ആഴമേറിയ ബന്ധം കാരണം മറ്റുള്ള വരേക്കാൾ ഈ അഭിനന്ദനമർപ്പിക്കാൻ ഞാൻ ബാധ്യസ്ഥനായിരുന്നു. അങ്ങനെ ഏതാണ്ട് ഒന്നര മാസത്തിനു ശേഷം, ഇമാം ഖുമൈനി പാരീസിലെ പ്രവാസം കഴിഞ്ഞ് ടെഹ്റാനിലെത്തിയ ഉടനെ ഞാൻ ഇറാൻ സന്ദർശിച്ചു. അദ്ദേഹമെന്നെ ഹൃദ്യമായി സ്വീകരിച്ചു. ഇറാക്കീ പണ്ഡിതരുടെ നിവേദകസംഘത്തിന്റെ കൂട്ടത്തിലല്ല, തനിച്ചായിരുന്നു ഞാൻ അദ്ദേഹത്തെ സന്ദർശിച്ചത്. ഇമാമിന്റെ കൂടെയുള്ള ആ പ്രത്യേക കൂടിക്കാഴ്ചയിൽ അദ്ദേഹം എന്നോടു പറഞ്ഞു: 'സയ്യിദ് ഹുസൈൻ, നമുക്ക് ഇമാമുകളുടെ വസ്വിയ്യത്ത് നടപ്പാക്കാൻ സമയമായി. നമുക്ക് നവാസ്വിബിന്റെ (അഹ്ലുസ്സുന്നത്തിന്റെ) രക്തം ചിന്തണം. അവരുടെ ആൺമക്കളെ വധിക്കുകയും സ്ത്രീകളെ വെറുതെ വിടുകയും ചെയ്യണം. നമ്മുടെ പ്രതികാരനടപടിയിൽ നിന്ന് രക്ഷപ്പെടാൻ ഒരാളെയും അനുവദിച്ചു കൂടാ. അവരുടെ സമ്പത്ത്



അഹ്ലുബൈത്തിന്റെ കക്ഷിക്കുള്ളതാവണം. വഹാബികളുടെ കേന്ദ്രമായിത്തീർന്ന മക്കയും മദീനയും നാം ഭൂമുഖത്തു നിന്ന് തുടച്ചു നീക്കണം.

അല്ലാഹുവിന്റെ പരിശുദ്ധമായ അനുഗൃഹീത ഭൂമിയായും നമസ്കാരത്തിനുള്ള ക്വിബ്ലയായും മാറേണ്ടത് കർബലയാണ്. ഇമാമുകളുടെ ആ സ്വപ്നമെല്ലാം നമുക്ക് സാക്ഷാത്കരിക്കണം. ദീർഘകാലമായി നാം പോരാടി നമ്മുടെ രാഷ്ട്രം നാം സ്ഥാപിച്ചെടുത്തു. ഇനി ഇവ നടപ്പാക്കലല്ലാതെ മറ്റൊന്നും അവശേഷിക്കുന്നില്ല!!'

ശ്രദ്ധിക്കുക: നിങ്ങൾ മനസ്സിലാക്കണം, അഹ്ലുസ്സുന്നത്തിനോട് ശിയാക്കൾക്കുള്ള കുടിപ്പകക്ക് തുല്യമായ മറ്റൊരു കുടിപ്പക കാണാൻ സാധ്യമല്ല തന്നെ. അതുകൊണ്ടാണ് നമ്മുടെ ഫുക്വഹാക്കൾ അഹ്ലുസ്സുന്നത്തിനെക്കുറിച്ച് നുണ പ്രചരിപ്പിക്കാൻ പോലും അനുവാദം നൽകിയത്. അവർക്കെതിരെ വ്യാജാരോപണങ്ങൾ ചാർത്താനും അവരെക്കുറിച്ച് ദുഷിച്ച വാർത്തകൾ പ്രചരിപ്പിക്കാനുമൊക്കെ അനുവാദം നൽകിയത്. ഇപ്പോൾ ശിയാക്കൾ അഹ്ലുസ്സുന്നത്തിനെ നോക്കുന്നതു തന്നെ ഉന്നതമായ റഫറൻസ് ഗ്രന്ഥങ്ങളിൽ വന്ന ഇത്തരം വീക്ഷണങ്ങളുടെയും നിർദ്ദേശങ്ങളുടേയും അടിസ്ഥാനത്തിലുള്ള പകയുടെ നോട്ടമാണ്. മേൽ നിർദ്ദേശങ്ങൾ ശിയാക്കളിലെ ഓരോ വ്യക്തിക്കും വേണ്ടി അവർ പ്രസിദ്ധീകരിച്ചിട്ടുമുണ്ട്. ശീഈ സമൂഹം അഹ്ലുസ്സുന്നത്തിരെയുള്ള ജിഹാദിന്റെ പ്രഖ്യാപനവും കാത്ത് അക്ഷമരായി കാത്തിരിക്കുകയാണ്. അങ്ങനെയാണ് അഹ്ലുബൈത്തിനോട് സേവനം ചെയ്യേണ്ടതെന്നാണ് ശിയാക്കളായ സാധാരണ ജനങ്ങൾ മനസ്സിൽ ചിത്രീകരിച്ചു വെച്ചിരിക്കുന്നത്. ക്വാളീസിനു പിന്നിൽ സുഖിച്ചുപണിയെടുക്കുന്ന ഒരു വിഭാഗമാണ് ഇതിലേക്ക് അവരെ തള്ളിവിടുന്നത് എന്ന കാര്യം അവർ മറന്നു പോയിരിക്കുന്നു. അവരാരാണെന്ന സൂചന അടുത്ത അധ്യായത്തിൽ വരുന്നുണ്ട്.

അദ്ധ്യായം 7

# ശിയാഇസം വളർത്തുന്നതിൽ വിദേശഘടകങ്ങളുടെ സ്വാധീനം

ശിയാഇസം ഉണ്ടാക്കിയതിൽ ജൂതനായ ഇബ്നു സബഇന്റെ പങ്ക് ഒന്നാം അധ്യായത്തിലൂടെ നാം മനസ്സിലാക്കിയല്ലോ. ശിയാക്കളിലെ സാധാര ണക്കാരും പ്രത്യേകക്കാരുമുൾപ്പെടെയുള്ള മുഴുവൻ പേരും അവഗണിക്കുന്ന ഒരു യാഥാർത്ഥ്യമാണത്. ഈ വിഷയത്തെക്കുറിച്ച് ഞാനൊരുപാട് ആലോ ചിച്ചു. വ്യാജവിശ്വാസങ്ങളും ദുഷിച്ച ചിന്തകളും കക്ഷിത്വത്തിലേക്ക് കടത്തി വിടുന്നതിൽ അപകടക രമായ പങ്കു വഹിച്ച ചിലർ അവിടെയുണ്ടെന്ന് മറ്റുള്ളവർ അറിഞ്ഞതു പോലെ ദീർഘമായ വർഷങ്ങൾ കഴിഞ്ഞപ്പോൾ ഞാനും അറിഞ്ഞു.

ഈ ദീർഘമായ കാലമത്രയും ഹൗസകളുടെ കേന്ദ്രമായ നജ്ഫിലെ ഹൗസയിൽ താമസിച്ചതു കൊണ്ടും ഏറ്റവും പ്രധാനപ്പെട്ട റഫറൻസ് ഗ്രന്ഥ ങ്ങൾ വായിക്കാനവസരമുണ്ടായതു കൊണ്ടും അജ്ഞാതമായ, മിക്കവരും പരസ്പരം അജ്ഞത നടിക്കുന്ന, അപകടകരമായ ആ യാഥാർത്ഥ്യങ്ങൾ



ഗ്രഹിക്കാൻ എനിക്കവസരമുണ്ടായി. ഇന്നു കാണുന്ന മഹാവ്യതിയാനങ്ങളിലേക്കു ശീഈ മാർഗത്തെ നയിച്ചതാരെന്ന് ഞാൻ ഗ്രഹിച്ചു. നേരത്തേ വിശദീകരിച്ച പ്രകാരം കൂഫക്കാർ അഹ്ലുബൈത്തിനോടു കാണിച്ച ക്രൂരതകളും അവരുടെ വഞ്ചനകളും കണ്ടെത്താനും എനിക്കു കഴിഞ്ഞു. അവർ ശീഇസത്തിന്റെ മറ സ്വീകരിച്ചുകൊണ്ട് അഹ്ലുബൈത്തിനോട് ബന്ധം സ്ഥാപിച്ചവരാണ്.

ശിയാഇസത്തിന്റെ മറയിട്ട അവരിൽപ്പെട്ടവരുടെ ചില ഉദാഹരണങ്ങൾ നമുക്കെടുക്കാം:

ഹിശാമുബ്നുൽ ഹകം. എട്ടു സ്വിഹാഹിലും മറ്റു ഗ്രന്ഥ ങ്ങളിലും ഹിശാമിന്റെ വിവരങ്ങളുണ്ട്. ഹിശാം ഒരിക്കൽ ഇമാമുൽ കാളിമിന്റെ ജയിലിൽ വച്ച് ഒരു വഴി കണ്ടെത്തി അദ്ദേഹത്തെ വധിക്കുകയുണ്ടായി. തീർച്ചയായും അബുൽ ഹുസൈൻ (അ)ന്റെ രക്തത്തിൽ പങ്കുള്ള പിഴച്ചവനും പിഴപ്പിക്കുന്നവനുമായ വ്യക്തിയാണ് ഹിശാം (രിജാലുൽകശിയ്യ് 5/ 229) അബുൽഹസൻ(അ)നോട് ഹിശാം പറഞ്ഞു: എനിക്ക് ഉപദേശം തരൂ . അദ്ദേഹം പറഞ്ഞു: എന്റെ രക്തത്തിൽ നീ അല്ലാഹുവെ ഭയപ്പെടണമെന്ന് ഞാൻ നിന്നെ ഉപദേശിക്കുന്നു (രിജാലുൽകശിയ്യ് 5/226). ഒരിക്കൽ അയാളോട് അബുൽഹസൻ(അ) വാക്ക് നിയന്ത്രിക്കാൻ ആവശ്യപ്പെട്ടു. അങ്ങനെ ഒരു മാസം അയാൾ മിണ്ടാതിരുന്നു. പിന്നീട് തിരിച്ചു വന്നപ്പോൾ അബുൽഹസൻ(അ) പറ ഞ്ഞു: ഹിശാം! ഒരു മുസ്ലിമിന്റെ രക്തത്തിൽ പങ്കാളിയാകുന്നത് നിനക്ക് സന്തോഷമുണ്ടാക്കുന്ന കാര്യമാണോ? അയാൾ പറഞ്ഞു: അല്ല . അദ്ദേഹം പറഞ്ഞു: പിന്നെങ്ങനെ നിനക്ക് എന്റെ രക്തത്തിൽ പങ്കാളിയാകാൻ കഴിയും?

അഹ്ലുബൈത്തിനോട് ആത്മാർത്ഥതയുള്ള ഒരാൾക്ക് എങ്ങനെ ഈ ഇമാമിന്റെ വധത്തിന്ന് കാരണക്കാരനാകാൻ കഴിയും?

എന്നോടൊപ്പം ഈ ഉദ്ധരണികൾ വായിക്കുക:

മുഹമ്മദ് ബ്നുൽ ഫറജുറഖ്ജി പറഞ്ഞു: ഹിശാമുബ്നുൽ ഹകം അല്ലാഹുവിന്റെ ശരീരത്തിന്റെ കാര്യത്തിൽ പറഞ്ഞ തിനെക്കുറിച്ചും ഹിശാമുബ്നു സാലിം രൂപത്തിന്റെ വിഷയത്തിൽ പറഞ്ഞതിനെക്കുറിച്ചും ചോദിച്ചു കൊണ്ട് ഞാൻ അബുൽ ഹസൻ(അ)ന് എഴുതി. അപ്പോൾ അദ്ദേഹമെഴുതി: നീ നിന്നിൽ

നിന്ന് പരിഭ്രാന്തന്റെ പരിഭ്രാന്തി നീ വിട്ടുകളയുക. ശൈത്വാനിൽ നിന്ന് അല്ലാഹുവോട് നീ ശരണം തേടുക. രണ്ടു ഹിശാം പറഞ്ഞതും പരിഗണീയമായ ഒരു വാക്കല്ല (بحار الأنوار ٣/٢٨٨ ،أصول الكافي ١/١٠٥)

തീർച്ചയായും അല്ലാഹു ഒരു ശരീരമാണെന്ന് ഹിശാമു ബ്നുൽഹകമും അല്ലാഹു ഒരു ചിത്രമാണെന്ന് ഹിശാമുബ്നു സാലിമും വാദിച്ചിരുന്നു.

ഇബ്റാഹീമുബ്നു മുഹമ്മദുൽ ഖസ്സാറിൽ നിന്നും മുഹമ്മദു ബ്നുൽ ഹുസൈനിൽ നിന്നും: രണ്ടു പേരും പറഞ്ഞു: ഞങ്ങൾ അബുൽഹസൻ രിദാ(അ)ന്റെ അരികിലേക്ക് ഒരിക്കൽ കടന്നു ചെന്നു. എന്നിട്ട് മുപ്പത് വയസ്സുള്ള യുവാവിന്റെ രൂപത്തിൽ പച്ചനിറത്തിലുള്ള രണ്ടുകാലുകളുള്ളതയി അല്ലാഹുവിനെ മുഹമ്മദ് കണ്ടുവെന്ന് റിപ്പോർട്ട് ചെയ്യപ്പെട്ടതിനെ ക്കുറിച്ച് വിവരിച്ചു: ഞങ്ങൾ പറഞ്ഞു: നിശ്ചയം, ഹിശാമുബ്നു സാലിമും മൈഥമിയും പറയുന്നു: നിശ്ചയം അല്ലാഹു പൊക്കിൾ വരെ പൊള്ളയായവനാണ്. ബാക്കി ഭാഗം ആമാശയമോ കുടൽമാലകളോ ഇല്ലാത്തതും. (أصول الكافي ١/١٠٤، بحار الأنوار ٤/٤٠) ഇങ്ങനെ മുപ്പതു വയസ്സുള്ള യുവാവിന്റെ രൂപത്തിലാണ് അല്ലാഹുവെന്ന് മനസ്സിലാക്കാമോ? ഇത് അല്ലാഹുവെക്കുറിച്ച് ജൂതന്മാർ അവരുടെ പുസ്തകത്തിൽ ഒരു ഭീമാകാരനായ മനുഷ്യനെപ്പോലെ ചിത്രീകരിച്ചതിന് തുല്യമായ നടപടിയാണ്. പഴയനിയമത്തിൽ ഉൽപത്തി പുസ്തകത്തിൽ അതു കാണാം.

അപ്പോൾ ഇതെല്ലാം ജൂതന്റെ സമ്പ്രദായങ്ങളാണ്. ഇമാം കാളിമിന്റെ വധത്തിൽ കാരണക്കാരനും പങ്കാളിയുമായ ഹിശാമുബ്നുൽ ഹകമിന്റേയും ഹിശാമുബ്നു സാലിമിന്റേയും ശൈത്വാനുത്ത്വാകിന്റേയും الإمامة എന്ന ഗ്രന്ഥത്തിന്റെ കർത്താവായ അലിയ്യുബ്നു ഇസ്മാഈൽ മൈഥമിയുടേയും കൈകളിലൂടെയാണ് ഇക്കാര്യങ്ങൾ ശിയാക്കളിൽ കടത്തിക്കൂട്ടപ്പെട്ടത്. നാം സ്വിഹാഹുസ്സമാനിയ പോലുള്ള നമ്മുടെ ആധികാരികകൃതികൾ പരിശോധിച്ചാൽ പ്രസാധനത്തിന്റെ തലക്കെട്ടിൽത്തന്നെ ഇവരുടെയൊക്കെ നിരവധി ഹദീഥുകൾ നമുക്കു കാണാൻ കഴിയും.



## സുറാറത്തു ബ്നു അഅ്യുൻ:

ശൈഖ് ത്വൂസി പറഞ്ഞു: നിശ്ചയം, സുറാറത്ത് ഒരു കൃസ്തീയ കുടുംബമാണ്. അവന്റെ പിതാമഹനായ സിബ്സൺ ഒരു കൃസ്ത്യൻ പാതിരിയാണ്. പിതാവാകട്ടെ ബനൂ ശൈബാനിലെ ഒരാളുടെ റോമൻ അടിമയും . (الفهرست 5/104)

സുറാറത്ത് തന്നെ പറയുന്നതു കാണുക: ഞാൻ അബൂ അബ്ദില്ലയോട് തശഹുദിനെ സംബന്ധിച്ച് ചോദിച്ചു. .. അങ്ങനെ ഞാൻ പുറത്തു വരുമ്പോൾ അദ്ദേഹത്തിന്റെ താടിയിൽ പരിഹസിച്ചു ചൂളം വിളിച്ചുകൊണ്ട് പറഞ്ഞു: അയാൾ ഒരിക്കലും വിജയിക്കില്ല . (رجال كشي١٤٢) (ഇവനെങ്ങനെ മുസ്ലിമാകും? ഇവനെങ്ങനെ അഹ്ലുബൈത്തിനോട് കൂറുള്ളവനാകും?)

മറ്റൊരിക്കൽ സുറാറ പറഞ്ഞു: അല്ലാഹു സത്യം, അബൂഅബ്ദില്ലയിൽ നിന്ന് കേട്ടതു മുഴുവൻ ഞാൻ പറയുകയാണെങ്കിൽ പുരുഷന്മാരെല്ലാം മരത്തടിയിലെങ്കിലും കാമവികാരം പൂർത്തീകരിക്കുമായിരുന്നു. . (رجال كشي ١٤٢)

(ഇത് വ്യക്തമായ ആരോപണമാണ്. ആളുകളിൽ കാമവികാരമുണർത്തുന്ന മ്ലേച്ഛകാര്യങ്ങൾ ഇമാം പറഞ്ഞുവെന്നല്ലേ ഇയാൾ ഉദ്ദേശിക്കുന്നത്?)

സിബ്സന്റെ മകൻ അഅ്യുനിന്റെ കുടുംബം നരകത്തിൽ പോകേണ്ടവരാണെന്നുപോലും അബൂഅബ്ദില്ല (അ) പറഞ്ഞിട്ടുണ്ട്. (പേജ് 134)

അബൂഅബ്ദില്ല പറഞ്ഞു: അല്ലാഹു ബരീദിനെ ശപിക്കട്ടെ. അല്ലാഹു സുറാറത്തിനെ ശപിക്കട്ടെ . (പേ.134)

വീണ്ടും പറഞ്ഞു: വഴിപിഴച്ചവനായിട്ടല്ലാതെ സുറാറാത്ത് മരിക്കില്ല. അവന്റെ മേൽ അല്ലാഹുവിന്റെ ശാപമുണ്ട്. (പേ.134)

വീണ്ടും പറഞ്ഞു: അവരുടെ കർമങ്ങളിലേക്ക് നാം ചെന്നു ധൂളിയാക്കി എന്ന് അല്ലാഹു ക്വുർആനിൽ വിശേഷിപ്പിച്ച കൂട്ടത്തിൽപ്പെട്ടയാളാണ് ഈ അഅ്യുനിന്റെ മകൻ സുറാറത്ത് . (رجال كشي ١٣٦)

അദ്ദേഹം പറഞ്ഞു: നിശ്ചയം, ഈമാനിനെ ഉരിഞ്ഞെറിയുകയും പിന്നീട് ധരിക്കുകയും ചെയ്ത ഒരു ജനത, ക്വിയാമത്തുനാളിൽ അവർ المعاورون (നഗ്നർ) എന്നു പറയപ്പെടും. സുറാറത്തുബ്നു അഅ്യുൻ അക്കൂട്ടത്തിൽപ്പെടും. (പേ.141)

വീണ്ടും പറഞ്ഞു: അവൻ രോഗിയായാൽ നീ സന്ദർശിക്കരുത്. അവൻ മരിച്ചാൽ ജനാസ സന്ദർശിക്കരുത് . അദ്ദേഹത്തോട് അത്ഭുതത്തോടെ ചോദിക്കപ്പെട്ടു. സുറാറയോ?! അദ്ദേഹം പറഞ്ഞു: അതെ, സുറാറ തന്നെ. ജൂതനസ്വാറാക്കളിൽപ്പെട്ട ഒരു ശല്യമാണവൻ. അല്ലാഹു മൂന്നിൽ മൂന്നാമനാണെന്ന ത്രിത്വവിശ്വാസം സ്വീകരിച്ചവനാണവൻ. നിശ്ചയം അല്ലാഹു സുറാറത്തിനെ തല കീഴാക്കിയിരിക്കുന്നു. എന്നിട്ട് അദ്ദേഹം പറഞ്ഞു: നിശ്ചയം, സുറാറത്ത് എന്റെ ഇമാമത്തിൽ സംശയിച്ചിരിക്കുന്നു. അപ്പോൾ എന്റെ റബ്ബിൽ നിന്ന് അവന്നുള്ളത് നൽകാൻ ആവശ്യപ്പെടുകയും ചെയ്തു . (പേ.138) (എന്റെ ഉലമാക്കളിൽപ്പെട്ടവർ അബൂഅബ്ദില്ലയുടെ ഈ വാക്ക് തകിയ്യത്ത് ആണെന്ന് വ്യാഖ്യാനിക്കുന്നുണ്ട്. അപ്പോൾ സുറാറാത്ത് അബൂഅബ്ദില്ലയെക്കുറിച്ച് അദ്ദേഹത്തിന്റെ താടി പിടിച്ച് പരിഹസിച്ചു ശബ്ദിച്ചുവെന്നതിന്റെ പേരിൽ ശപിച്ചുവെന്നതും തകിയ്യത്തോ?!)

ഞാൻ പറയട്ടെ, സുറാറത്ത് ഒരു ക്രിസ്ത്യൻ കുടുംബത്തിൽപ്പെട്ടവനാണ്. അബൂഅബ്ദില്ലയുടെ ഇമാമത്തിൽ അവൻ സംശയിച്ചിട്ടുണ്ട്. അബൂഅബ്ദില്ലയുടെ താടിൽ പിടിച്ച് പരസ്യമായി പരിഹസിച്ചിട്ടുണ്ട്. അവനൊരിക്കലും വിജയിക്കില്ല എന്നാണ് അദ്ദേഹം പറഞ്ഞത്. എന്നിട്ടും എന്താണ് അവനെ ദീനുൽ ഇസ്‌ലാമിനു വേണ്ടി അവതരിപ്പിക്കാൻ നാം പ്രതീക്ഷയർപ്പിക്കുന്നത്.